# കരയോഗ സൗഹൃദം


സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 10 ലക്കം - 8 കർക്കിടകം - 1192 ആഗസ്റ്റ് 2017






കരയോഗം വിഘ്നേശ്വര ക്ഷേത്രത്തിൽ തന്ത്രി പുലി യന്നൂർ ശശിനമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ നടത്തിയ മഹാഗണപതിഹോമവും ഭഗവത് സേവയും




പരിസ്ഥിതി പ്രവർത്തകനായ ശ്രീ. ഭാസ്കരൻ വെള്ളൂരിന് കെ.വി.രാമചന്ദ്രൻ, എസ്.ജയതിലകൻ, ഡോ.ജി.മധു എന്നി വരുടെ വകയായി എൽ ഇ ഡി പ്രൊജക്ടർ സമ്മാനിച്ചു.



2017 കരയോഗം നവരാത്രി ആഘോഷം പ്രസിഡന്റ് ശ്രീ. കെ. പി. കെ. മേനോൻ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു.




സെമിനാർ: പോലീസും നിയമവാഴ്ചയും എന്ന വിഷ യത്തെ അധികരിച്ച് മുൻ ഡി.ജി.പി. ഡോ. ടി.പി. സെൻകു മാർ മുഖ്യപ്രഭാഷണം നടത്തുന്നു.




എറണാകുളം കരയോഗവും കേരളവനിതാ കമ്മീഷനും സംയുക്തമായി സംഘടിപ്പിച്ച അദാലത്തിൽ കേരള വനിത കമ്മീഷൻ അംഗം ലിസ്സി ജോർജ്ജ് സംസാരിക്കുന്നു.



ഇ.സി.എഫ് ന്റെ 19-ാമത് വാർഷികം കരയോഗം പ്രസിഡന്റ് ശ്രീ. കെ.പി. കെ. മേനോൻ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു.



സ്വാമി അദ്ധ്യാത്മാനന്ദ സരസ്വതിയുടെ ത്യദിന രാമായണ പ്രഭാഷണം കരയോഗം ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ (വേണു) ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു.



എറണാകുളം കരയോഗത്തിൽ നടന്ന സമ്പൂർണ്ണ രാമായണപാരായണത്തിൽ നിന്ന്

എഡിറ്റോറിയൽ

# ജി. എസ്. ടി.
## (GOODS & SERVICE TAX)

### ഒരു രാജ്യം ഒരു ഉത്പന്നം ഒരു നികുതി

ജി എസ്.ടി അല്ലെങ്കിൽ ചരക്കു സേവനനികുതി എന്ന പേരിൽ കേന്ദ്രസർക്കാർ നടപ്പാക്കിയ ഏറ്റവും വിപ്ലവാത്മകമായ, പുരോഗമന പരമായ നികുതി പരിഷ്കരണത്തിലൂടെ ഏകരാജ്യം ഏക ജനത എന്ന മഹത്തത്വം അക്ഷരാർത്ഥത്തിൽ തന്നെ നടപ്പാക്കിയിരിക്കുകയാണിന്ന്. സ്വതന്ത്രഭാരതം കണ്ട ഏറ്റവും വലിയ നികുതി പരിഷ്കരണമാണ് 2017 ജൂൺ മാസം 30 ന് അർദ്ധരാത്രിയിൽ പാർലമെന്റിന്റെ സെൻട്രൽ ഹാളിൽ നടന്ന സമ്മേളനത്തിൽ വെച്ചുണ്ടായ പ്രഖ്യാപനത്തിലൂടെ നടപ്പിലാക്കിയിരിക്കുന്നത്. രാജ്യത്തിന്റെ ചരിത്രത്തിൽ സുവർണ്ണലിപികളിൽ രേഖപ്പെടുത്തേണ്ട ഈ ചടങ്ങിന് സാക്ഷ്യം വഹിക്കാൻ രാഷ്ട്രപതി, ഉപ രാഷ്ട്രപതി, പ്രധാനമന്ത്രി മുൻപ്രധാനമന്ത്രി, ലോകസഭാസ്പീക്കർ ഇരു സഭകളിലെയും എം.പി. മാർ, മുഖ്യമന്ത്രിമാർ, സംസ്ഥാനധനകാര്യമന്ത്രിമാർ, സാമ്പത്തിക വിദഗ്ദ്ധർ തുടങ്ങി ഒട്ടനേകം പ്രമുഖർ സന്നിഹിതരായിരുന്നു. കേന്ദ്രവും വിവിധ സംസ്ഥാനങ്ങളും വിവിധ തലങ്ങളിലായി ഏർപ്പെടുത്തിയിരുന്ന രണ്ടായിരത്തിൽ പരം നികുതികൾക്കു പകരമായി എല്ലാ സംസ്ഥാനങ്ങൾക്കും ഒരുപോലെ ബാധകമാകുംവിധം നികുതിസമ്പ്രദായത്തെ ഏകീകരിച്ചിരിക്കുകയാണ് ഈ പുതിയ നികുതി പരിഷ്കരണത്തിലൂടെ. ഇതിലൂടെ രാജ്യം ഒരു ഒറ്റ കമ്പോളമായി മാറി. എവിടെ ആയിരുന്നാലും ഒരു ഉത്പന്നത്തിന് ഒരേ ഒരു നികുതി. സാധനങ്ങൾ എവിടെ നിന്ന് വാങ്ങിയാലും നികുതിയിൽ വ്യത്യാസമില്ല എന്നുള്ളത് ഉപഭോക്താവിന് തീർച്ചയായും നേട്ടമുണ്ടാക്കുന്നതാണ്. ഉപഭോക്തൃസംസ്ഥാനമായ നമ്മുടെ കേരളത്തിന് ഇത്

# ഉള്ളടക്കം

വാല്യം 10 | ലക്കം 8 | ആഗസ്റ്റ് 2017


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | 5 |
| പ്രതിമാസ പരിപാടി | 6 |
| ബാലലോകം | 7 |
| രാഗപരിചയം | 8 |
| വാസ്തു | 9 |
| ഭാരതത്തിലെ ഋഷികവികൾ | 10 |
| ക്ഷേത്രങ്ങളിലൂടെ | 15 |
| കർക്കിടകവും രാമായണപാരായണവും | 19 |
| തവാങ്ങ് ഹിമാലയത്തിലെ രഹസ്യസ്വർഗ്ഗം | 23 |
| മലയാള കവിതയുടെ പരിസ്ഥിതിപർവ്വം | 26 |
| ഓഗസ്റ്റ് 7 ശ്രാവണപൗർണ്ണമി ഇന്ന് സംസ്കൃത ....... | 30 |
| സുഭാഷിതം 2-1 | 32 |
| ഹരിസുധാലഹരി | 33 |
| പാതഞ്ജലയോഗദർശനം | 36 |
| വിഷാദരോഗത്തെ നേരിടുമ്പോൾ | 38 |
| എസ്.കെ. പൊറ്റക്കാടിന്റെ കഥാലോകം | 39 |
| സദ്യയിലെ ആരോഗ്യം | 42 |
| ചങ്ങമ്പുഴ കവിതയിലെ വൈവിധ്യവും...... | 44 |
| ഓണസ്മൃതി (കവിത) | 46 |
| ഇടയ്ക്ക് ഇറങ്ങിപ്പോയ ഇളമുറ | 47 |
| അർച്ചന (കവിത) | 50 |
| ശനിയെ ഒട്ടും പേടിക്കാനില്ല അതു വളരെ...... | 51 |
| പാർക്കിൻസൺസ് ചികിത്സ | 52 |
| മാസഫലം | 57 |
| മാട്രിമോണിയൽ | 58-66 |


കവർചിത്രം: *രാഷ്ട്രപതി രാം നാഥ് കോവിന്ദ്*

## പത്രാധിപസമിതി


**കെ.പി. കൃഷ്ണമേനോൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

**എ. മുരളീധരൻ**

**കെ. പ്രസന്നകുമാർ**

വൻനേട്ടത്തെ പ്രദാനം ചെയ്യും. കാരണം ഏത് സംസ്ഥാനമാണോ സാധനങ്ങൾ വാങ്ങുന്നത് ആ സംസ്ഥാനമാണ് നികുതി ചുമത്തുന്നത്. ചുരുക്കി പറഞ്ഞാൽ ജി.എസ്.ടി യിലൂടെ ഏറ്റവും കൂടുതൽ പ്രയോജനം കിട്ടുന്നത് ഉപഭോക്താവിനാണ്. സാധാരണക്കാരന് ഗുണം കിട്ടത്തക്കവിധത്തിലാണ് ജി.എസ്.ടി സംവിധാനം നടപ്പിലാക്കിയിരിക്കുന്നത്. നിത്യോപയോഗസാധനങ്ങൾ മിക്കതിനേയും ജി.എസ്.ടി യിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഉദാഹരണത്തിന് പാക്ക് ചെയ്യാത്ത ധാന്യങ്ങൾ, ശർക്കര, പാൽ, മുട്ട, പച്ചക്കറി, കുട്ടികൾക്കുള്ള പുസ്തകങ്ങൾ തുടങ്ങി ഒട്ടേറെ വസ്തുക്കളെ ജി.എസ്.ടി പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

സംസ്ഥാന സർക്കാരിനും ജി.എസ്.ടി നടപ്പിലാക്കുന്നത് സാമ്പത്തീകമായി വൻ നേട്ടമുണ്ടാക്കുന്നതാണ്. ഏതാണ്ട് 1500 കോടിയോളം രൂപ ഇതു വഴി സംസ്ഥാനത്തിന് അധികവരുമാനമായി ലഭിക്കുമെന്നാണ് സാമ്പത്തികവിദഗ്ദ്ധരുടെ കണക്കുകൂട്ടൽ. ഏതായാലും ആദ്യം എതിർത്തെങ്കിലും പിന്നീട് ഗുണകരമായ ഈ പരിഷ്ക്കരണത്തിന് പൂർണ്ണ പിന്തുണ നല്കുകയും അത് നടപ്പിലാക്കാൻ ആത്മാർത്ഥമായ നടപടികൾ കൈക്കൊള്ളുകയും ചെയ്ത നമ്മുടെ ധനകാര്യവകുപ്പു മന്ത്രി ഡോ. തോമസ് ഐസക്കിന് അഭിനന്ദനങ്ങൾ അർപ്പിച്ചു കൊള്ളുന്നു.

ഇനി, രാജ്യത്തിന് പൊതുവായും, നമ്മുടെ സംസ്ഥാനത്തിന് പ്രത്യേകിച്ചും ഏറെ ഗുണം ചെയ്യുന്ന ദീർഘവീക്ഷണത്തോടു കൂടി നടപ്പാക്കിയ ഈ പദ്ധതിയെ അന്ധമായി എതിർത്ത രാഷ്ട്രീയ തിമിരബാധിതരെ നിങ്ങൾക്ക് അമ്പേ-ഹാ - കഷ്ടം. അതുപോലെ ഇതിനെ എതിർത്ത എതിർക്കുന്ന കച്ചവടക്കാരോട് ഒരു വാക്ക് കാലത്തിനൊത്ത് മാറണം - രാജ്യത്തിനൊത്ത് നടക്കണം - നിലാവുദിക്കുമെന്നുള്ളതോർക്കണം.

രാജ്യത്തെ മുഴുവനും ഒരേ ചരടിൽ കോർത്തിണക്കുവാൻ പര്യാപ്തമായ ഏകീകൃത നികുതി സമ്പ്രദായം നടപ്പാക്കിയ കേന്ദ്രസർക്കാരിന്റെ ധീരമായ നടപടിയെ എത്ര ശ്ലാഘിച്ചാലും മതിയാവില്ല. ഇത്തരം ജനോപകാരപ്രദമായ നടപടികൾക്കു പിന്തുണ നല്കേണ്ടത് രാജ്യത്തെ സ്നേഹിക്കുന്ന ഓരോ പൗരന്റെയും കടമയാണ്. എല്ലാ എതിർപ്പുകളെയും അതിജീവിച്ച് ഒരു നികുതി സമ്പ്രദായം നടപ്പാക്കി. ഇനി വേണ്ടത് എല്ലാവർക്കും ഒരേ നിയമം ഒരേ നീതി. അതിനായി കാത്തിരിക്കാം●

# വിശേഷ ദിവസങ്ങൾ

## 2017 ഓഗസ്റ്റ്15 മുതൽ സെപ്റ്റംബർ 15 വരെ

| | | |
|---|---|---|
| ഓഗസ്റ്റ് | 17 | ആണ്ടു പിറപ്പ് |
| | 18 | കരയോഗം ഓണംഫെയർ ആരംഭം |
| | 23 | ഖൽഗ്യവതാരം |
| | 25 | അത്തച്ചമയം, വിനായകചതുർത്ഥി |
| | 26. | തൃക്കാക്കര വാമനമൂർത്തി ക്ഷേത്രത്തിൽ കൊടിയേറ്റ്, വിശ്വകർമ്മജയന്തി |
| | 28 | അയ്യങ്കാളി ജയന്തി |
| സെപ്റ്റംബർ | 3 | ഒന്നാം ഓണം, വാമനാവതാരം കരയോഗം ഓണംഫെയർ സമാപനം |
| | 4 | തിരുവോണം, തൃക്കാക്കര വാമനമൂർത്തി ക്ഷേത്രത്തിൽ ആറാട്ട് |
| | 6 | ശ്രീനാരായണഗുരു ജയന്തി |
| | 8 | ആറന്മുള ഉതൃട്ടാതി വള്ളംകളി, ലോകസാക്ഷരതാ ദിനം |
| | 11 | ചട്ടമ്പി സ്വാമിജന്മദിനം |
| | 12 | ശ്രീകൃഷ്ണജയന്തി , രവിപുരം ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിൽ അഷ്ടമിരോഹിണി മഹോത്സവം |

# ജനറൽ സെക്രട്ടറിയുടെ പംക്തി

**എല്ലാവർക്കും ഓണാശംസകൾ,**

കർക്കിടകത്തിലെ, ആത്മീയതയുടെ പുണ്യദിനങ്ങൾ കഴിഞ്ഞ് വിളവെടുപ്പിന്റെയും സമ്പദ്സമൃദ്ധിയുടെയും സന്തോഷത്തിന്റെയും ദിനങ്ങൾ നല്കികൊണ്ട് വീണ്ടും പെന്നോണം വരവായി. ഓണസങ്കല്പങ്ങളിൽ വ്യത്യസ്തമായ ഐതിഹ്യങ്ങളും മിത്തുകളും ഉണ്ടാവാം. പക്ഷേ മലയാളിക്ക്, മലയാളികളുള്ള ലോകത്തെവിടെയും ഓണക്കാലം രുചിയുടെയും വർണ്ണങ്ങളുടെയും വസ്ത്രങ്ങളുടേയും ഉത്സവക്കാലമാണ്. നമുക്ക് എല്ലാ മലയാളികളോടൊപ്പം ഈ വർഷത്തെ ഓണാഘോഷം സന്തോഷപൂർവ്വമാക്കാനും അതോടൊപ്പം തന്നെ അക്രമത്തിന്റെയും മതസ്പർദ്ധയുടെയും തീവ്രവാദത്തിന്റെയും അഴിമതിയുടെയും കറപുരളാത്ത ഒരു സമൂഹം, ഒരു ജനത, ഒരു രാജ്യം ഉണ്ടാവട്ടെ എന്നു പ്രാർത്ഥിക്കാം.

'ലോകാസമസ്താ സുഖിനോ ഭവന്തു'

സമസ്തലോകത്തിനും ശാന്തിയും സമാധാനവും ഉണ്ടാകട്ടെ.

ജീവകാരുണ്യപ്രവർത്തനത്തിന്റെ ഭാഗമായി മുൻവർഷങ്ങളിലെ പോലെ തന്നെ എറണാകുളം കരയോഗം ഓഗസ്റ്റ് 18 മുതൽ സെപ്റ്റംബർ 4 വരെ ഓണം ഫെയർ ടി.ഡി.എം ഹാളിൽ ആരംഭിക്കുന്നു. മേളയിൽ കൊണ്ടാട്ടങ്ങൾ, ഉപ്പേരികൾ, വിവിധതരം അച്ചാറുകൾ, പ്രഥമനുകൾ എന്നിവ ലഭ്യമാണ്. കഴിഞ്ഞ വർഷത്തേതിൽ നിന്ന് വ്യത്യസ്തമായി ഓണസദ്യയുടെ കിറ്റ് ഈ വർഷം മുതൽ മേളയിലുണ്ടായിരിക്കുന്നതല്ല. ഇന്നത്തെ പ്രത്യേക സാഹചര്യത്തിലും ഏടാ നിലവിൽ വന്നതുകൊണ്ടും ഓണക്കിറ്റിന്റെ തുക വർദ്ധിപ്പിച്ച് വിപണനമേളയിൽ നല്കുന്നത് ഉചിതമായിരിക്കില്ല എന്നതുകൊണ്ടാണ് ഭരണസമിതി സദ്യകിറ്റ് ഒഴിവാക്കിയിരിക്കുന്നത് എന്ന് അംഗങ്ങളെ അറിയിച്ചു കൊള്ളുന്നു. ഓണവിപണന മേള എല്ലാ ദിവസവും 10.30 മുതൽ വൈകുന്നേരം 7.00 മണി വരെ ടി.ഡി.എം ഹാളിൽ ഉണ്ടായിരിക്കുന്നതാണ്.

എറണാകുളം കരയോഗത്തിന്റെ അടുത്ത ഒരു വർഷത്തേക്കുള്ള പ്രവർത്തന പരിപാടികൾക്കു വേണ്ടി വിവിധ ഉപസമിതികൾ രൂപികരിക്കുകയും ഓരോ ഉപസമിതിയും പ്രത്യേകം പ്രത്യേകം യോഗങ്ങൾ വിളിച്ചു കൂട്ടി അടുത്ത വർഷം നടത്തേണ്ട പദ്ധതികളെ സംബന്ധിച്ചും അതിനുള്ള കർമ്മ പരിപാടികളും തയ്യാറാക്കി വരുന്നു. അടിയന്തിരമായി ചെയ്തു തീർക്കേണ്ട പരിപാടികളെ സംബന്ധിച്ച് മുൻഗണനാ ക്രമത്തിൽ ചിട്ടപ്പെടുത്തി പ്രാധാന്യം നല്കികൊണ്ട് നടപ്പിലാക്കാനാണ് ഭരണസമിതി തിരുമാനിച്ചിട്ടുള്ളത്. ചിങ്ങമാസത്തിൽ തന്നെ നടപടിക്രമങ്ങൾ പൂർത്തിയാക്കി ഗുരുവായൂർ ഗസ്റ്റ്ഹൗസിന്റെ ശിലാസ്ഥാപനം നിർവഹിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അതോടൊപ്പം ഭക്തജനങ്ങൾക്ക് പ്രത്യേകം സൗകര്യം ഒരുക്കിക്കൊണ്ട് ഗുരുവായൂർ ഗസ്റ്റ്ഹൗസ് ടൈംഷെയർ പദ്ധതിയും പ്രഖ്യാപിക്കുന്നതായിരിക്കും.

എറണാകുളം കരയോഗം ഫിലിംക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 2017 ആഗസ്റ്റ്മാസം 20 ാം തീയതി ഞായറാഴ്ച സംവിധായകൻ സത്യജിത്റേയുടെ 'ചാരുലത' സിനിമ ടി.ഡി.എം ഹാൾ കാവേരിയിൽ പ്രദർശിപ്പിക്കുന്നതായിരിക്കും.

എറണാകുളം കരയോഗവും ബീമും സംയുക്തമായി നടത്തുന്ന പ്രതിമാസപരിപാടിയിൽ ഓഗസ്റ്റ് 22 (ചൊവ്വാഴ്ച) വൈകുന്നേരം 6.15 ന് കരയോഗം കഥകളിക്ലബ്ബിന്റെ പ്രതിമാസ പരിപാടി ഉൾപ്പെടുത്തിക്കൊണ്ട് 'രാവണോത്ഭവം ഉത്തരഭാഗം' മേജർസെറ്റ് കഥകളി നടത്തുന്നതാണ് .

കരയോഗത്തിന്റെ പരിപാടികളിൽ എല്ലാവരുടേയും സാന്നിദ്ധ്യവും സഹകരണവും പ്രതീക്ഷിച്ചുകൊണ്ട്........●

ജനറൽ സെക്രട്ടറി

**എറണാകുളം കരയോഗത്തിൻെറ പ്രതിമാസ പാർക്കിൻസൺസ് രോഗചികിത്സാക്ലിനിക് 2017 ആഗസ്റ്റ് മാസം 13-ാം തീയതി, ഞായറാഴ്ച രാവിലെ 10 മണിമുതൽ 1 മണി വരെ ഇകെഎൻഎം പോളിക്ലിനിക്കിൽ വച്ച് നടത്തുന്നതാണ്.**

***ജനറൽ സെക്രട്ടറി***

# എറണാകുളം കരയോഗം

## 15.08.2017 മുതൽ 15.09.2017 വരെയുള്ള ഓഗസ്റ്റ് മാസ പരിപാടികൾ

| | | | |
|---|---|---|---|
| 15.8.2017 | ചൊവ്വ | 2.00 p.m. | ഓണം ക്വിസ് |
| 16.8.2017 | ബുധൻ | 3.00 p.m. | ലളിതാസഹസ്രനാമം ക്ലാസ്സ് |
| 17.8.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 18.8.2017 | വെള്ളി | 10.00 a.m. | കരയോഗം ഓണം ഫെയർ ആരംഭം |
| 19.8.2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ്- ആചാര്യൻ കെ.ആർ.നമ്പ്യാർ |
| 20.8.2017 | ഞായർ | 9.30 a.m. | കരയോഗം നവരാത്രി ആഘോഷമത്സരങ്ങൾ |
| | | 5.30 p.m. | സിനിമാ പ്രദർശനം : ചാരുലത |
| 22.8.2017 | ചൊവ്വ | 6.15 p.m. | ബീം പ്രതിമാസ പരിപാടി : കഥകളി രാവണോത്ഭവം ഉത്തരഭാഗം |
| 23.8.2017 | ബുധൻ | 3.00 p.m. | ലളിതാസഹസ്രനാമം ക്ലാസ്സ് |
| | | 3.45 p.m. | വിമൻസ് ഫോറം യോഗം് |
| | | 4.00 p.m. | വിമൻസ് ഫോറം ശാരദാമഠം സന്ദർശനം |
| 24.8.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 26.8.2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് -ആചാര്യൻ കെ.ആർ.നമ്പ്യാർ |
| 29.8.2017 | ചൊവ്വ | 10.00 a.m. | കരയോഗം ഓണാഘോഷം |
| 30.8.2017 | ബുധൻ | 10.00 a.m. | അദാലത്ത് |
| | | 3.00 p.m. | ലളിതസഹസ്രനാമം ക്ലാസ്സ |
| 02.9.2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് - ആചാര്യൻ കെ.ആർ.നമ്പ്യാർ |
| 03.9.2017 | ഞായർ | | ഓണംഫെയർ സമാപനം |
| 07.9.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 09.9.2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് - ആചാര്യൻ കെ.ആർ.നമ്പ്യാർ |
| 10.9.2017 | ഞായർ | 10.00 a.m. | പാർക്കിൻസൺസ് |
| 13.9.2017 | ബുധൻ | 3.00 p.m. | ലളിതസഹസ്രനാമം ക്ലാസ്സ് |
| 14.9.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |

# കരയോഗം സാംസ്ക്കാരിക വേദിയുടെ വിദ്യാർത്ഥികളുടെ ഓണം ക്വിസ്

**ഓണാഘോഷങ്ങളുടെ ഭാഗമായി എറണാകുളം കരയോഗം സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ 2017 ഓഗസ്റ്റ് 15 ന് ഉച്ചയ്ക്ക് 2.00 മണിക്ക് ടി.ഡി.എം ഹാളിൽ ഹൈസ്ക്കൂൾ, പ്ലസ്ടു, വിദ്യാർത്ഥികൾക്കായി ഓണം ക്വിസ് നടത്തുന്നു. ഓണത്തിന്റെ ഐതിഹ്യങ്ങളും പാട്ടുകളും ചൊല്ലുകളും ഉൾപ്പെടുത്തിയായിരിക്കും മത്സരം നടക്കുക. വിജയികൾക്ക് സമ്മാനം നല്കും. പങ്കെടുക്കാൻ താല്പര്യമുള്ളവർ സ്ക്കൂൾ സാക്ഷ്യപത്രം സഹിതം എറണാകുളം കരയോഗം, ടി.ഡി.എം ഹാൾ കോംപ്ലക്സ്, ഡി.എച്ച്. റോഡ്, കൊച്ചി 682016 എന്ന വിലാസത്തിൽ അപേക്ഷിക്കണം. അപേക്ഷഫോറം കരയോഗം ഓഫീസിൽ നിന്നും ലഭിക്കുന്നതായിരിക്കും. പൂരിപ്പിച്ച അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 13.**

**ഫോൺ : 0484 2361160**

**ജനറൽ സെക്രട്ടറി**

# ബാല ലോകം

**ലക്ഷ്മിദേവി നായർ (ഫോൺ: 9947770638)**

പ്രിയപ്പെട്ട കൂട്ടുകാരെ,

അറിഞ്ഞില്ലേ, കൊച്ചിയുടെ വിശേഷം ?

കൊച്ചിക്കൊരു പൊൻതൂവൽ ചാർത്തിക്കൊണ്ടു കൊച്ചി മെട്രോ നമ്മുടെ നാടിന്റെ ചരിത്രമുഹൂർത്തം കുറിച്ചിരിക്കുന്ന വിവരം കൂട്ടുകാർക്കറിയാമല്ലോ ? ഉത്സാഹമുണ്ടോ എവിടെയും വിജയിക്കാം കൂട്ടുകാരേ. ദൽഹി മെട്രോറെയിൽ കോർപറേഷൻ മുഖ്യ ഉപദേഷ്ടാവായ മെട്രോമാൻ എന്നറിയപ്പെടുന്ന ഇ. ശ്രീധരൻ എന്ന വ്യക്തിയുടെ നിശ്ചയദാർഢ്യവും പരിശ്രമവും നമുക്കേവർക്കും ഒരു പാഠമാണ്.

ഈ വർഷം ജൂൺ പതിനേഴിന് എത്രമാത്രം സന്തോഷത്തോടെയാണ് നാം നമ്മുടെ കൊച്ചു സുന്ദരിയെ വരവേറ്റത്. നമ്മുടെയെല്ലാം പ്രിയങ്കരനായ പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനകർമ്മം നിർവ്വഹിച്ചപ്പോൾ നാമെല്ലാം സന്തോഷംകൊണ്ട് കോരിത്തരിച്ചില്ലേ? 2021 ആവുമ്പോൾ കൊച്ചിയിലെ ജനസംഖ്യ 23 ലക്ഷം ആവുമെന്നാണ് കണക്കാക്കപ്പെടുന്നത്. അങ്ങിനെയുള്ള നമ്മുടെ നഗരത്തിനു ഈ ഗതാഗത സൗകര്യം ഏറെ ആശ്വാസപ്രദമാകും എന്നതിൽ സംശയമില്ല കൂട്ടുകാരെ. തിരക്കൊക്കെ കഴിയുമ്പോൾ അച്ഛനമ്മമാരോടൊപ്പം ഒരു ദിവസം മെട്രോയിൽ യാത്ര ചെയ്യണം. എന്തായാലും കൂട്ടുകാർക്ക് ഇതൊരു പുതിയ അനുഭൂതി ആയിരിക്കും കേട്ടോ.

ഇത് പുതുവർഷക്കാലം. പക്ഷെ മഴ നമ്മുടെ നാട്ടിൽനിന്നും അകലുകയാണ്. കൂട്ടുകാർക്കുമില്ലേ മഴയിൽ നീരാടാൻ ആഗ്രഹം. പക്ഷെ കഴിഞ്ഞ വർഷം പോലെ മഴക്കാലം ഒളിച്ചു കളിക്കുന്നു. താഴെ ക്കൊടുത്ത വരികൾ വായിക്കൂ.

മഴയോട്

എന്തിത്ര നീരസം മാരീ മനോഹരീ
കണ്മഷിച്ചെപ്പു കളഞ്ഞുപോയോ
പൊന്തല തെല്ലു വളഞ്ഞുവോ കയ്യിലെ
കങ്കണം താനേ ഉടഞ്ഞുപോയോ
കുങ്കുമത്തിൻ നിറം മങ്ങിയോ കാതിലെ
പൊന്നലുക്കിൻ തിരി തേഞ്ഞുപോയോ
കാഞ്ചീപുരം ചേല കീറിയോ മെയ്യിലെ
കസ്തുരിതൻമണം നേർത്തുപോയോ
എങ്കിലും പോരികെന്നോമലേ താഴത്ത്
നീയില്ലായെങ്കിലീ ഭൂമിയില്ല
പാട്ടില്ല, പൊട്ടില്ല, പൊന്നില്ലയെങ്കിലും
പറ്റില്ലായെന്നു നീ ചൊല്ലിടൊല്ലേ.

(കെ.ബി. രമ)

പ്രതുല്പന്നമതിത്വം എന്നൊരു വാക്കുണ്ട്. വേണ്ടത് വേണ്ടപ്പോൾ തോന്നണം എന്നർത്ഥം. ശ്രീരാമകൃഷ്ണ ദേവൻ കുട്ടികൾക്ക് കൊടുത്ത ഒരു ഉപദേശ കഥ കേട്ടോളൂ. ദൈവം എല്ലായിടത്തും ഉണ്ടെന്നു കൂട്ടുകാർ കേട്ടിട്ടില്ലേ ? തൂണിലും തുരുമ്പിലും ഈശ്വരനുണ്ടെന്ന് നാമെല്ലാവരും വിശ്വസിക്കുന്നു. ഗുരുനാഥനും ശിഷ്യർക്ക് പറഞ്ഞു കൊടുത്തത് അതുതന്നെയാണ്. കേട്ടോളൂ കഥ. പക്ഷേ എവിടെയും ചെയ്യാനുള്ളത് ചെയ്യണം എന്നുള്ളതാണ് കഥയുടെ പൊരുൾ.

ഒരു കുട്ടി നടന്നു പോകുന്നതിനിടയ്ക്കാണ് പെട്ടെന്നു മുമ്പിൽ ആന ഓടിവരുന്നതു കണ്ടത്. അതിന്റെ പുറത്തുള്ള പാപ്പാൻ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു എല്ലാവരും ഓടി രക്ഷപ്പെട്ടോളൂ. ഇതൊരു മദയാന ആണ്. കുട്ടി ഒഴികെ ബാക്കി എല്ലാവരും ഓടി അകന്നു. ഗുരു പറഞ്ഞിരിക്കുന്നു ദൈവം എല്ലായിടത്തും ഉണ്ടെന്ന് പിന്നെന്തിനു ഭയം. കുട്ടി അവിടെ നിന്നു. ആന ഓടി വന്ന് ആ ബാലനെ തുമ്പിക്കരം കൊണ്ട് കോരിയെടുത്ത് താഴെയിട്ടു. കുട്ടി ഭയം കൊണ്ട് നിലവിളിച്ചു. ആ കുട്ടിയുടെ മനസ്സിൽ ഗുരു വാക്യമാണ് ഓർമ്മ വന്നത്. ദൈവം എന്തേ എന്നെ രക്ഷിക്കാത്തത് ?. കുട്ടി ഗുരുനാഥനോടു ചോദിച്ചു. ഇവിടെ എന്തേ എന്നെ രക്ഷിക്കാൻ ദൈവമുണ്ടായില്ല. ഗുരുനാഥൻ പറഞ്ഞു 'ആന ദൈവസ്വരൂപം എന്നതുപോലെ ആനപാപ്പാനും അതു തന്നെയാണ്.....' അയാൾ പറഞ്ഞത് എന്തേ കുട്ടി ഉൾക്കൊള്ളാഞ്ഞത? ഇവിടെയാണ് ഒരു വ്യക്തി സാമാന്യബോധം ഉള്ളവനാകേണ്ടത് എന്നിപ്പോൾ മനസ്സിലായോ ? ●

രാഗപരിചയം

# പുഷ്പലതിക

ഡോ. ജയലക്ഷ്മി നന്ദകുമാർ

വളരെ ഇമ്പമേറിയ ഒരു രാഗമാണ് പുഷ്പലതിക. 22 ാമത്തെ മേളകർത്താരാഗമായ ഖരഹരപ്രിയയുടെ ജന്യരാഗമാണിത്. ഖരഹരപ്രിയ രാഗത്തിൽ നിന്നും ധൈവതം ഒഴിവാക്കി ആലപിച്ചാൽ പുഷ്പലതിക ലഭിക്കും.

ആരോഹണം : സ രി ഗ മ പ നി സ

അവരോഹണം : സ നി പ മ ഗ രി സ

സ്വരസ്ഥാനങ്ങൾ ഷഡ്ജം, ചതു : ശ്രുതി രിഷഭം, സാധാരണ ഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, കൈശികി നിഷാദം.

അന്യസ്വരങ്ങൾ (അതായത് സ്വന്തം മേളകർത്താ രാഗത്തിൽ ഇല്ലാത്ത സ്വരങ്ങൾ ) വരാത്തതിനാൽ പുഷ്പലതിക ഉപാംഗ രാഗമാകുന്നു. ആറു സ്വരങ്ങൾ വരുന്നതിനാൽ ഇത് ഒരു ഷാഡവ ഷാഡവ രാഗമാണ്. ചെറിയ രാഗമായതിനാൽ വളരെ കുറച്ച് കൃതികളേ ഈ രാഗത്തിൽ ചിട്ടപ്പെടുത്തിയതായി കാണുന്നുള്ളു. രാഗാലാപന സാദ്ധ്യതയും വളരെ കുറവാണ്. എന്നിരുന്നാലും, പുഷ്പലതിക രാഗം ഭക്തി ഭാവത്താൽ സമ്പുഷ്ടവും വളരെ ശക്തമായ നല്ല ഊർജ്ജം പ്രദാനം ചെയ്യുന്നതുമാണ്. ഉച്ച സമയം ഈ രാഗം ആലപിച്ചാൽ ഹൃദ്യമായിരിക്കും എന്ന് വിദഗ്ദ്ധ അഭിപ്രായം. ഗൗണ്ട്ഗിരി എന്ന ഹിന്ദുസ്ഥാനി രാഗം പുഷ്പലതികയോടു സമാനത പുലർത്തുന്നു. കർണ്ണാടക സംഗീതത്തിൽ, മണിരംഗ്, രുദ്രപ്രിയ, പൂർണ്ണഷഡ്ജം എന്നീ രാഗങ്ങളുമായി സമാനത കാണുന്നു. പുഷ്പലതിക രാഗത്തിന്റെ പുരാതന നാമം കാളിന്ദി എന്നാണെന്ന് ഗ്രന്ഥങ്ങളിൽ കാണുന്നു.

## ഈ രാഗത്തിലുള്ള കൃതികൾ

| | | |
|---|---|---|
| 1. ഭാവയേ ഗോപബാലം | രൂപകം | സ്വാതി തിരുനാൾ |
| 2. ഭവപാശ മോചകം | ത്സംപ | മുത്തയ്യാ ഭാഗവതർ |
| 3. ദേവകീ തനയ വാസുദേവ | രൂപകം | വാസുദേവാചാർ |
| 4. ഗുരുനാഥ | ഖണ്ഡചാപ്പ് | മുത്തയ്യാ ഭാഗവതർ |
| 5. നീ കന്നദിക്കെവരുരാ | ആദി | പല്ലവി ശേഷയ്യർ |
| 6. ഇകനൈന | ആദി | തിരുപ്പതി നാരായണസ്വാമി |
| 7. കുടത്തെ തകർത്തു | ത്രിപുട | അരുണഗിരിനാഥൻ |

## ചലച്ചിത്രഗാനങ്ങൾ

| | |
|---|---|
| 1. കളഭം തരാം | വടക്കുംനാഥൻ |
| 2. മനസ്സു മനസ്സിന്റെ | ചോറ്റാനിക്കര അമ്മ |
| 3. മാസിമാസം ആലാനപൊണ്ണ് | ധർമ്മദുരൈ (തമിഴ്) |
| 4. മെല്ലെ മെല്ലെ എന്നൈ തൊട്ടു | വാഴ്കൈ (തമിഴ്) • |

## വായനക്കാരുടെ അഭിപ്രായങ്ങൾ ക്ഷണിക്കുന്നു

**കരയോഗ സൗഹൃദത്തിന്റെ ഉള്ളടക്കത്തെക്കുറിച്ചുള്ള ബഹു: വായനക്കാരുടെ അഭിപ്രായങ്ങൾ ക്ഷണിച്ചു കൊള്ളുന്നു. നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നമ്മുടെ ഭാവിയിലേക്കുള്ള പ്രയാണത്തിന് മുതൽക്കൂട്ടാവുമെന്നുള്ളതുകൊണ്ട് ദയവായി അഭിപ്രായങ്ങൾ എഴുതി അറിയിക്കുക**

***എഡിറ്റർ***

വാസ്തു


# പ്രധാന വാതിൽ (MAIN DOOR)

ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ (ഫോൺ: 9447032434)

താമസിക്കുന്ന വീടിന്റെ പ്രധാന വാതിലിന്റെ സ്ഥാനം വളരെ ശ്രദ്ധിക്കണം.

കിഴക്കോട്ടു മുഖമുള്ളതും കിഴക്കു റോഡും ഉള്ള വീടാണെങ്കിൽ പ്രധാന വാതിൽ കിഴക്കോട്ടു തന്നെ വേണം.

വീടിന്റെ മൊത്തം മദ്ധ്യത്തിന്റെ വടക്കു വശത്തായിരിക്കണം വാതിൽ. വാതിലിന് അടിപ്പടി വേണം. വാതിൽ തുറക്കുമ്പോൾ ഗേറ്റും തുളസിത്തറയും കാണാൻ കഴിഞ്ഞാൽ നല്ലത്. വാതിലിന്റെ കതക് ഒറ്റയോ ഇരട്ടയോ ആകാം. പ്രധാന വാതിൽ ഒരിക്കലും ഹാളിന്റെ കിഴക്ക് തെക്ക് വരരുത്. പ്ലാനിൽ നോക്കുക. ഹാളിന്റെ കിഴക്കു വടക്കാണ് വാതിൽ കാണിച്ചിരിക്കുന്നത്. ചില വീടുകൾ കിഴക്കോട്ടു മുഖമാണെങ്കിലും വന്നു കയറുന്ന മുറി കിഴക്കു തെക്കോ വടക്കോ വരാറുണ്ട്. അങ്ങനെ വന്നാൽ ശരിയായ സ്ഥാനത്ത് പ്രധാനവാതിൽ വെച്ചശേഷം മറ്റൊരു വാതിൽ ലിവിങ്ങ് മുറിയിലേക്ക് വെയ്ക്കണം. കഴിയുന്നതും പുറത്തേക്കുള്ള വാതിലുകളുടെ എണ്ണം കുറയുന്നതാണ് നല്ലത്. പുറത്തേയ്ക്കുള്ള വാതിൽ ഏതു മുറിയിൽ നിന്നായാലും ആ മുറിയുടെ തെക്കു പടിഞ്ഞാറു വരരുത്.




വീടിന്റെ മുഖം വടക്കോട്ടാണെങ്കിൽ, വടക്കു റോഡാണെങ്കിൽ പ്രധാന വാതിൽ വടക്കു മദ്ധ്യത്തിന് കിഴക്കു വശത്തായിരിക്കണം. ഏതു മുറിയിലേക്കാണ് കടക്കുന്നതെങ്കിൽ ആ മുറിയുടെ വടക്കു കിഴക്കാണ് പ്രധാന വാതിലിന്റെ സ്ഥാനം. പ്രധാന ഹാളിന്റെ വടക്കു പടിഞ്ഞാറ് വാതിൽ വരരുത്. വീടിന്റെ മുഖം പടിഞ്ഞാറ് ആണെങ്കിൽ പടിഞ്ഞാറെ മദ്ധ്യത്തിന്റെ വടക്കായിരിക്കണം പ്രധാന വാതിൽ. ഏതു മുറിയിലാണ് വാതിൽ വരുന്നതെങ്കിൽ ആ മുറിയുടെ പടിഞ്ഞാറു വടക്കായിരിക്കണം വാതിലിന്റെ സ്ഥാനം. ഒരിക്കലും തെക്കോട്ട് നീങ്ങരുത്. തെക്കോട്ടു മുഖവും തെക്കു റോഡും ഉള്ള വീടാണെങ്കിൽ പ്രധാനവാതിൽ തെക്കോട്ടു തന്നെ വേണം. തെക്കു മദ്ധ്യത്തിന്റെ കിഴക്കു വശത്തായിരിക്കണം വാതിൽ. ചില വീടുകളിൽ തെക്കോട്ടു വാതിൽ തുറന്ന് തെക്കു വരാന്തയിൽ നിന്നും കിഴക്കോട്ടും പടിഞ്ഞാറോട്ടും ഇറങ്ങുന്നതു കാണുന്നുണ്ട്. അതി ശരിയല്ല. തെക്കു മുഖമുള്ള വീട്ടിൽ നിന്നും വാതിലിന്റെ നേരെയായിരിക്കണം ചവിട്ടു പടികൾ. അടുത്തിടെ ഒരു വീട്ടിൽ കണ്ടത് വളരെ സങ്കടകരമായ കാര്യമാണ്. വീടിന്റെ മുഖം കിഴക്കോട്ട്. കിഴക്കു വശത്ത് വാതിലിന് 30 അടി ദൂരെ അപൂർവ്വമായി കാണുന്നതും എന്നും മാങ്ങ ഉണ്ടാകുന്നതുമായ മാവ് മുറിച്ച കാഴ്ചയാണ് ഏതോ വാസ്തുക്കാരുടെ വാക്ക് കേട്ട് ചെയ്തതാണ്. എന്തു ചെയ്യുമ്പോഴും കാരണം അന്വേഷിക്കണം. മുൻവശത്ത് വാതിലിന് നേരെ ആ വീടിന്റെ വരാന്തയുടെ തൂണു വരാതിരുന്നാൽ മതി. പുറത്ത് ഇറങ്ങാൻ തടസ്സമില്ലാതെ മുറ്റം നിറഞ്ഞ് മരങ്ങൾ ഉള്ളത് ഒന്നും മുറിക്കാതിരിക്കുന്നതാണ് നല്ലത്. വാസ്തു അന്ധവിശ്വാസമല്ല. വലിയ ഒരു ശാസ്ത്രമാണ്. താമസിക്കുന്നവരുടെ ആരോഗ്യവും മനഃസമാധാനവുമാണ് ലക്ഷ്യം. ശുദ്ധവായുവും സൂര്യപ്രകാശവും •

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

തുടർച്ച

# ഭാരതത്തിലെ ഋഷികവികൾ

## അധിനിവേശം-പൈതൃകം-നവോത്ഥാനം

ശ്രീകുമാരി രാമചന്ദ്രൻ (ഫോൺ: 9947054009)

### ശക്തി നായനാർ

ചോഴനാട്ടിന്റെതെക്കുകിഴക്കു സ്ഥിതി ചെയ്യുന്ന നാഗപട്ടണത്തിനരുകിൽ കീഴ്വേഴൂർ എന്നൊരു ഗ്രാമമുണ്ട്. അവിടുത്തെ വിരിഞ്ചൈയൂർ എന്ന പ്രദേശത്താണ് ശക്തിനായനാർ എന്ന ശിവോപസാകൻ ജീവിച്ചിരുന്നത്. അസാമാന്യമായ കായബലവും മനോബലവുമുണ്ടായിരുന്നതിനാൽ ജനങ്ങൾ അദ്ദേഹത്തെ ശക്തിയാർ എന്നു വിളിച്ചുപോന്നു. ശിവപഞ്ചാക്ഷരമല്ലാതെ മറ്റൊന്നും അദ്ദേഹത്തിന്റെ നാവിനു വഴങ്ങുമായിരുന്നില്ല. കയ്യിൽ സദാ ആനത്തോട്ടിപോലുള്ള ഒരു ദണ്ഡുമായാണ് അദ്ദേഹം നടന്നിരുന്നത്. ഈ ദണ്ഡിന്റെ ഒരഗ്രത്ത് അരിവാൾ പോലെ വളഞ്ഞതും മൂർച്ചയേറിയതുമായ ഒരു ലോഹായുധം ഉണ്ടായിരുന്നു. ശിവപെരുമാളെക്കുറിച്ച് അഹിതം പറയുന്നവരെ കടന്നുപിടിച്ച് ഈ ആയുധം കൊണ്ട് അവരുടെ നാവറുത്തുകളയാൻ അദ്ദേഹം മടിച്ചിരുന്നില്ല. അതിനാൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ ഒരാളും ശിവനെതിരെ ഒരക്ഷരംപോലും ഉരിയാടുമായിരുന്നില്ല. ശിവ' ജനമേ ജീവിതം എന്ന വിശ്വാസത്തിൽ ദീർഘകാലം ഭൂലോകത്തു വസിച്ചതിനുശേഷം ശക്തി നായനാർ ശിവലോകം പൂകി എന്ന് സുന്ദരരുടെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

### 50) ചെറുത്തുണൈ നായനാർ

ചോഴനാട്ടിലെ തഞ്ചാവൂരിൽ ജനിച്ച ചെറുത്തുണൈ നായനാർ വേളാളർകുലത്തിൽപ്പെട്ട ഒരു ശിവഭക്തനായിരുന്നു. തിരുവാരൂരിൽ ചെന്ന് വൽമീകത്തിനകത്തു പ്രതിഷ്ഠിക്കപ്പെട്ടിരുന്ന വൽമീകനാഥനെ ദർശിച്ചു. കുറെക്കാലം അവിടെ താമസിച്ച് അദ്ദേഹം ശിവപെരുമാളെ ഭജിച്ചു. അതിനിടെ കാടവർകോൻ കഴർച്ചിങ്കൻ എന്ന രാജാവ് പത്നീസമേതനായി തിരുവാരൂർ വല്മീകനാഥനെ ദർശിക്കാനെത്തി. രാജാവ് നടക്കൽ പ്രാർത്ഥിച്ചുകൊണ്ടു നിൽക്കെ മഹാറാണി ക്ഷേത്രത്തെ വലം വെക്കാൻ തുടങ്ങി. മാലകെട്ടു മണ്ഡപത്തിനരികെ എത്തിയപ്പോൾ തറയിൽ ഒരപൂർവ്വ പുഷ്പം കിടക്കുന്നതു കണ്ടു. മനുഷ്യസഹജമായ ജിജ്ഞാസയാൽ അവർ കുനിഞ്ഞ് ആ പൂവെടുത്തു വാസനിച്ചു. ഇതുകണ്ടു കുപിതനായ ചെറുത്തുണൈ നായനാർ റാണിയുടെ മുടിക്കു കുത്തിപ്പിടിച്ചുകൊണ്ട് അരിവാളെടുത്ത് ആ സാധ്വിയുടെ നാസികാഛേദം നടത്തി. ചോര ചീറ്റി, വേദനമൂലം അലമുറയിട്ടുകൊണ്ട് റാണി തറയിൽ വീണു. അപ്പോഴേക്കും മഹാരാജാവ് അവിടെയെത്തി. വിവരങ്ങൾ അന്വേഷിച്ചറിഞ്ഞപ്പോൾ രാജാവിനും കോപമടക്കാനായില്ല. 'ഭഗവാനു മാല കെട്ടാൻ വെച്ചിരുന്ന പൂവെടുത്തു ഘ്രാണിക്കുന്നത് പാപംതന്നെ! മൂക്കിനെക്കാൾ മുമ്പ് ഛേദിക്കേണ്ടത് പൂവെടുത്ത കൈയാണ്,' എന്നു പറഞ്ഞുകൊണ്ട് രാജാവ് വാളൂരി റാണിയുടെ വലതുകരം ഛേദിച്ചുകളഞ്ഞു. വളകളണിഞ്ഞ കൈ തറയിൽക്കിടന്നു പിടഞ്ഞു. ക്ഷേത്രത്തിലുണ്ടായിരുന്ന ഭക്തജനങ്ങൾ സ്തബ്ധരായി നോക്കി നിൽക്കെവല്മീകനാഥൻ പാർവ്വതീസമേതനായി പ്രത്യക്ഷപ്പെട്ട് എല്ലാവരെയും അനുഗ്രഹിച്ചു. റാണിയുടെ നാസികയും കൈയ്യും പൂർവ്വസ്ഥിതിയിലായി. രാജദമ്പതികൾ കൊട്ടാരത്തിലേക്കു മടങ്ങി.ശിവപെരുമാളെയും ശിവയോഗികളെയും ദീർഘകാലം സേവിച്ച പുണ്യവുമായി ചെറുത്തുണൈ നായനാർ കൈലാസം പൂകി എന്ന് സുന്ദരരുടെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

### ചിറൈപ്പുലി നായനാർ

ചോഴനാട്ടിലെ തൃക്കൂരിൽ ഒരു ബ്രാഹ്മണ കുടുംബത്തിലാണ് ചിറൈപ്പുലി നായനാർ ജനിച്ചത്. ബാല്യം മുതൽക്കേ ശിവപെരുമാളിൽ ഗാഢമായ ഭക്തിയുണ്ടായിരുന്നു. ശിവയോഗികൾക്ക് അന്നദാനം നൽകുക, അവർക്ക് ഉപചാരങ്ങൾ ചെയ്യുക തുടങ്ങിയ പുണ്യകർമ്മങ്ങൾ അനുഷ്ഠിച്ചിരുന്ന ചിറൈപ്പുലിയാരുടെ ചുണ്ടിൽ സദാ പഞ്ചാക്ഷരീ മന്ത്രം തത്തിക്കളിച്ചു.

ശിവചിന്തയിൽ ജീവിച്ചു നേടിയ പുണ്യവുമായി അദ്ദേഹം കൈലാസം പൂകി എന്ന് സുന്ദരരുടെ

ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

## തിരുക്കുറിപ്പുതൊണ്ട നായനാർ

തൊണ്ടൈനാട്ടിലെ ഒരു പുരാതന പട്ടണമായിരുന്നു കാഞ്ചീപുരം. കല, സാഹിത്യം എന്നിവയുടെ വിളനിലമെന്ന നിലക്ക് ഏറെ പ്രശസ്തമായിരുന്നു ഈ സ്ഥലം. ഇവിടുത്തെ ഐശ്വര്യസമൃദ്ധികളെക്കുറിച്ച് കേൾക്കാത്തവർ അക്കാലത്ത് ഉണ്ടായിരുന്നില്ല എന്നുതന്നെ പറയാം. രാജാക്കന്മാരും പണ്ഡിതന്മാരും തീർത്ഥാടകരും ഒരുപോലെ കാഞ്ചീപുരത്തെ ആദരിച്ചുപോന്നു. ലോകമാതാവായ പാർവതീദേവി മഹാദേവനോടുള്ള തന്റെ സ്നേഹത്തിന്റെയും ഭക്തിയുടെയും പ്രതീകമായി മുപ്പത്തിരണ്ടു സ്തുതി പൂജകൾ അർപ്പിച്ച സ്ഥലം എന്ന നിലക്ക് കാഞ്ചീപുരം ഇന്നും ഭക്തജനങ്ങളെ ആകർഷിക്കുന്നു. ഇവിടുത്തെ കാഞ്ചികാമകോടിപീഠത്തിലുള്ള തീർത്ഥക്കുളത്തിൽ മുങ്ങിക്കുളിച്ചാൽ സകലപാപങ്ങളും ഒഴിഞ്ഞുപോകും. ആകാശഗമനത്തിനിടെ തങ്ങളുടെ നിഴൽ ഈ മഹാക്ഷേത്രത്തിനു മീതെ വീഴാതിരിക്കാൻ സൂര്യചന്ദ്രൻമാർപോലും വഴിമാറി ചരിക്കുന്നുവെന്നാണ് ഐതിഹ്യം. ഇവിടെ വാഴുന്ന ശിവപെരുമാൾ ഏകാംബരനാഥനെന്നും ദേവിപാർവ്വതി കാമാക്ഷിയമ്മൻ എന്നും അറിയപ്പെടുന്നു. ഏകാംബരേശ്വരന്റെ അനുഗ്രഹത്താൽ ദേവി കാഞ്ചീപുരത്തമ്മൻ പല അൽഭുതങ്ങളും പ്രവർത്തിച്ചുപോന്നു.ഒരിക്കൽ കാഞ്ചീപുരത്തെ വനപ്രദേശത്തു വസിച്ചിരുന്ന ഒരു വേടൻ കരികാലചോളൻ എന്ന രാജാവിനെ മുഖം കാട്ടി. അയാളിൽ നിന്നു കാഞ്ചീപുരത്തിന്റെ മാഹാത്മ്യത്തെക്കുറിച്ചു കേട്ടറിഞ്ഞ കരികാലചോളൻ ആ നാടിനും ക്ഷേത്രത്തിനും സമ്പൂർണ്ണ സംരക്ഷണം നൽകി. ഇങ്ങിനെയെല്ലാമുള്ള കാഞ്ചീപുരം എന്ന പുണ്യഭൂമിയിൽ ഏകാലിയാർ എന്നൊരു വണ്ണാൻ ഭൂജാതനായി. ബാല്യം മുതൽക്കു തന്നെ ശിവനെ ഉപാസിച്ചുപോന്ന അദ്ദേഹം ശിവഭക്തരെ സേവിക്കുന്നതിലും ശ്രദ്ധചെലുത്തി. ക്ഷേത്രത്തിലെത്തുന്ന ശിവയോഗികളുടെ അഴുക്കുപുരണ്ട വസ്ത്രങ്ങൾ അലക്കി വെളുപ്പിച്ചുകൊടുക്കുന്നത് അദ്ദേഹം ഒരു കടമയായി ഏറ്റെടുത്തു. അദ്ദേഹത്തിന്റെ മഹത്വം തിരിച്ചറിഞ്ഞതോടെ എല്ലാവരും ഏകാലിയാരെ തിരുക്കുറിപ്പു തൊണ്ടാർ എന്ന് ആദരപൂർവ്വം വിളിച്ചുപോന്നു. ഒരിക്കൽ ഭഗവാൻ ഒരു ശിവയോഗിയുടെ രൂപത്തിൽ ഏകാലിയാർക്കു മുമ്പിലെത്തി. യോഗിയുടെ അഴുക്കുപുരണ്ട വസ്ത്രം കണ്ടപ്പോൾ ഏകാലിയാർ അതു കഴുകി വെടിപ്പാക്കിത്തരാമെന്നു പറഞ്ഞു. തനിക്കു മാറ്റുവസ്ത്രമില്ലെന്നും അതിനാൽ അടുത്തദിവസം പ്രഭാതത്തിൽത്തന്നെ വസ്ത്രം കഴുകിയുണക്കി തിരിച്ചു തരണമെന്നും യോഗി പറഞ്ഞു. 'ഇല്ലെങ്കിൽ അതു താങ്കൾ ചെയ്യുന്നത് ഉപകാരമാവില്ല; ഉപദ്രവമാവും !' യോഗി ഓർമ്മപ്പെടുത്തി. 'ഇല്ല ധന്യാത്മൻ ! ഇത് നാളെ പുലർച്ചെ തന്നെ ഞാൻ താങ്കളുടെ കയ്യിൽ തിരിച്ചേൽപിക്കും,' എന്നു വാക്കു നൽകിയശേഷം തിരുക്കുറിപ്പുതൊണ്ടർ യോഗിയുടെ വസ്ത്രം കഴുകി അഴുക്കുകളഞ്ഞു വെടിപ്പാക്കി. അത് ഉണക്കാൻ തയ്യാറെടുക്കുമ്പോഴേക്ക് മഴ തുടങ്ങി. അനുനിമിഷം ശക്തിയേറി വന്ന പേമാരിയിൽ വസ്ത്രം ഉണക്കിയെടുക്കുക എന്ന കാര്യം അസാദ്ധ്യമായി. ഒരു ശിവയോഗിക്കാണു വാക്കു നൽകിയത്. അതു പാലിക്കാൻ കഴിയാത്തതിലും വലിയ പാപമുണ്ടോ! തിരുക്കുറുപ്പുതൊണ്ടർ ഖിന്നനായി. അപരാധത്തിനു പ്രായശ്ചിത്തമായി അദ്ദേഹം അലക്കുകല്ലിൽ തല ഉരക്കാൻ മുതിർന്നു. ഉടൻതന്നെ ഏകാംബരനാഥൻ ഉമാസമേതനായി പ്രത്യക്ഷപ്പെടുകയും പൂപോലുള്ള തന്റെ കരംകൊണ്ട് തിരുത്തൊണ്ടരെ പിടിച്ചു മാറ്റുകയും ചെയ്തു. പെട്ടെന്ന് പേമാരി നിലച്ചു; പകരം ആകാശത്തു നിന്ന് പൂമഴ പെയ്തു. എല്ലാം ശിവപെരുമാളിന്റെ പരീക്ഷണമായിരുന്നെന്ന് പ്രത്യകിച്ചു പറയേണ്ടതില്ലല്ലോ. ഭഗവാന്റെ അനുഗ്രഹം നേടിയ തിരുക്കുറിപ്പുതൊണ്ടനായനാർ ദീർഘമായൊരു ജീവിതം നയിച്ചതിനുശേഷം ശിവലോകം പൂകി എന്ന് സുന്ദരമൂർത്തി നായനാരുടെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

## കഴറ്ററിവാർ

ചേരരാജവംശത്തിൽപ്പിറന്ന പെരുമാക്കോതൈയാർ എന്ന രാജകുമാരന് ബാല്യം മുതൽക്കേ തിരുവഞ്ചിക്കുളത്തെ മഹാദേവനിൽ ഭക്തിയുറച്ചു. ക്ഷേത്രത്തോടു ചേർന്നുള്ള ഒരു മാളികയിൽ താമസിച്ചുകൊണ്ട് അദ്ദേഹം ഭഗവാനെ സേവിച്ചു. പൂജാപുഷ്പങ്ങൾ ശേഖരിക്കുക, ഭഗവൽവിഗ്രഹത്തിൽ ചാർത്താനുള്ള മാല്യങ്ങൾ കോർക്കുക, സോപാനത്തിൽ നിന്നു ശിവസ്തുതികളാലപിക്കുക ഇതൊക്കെയായിരുന്നു അദ്ദേഹത്തിന്റെ ഉപാസനാരീതികൾ. മാതുലനായ ചെങ്കോൽ പൊറയൻ രാജാവ് സ്ഥാനമൊഴിഞ്ഞപ്പോൾ പെരുമാക്കോതൈയാർ രാജഭരണം ഏറ്റെടുത്തു. അതിനുമുമ്പ് തന്റെ ക്ഷേത്രോപാസന തടസ്സപ്പെടുകയില്ല എന്നുറപ്പുവരുത്തുകയും ചെയ്തു. നന്മയെ കൊള്ളാനും തിന്മയെ തള്ളാനും അദ്ദേഹത്തിന് അപാരമായ കഴിവുണ്ടായിരുന്നു.

ഈ കഴിവ് അദ്ദേഹത്തിന് കഴറ്ററിവാർ എന്ന പേർ നേടിക്കൊടുത്തു.ചോഴ/പാണ്ഡ്യ രാജാക്കന്മാരുമായി അദ്ദേഹം അടുത്ത സൗഹൃദം പുലർത്തി. നിത്യവും രാത്രി അദ്ദേഹത്തിന് ശിവപൂജ പതിവുണ്ടായിരുന്നു. സംപ്രീതനായ ഭഗവാൻ പൂജയുടെ അന്ത്യത്തിൽ രാജാവിനു കേൾക്കാൻ പാകത്തിൽ തന്റെ കാൽചിലമ്പു ചലിപ്പിക്കുമായിരുന്നത്രേ. തിരുആലവായ് ശിവക്ഷേത്രത്തിൽ സോമസുന്ദരനായകനെ സേവിച്ചു പോന്ന ബാണഭദ്രനെക്കുറിച്ചു കേൾക്കാനിടയായ രാജൻ ആ പരമഭക്തനെ കാണാനാഗ്രഹിച്ചു. തിരുആലവായ് തേവർ ഈ അവസരം പ്രയോജനപ്പെടുത്തി ബാണഭദ്രനെ പരിക്ഷിക്കാനുറച്ചു. പെരുമാക്കോതൈ രാജാവിന്റെ മുമ്പിൽ ചെന്ന് 'പൺപാൽ യാഴ്പയിൽ' എന്നു തുടങ്ങുന്ന പാമാലൈ പാടിക്കേൾപിക്കൂ.എന്ന്ഭഗവാൻകൽപ്പിച്ചു. ബാണഭദ്രൻ കൽപ്പന യനുസരിച്ച് തിരുവഞ്ചിക്കുളത്തു ചെല്ലുകയും ഭഗവാൻ നിർദ്ദേശിച്ച പാമാലൈ രാജസന്നിധിയിൽ പാടുകയും ചെയ്തു. സന്തുഷ്ടനായ രാജൻ ബാണഭദ്രന് പൊന്നും മുത്തും വാരി നൽകി. ബാണഭദ്രനാകട്ടെ ഒരു പൊൻപണം മാത്രം സ്വീകരിച്ച് യാത്രയായി. മറ്റൊരിക്കൽ ശിവപെരുമാൾ കഴറ്റിവാർ രാജാവിനെത്തന്നെ പരീക്ഷിക്കാനുറച്ചു. പെരുമാക്കോതൈയാർ നിത്യേനയുള്ള രാത്രി പൂജക്കിരുന്ന ഒരു രാത്രി ! പൂജാന്ത്യത്തിൽ ഭഗവാൻ പതിവുപോലെ ചിലമ്പൊലി കേൾപ്പിച്ചില്ല. താനെന്തോ അപരാധം ചെയ്തുപോയതുമൂലമാണ് ഭഗവാൻ ചിലമ്പൊലി കേൾപ്പിക്കാഞ്ഞത് എന്നു ധരിച്ച രാജൻ വാളൂരി സ്വയം മരിക്കാൻ തുടങ്ങി. പെട്ടെന്ന് ഭഗവാന്റെ ചിലമ്പൊലി മുഴങ്ങി. 'ഭഗവാനേ'ഇന്നെന്തേ ചിലമ്പൊലി കേൾപ്പിക്കാൻ വൈകിയത് ? രാജൻ കൂപ്പുകൈകളോടെ വിഗ്രഹത്തിനു മുമ്പിൽ നിന്നു യാചിച്ചു. 'തിരുവാരൂർ ക്ഷേത്രത്തിൽ സുന്ദരമൂർത്തി എന്നൊരു ഭക്തനുണ്ട്. അദ്ദേഹം നമ്മുടെ നടയ്ക്കൽ നിന്നു കൊണ്ട് തിരുപ്പതികം പാടുകയായിരുന്നു. അതിന്റെ മാധുര്യത്തിൽ മതി മറന്നു നിന്നു പോയതിനാലാണ് നാം ചിലമ്പൊലി കേൾപ്പിക്കാൻ വൈകിയത്.' എന്നു ഭഗവാൻ മറുപടി നൽകി.

എങ്കിൽ സുന്ദരമൂർത്തിയാരെക്കണ്ടു വന്ദിക്കുക തന്നെ എന്നു നിശ്ചയിച്ചുകൊണ്ട് രാജൻ തീർത്ഥയാത്ര പുറപ്പെട്ടു. പല പല ശിവക്ഷേത്രങ്ങൾ കയറിയിറങ്ങി അദ്ദേഹം തിരുവാരൂർ ക്ഷേത്രിലെത്തി. പൊൻവണ്ണതിരുവന്താദി എന്നു തുടങ്ങുന്ന പാട്ടു പാടിയ കഴറ്റിവാർ ഭഗവാന്റെ ചിലമ്പൊലി കേട്ടു. സുന്ദരമൂർത്തിയുമായി നല്ലൊരു സൗഹൃദം സ്ഥാപിക്കാനായതോടെ ജനങ്ങൾ സുന്ദരമൂർത്തി നായനാരെ ചേരഇമാർ തോഴർ എന്നു സംബോധന ചെയ്യാൻ തുടങ്ങി. ഇരുവരും ചേർന്ന് തിരുക്കീഴ്വേളൂർ, തൃക്കോടികഴകർ, ചൊക്കലിംഗം, തൃപ്പൂവനം, തിരുപ്പാച്ചന്നൂർ, തിരുവേടകം, തിരുപ്പറംകുൻട്രം മുതലായ ക്ഷേത്രങ്ങൾ സന്ദർശിച്ചു. ചോഴ /പാണ്ഡ്യ രാജാക്കൻമാർ യാത്രയിൽ ഇവർക്കു വേണ്ടുന്ന സഹായങ്ങൾ ചെയ്തുകൊടുത്തു. തിരുക്കുറ്റാലം, തിരുനെൽവേലി, രാമേശ്വരം മുതലായ ക്ഷേത്രങ്ങൾ സന്ദർശിച്ചശേഷം ഇരുവരും തൃച്ചുഴിയിൽ എത്തി. അവിടെവച്ച് ഭഗവാൻ സുന്ദര മൂർത്തിയാർക്ക് ഋഷഭ രൂപത്തിൽ ദർശനം നൽകി. പിറ്റേന്ന് രാജാവിനോട് മൂർത്തിയാർ വിവരം പറഞ്ഞു. ഉടൻ തന്നെ ഇരുവരും കാളൈയർ കോവിലിലേക്കു ചെന്നു ഭഗവാനെ വന്ദിച്ചു. അവിടെ നിന്ന് ദർശനവും കഴിച്ച് കാവേരി നദി കടന്ന് പഞ്ചനദേശ്വരനെയും വന്ദിച്ചു. ഇവിടെവച്ച് സുഹൃത്തുക്കൾ പിരിഞ്ഞു. എങ്കിലും തങ്ങളുടെ സൗഹൃദത്തെ ഇരുവരും നിതാന്തമായി നിലനിർത്തി. പ്രജാക്ഷേമം മുൻനിർത്തി ഏറെക്കാലം ഭരണം കാഴ്ചവെച്ചശേഷം പെരുമാക്കോതൈ എന്ന ചേരമാൻ രാജാവ് ശിവപാദം പൂകി.

## സോമാചിമാറ നായനാർ

ചോഴനാട്ടിലെ തിരുവമ്പർ എന്ന സ്ഥലത്ത് ഒരു ബ്രാഹ്മണ കുടുംബത്തിലാണ് സോമാചിമാറർ ജനിച്ചത്. പുരോഹിതനായിരുന്ന അദ്ദേഹം ശിവോപാസനയിൽ സായൂജ്യം കണ്ടെത്തി. സദാ ശിവപഞ്ചാക്ഷരം ജപിച്ചുപോന്നു. തന്റെ ഭവനത്തിലെത്തിയവരെയെല്ലാം സൽക്കരിക്കയും പതിവായി. ഗ്രാമീണർക്ക് അദ്ദേഹം ശിവപെരുമാളുടെ അവതാരം തന്നെയായിരുന്നു. സുന്ദരമൂർത്തി നായനാരോട് ഭക്തിയും ആദരവും ഉള്ള വ്യക്തിയായിരുന്നു സോമാചിമാറർ. അദ്ദേഹം തിരുവാരൂരിൽ ചെന്ന് സുന്ദരമൂർത്തിനായനാരെ കണ്ടു വന്ദിക്കുകയും സൗഹൃദം സ്ഥാപിക്കുകയും ചെയ്തു. പഞ്ചേന്ദ്രിയങ്ങളെ നിയന്ത്രിച്ച് കാമക്രോധലോഭമദമാത്സര്യാദികൾ വെടിഞ്ഞ് ജീവിച്ചുപോന്ന അദ്ദേഹത്തിന് ധാരാളം അനുയായികളുണ്ടായി. ശിവസ്മരണയിൽ മുഴുകി പഞ്ചാക്ഷരീമന്ത്രത്തിലൂടെ ഭഗവാന്റെ അനുഗ്രഹം നേടിയ സോമാചിമാറ നായനാർ സുദീർഘമായ ജീവിതം നയിച്ചതിനുശേഷം കൈലാസം പൂകി എന്ന് തിരുത്തോണ്ടർ തൊഗൈയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

## സുന്ദരമൂർത്തി നായനാർ

തിരുനാവലൂരിലെ തിരുമുനൈച്ചാടിനാട് എന്ന ഗ്രാമത്തിൽ ചടയനാരുടെയും ഇശൈജ്ഞാനിയാരുടെയും പുത്രനായി ജനിച്ച നമ്പിയാരൂരാൻ എന്ന ശിശുവാണ് പിൽക്കാലത്ത് സുന്ദരമൂർത്തി നായനാർ എന്ന പേരിൽ പ്രസിദ്ധനായിത്തീർന്നത്. അന്തണർ കുലത്തിൽ (ശിവന്റെ അടിമകൾ) പ്പെട്ട നമ്പിയാരൂരാനെ നരസിംഹമുനൈയ അരയാർ എന്ന രാജാവ് കൊട്ടാരത്തിലേക്കു കൂട്ടിക്കൊണ്ടുവന്നുവളർത്തി. ചുരുങ്ങിയകാലംകൊണ്ട് ആരൂരാൻ വേദം, കല, ആയോധനം തുടങ്ങിയ വിദ്യകളിൽ പ്രാവീണ്യം നേടി.

അന്തണർകുലത്തിൽ ജനിച്ചതിനാൽ മഹാദേവനായ ശിവപെരുമാളിന്റെ അടിമ (ദാസൻ) യായി സമർപ്പിക്കപ്പെട്ടിരുന്ന കാര്യം ആരൂരാന് അജ്ഞാതമായിരുന്നു. ഈ വിവരമറിയാതെ മഹാരാജാവ് തന്റെ വളർത്തുപുത്രന്റെ വിവാഹം നിശ്ചയിച്ചു. തന്റെ ദാസനായിരിക്കേണ്ടയാൾ ഗൃഹസ്ഥാശ്രമത്തിലേക്കു തിരിയുന്നത് ഉചിതമല്ലെന്നു തോന്നിയ ശിവപെരുമാൾ ഇക്കാര്യം ആരൂരാനെ ഓർമ്മിപ്പിക്കാൻ തീർച്ചപ്പെടുത്തി. ഭഗവാൻ ഒരു ബ്രാഹ്മണന്റെ വടിവിൽ വിവാഹവേദിയിലെത്തി. വരൻ തന്റെ അടിമയാണെന്നും അയാൾക്ക് വിവാഹജീവിതം നിഷിദ്ധമാണെന്നും ബ്രാഹ്മണൻ വെളിപ്പെടുത്തി. ഇത് ചില വാഗ്വാദങ്ങൾക്കു വഴിവെച്ചു. 'നാം ആരെന്നറിയണമെങ്കിൽ പുറകെ വന്നോളൂ,' എന്നു പറഞ്ഞുകൊണ്ട് ബ്രാഹ്മണൻ വേദിവിട്ട് ഓടാൻ തുടങ്ങി. ആരൂരാൻ ബ്രാഹ്മണനെ പിൻതുടർന്നു. തിരുവെണ്ണനല്ലൂർ ക്ഷേത്രമെത്തിയപ്പോൾ ബ്രാഹ്മണൻ അകത്തേക്കു കയറി അപ്രത്യക്ഷനായി. തൊട്ടുപിന്നാലെ ക്ഷേത്രത്തിനകത്തേക്കു കയറിയ ആരൂരാൻ കഥയറിയാതെ മിഴിച്ചുനിന്നു. ഉടൻതന്നെ പാർവ്വതീസമേതനായി ഭഗവാൻ പരമശിവൻ പ്രത്യക്ഷപ്പെട്ടു. ആരൂരാന്റെ പിതാമഹൻ കുടുംബത്തോടെ ശിവന്റെ ദാസന്മാരായി വർത്തിച്ചു കൊള്ളാമെന്നു പ്രതിജ്ഞയെടുത്തിട്ടുള്ള കാര്യം ഭഗവാൻ ഓർമ്മിപ്പിച്ചു. ആരൂരാന്റെ മനസിൽ ഭഗവാന്റെ വാക്കുകൾ പ്രതിധ്വനികളുയർത്തി. ഒരു മഹാസത്യമറിയാതെ ദിശമാറി ചരിക്കാൻ തുടങ്ങിയ തനിയ്ക്ക് തക്കസമയത്ത് ശരിയായ മാർഗം കാട്ടിത്തന്ന ശിവപെരുമാളിന്റെ പാദത്തിൽ അദ്ദേഹം സാഷ്ടാംഗ പ്രണാമമർപ്പിച്ചു.

'സംഗീതത്തിലൂടെ നമ്മെ ആരാധിക്കുക!' ഭഗവാൻ കൽപ്പിച്ചു. ആരൂരാന്റെ കാവ്യപ്രതിഭയും സംഗീതപ്രതിഭയും ഉണരാൻ ദൈവകൽപ്പന നിമിത്തമായി. തിരുചുറ്റമ്പലത്തിൽ നൃത്തമാടുന്ന ശിവരൂപത്തെ അദ്ദേഹം മനസിലേക്കാവാഹിച്ചു പ്രതിഷ്ഠിച്ചു. അടുത്തനിമിഷം ഹിന്ദോളം എന്ന രാഗത്തിൽ 'പിത്താപിറൈച്ചൂടി' എന്നു തുടങ്ങുന്ന ശിവസ്തുതി അദ്ദേഹത്തിന്റെ കണ്ഠത്തിൽനിന്നൊഴുകി. ഭഗവാന്റെ ദർശനത്താൽ ലഭിച്ച പുണ്യവുമായി നമ്പിയാരൂരാൻ സ്വയം ശിവപെരുമാളിന്റെ അടിമയായി സമർപ്പിച്ചു. പിന്നീട് അദ്ദേഹം സുന്ദരമൂർത്തി നായനാർ എന്ന പേരിൽ പ്രസിദ്ധനായി. തമിഴ്നാട്ടിലൊട്ടാകെ സഞ്ചരിച്ച് എല്ലാ ശിവാലയങ്ങളിലും കയറി തൊഴുത്, ഭഗവാനെ സ്തുതിഗീതങ്ങളാൽ പ്രീതിപ്പെടുത്തിയ സുന്ദരമൂർത്തിനായനാർ തിരുത്തോണ്ടർ തൊഗൈ എന്ന ഗ്രന്ഥത്തിൽ മറ്റുനായനാർമാരെക്കുറിച്ചു രേഖപ്പെടുത്തിവെക്കുകയും ചെയ്തു. 'കഴറ്ററിവാർ നായനാർ' എന്ന ചരിത്രഗ്രന്ഥം നമ്പിയാരൂരാന്റെ ജീവിതത്തിലേക്കു വെളിച്ചം വീശുന്നു.

## തിരുനീലകണ്ഠർ നായനാർ

ചോഴനാട്ടിലെ ചിദംബരത്ത് കൂവയർ വംശത്തിലാണ് (കുശവന്മാർ) തിരുനീലകണ്ഠരുടെ ജനനം.ഈ സാധാരണക്കാരൻ മഹാദേവന്റെ തികഞ്ഞ ഭക്തനായിരുന്നു. സുന്ദരിയായ ഭാര്യയുമൊത്ത് സന്തുഷ്ടമായ കുടുംബജീവിതം നയിക്കുന്നതിനിടെ അദ്ദേഹം ഒരു പരസ്ത്രീബന്ധത്തിൽപ്പെട്ടു. ഭർത്താവിന്റെ നടപടിദൂഷ്യം അറിഞ്ഞെങ്കിലും സാധ്വിയായ പത്നി അദ്ദേഹത്തെ ചോദ്യം ചെയ്യുകയോ എതിർക്കുകയോ ചെയ്തില്ല. ഏതാനും നാളുകൾ കഴിഞ്ഞപ്പോൾ കൂവയർക്കു പശ്ചാത്താപമുണ്ടായി. അദ്ദേഹം പത്നിയോട് ക്ഷമായാചനം ചെയ്തു. ഇനിയൊരിക്കലും അന്യസ്ത്രീകളെ മാത്രമല്ല സ്വന്തം പത്നിയെപ്പോലും സ്പർശിക്കയില്ലെന്ന് നീലകണ്ഠമൂർത്തിയായ ശിവപെരുമാളിന്റെ പേരിൽ പ്രതിജ്ഞയെടുത്തു. മറ്റാരും ഇക്കാര്യം അറിഞ്ഞതുമില്ല. ഭക്തിയോടെ, വൈരാഗ്യബുദ്ധിയോടെ അദ്ദേഹം ശിവപെരുമാളിനെ സേവിച്ചുപോന്നു.

ഭഗവാൻ പരമേശ്വരൻ ഇദ്ദേഹത്തെ ഒന്നു പരീക്ഷിക്കാനുറച്ചു. അവിടുന്ന് ഒരു ശിവയോഗിയുടെ രൂപത്തിൽ കൂവയരുടെ ഗൃഹത്തിലെത്തി, ഒരു പാത്രം കൂവയരെ ഏൽപിച്ചു. താനൊരു യാത്രക്ക് പോകയാണെന്നും മടങ്ങിവരുവോളം പാത്രം ഭദ്രമായി സൂക്ഷിച്ചുകൊള്ളണമെന്നും പറഞ്ഞേൽപിച്ച് ശിവയോഗി യാത്രയായി. കൂവയർ പാത്രമെടുത്ത് അറയിൽവെച്ചു. കുറച്ചുനാളുകൾ കഴിഞ്ഞപ്പോൾ ശിവയോഗി മടങ്ങിയെത്തി പാത്രം തിരികെ ആവശ്യപ്പെട്ടു. പാത്രമെടുക്കാൻ അറയിൽ കയറിയ കൂ

വയർ ഞെട്ടിപ്പോയി. താൻ ഭദ്രമായി സൂക്ഷിച്ചുവെച്ചിരുന്ന പാത്രം അറയിലൊരിടത്തും കാണാനില്ല.! ഇതു ഭഗവാന്റെ ലീലാവിലാസമാണെന്ന് ആ സാധുവിനൊട്ടു മനസ്സിലായതുമില്ല. വിഷണ്ണനായ അദ്ദേഹം പുറത്തുവന്ന് യോഗിയോട് കാര്യം പറഞ്ഞു. 'ഞാനിതു വിശ്വസിക്കണമെങ്കിൽ, താങ്കൾ പത്നീസമേതനായി കുളത്തിൽ മുങ്ങിനിവർന്ന് ആണയിടണം,' എന്നായി യോഗി. നിലകണ്ഠപെരുമാളുടെ പേരിൽ താനെടുത്ത പ്രതിജ്ഞ ലംഘിക്കാൻ കൂവയർ തയ്യാറായില്ല. എങ്കിലും ഒരുവടിയെടുത്ത് അതിന്റെ ഒരഗ്രത്തിൽ താനും മറ്റേ അഗ്രത്തിൽ പത്നിയും പിടിച്ചു. പൊതുജനങ്ങൾ കാൺകെ ഇരുവരും കുളത്തിൽ മുങ്ങി. സത്യംചെയ്തുകൊണ്ട് നിവർന്ന കൂവയരും പത്നിയും ദൈവികശോഭയുള്ളവരായി കാണപ്പെട്ടു. അതിനിടെ ശിവയോഗി അപ്രത്യക്ഷനായിക്കഴിഞ്ഞിരുന്നു. ഒരു കൂവയന്റെ ഭക്തിയും അർപ്പണബോധവും എത്രയെന്ന് ലോകത്തെ ബോദ്ധ്യപ്പെടുത്താൻ വേണ്ടി മാത്രമാണ് ഭഗവാൻ ഇപ്രകാരം ചെയ്തതെന്ന് എല്ലാവർക്കും ബോദ്ധ്യമായി.സദാസമയവും 'നീലകണ്ഠാ' എന്നു വിളിച്ചു നടന്ന കൂവയർ അതോടെ തിരുനീലകണ്ഠനായനാർ എന്നറിയപ്പെട്ടു. പരമേശ്വരന്റെ മഹിമകളെക്കുറിച്ചു പാടിയും പ്രകീർത്തിച്ചും ധന്യമായ ജീവിതം നയിച്ചതിനുശേഷം തിരുനീലകണ്ഠനായനാർ കൈലാസം പൂകി എന്ന് സുന്ദരമൂർത്തിനായനാർ തന്റെ തിരുത്തോണ്ടർ തൊഗൈ എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

## തിരുമൂല നായനാർ

വടനാടിലാണ് തിരുമൂലനായനാർ ജീവിച്ചിരുന്നത്. ശിവഭൂതങ്ങളിൽ മുഖ്യൻ നന്ദികേശ്വരനാണല്ലോ? അവിടുത്തെ കാരുണ്യത്താൽ ശിവന്റെ അനുഗ്രഹം സിദ്ധിച്ച മുനിശ്രേഷ്ഠന്മാരെക്കുറിച്ച് പുരാണങ്ങൾ പ്രസ്താവിയ്ക്കുന്നുണ്ട്. ഇപ്രകാരം അനുഗ്രഹം സിദ്ധിച്ച ഒരു ശിവയോഗിയുണ്ടായിരുന്നു. സുന്ദരനാഥർ എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. ശിവഭക്തരെ ആദരിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധപുലർത്തിപ്പോന്നു. ഒരിക്കൽ അഗസ്ത്യമുനിയെ ദർശിക്കാനായി പുറപ്പെട്ട അദ്ദേഹം ആദ്യം കാശിയിലെത്തി. കാശിയിൽനിന്നു നേരെ തെക്കോട്ടേക്കു മടങ്ങി തിരുവലങ്കാട് വഴി ചാത്തന്നൂരിലെത്തി. അവിടെ ഒരു പുൽമേട്ടിൽ ധാരാളം പശുക്കൾ മേയുന്നുണ്ടായിരുന്നു. പശുപാലകനായ മൂലൻ പാമ്പുകടിയേറ്റ് ഒരു വശത്തായി മരിച്ചു കിടക്കുന്നതും കണ്ടു. പശുക്കൾ കൂട്ടംകൂട്ടമായി മൂലനു ചുറ്റും നിന്നു കരയാൻ തുടങ്ങി. മൂലൻ ജീവിച്ചാൽ മാത്രമേ ഈ മിണ്ടാപ്രാണികളുടെ ദു:ഖം മാറൂ എന്നു തോന്നിയ സുന്ദരനാഥർ മൂലനെ പുനരുജ്ജീവിപ്പിക്കാൻ തീരുമാനിച്ചു. പരകായപ്രവേശം എന്ന വിദ്യവശമായിരുന്ന ശിവയോഗി സ്വന്തം ശരീരം ഒരു മറവിലുപേക്ഷിച്ചതിനുശേഷം മൂലന്റെ ശരീരത്തിലേക്കു പ്രവേശിച്ചു. മൂലൻ ഉറക്കമുണരുംപോലെ കണ്ണു തിരുമ്മി എഴുന്നേറ്റു. പശുക്കൾ ആഹ്ളാദത്തോടെ വീണ്ടും മേയാൻ തുടങ്ങി. സന്ധ്യയായപ്പോൾ അവ വീട്ടിലേക്കുള്ള വഴിയേ നടക്കാൻ തുടങ്ങി. വീടെത്തിയപ്പോൾ പശുക്കൾ അകത്തേക്കു കയറി തൊഴുത്തിൽ ചെന്നു നിന്നു. എന്നാൽ മൂലൻ പുറത്തു തന്നെ നിന്നു. ഇതു കണ്ട മൂലന്റെ പത്നി അദ്ദേഹത്തോട് അകത്തേക്കു കയറി വരാൻ അഭ്യർത്ഥിച്ചു. 'നാം തമ്മിൽ യാതൊരു ബന്ധവുമില്ല,' എന്നു പറഞ്ഞുകൊണ്ട് മൂലൻ സ്ഥലം വിട്ടു. പുൽമേട്ടിൽ ഉപേക്ഷിച്ചിരുന്ന സ്വശരീരം തേടിച്ചെന്ന സുന്ദരർ (മൂലന്റെ ശരീരത്തിൽ സുന്ദരരുടെ ആത്മാവാണല്ലോ വസിച്ചിരുന്നുത്) അന്ധാളിച്ചുപോയി. ആത്മാവറ്റ തന്റെ ജഡം അവിടെങ്ങും കാണുന്നില്ല! സുന്ദരർ ജ്ഞാനസമാധിയിലിരുന്നു. ശിവമഹിമയെ പ്രകീർത്തിക്കാനായി ഭഗവാൻ തന്നെ നിയോഗിച്ചിരിക്കയാണെന്നും മൂലന്റെ ശരീരമുപയോഗിച്ച് ഈ ദൗത്യം നിറവേറ്റേണ്ടതാണ് അവിടുത്തെ ഇച്ഛ എന്നതിനാൽ തന്റെ ശരീരത്തെ അദ്ദേഹം മറച്ചുവെച്ചിരിക്കയാണെന്നും സുന്ദരനാഥർക്കു ബോദ്ധ്യമായി. സമാധിയിൽ നിന്നുണർന്നപ്പോൾ ഗ്രാമീണരെയും ന്യായാധിപനെയും ചെന്നു കണ്ടു. തനിക്ക് ഗ്രാമീണരുമായും പത്നിയുമായും യാതൊരു ബന്ധവുമില്ല എന്നു തീർത്തു പറഞ്ഞു. സാധ്വിയായ ആ സ്ത്രീ മോഹാലാസ്യപ്പെട്ടു വീണു. സുന്ദരനാഥർ തിരുമൂലർ എന്ന നാമം സ്വീകരിച്ചു. ഭൗതിക വ്യാപാരങ്ങളുപേക്ഷിച്ച് തിരുവാഭടുതുറൈയിൽ എത്തി. അവിടെ ഒരു ശിവക്ഷേത്രവും ആൽത്തറയും കണ്ടു. അദ്ദേഹം പേരാലിനു ചുവട്ടിൽ പത്മാസനത്തിലിരുന്ന്, ശിവരാജയോഗനിഷ്ഠയിലൂടെ മനസിനെ മഹാദേവനിലേക്കു ലയിപ്പിച്ചു. ബാഹ്യലോകത്തിന്റെ മായയിലകപ്പെടാതെ സത്യവും കൃപയും ജ്ഞാനവും യോഗവും സ്വായത്തമാക്കിയതോടെ പാമാലൈകൾ പാടിത്തുടങ്ങുകയും ചെയ്തു. തിരുമൂലർ മൂവായിരം ആണ്ടുകൾ യോഗനിദ്രയിലായിരുന്നുവെന്നാണ് ഐതിഹ്യം. മൂവായിരം തിരുമന്ത്രഗാനങ്ങൾ ലോകത്തിനു നൽകിയ ശേഷം അദ്ദേഹം ശിവപാദത്തിൽ ലയിച്ചുവെന്ന് സുന്ദരമൂർത്തി നായനാർ തന്റെ ലിഖിതങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്●

ക്ഷേത്രങ്ങളിലൂടെ

# തിരുവാർപ്പ് ശ്രീകൃഷ്ണസ്വാമിക്ഷേത്രം

**ഇന്ദിരാഭായി (ഫോൺ: 9947998674)**

ഭക്തിപ്രസ്ഥാനത്തിൽ ശ്രീകൃഷ്ണസ്വാധീനം വളരെ ശക്തമാണ്. നിരവധി ദർശനങ്ങളുടെ ജന്മഭൂമിയാണ് ഭാരതം. എല്ലാ ദർശനങ്ങളും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ശ്രീകൃഷ്ണനുമായി ബന്ധപ്പെട്ടിരിക്കുന്നു. ശ്രീകൃഷ്ണഭക്തരായ മനുഷ്യർ ശ്രീകൃഷ്ണനെ അവരവരുടേതായ കാഴ്ചപ്പാടിലൂടെ കാണുന്നു. അമ്പാടിയിലെ കൃഷ്ണനല്ല വൃന്ദാവനത്തിലെ കൃഷ്ണൻ. ഭഗവത്ഗീതയിലെ കൃഷ്ണൻ അസ്ത്രങ്ങൾ ചീറിപ്പാഞ്ഞ് മരണം വിതയ്ക്കുന്ന യുദ്ധഭൂമിയിലാണ് നില്ക്കുന്നത്. ഭാഗവതത്തിലെ കൃഷ്ണൻ ആട്ടവും പാട്ടുമായി ജീവിതം ആഘോഷിക്കുന്ന കൃഷ്ണനാണ്. യുദ്ധവും സമാധാനവും സ്നേഹവും അക്രമവും ജീവിതവും മരണവും പകലും രാത്രിയും എന്നിങ്ങനെ എല്ലാവിധ വിരുദ്ധഭാവങ്ങളും കൃഷ്ണനിൽ സമ്മേളിച്ചിരിക്കുന്നു. ആത്മജ്ഞാനത്തിൽ നിന്നാണ് കൃഷ്ണന്റെ രൂപം തെളിയുന്നത്. ജീവിതവെല്ലുവിളികളെ അതിജീവിക്കാൻ പാടുപെടുന്നവർക്ക് പ്രതീക്ഷയും പ്രചോദനവും പ്രകാശവുമാണ് ഭഗവാൻ ശ്രീകൃഷ്ണൻ. ശ്രീകൃഷ്ണപാദങ്ങളെ അഭയം പ്രാപിച്ചവരായിരുന്നു പഞ്ചപാണ്ഡവൻമാർ. അവരുടെ ശ്രീകൃഷ്ണഭക്തികൊണ്ട് അവർ ജീവിതത്തിലെ എല്ലാ പ്രതിസന്ധികളെയും തരണം ചെയ്ത് വിജയികളായി. ശ്രീകൃഷ്ണഭക്തിയെന്ന ഏറ്റവും വലിയ സമ്പത്തിനുടമയായ കുചേലൻ ഭഗവാന്റെ തൃക്കരങ്ങളാൽ പാദസേവയേറ്റു വാങ്ങിയ ഏക സതീർത്ഥ്യനായി. ഈ കൃഷ്ണകുചേലസംഗമമായിരിക്കാം ലോകത്തെ ആദ്യപൂർവ്വവിദ്യാർത്ഥി സംഗമം.



കോട്ടയം ജില്ലയിലെ തിരുവാർപ്പ് എന്ന സ്ഥലത്തു സ്ഥിതിചെയ്യുന്ന ഒരു ശ്രീകൃഷ്ണക്ഷേത്രമാണ് തിരുവാർപ്പ് ശ്രീകൃഷ്ണക്ഷേത്രം. 1500 ൽ പരം വർഷങ്ങളുടെ പഴക്കമുള്ള ഒരു മഹാക്ഷേത്രമാണ് തിരുവാർപ്പ് ശ്രീകൃഷ്ണക്ഷേത്രം. വാർപ്പുമായി ബന്ധപ്പെട്ട ഐതിഹ്യത്തിൽ നിന്നാണ് സ്ഥലനാമം തിരുവാർപ്പ് എന്നായത്. കാർഷിക വിളകളാൽ സമ്പന്നവും പ്രകൃതി ഭംഗി നിറഞ്ഞതുമായ ഈ പ്രദേശം മീനച്ചിലാറിന്റെ തീരപ്രദേശമാണ്. മഹാഭാരത കഥയുമായി ബന്ധപ്പെട്ട ഐതിഹ്യപ്പെരുമയുള്ള ക്ഷേത്രമാണ് തിരുവാർപ്പ് ശ്രീകൃഷ്ണക്ഷേത്രം. ക്ഷേത്രപൂജാക്രമങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും പല പ്രത്യേകതളുമുള്ള ഒരു മഹാക്ഷേത്രമാണിത്. ഭാരതത്തിൽ ആദ്യം നടതുറക്കുന്ന ക്ഷേത്രം തിരുവാർപ്പ് ശ്രീകൃഷ്ണക്ഷേത്രമാണ്. തിരുവാർപ്പിലെ ശ്രീകൃഷ്ണഭഗവാൻ മറ്റു ശ്രീകൃഷ്ണ ക്ഷേത്രങ്ങളിലേതുപോലെ സദാ പുഞ്ചിരിയോടെ തന്റെ ഭക്തജനങ്ങൾക്കു ദർശനം നല്കുന്ന ഭാവത്തിലല്ല, അല്പം ഗൗരവഭാവത്തിലാണ് ഇവിടെ പരിലസിക്കുന്നത്. കംസനിഗ്രഹം കഴിഞ്ഞ് വിശപ്പും ക്ഷീണവും അല്പം ഗൗരവവും കലർന്ന ഭാവമാണ് ഇവിടെ ഭഗവാനു കല്പിച്ചിരിക്കുന്നത്. പഞ്ചപാണ്ഡവൻമാരുടെ വനവാസക്കാലത്ത് ശ്രീകൃഷ്ണഭക്തരായ അവർക്ക് ഭഗവാൻ ചതുർബാഹുവായ ഒരു ശ്രീകൃഷ്ണവിഗ്രഹം നല്കി. ഈ വിഗ്രഹത്തെ അവർ പൂജിച്ചാരാധിച്ചിരുന്നു. പാണ്ഡവൻമാർ ഈ സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേക്ക് പോകുമ്പോൾ ആ പ്രദേശവാസികൾ ആ വിഗ്രഹം അവർക്കാരാധിക്കുവാനായി നൽകണമെന്നും പാണ്ഡവരോടപേക്ഷിച്ചു. പാണ്ഡവർ വിഗ്രഹം അവർക്കു നല്കുകയും ചെയ്തു. സ്ഥലവാസികൾ ഈ വിഗ്രഹത്തെ പൂജിച്ചാരാധിച്ചു പോരുകയും ചെയ്തു. കാലങ്ങൾക്കു ശേഷം അവർക്കവിടെ പൂജകൾ തുടരാൻ സാധിക്കാതെ

വരികയും അവർ വിഗ്രഹം കടലിൽ ഉപേക്ഷിക്കുകയും ചെയ്തു. വർഷങ്ങൾക്കുശേഷം വില്വമംഗലത്തു സ്വാമിയാർ ഈ പ്രദേശത്തുകൂടി വഞ്ചിയിൽ സഞ്ചരിക്കുകയും യാത്രാമദ്ധ്യേ അദ്ദേഹത്തിന്റെ വഞ്ചി പെട്ടെന്നു നിശ്ചലമാവുകയുംചെയ്തു. സ്വാമിയും വഞ്ചിയിലുണ്ടായിരുന്നവരും വഞ്ചി നിശ്ചലമായതെന്തെന്നന്വേഷിച്ചു വെള്ളത്തിലിറങ്ങി നോക്കി. അവർ വെള്ളത്തിലിറങ്ങിയതും അത്രയും ഭാഗത്തെ വെള്ളം മാറിപ്പോവുകയും ചെയ്തു. വെള്ളം മാറിക്കൊടുത്ത സ്ഥലത്തു നിന്നും അവർക്കൊരു വിഗ്രഹം കിട്ടി. ഈ വിഗ്രഹം എടുത്തു കൊണ്ട് അവർ പടിഞ്ഞാറു ദിശയിലേക്ക് യാത്രയായി. എന്നാൽ വഞ്ചി പടിഞ്ഞാറുദിശയിലേക്കല്ല കിഴക്കു ദിശയിലേക്കാണ് പോയത്. പ്രതികൂലകാലാവസ്ഥ കാരണം അവർക്കു യാത്ര തുടരാൻ സാധിക്കാതെ വരികയും വില്വമംഗലത്തു സ്വാമിയാർ കരയിൽ കണ്ട ഒരു വാർപ്പിൽ ഈ വിഗ്രഹം വച്ചു പോവുകയും ചെയ്തു. വീണ്ടും യാത്ര തുടരുവാനായി പിന്നീടു വന്നു നോക്കിയപ്പോൾ ഈ വാർപ്പ് ആമ്പൽചെടികൾ നിറഞ്ഞു നിന്ന ജലാശയത്തിലൂടെ തനിയെ ഒഴുകി ഇന്നു ക്ഷേത്രം കാണുന്ന സ്ഥലത്തു എത്തിയതായാണ് കണ്ടത്. ആമ്പൽചെടികൾ വാർപ്പിന് ഒഴുകിപ്പോകാൻ രണ്ടു വശത്തേക്കും നീങ്ങി വഴി മാറിക്കൊടുത്തിരിക്കുന്നതും കണ്ടു. ഈ വാർപ്പിൽ നിന്നും വിഗ്രഹം എടുക്കാൻ നോക്കിയിട്ട് അദ്ദേഹത്തിന് സാധിച്ചില്ല. വിഗ്രഹം വാർപ്പിൽ ഉറച്ചു പോയി. കുന്നൻകാരിമേനോൻ എന്നൊരാളുടെതായിരുന്നു ഭഗവാന്റെ വിഗ്രഹം ഉറച്ചുപോയ വാർപ്പ്. ഭഗവാന്റെ വിഗ്രഹം വാർപ്പിലുറച്ചുപൊയതറിഞ്ഞ അദ്ദേഹം വാർപ്പിരുന്ന സ്ഥലം ക്ഷേത്രം പണിയുന്നതിനുവേണ്ടി വിട്ടുകൊടുത്തു. ഈ വിഗ്രഹവുമായി വന്ന വില്വമംഗലത്തു സ്വാമിയാർ പിന്നീട് മാടപ്പുറത്തു സ്വാമിയാരുടെ സഹായത്താൽ ഈ സ്ഥലത്തു ക്ഷേത്രം പണിതീർത്ത് വാർപ്പിലുറച്ച ഭഗവാനെ വാർപ്പോടുകൂടി അവിടെ പ്രതിഷ്ഠിച്ചു. ആമ്പൽചെടികൾ വഴിമാറി കൊടുത്തു വന്ന സ്ഥലത്തുണ്ടായിരുന്ന കുടുംബത്തെ ആമ്പൽമാറടിയെന്നും പിന്നീട് ആമ്പലാറ്റിൻ എന്നും അറിയപ്പെട്ടു. വാർപ്പ് തിരിഞ്ഞു വന്ന സ്ഥലം തിരുവാർപ്പുമായി തീർന്നു. ക്ഷേത്രം പണിയുന്നതിനു സഹായിച്ച മാടപ്പുറത്തു സ്വാമിയുടെ ആശ്രമത്തിന്റെ വകയായി ഇന്നും വിശേഷാൽ പൂജകൾ ഈ ക്ഷേത്രത്തിൽ നടക്കുന്നുണ്ട്.

ഭാരതത്തിലെ ആദ്യം നടതുറക്കുന്ന ക്ഷേത്രമായ തിരുവാർപ്പ് ശ്രീകൃഷ്ണക്ഷേത്രത്തിൽ പുലർച്ചെ രണ്ടു മണിക്ക് പള്ളിയുണർത്തൽ നടക്കുന്നു. മൂന്നു മണിക്കു മുമ്പ് ഉഷനിവേദ്യം കഴിയുകയും ചെയ്യും. കംസവധം കഴിഞ്ഞ് ക്ഷീണവും വിശപ്പും ചേർന്ന ഭാവത്തിലിരിക്കുന്ന ഭഗവാന് വിശപ്പു താങ്ങാൻ പറ്റില്ല. അതിനാൽ രണ്ടു മണിക്കു നട തുറന്ന് പെട്ടെന്നു തന്നെ അഭിഷേകം നടത്തി നിവേദ്യം സമർപ്പിക്കുന്നു. നിവേദ്യസമർപ്പണത്തിനു മുമ്പ് വിഗ്രഹത്തിൽ ഒരു മാലപോലും ചാർത്തുന്നില്ല. പ്രഭാതത്തിൽ നട തുറക്കാനെത്തുന്ന പൂജാരിക്ക് താക്കോലിനൊപ്പം ഒരു കോടാലിയും നൽകുന്നു. ഇത് ഈ ക്ഷേത്രത്തിൽ മാത്രമുള്ള മറ്റൊരു പ്രത്യേകത.വിശപ്പു താങ്ങാൻ പറ്റാത്ത ഭഗവാന് നിവേദ്യമമർപ്പിക്കുന്നതിന് ഏതെങ്കിലും കാരണവശാൽ പൂജാരിക്ക് താക്കോലുകൊണ്ട് വാതിൽ തുറക്കാൻ സാധിക്കാതെ വന്നാൽ കോടാലികൊണ്ട് വാതിൽ തുറക്കുവാനാണ് കോടാലി നൽകുന്നത്. ഭഗവാന്റെ ഉഷനിവേദ്യത്തിന്റെ പ്രാധാന്യം ഇതിൽ നിന്നും മനസ്സിലാകുന്നു.

അടുത്ത പ്രത്യേകത ഇവിടുത്തെ പൂജാസമയം നിശ്ചയിക്കുന്നതാണ്. സൂര്യന്റെ നിഴൽ നോക്കിയാണ് തിരുവാർപ്പ് ശ്രീകൃഷ്ണക്ഷേത്രത്തിൽ പൂജാസമയം നിശ്ചയിക്കുന്നത്. ശ്രീകോവിലിന്റെ പുറകിലെ ഭിത്തിയിൽ ഒരു ആനയുടെ പ്രതിമയുണ്ട്. ഈ പ്രതിമയുടെ മേൽ സൂര്യരശ്മി പതിക്കുമ്പോഴുണ്ടാകുന്ന നിഴലിനെ ആധാരമാക്കിയാണ് പൂജാസമയം നിശ്ചയിക്കുന്നത്. ഈ ആനയുടെ പ്രതിമയുടെ അടുത്ത് രണ്ടു വരകളും കാണാം. അത്താഴപൂജ സൂര്യൻ അസ്തമിക്കുന്ന സമയത്താണ്. അത്താഴപൂജയോടൊപ്പം തന്നെ ദീപാരാധനയും നടക്കുന്നു. ദിപാരാധന പ്രത്യേകം നടത്താറില്ല. ചേർത്തലക്കാരാരും ഈ ക്ഷേത്രത്തിൽ വിശന്നിരിക്കരുത് എന്നാണ് വിശ്വാസം. ചേർത്തല പ്രദേശത്തു നിന്നായിരുന്നു വിഗ്രഹം വില്വമംഗലസ്വാമിക്ക് കിട്ടിയതെന്നും അവിടെ നിന്ന് ഒഴുകുയെത്തിയതാണെന്നും ഒരു വിശ്വാസമുണ്ട്. അത്താഴപൂജക്കു ശേഷം ചേർത്തലയിൽ നിന്നുള്ളവരാരെങ്കിലും വിശന്നിരിപ്പുണ്ടോ എന്ന് വിളിച്ചു ചോദിക്കുന്ന പതിവ് ഇവിടുണ്ടായിരുന്നു.

ഗ്രഹണസമയത്ത് നട അടയ്ക്കില്ല എന്നത് ഈ ക്ഷേത്രത്തിലെ അടുത്ത പ്രത്യേകതയാണ്. ഒരിക്കൽ ഗ്രഹണസമയം കഴിഞ്ഞ് നട തുറന്നപ്പോൾ ഭഗവാന്റെ അരഞ്ഞാണം അയഞ്ഞ് ഊർന്നിറങ്ങിയതായി കണ്ട് വില്വമംഗലംസ്വാമിയാർ ഭഗവാന് വിശന്ന് വയറൊട്ടിയതിനാലാണ് അരഞ്ഞാണം ഊർന്നു പോയത് എന്നും അതിനാൽ ഇനി മുതൽ ഗ്രഹണസമയത്ത് നടയടക്കേണ്ടതില്ല എന്നും

ഭഗവാനു വേണ്ട പൂജകളും നിവേദ്യങ്ങളും ഗ്രഹണ സമയത്തും നടത്താം എന്നും നിശ്ചയിച്ചു. അന്നു മുതൽ ഗ്രഹണസമയത്ത് ഇവിടെ നട അടയ്ക്കാറില്ല പൂജകളും നിവേദ്യവും മുടക്കാറുമില്ല. ഗ്രഹണസമയത്തും ഈ ക്ഷേത്ര നട തുറന്നു തന്നെ കിടക്കും. ഇവിടെ ഗ്രഹണസമയത്ത് വിശേഷാൽ പൂജകളുമുണ്ട്. സകലഗ്രഹങ്ങളേയും തടുത്തു നിർത്തുവാൻ കഴിവുള്ള തിരുവാർപ്പ് ശ്രീകൃഷ്ണഭഗവാന് ഗ്രഹണബാധയേല്ക്കില്ല. ഗ്രഹണസമയത്തും ഭഗവാന് വിശപ്പുണ്ടാകുകയും ചെയ്യും. ഗ്രഹണസമയത്തും നടതുറക്കുന്ന ഒരേയൊരു ക്ഷേത്രമാണ് തിരുവാർപ്പ് ശ്രീകൃഷ്ണക്ഷേത്രം. ഈ ക്ഷേത്രത്തിലെ അടുത്ത പ്രത്യേകത ഇവിടുത്തെ ചെണ്ടയാണ്. ഈ ക്ഷേത്രത്തിൽ ഒരു വിശേഷപ്പെട്ട ചെണ്ടയുണ്ട്. ഈ ചെണ്ടയെ ആനകത്തുടി എന്നാണ് അറിയപ്പെടുന്നത്. പഴയകാലത്തെ ഒരു അപൂർവ്വവാദ്യോപകരണമാണ് ആനകത്തുടി എന്ന ചെണ്ട. ഉടുക്കിന്റെ ആകൃതിയിൽ ഓടുകൊണ്ടു വാർത്ത് പറയുടെ ആകൃതിയിൽ രണ്ടു വശവും തുകിലിട്ട ഒരു വാദ്യോപകരണമാണ് ആനകത്തുടി. ഭഗവാൻ ശ്രീകൃഷ്ണൻ കംസനെ നിഗ്രഹിച്ച വിവരം ഈ തുടികൊട്ടിയാണ് നാനാദിക്കുകളിലും അറിയിച്ചത് എന്നാണ് വിശ്വസിക്കുന്നത് .

തിരുവാർപ്പ് ക്ഷേത്രത്തിലെ അടുത്ത പ്രത്യേകത ഇവിടുത്തെ കൊടിയേറ്റാണ്. മിക്ക ക്ഷേത്രങ്ങളിലും വൈകിട്ടു കൊടിയേറ്റു നടത്തുമ്പോൾ ഇവിടെ രാവിലെയാണ് കൊടിയേറ്റു നടക്കുന്നത്. മേടമാസത്തിലെ വിഷുവിന് തലേദിവസമാണ് കൊടിയേറ്റ്. കൊടിയേറ്റു സമയത്ത് കതിനവെടികൾ മുഴങ്ങും. ഈ സമയം ദേശവാസികൾ നിലവിളക്കു കൊളുത്തി ഉത്സവത്തെ വരവേല്ക്കും. മേടമാസത്തിലെ ആദ്യത്തെ പത്തു ദിവസമാണ് ഇവിടെ ഉത്സവം നടക്കുന്നത്. ഉത്സവത്തിന് പത്തു വയസ്സിൽ താഴെയുള്ള പെൺകുട്ടികൾ കൃഷ്ണവേഷം ധരിച്ച് രാവിലെയും വൈകിട്ടും വിളക്കെടുപ്പ് നടത്തുന്നു. ഇത് ഇവിടുത്തെ വളരെ പ്രധാനമായ ഒരു വഴിപാടുമാണ്. വിളക്കെടുപ്പ് പല ക്ഷേത്രങ്ങളിലുമുണ്ടെങ്കിലും കൃഷ്ണവേഷം ധരിച്ച് ബാലികമാർ വിളക്കെടുക്കുന്നത് ഇവിടുത്തെ മാത്രം പ്രത്യേകതയാണ്. വിളക്കെടുക്കുന്ന ബാലികമാർ ഗോപികമാരാണെന്നാണ് സങ്കല്പം. വിളക്കെടുപ്പു കഴിഞ്ഞാൽ ഇവർ കുളിച്ചു ശുദ്ധം വരുത്തണമെന്നുമാണ് .ഈ അനുഷ്ഠാനം ഗോപികമാരുടെ അന്തരംഗത്തിൽ ഒളിഞ്ഞുകിടക്കുന്ന മോഹങ്ങളെ സഫലീകരിച്ചു കഴിഞ്ഞതിന്റെ സൂചനയായി കണക്കാക്കുന്നു. ആടയാഭരണങ്ങളണിഞ്ഞ് കത്തുന്ന വിളക്കുമായി ബാലികമാർ നടന്നു നിങ്ങുമ്പോൾ ഭഗവാൻ അവർക്ക് മംഗലഭാഗ്യം നൽകി അനുഗ്രഹിക്കുന്നു എന്നാണ് വിശ്വസിക്കുന്നത്. ക്ഷേത്രത്തിന്റെ സമുദായ സ്ഥാനത്ത് ആശ്ചര്യചൂഢാമണി രചിച്ച ശക്തിഭദ്രന്റെ മഠക്കാരായിരുന്നു എന്നാണ് പഴമക്കാരുടെ വിശ്വാസം. തൃശൂർ തെക്കേമഠത്തിലെ സ്വാമിയാർക്ക് ഈ ക്ഷേത്രത്തിൽ പുഷ്പാഞ്ജലി നടത്തുന്നതിന് അവകാശമുണ്ട്. തെക്കേമഠവുമായി ക്ഷേത്രത്തിനു ബന്ധം ഉണ്ടെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം.

മകരമാസത്തിലെ തൈപ്പൂയത്തിന് തിരുവാർപ്പ് ശ്രീകൃഷ്ണക്ഷേത്രത്തിൽ ഒരു പ്രത്യേക പൂജയുണ്ട്. ഇത് പുല്ലാട്ടു പൂജയെന്നാണ് അറിയപ്പെടുന്നത്. നാലമ്പലത്തിനു പുറത്ത് ഗണപതി , സുബ്രഹ്മണ്യൻ, യക്ഷിയമ്മ, ഭഗവതി, ഭൂതനാഥൻ എന്നീ ഉപദേവതകളുമുണ്ട്. ഭൂതനാഥ പ്രതിഷ്ഠ ഒരു ഉപക്ഷേത്രത്തിലാണ്. മുഖ്യപ്രതിഷ്ഠക്കു സമർപ്പിക്കുന്ന എല്ലാ വഴിപാടുകളും പുറത്തുള്ള ഈ പ്രതിഷ്ഠയ്ക്കും നലകുന്നു ഗുരുവായൂരിലേതുപോലെ ഇവിടെയും ഉത്സവത്തോടനുബന്ധിച്ച് ആനയോട്ടം എന്ന ചടങ്ങ് മുടങ്ങാതെ നടക്കുന്നുണ്ട്. ഒരിക്കൽ ഭഗവാന്റെ ഉത്സവ എഴുന്നള്ളത്തിന് ആനയെ ലഭിക്കാതിരുന്നപ്പോൾ അടുത്ത ശിവക്ഷേത്രത്തിൽ നിന്നും ഒരാന ഓടി അമ്പലനടയിലെത്തി. അന്നു മുതൽ ആനയോട്ടം നടത്തുന്നുണ്ട്. ഉത്സവദിവസം ശിവക്ഷേത്രത്തിൽ നിന്നും ഓടിയെത്തുന്ന ആന ക്ഷേത്രമതിൽക്കെട്ടിനകത്തു പ്രവേശിച്ച് മൂന്നു വലം വച്ച് ഭഗവാനെ വന്ദിച്ചു മടങ്ങുന്നു. മേടം ഒന്നു മുതൽ പത്തു ദിവസം ഉത്സവം കൊണ്ടാടുന്നുണ്ടെങ്കിലും ഇവിടെ പള്ളിവേട്ട നടത്താറില്ല. ഒരിക്കൽ പള്ളിവേട്ടയ് ക്കെഴുന്നള്ളുമ്പോൾ അശുഭലക്ഷണങ്ങൾ കാണുകയുണ്ടായി. അന്ന് ഗുരുവര്യൻമാർ ഭഗവാന്റെ എഴുന്നള്ളത്ത് തടയുകയും ക്ഷേത്രത്തിലേക്ക് മടങ്ങുകയും ചെയ്തു. അതിനുശേഷം തിരുവാർപ്പ് ശ്രീകൃഷ്ണക്ഷേത്രത്തിൽ പള്ളിവേട്ട നടത്താറില്ല.

തിരുവാർപ്പ് ശ്രീകൃഷ്ണക്ഷേത്രത്തിലെ വിഷുക്കണി വളരെ വിശേഷമായി കരുതുന്നു. തിരുവാർപ്പു കൃഷ്ണനെ കണികണ്ടാൽ ശത്രുദോഷമൊഴിഞ്ഞ് ശത്രുപീഢകളില്ലാതാകുമെന്നും ശത്രുസംഹാരഫലം ലഭിക്കുമെന്നുമാണ് വിശ്വാസം. വലിയമ്പലം, ചുറ്റമ്പലം, ബലിക്കൽപുര, ആനപ്പന്തൽ, വിളക്കുമാടം, കൂത്തമ്പലം എന്നിവയെല്ലാമുള്ളതും പഴമയുടെ പ്രൗഢി നിറഞ്ഞതുമായ ഒരു മഹാക്ഷേത്രമാണിത്. ഇവിടുത്തെ പഴമയുടെ കാഴ്ചകൾ ഭഗവത് കഥകളെപ്പോലെ തന്നെ മനം കവരുന്നവയാണ്.

പഴയകാലശില്പ കലകളുടെ തനതുഭംഗിയും ലാളിത്യവും ഒട്ടും നഷ്ടപ്പെടാതെ ഇന്നും നിലനില്ക്കുന്ന ഒരു ശ്രീകൃഷ്ണക്ഷേത്രമാണ് തിരുവാർപ്പ് ശ്രീകൃഷ്ണക്ഷേത്രം. ക്ഷേത്രപ്രവേശന വിളംബരത്തിൽ സന്തുഷ്ടനായ മഹാത്മാഗാന്ധി ഈ ക്ഷേത്രം സന്ദർശിച്ചിട്ടുണ്ട്.

കംസനെ കൊന്നു വിശന്നു ക്ഷീണിച്ചു വന്ന ഭഗവാന് വിശപ്പു മാറ്റാൻ പെട്ടെന്നുണ്ടാക്കി നൽകുന്ന നിവേദ്യമാണ് ഉഷപായസം. ഉണക്കലരിയും നെയ്യും ശർക്കരയും കദളിപ്പഴവും നാളികേരവും ചേർത്തുണ്ടാക്കുന്ന ഉഷപായസം തിരുവാർപ്പിലെ ശ്രീകൃഷ്ണഭഗവാന്റെ ഇഷ്ടനിവേദ്യമാണ്. തൃക്കൈവെണ്ണയും പാൽപ്പായസവും കദളിപ്പഴവും നിവേദിക്കുന്നത് ഇവിടെയും പ്രധാനമാണ്. മറ്റു വിഷ്ണുക്ഷേത്രങ്ങളിലേതുപോലെയുള്ള എല്ലാ വഴിപാടുകളും അർച്ചനകളും ഇവിടെ പ്രധാനമാണ്.

അഹംഭാവം മനസ്സിനെ അടക്കി ഭരിക്കുമ്പോൾ ചെയ്യുന്ന കാര്യങ്ങളൊന്നും നല്ല രീതിയിലാവുകയില്ല. അവയൊക്കെ അബദ്ധങ്ങളായെ ഭവിക്കുകയുള്ളു. ധർമ്മാധർമ്മങ്ങളെ വേണ്ടവിധം വേർതിരിച്ചറിയുക, അഹംഭാവം വെടിഞ്ഞ് ഈശ്വരചൈതന്യത്തെ അറിയുക എന്നീ നല്ല ചിന്തകൾ മനസ്സിലുണ്ടായാലെ ചെയ്യുന്ന കർമ്മങ്ങൾ സൽക്കർമ്മങ്ങളായി ഭവിക്കുകയുള്ളു. അഹംഭാവം അടക്കിവാണിരുന്ന കംസന്റെ മനസ്സ് ഭഗവാനെ തിരിച്ചറിഞ്ഞില്ല. ഭഗവാൻ മനസ്സിലുണ്ടെന്നു വിശ്വസിക്കുന്നവർക്ക് മരണഭയം കുറയും. സ്വന്തം സഹോദരിയുടെ 8 ാംമത്തെ പുത്രൻ തന്റെ അന്തകനാകുമെന്നറിഞ്ഞ നിമിഷം മുതൽ അന്ത്യം വരെയും കംസൻ മരണഭയം മുന്നിൽ കണ്ടിരുന്നു. മരണഭയത്താൽ കംസൻ സദാ ദേവകി പുത്രനെ സ്മരിച്ചു കൊണ്ടാണ് ജീവിച്ചത്. മരണഭയം മൂലമാണെങ്കിലും സദാ ശ്രീകൃഷ്ണസ്മരണമൂലം കംസന് ശ്രീകൃഷ്ണകരങ്ങളാൽ മോക്ഷം ലഭിച്ചു.

കുട്ടയിലും ആലിലയിലും കാളിയന്റെ തലയിലും ഉറിയിൽ തൂങ്ങി കിടക്കുന്നതും ഉരലിൽ കെട്ടിയ നിലയിലും, ഗോവർദ്ധനധാരിയായും ഭഗവത് ലീലകളനേകമനേകമാണ്. എന്നാൽ വാർപ്പിൽ സ്ഥിതിചെയ്യുന്ന കൃഷ്ണനെ കാണാൻ തിരുവാർപ്പിൽ തന്നെ എത്തണം. വാർപ്പിനെ ഇരിപ്പിടമാക്കിയ ശ്രീകൃഷ്ണഭഗവാനെ വാർപ്പോടകൂടി പ്രതിഷ്ഠിച്ചിരിക്കുന്ന ക്ഷേത്രമാണ് തിരുവാർപ്പ് ശ്രീകൃഷ്ണസ്വാമിക്ഷേത്രം. കോട്ടയം ടൗണിൽ നിന്നും തിരുവല്ല റൂട്ടിൽ എട്ടു കിലോമീറ്റർ ദൂരം സഞ്ചരിച്ചാൽ കോട്ടയം തിരുവാർപ്പ് ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെത്താം. മീനച്ചിലാറിന്റെ തീരത്തെ പ്രകൃതിഭംഗി നിറഞ്ഞതും കാർഷിക വിളകളാൽ സമ്പന്നമായതുമായ പ്രദേശമാണ് തിരുവാർപ്പ്. അഞ്ചു പൂജയും ശീവേലിയുമുള്ള ഈ മഹാക്ഷേത്രത്തിൽ ഭഗവാൻ പടിഞ്ഞാട്ടു ദർശനമായി പരിലസിക്കുന്നു.

തിരുവാർപ്പിലെത്തി ഉഷപ്പായസമുണ്ട് തൃപ്തനായിരിക്കുന്ന ശ്രീകൃഷ്ണഭഗവാന്റെ മുഖകമലം സദാ മനസ്സിൽ തെളിയേണമേ എന്ന് തിരുനടയിൽ തൊഴുത് പ്രാർത്ഥിച്ച് തൃപ്തരായി മടങ്ങാം. എല്ലാ ഭക്തജനങ്ങൾക്കും അതിനവസരമുണ്ടാകട്ടെ എന്ന പ്രാർത്ഥനയോടെ

കൃഷ്ണ കൃഷ്ണ പ്രഭോ പാഹി നമോസ്തുതേ
വിഷ്ണോ മുകുന്ദാ മുരാരേ നമോസ്തുതേ
സത്വരജസ്തമോ ഭേദരൂപാത്മനേ
ശക്തിയുക്ത പ്രഭോ നിത്യം നമോസ്തുതേ●

*(മിനിക്കഥ)*

# കൈവിട്ടു പോയത്

**ഉണ്ണി വാരിയത്ത്**

അച്ഛനും അമ്മയും ഏകമകനും അടങ്ങുന്നൊരു കുടുംബം.

മകനെ സ്നേഹിക്കാനും ലാളിക്കാനും അവർ പരസ്പരം മത്സരം തന്നെയായിരുന്നു.

അടച്ചു വെച്ചാൽ പുറത്തു കടക്കാനും, അടിച്ചമർത്തിയാൽ എത്തൃത്തു കുതിക്കാനും, വിലക്കുന്നതെന്തും കൈക്കലാക്കാനും, വ്യഗ്രത കാണിക്കുക മനുഷ്യസ്വഭാവമാണങ്കിലും അമിത സ്വാതന്ത്ര്യം അപകടമരമാണെന്ന് അവർ മനസ്സിലാക്കിയില്ല.

ഒടുവിൽ കൈവിട്ടുപോയി അവരുടെ മകൻ. ഒപ്പം കൈവിട്ടുപോയത് അവരുടെ മനസ്സാണ്. അവ രണ്ടും തിരിച്ചു പിടിക്കാനുള്ള ശ്രമത്തിലാണ് അവരും അവരെപ്പോലെ രക്ഷിതാക്കൾ പലരും.

# കർക്കിടകവും രാമായണപാരായണവും

ഡോ.രാജേശ്വരി കുഞ്ഞമ്മ (ഫോൺ: 93883 82009)

ഭാരതീയസംസ്ക്കാരത്തിന്റെ അടിത്തറയെന്നത് മാനുഷികമൂല്യങ്ങളിൽ അധിഷ്ഠിതമായ ഒന്നാണ്. മനുഷ്യനെ മനുഷ്യനായി കണ്ട് മഹത്തരമായ ആശയങ്ങളെ സ്വാംശീകരിച്ചുകൊണ്ട് അനന്തമായ അസ്തിത്വത്തെ നേടാനുള്ള വ്യഗ്രതയിലൂടെ ആത്മാവിനെ സാക്ഷാൽക്കരിക്കുവാനുള്ള ഉപായവും ഈ സംസ്ക്കാരത്തിന്റെ മറ്റൊരു പ്രത്യേകതയാണ്. തത്വശാസ്ത്രപരമായ ആശയങ്ങൾ ഭാരതീയ ജനതയെ ആവേശം കൊള്ളിക്കുന്നു. അങ്ങനെ സാഹിത്യത്തിലും ലളിതകലകളിലും ഭാരതത്തിന്റേതായ സംഭാവനകൾ അമൂല്യമാണ്.

ഭാരതത്തിലെ അതിമനോഹരമായ രണ്ട് ഇതിഹാസകാവ്യങ്ങളാണ് രാമയണവും മഹാഭാരതവും.രാമയണം ഇതിഹാസവും പുരാണവും തത്വശാസ്ത്രവും ധർമ്മശാസ്ത്രവും ചേർന്ന സൃഷ്ടിയാണ്. സാഹിത്യം ,കല, സംഗീതം, നൃത്തം ഇവയിലൂടെയുള്ള ആരോഗ്യകരമായ രചനാത്മകത മാനുഷികമൂല്യങ്ങളെ സാംസ്കാരികമായും സാമൂഹ്യപരമായും തത്വശാസ്ത്രപരമായും ഉയർത്തപ്പെടുന്നു. അതുകൊണ്ടാണല്ലോ ഹെഗൽ പറയുന്നത് തത്ത്വശാസ്ത്രരഹിതമായ ഒരു സംസ്കാരം പവിത്രമൂർത്തിയില്ലാത്ത ഒഴിഞ്ഞ ക്ഷേത്രം പോലെയാണെന്ന്. ആവിഷ്കാരസ്വാതന്ത്ര്യം എല്ലാവർക്കുമുണ്ട്. ഏതെങ്കിലും തരത്തിൽ ഒരു സൃഷ്ടി സൃഷ്ടിക്കപ്പെടുമ്പോഴോ, പുനർസൃഷ്ടിക്കപ്പെടുമ്പോഴോ നല്ല ഒരു ഭാഗം അത് സൃഷ്ടിക്കുന്ന വ്യക്തിയുടെ വ്യക്തിത്ത്വത്തിന്റെ, ആ കാലഘട്ടത്തിന്റെ പ്രതിധ്വനികളായിരിക്കും. പക്ഷെ അവയെ വായനക്കാരിൽ എന്തു മൂല്യത്തെയാണ് പ്രതിനിധാനം ചെയ്യുന്നത് എന്നതും ശരിയാണ്. അവനവന് ആവശ്യമുള്ളത് സ്വീകരിക്കുവാനുള്ള സ്വാതന്ത്ര്യം അവനവനുണ്ട്. ഭാരതത്തിലെ ഇതിഹാസകാവ്യങ്ങളായ മഹാഭാരതവും, രാമായണവും എന്തിനു പാരായണം ചെയ്യണം. രാമായണപാരായണത്തിനു നാം പ്രത്യേകമായി കണ്ടുപിടിച്ചിരിക്കുന്നത് കർക്കിടകമാസവും. എന്താണ് ഇവതമ്മിൽ ഒരു പൊരുത്തം എന്നു ചിന്തിക്കാം.

മേടം സമൃദ്ധമായ മാസം. ഉത്സാഹതിമിർപ്പോടുകൂടി കാർഷികവൃത്തികളിൽ ഏർപ്പെട്ടിരുന്ന നാം വിഷു ആഘോഷിച്ചു. വെയിൽ മാറി. ഇടവാരംഭം .മഴ പെയ്യുന്നില്ല. കിണറുകളെല്ലാം തന്നെ ശൂന്യം. നമ്മുടെ ധാന്യശേഖരങ്ങളെല്ലാം തീർന്നു തുടങ്ങി. ഇപ്പോഴാണെങ്കിൽ സ്കൂളുകൾ തുറക്കുന്ന കാലം. ശേഖരിച്ചു വച്ചിരുന്ന സമ്പത്തു മുഴുവൻ തീരുന്നു. കാലാവസ്ഥക്ക് ഇന്നു നേരിയ മാറ്റം നാം കാണുന്നുണ്ട്. പക്ഷേ ചിങ്ങമാസമാകാതെ നമുക്കു സമൃദ്ധിയേക്കുറിച്ചു ചിന്തിക്കാൻ വയ്യ. രോഗവും സാമ്പത്തിക ബുദ്ധിമുട്ടും ഇതിനും പുറമേ മഴയും കൂടിചേരുമ്പോൾ മനുഷ്യമനസ്സിന് നിരാശാബോധം. പ്രായമായവർക്കാണെങ്കിൽ ഈ പഞ്ഞമാസം അസ്വസ്ഥതയുടെ മാസമാണ്.

സാധാരണ പറയാറുണ്ട്, കർക്കിടകമാസത്തിൽ ചില സസ്യങ്ങൾക്ക് വിഷം നിറഞ്ഞു കാണും. അതു കൊണ്ട് അവ ഭക്ഷിക്കരുത്. ചിലതു ഭക്ഷിക്കുകയും വേണം എന്നൊക്കെ. ജ്യോതിശാസ്സ്ത്രവിദഗ്ധർ പറയും സൂര്യന്റെ ബലക്കുറവ്. എന്തായാലും സൂര്യന്റെ കിരണങ്ങൾ ഭൂമിയിൽ കുറവായി കാണുന്നു. ആകെ മൂടിക്കെട്ടിയ അന്തരീക്ഷം. മനശാസ്ത്രപരമായി പറഞ്ഞാൽ ആകെപ്പാടെ മനസ്സിനൊരു മ്ലാനത.

യാതൊരുവിധ വ്യായാമവുമില്ലാതെ, പുറംജോലികളോ കൃഷിപ്പണികളോ കുറവായി വീട്ടിലിരിക്കുമ്പോൾ മനുഷ്യമനസ്സിൽ കുടികേറാൻ സാധ്യതയുള്ള നിരാശാബോധം. ശരീരത്തിന് ആകെ ഒരു മന്ദത. ഈ മാസം സുഖചികത്സ ശരീരത്തിനു നൽകണം. അതു മനുഷ്യനു മാത്രമല്ല, വരുന്ന പുതുവത്സരത്തിൽ കൃഷിപ്പണിയിലേർപ്പെടാൻ മൃഗങ്ങളെ പോലും തയാറാക്കുന്ന സമയം. ആനകൾക്കു സുഖചികത്സ. ഞാനെന്റെ ചെറുപ്പകാലത്ത് വയലിൽ ഉഴുന്നുമറിക്കാൻ പോത്തിനേയും കാളകളേയും ഉപയോഗിക്കുന്നതു കണ്ടിട്ടുണ്ട്. അവയ്ക്ക് ഈ മാസങ്ങളിൽ മരുന്നുകളെല്ലാം ചേർത്ത് കാച്ചിയുണ്ടാക്കുന്ന വേപ്പെണ്ണയുടെ മണമാണെനിക്ക് കർക്കിടകത്തിനേക്കുറിച്ചുള്ള ഓർമ്മ. ഇങ്ങനെ വരുമ്പോൾ നമ്മുടെ മനസ്സിനും ചികത്സ വേണ്ടേ? രാമായണത്തിലെ കഥയോ, വാ

ത്മീകി മഹർഷിയോ തുഞ്ചത്തെഴുത്തച്ഛനോ എല്ലാം തന്നെ മഹദ്വ്യക്തികളാണ്. അവരുടെ വചനങ്ങളും അതുപോലെ തന്നെ. ഇതിവൃത്തത്തിന്റെ മാഹാത്മ്യം, വ്യാഖ്യാനങ്ങളുടെ ആകർഷണീയത, ഉജ്വലമായ കഥാസന്ദർഭങ്ങൾ ഇവയെല്ലാംതന്നെ ഭാരതീയർക്കു മാത്രമല്ല ലോകത്താകമാനം ഉള്ള മനുഷ്യർക്ക് മാനസികോർജ്ജത്തെ പ്രദാനം ചെയ്യും. ഉപബോധമനസ്സിന് ഊർജ്ജം പകരണമെങ്കിൽ ശരീരം മുഴുവൻ സുഖചികിത്സ നടത്തി ചെറുചൂടുവെള്ളത്തിൽ കുളിച്ച് ഉന്മേഷവാനായി ലഘുഭക്ഷണവും കഴിച്ച് ഉറങ്ങുവാൻ പോകുന്നതിനു മുൻപ് ലക്ഷ്മണോപദേശമോ വസിഷ്ടോപദേശമോ വായിച്ചാൽ നമുക്കുണ്ടാകുന്ന ക്രോധമോ നിരാശയോ മാററി ഉന്മേഷവാനായി രാവിലെ എഴുനേൽക്കാൻ കഴിയുമെന്നുള്ളത് തർക്കമററ സംഗതിയാണ്. രാമനാമം ജപിച്ച രത്നാകരന് മുക്തി നേടി വാത്മീകിയായി സരസ്വതീദേവിയുടെ അനുഗ്രഹത്താൽ രാമായണം എഴുതാൻ സാധിച്ചു എന്നുള്ളതാണല്ലോ വാത്മീകിയേക്കുറിച്ചുള്ള കഥ. രാമായണത്തിലെ ഓരോ വ്യക്തിത്ത്വങ്ങളും ഓരോ പ്രതീകമാണ്. ഈ മുത്തുകളെ കോർത്തിണക്കി അനശ്വരമായ ആനന്ദം നേടാൻ ശരീരത്തേയും ഇന്ദ്രിയങ്ങളേയും നിയന്ത്രിച്ച് ആത്മപ്രകാശം നേടാൻ ശ്രമിക്കുകയെന്നത് കഠിനപ്രയത്നമാണ്. ഇതെല്ലാം അന്നത്തെ മഹർഷിവര്യന്മാർക്ക് ബോധ്യമുള്ളവയായിരുന്നു. എവിടൊക്കയോ ശക്തിക്ഷയം തോന്നുന്നുവോ അവിടെ ബലപ്പെടുത്തുക അതാണു നമുക്കുവേണ്ടത്. ആരെയാണ് നാം ശരണം പ്രാപിക്കേണ്ടത്. തന്നെപ്പോലുള്ളവരെയല്ല, മറിച്ച് ശ്വേതോപനിഷത്തിൽ പറയുന്നതുപോലെ ആരാണോ ബ്രഹ്മാവിന് വേദജ്ഞാനം നൽകിയത് ആ പ്രകാശസ്വരൂപനെ ഞാൻ ശരണം പ്രാപിക്കുന്നു.

മനുഷ്യൻ ഈശ്വരന്റെ ഗുണങ്ങളിലേക്കു മാറണം. മോശം ആളുകൾ നല്ല ഗുണങ്ങളിലേക്കു മാറുകയാണ് വേണ്ടത്. അല്ലാതെ താഴേക്കിറങ്ങി അവരിലൊരാളായി മാറുകയല്ല. 'രാമതത്വം ദിവ്യനാം ഹനുമാനോടുപദേശിച്ചതെല്ലാം

ഭക്തിപൂണ്ടനാരതം പഠിച്ചീടുന്ന പുമാൻ
മുക്തനായ്‌വരുമൊരു സംശയമില്ല നാഥേ'

എന്ന് തുഞ്ചത്തെഴുത്തച്ഛൻ തന്നെ പല സന്ദർഭങ്ങളിലും വിവരിച്ചിട്ടുണ്ട്. വാത്മീകിമഹർഷി രാമനെ മനുഷ്യനായും മാനുഷികഗുണങ്ങളിൽ നിന്നും അഗ്രഗണ്യസ്ഥാനത്ത് ദേവഗുണമുള്ള ഒരു അമാനുഷികനായും ചിത്രീകരിക്കുന്നു. ഭക്തിപ്രസ്ഥാനത്തിന്റെ അടിസ്ഥാനത്തിൽ വന്നപ്പോൾ രാമൻ ഒരു അവതാരപുരുഷ സങ്കൽപ്പത്തിലേക്ക് മാറി. എന്തായാലും രാമചരിതം, തകർന്നുകൊണ്ടിരിക്കുന്ന മാനുഷികമൂല്യങ്ങൾക്ക് ഉത്തേജകമായ ഒരു മരുന്നു തന്നെയാണെന്നതിൽ സംശയമില്ല.

'ബുദ്ധിമത്തുക്കളായോരിക്കഥ കേൾക്കുകിൽ
ബദ്ധരാകിലുമുടൻ മുക്തരായ് വന്നുകൂടും'
എന്നു എഴുത്തച്ഛൻ

'ഇദം പവിത്രം പാപഘ്നം പുണ്യം
വേദൈശ്ച സമ്മിതം
യഃ പഠേദ് രാമചരിതം സർവ പാപൈ പ്രമുച്യതേ
ഏതദാഘ്യാനമായുഷ്യംപഠൻ രാമായണം നര
സപുത്ര പൗത്രഃ സഗണഃ പ്രേത്യ സ്വർഗേ മഹീയതേ' എന്നു വാത്മീകി

ഇതു കൂടാതെ ഈ കാവ്യം പാരായണം ചെയ്യുന്ന ദ്വിജൻ വാഗധീശ്വരനും, ക്ഷത്രിയൻ ഭൂമിപതിയും, വൈശ്യൻ കച്ചവടത്തിൽ ലാഭമുണ്ടാക്കുന്നവനും.,ശൂദ്രൻ മഹത്ത്വം പ്രപിക്കുന്നവനും ആകുമെന്ന് വാത്മീകിരാമായണത്തിലും പറയുന്നു. ഇവിടെ രാമന്റെ കഥ എന്നതിനപ്പുറം സാമൂഹ്യ രാഷ്ട്രീയ സങ്കൽപ്പങ്ങളുടെ, കുടുംബ ബന്ധങ്ങളുടെ, മൂല്യങ്ങളുടെ, ഗുരുശിഷ്യബന്ധങ്ങളുടെ ഒക്കെ തന്നെ സമന്വയമായി നമുക്കു രാമായണത്തെ കാണാം.

യുദ്ധവും അതിനെത്തുടർന്നുണ്ടായ പ്രശ്നങ്ങളുമൊക്കെയുണ്ടങ്കിലും ഈ യുദ്ധമെല്ലാംതന്നെ ഒഴിവാക്കാൻ പറ്റാത്തതാണ്. ഇവയൊക്കെതന്നെ വാത്മീകിരാമായണം ആദ്ധ്യാത്മരാമായണം, കൃത്തീവാസരാമായണം തുടങ്ങിയ എല്ലാ രാമായണങ്ങളിലായാലും കഠോരമായ വാക്കുകളും ഭയാനകമായ വിവരണങ്ങളും മനുഷ്യമനസ്സിനെ ഭീകരാന്തരീക്ഷത്തിലേക്കു കൊണ്ടുപോകാതെ തന്മയത്വമായി ചിത്രീകരിച്ചിരിക്കുന്നു. അതുകൊണ്ട് മൂല്യാധിഷ്ഠിതത്തിലൂന്നി, മാനുഷികധർമ്മത്തിനു മുൻതൂക്കം നൽകാൻ ആരും മറന്നില്ലാ എന്നതു സത്യമാണ്. രാമന്റെ ജനനം തന്നെ ക്ഷത്രിയ കുലത്തിലാണ്. ധർമ്മം മുൻനിർത്തി രാജ്യസേവ ചെയ്യുകയെന്നതാണ് ഒരു ക്ഷത്രിയന്റെ ധർമ്മം. യുദ്ധവിവരണങ്ങൾ നൽകുമ്പോഴൊക്കെത്തന്നെ രാമന്റെ ദിവ്യത്വവും ആത്മീയതത്വങ്ങൾ വിവരിക്കുന്നതും ധൽമ്മത്തിനെതിരായി ജനരക്ഷക്കുവേണ്ടി നടത്തുന്ന യുദ്ധങ്ങളാണെന്നു തോന്നുമാറാണ് വിവരിക്കുന്നത്. ഭൂമിയുടെ സന്തുലിതാവസ്ഥതന്നെ തകിടം മറിഞ്ഞുപോകുന്ന ഘട്ടത്തിലാണ് മിക്കവാറും എല്ലാ രാക്ഷസവധങ്ങളും നടക്കുന്നത്. സദ്ഗുണസമ്പന്നരായ മഹർഷിമാരെ രക്ഷിക്കുന്നതിനുവേണ്ടി നടത്തിയ താടക, സുബാഹു തുടങ്ങിയ രാക്ഷസ വധങ്ങൾ ഇവയൊക്കെത്തന്നെ പ്രപഞ്ചത്തിന്റെ ഒരാവശ്യം എന്നു തോന്നിക്കുമാറാണ്

വിവരിച്ചിരിക്കുന്നത്. യുദ്ധം അതിന്റെ മൂർദ്ധന്യാവസ്ഥയിലേക്കു നീങ്ങുമ്പോൾ ഉറങ്ങിക്കൊണ്ടിരിക്കുന്ന കുംഭകർണ്ണനെ ഉണർത്തി രാവണൻ യുദ്ധം ചെയ്യാൻ ആവശ്യപ്പെടുന്നു. ബന്ധുമിത്രാദികളെല്ലാംതന്നെ മരണപ്പെട്ട ഈ അവസ്ഥയിൽ കുംഭകർണ്ണൻ പറഞ്ഞ നീതിവാക്യങ്ങൾ ശ്രദ്ധേയമാണ്.

മൂഢരാം മന്ത്രികൾ ചൊല്ല് കേട്ടീടുകിൽ
നാടുമായുസും കുലവും നശിച്ചുപോം'
എന്നു തുടങ്ങി
ഇന്ദ്രിയങ്ങൾക്കു വശനായിരിപ്പവ
നെന്നുമാപത്തൊഴിഞ്ഞില്ലെന്നു നിർണ്ണയം
..................................................
മായാവിമോഹങ്ങളെല്ലാം കളഞ്ഞുടൻ
നീയും ഭജിച്ചുകൊൾകാനന്ദമൂർത്തിയെ'

കുംഭകർണ്ണന്റെ ഈ വാക്കുകൾ കേട്ട് ദേഷ്യപ്പെട്ട രാവണൻ നീ പോയി ഉറങ്ങിക്കോളൂ എന്നു പറയുന്നു. യുദ്ധത്തിനായി പുറപ്പെട്ട കുംഭകർണ്ണന്റെ യുദ്ധമുറകൾ ഇവയൊക്കെ തന്നെ നമുക്ക് സഹതാപത്തോടുകൂടി മാത്രമേ വായിക്കുവാൻ കഴിയുകയുള്ളൂ. ഹനുമാൻ മൃതസന്ജിവനിക്കു പോയിരിക്കുന്നു എന്നറിഞ്ഞ രാവണൻ കാലനേമിയെ കണ്ട് ഹനുമാന്റെ വഴി മുടക്കി താമസം വരുത്തണം എന്നാവശ്യപ്പെട്ടു. ഇതു കേട്ട കാലനേമി രാവണനോട് പറയുന്ന കാര്യങ്ങൾ മുഴുവൻ തത്വചിന്താപരമായ വസ്തുകളാണ്.

ഇക്കണ്ടലോകവൃക്ഷത്തിന്നനേകധ
സർഗ്ഗസ്ഥിതി വിനാശങ്ങൾക്കു കാരണം
ലോഹിതശ്വേതകൃഷ്ണാദി മയങ്ങളാം
ദേഹങ്ങളെ ജനിപ്പിക്കുന്നതും മായ എന്നു തുടങ്ങി
നാമരൂപാദി ഹീനം പുരാണം ശിവം
രാമദേവം ഭജിച്ചിടു നീ സന്തതം'

എന്നു പറയുമ്പോൾ, നാം ഘോരയുദ്ധ വർണ്ണന മറക്കുകയും ആത്മീയതത്വങ്ങളിലേക്ക് നീങ്ങുകയും ചെയ്യുന്നു.

അഹല്യാമോക്ഷത്തിൽ അഹല്യ തന്റെ കൃതാർത്ഥത അറിയിപ്പതിനോടനുബന്ധിച്ചുള്ള സ്തുതി ഭക്തിയോടു ജപിക്കുന്ന വ്യക്തിക്കു വരുന്ന മാറ്റങ്ങൾ ഭംഗ്യന്തരേണ വർണ്ണിച്ചിട്ടുണ്ട്.

ചേദസി രാമചന്ദ്രം ധ്യാനിച്ചു ഭക്ത്യാ ജപിച്ചാ
ദരാൽ വണങ്ങുകിൽ സാധിക്കുമല്ലോ മോക്ഷം.'

ഇതുപോലെതന്നെ രാമൻ കാട്ടിലേക്കു പോകേണ്ട സ്ഥിതിയിൽ ആരും ദുഖിക്കേണ്ടെന്നും ലോകരക്ഷാർത്ഥം വന്ന വ്യക്തിയാണു രാമനെന്നും രാമനെ ചിന്തിച്ചു ദുഖിക്കേണ്ടയെന്നും നിത്യവും രാമനാമം ജപിച്ചാൽ മൃത്യുഭയത്തിൽ നിന്നുപോലും രക്ഷനേടാമെന്നും പറയുന്നു. ഇങ്ങനെ രാമന്റെ ഗുണങ്ങൾ വർണ്ണിക്കുക മാത്രമല്ല രാമായണത്തിൽ കാണുന്നത്. അദ്ധ്യാത്മതത്വങ്ങൾ കലുഷിതമായ മനസ്സിനെ സ്വയം നശിപ്പിക്കാതെ ഉൽക്കർഷത്തിലേക്കെങ്ങനെ തിരിക്കാമെന്നതും നമുക്കു കാണിച്ചു തരുന്നു. ഇന്നത്തെക്കാലത്ത് പണത്തിനും സ്ഥാനലബ്ധിക്കും വേണ്ടി പൊരുതുന്ന തലമുറക്ക് ശ്രീരാമന്റെ ലക്ഷ്മണോപദേശം കണ്ണു തുറക്കുവാനുള്ള ഒരു ഉപാധിയായി കാണാൻ കഴിയും.

ഭോഗങ്ങളെല്ലാം ക്ഷണപ്രഭാ ചഞ്ചലം
വേഗമേ നഷ്ടമാമയുസുമോർക്കനീ'

പെരുവഴിയമ്പലത്തിൽ കണ്ടുമുട്ടുന്നതുപോലെ ഒന്നും ശാശ്വതമല്ലയെന്നും

ലക്ഷ്മിയുമസ്ഥിരയല്ലോ മനുഷ്യർക്ക്
നിൽക്കുമോ യൗവ്വനവും പുനരധ്രുവം'

അതുകൊണ്ട് കർമ്മങ്ങളെല്ലാം കർമ്മഫലങ്ങളിൽ കാംക്ഷ കൂടാതെ വിധി പോലെ ചെയ്യണം. ആത്മസാക്ഷാൽക്കാരത്തിലേക്കു കടന്ന രാമന്റെ വാക്കുകൾ ക്രിയാത്മകതയിലേക്കുയർത്തി വീണ്ടും

ആയുസു പോകുന്നതേതുമറിയില്ല
മായാസമുദ്രത്തിൽ മുങ്ങിക്കിടക്കയാൽ
രോഗം വന്നാൽ
വ്യാഘ്രിയേപ്പോലെ ജരയുമടുത്തുവ
ന്നാക്രമിച്ചീടും ശരീരത്തെ നിർണ്ണയം'

എന്നു ശ്രീരാമൻ ഈ കാണുന്ന പ്രപഞ്ചസത്യത്തെ മനസിലാക്കിക്കൊടുക്കുകയാണ്. ഒരു പടികൂടി കടന്ന് ഭാര്യഭർത്തൃബന്ധവും പിതാപുത്രബന്ധവും കൂടി ഓർമ്മിപ്പിക്കുന്നു.

അഛനെന്നുള്ളിലൊന്നിശ്ചയെന്നാലതി
ങ്ങിശ്ചയെന്നങ്ങുറച്ചീടണമമ്മയും
ഭർത്തൃകർമ്മാനുകരണമത്രേ പാതി
വൃത്യാനിഷ്ടാവധൂനമെന്നു നിർണ്ണയം'

ഇതുപോലെ തന്നെ രാവണവധം കാണുന്നതിനായി മററു ദേവന്മാരോടൊപ്പം അഗസ്ത്യമഹർഷിയും യുദ്ധം കാണാനെത്തി. ക്ഷീണിതനായ രാമന് അഗസ്ത്യമഹർഷി പറഞ്ഞുകൊടുത്തതാണ് ആദിത്യഹൃദയമന്ത്രം. ഈ ഉത്തമമന്ത്രം സർവ്വമംഗളത്തേയും പ്രദാനം ചെയ്യും, ചിന്തയേയും ശോകത്തേയും ശമിപ്പിക്കും. ആയുസു വർദ്ധിപ്പിക്കുകയും ചെയ്യും. മൂന്നു പ്രവശ്യം ഈ കീർത്തനം ജപിച്ചാൽ യുദ്ധങ്ങളിൽ വിജയിക്കും.

ഇത്ഥമാദിത്യഹൃദയം ജപിച്ചീടു നീ
ശത്രുക്ഷയം വരുത്തീടുക സത്വരം' എന്ന് എഴു

ത്താചരനും

അസ്മിൻ ക്ഷണേ മഹാബാഹോ
രാവണം ത്വംജയിഷ്യസി'

എന്നു വാത്മീകിയും പറയുന്നു. ഇതു കേട്ട രാമൻ തന്റെ ദുഖത്തെ മാറ്റി ഇന്ദ്രിയസ്വാധീനത്തെ അകറ്റി വില്ലു കുലച്ച് രാവണനിഗ്രഹത്തിനായി പുറപ്പെടുകയും വിജയിക്കുകയുംചെയ്തു. ചെറിയചെറിയ സംഭവങ്ങൾ പെരുപ്പിച്ചുകണ്ടു ദീർഘവീക്ഷണമില്ലാതെ സ്വയം പല പടുകുഴികളിലും എത്തിച്ചേരുന്ന ഒരു സ്വഭാവം ചില മനുഷ്യർക്കുണ്ട്. ഇതൊക്കെ തന്നെ രാമായണത്തിലും നമുക്കു ദർശിക്കാം. പക്ഷെ ആ വ്യക്തികൾക്ക് ആത്മജ്ഞാനം ഉണ്ടായിരുന്നു. ഒരു കോപം കൊണ്ടങ്ങോട്ടു ചാടിയാൽ ഇരുകോപം കൊണ്ടിങ്ങോട്ടു പോരാൻ കഴിയില്ല എന്നവർക്കറിയാം.മനസിന്റെ ഒരു നിമിഷത്തെ ചാഞ്ചല്യത്തിനെ അടുത്ത നിമിഷം വരുതിക്കു നിർത്തുവാനവർക്ക് കഴിഞ്ഞിട്ടുണ്ട്. ഭരതൻ ദശരഥമഹാരാജാവിന്റെ ചരമവും രാമന്റെ വനവാസവും കേട്ടപ്പോൾ, സ്വന്തം മാതാവിനെ, 'ഭർത്താവിനേ കൊന്ന പാപേ, മഹാഘോരേ, നിസ്ത്രപേ, നിർദ്ദയേ, ദുഷ്ടേ, നിശാചരീ' എന്നൊക്കെ അധിക്ഷേപ വാക്കുകളുതിർത്തു

വല്ലകണക്കിലും ഞാൻ മരിച്ചീടുവ
നില്ലൊരു സംശയം ദുഷ്ടേ ഭയങ്കരീ'

ഈ സമയം വസിഷ്ടമഹർഷി കാര്യങ്ങളൊക്കെ വിശദീകരിച്ചതിനുശേഷം

ജന്മമുണ്ടെങ്കിൽ മരണവും നിശ്ചയം
ജന്മം മരിച്ചവർക്കും വരും നിർണ്ണയം

എന്നു പറഞ്ഞു അനന്തരകർമ്മങ്ങൾ ചെയ്യാൻ ഭരതനെ പ്രാപ്തനാക്കുകയാണ് ചെയ്യുന്നത്.

ബാലിയുടെ മരണത്തിൽ ദുഖിതയായ താരയെ
നിന്നുടെ ഭർത്താവു ദേഹമോ ജീവനോ
ധന്യേ പരമാർത്ഥമെന്നോടു ചൊല്ലു നീ'

എന്നു തുടങ്ങി ആത്മസാക്ഷാൽക്കാരത്തിലേക്കു കടന്ന രാമന്റെ വാക്കുകൾ ക്രിയാത്മകതയിലേക്കുയർത്തി. മനുഷ്യമനസിന്റെ അടിസ്ഥാനതത്വങ്ങളെ മുഴുവൻ അരക്കിട്ടുറപ്പിക്കുവാൻ രാമായണപാരായണത്തിനു കഴിയും. നിങ്ങൾ എന്തിനുവേണ്ടി ഒരു കൃതിയെ സമീപിക്കുന്നുവോ അതെല്ലാം തന്നെ രാമായണപാരായണത്തിൽ ലഭിക്കുന്നു. ചുരുക്കത്തിൽ കർക്കിടകത്തിലെ മൂടിക്കെട്ടിയ ആകാശം പോലെ വിഷാദത്തിനടിമപ്പെട്ടിരിക്കുന്ന സമൂഹത്തിന്

രാമനാമത്തെ ജപിച്ചീടുന്ന നിങ്ങൾക്ക്
രാമസായൂജ്യം പ്രാപിച്ചീടുവാൻ' കഴിയും●

---

കവിത

# രാധാമാധവം

**പറവൂർ രാജഗോപാൽ**

യദുകുല നാഥന്റെ പ്രിയസഖിരാധ
പ്രണയമുണർത്തുന്ന സന്ധ്യ;
പ്രിയതരമായൊരു മൃദുമധുരസ്മിതം
മുരളിക മീട്ടുന്ന സന്ധ്യ.
നീലാഞ്ജനം നിളയിലലിയുന്ന യാമം
നീലോല്പലം കാന്തിചൊരിയുന്ന നേരം
ഉരുകുന്ന ശിലകളിലിരു മനസ്സിന്റെ മോഹം
മന്ദാരമലർചൂടിയാടുന്ന പുളിനം.
കുടചൂടി നിൽക്കുന്ന മാരിവില്ലഴകുകൾ
പുളകം പുതയ്ക്കുന്നൊരനർഘ നിമിഷം
തിരതല്ലുമായിരമാശയാവേശങ്ങൾ
തരളമായ് തളയണിഞ്ഞാടുന്ന പുണ്യം.

ഹേമന്തരാവിന്റെ ചന്ദനച്ചാർത്തിൽ,
ഹാ, മുഗ്ദ്ധമീ വേളചാരുതചേർക്കും,
പാരാകെയൊഴുകിപ്പരക്കുന്നിതെങ്ങും
പാരിജാതക്കുളിർ സൗഗന്ധികം പോൽ.
മധുരിതമാകന്ദ വൃന്ദാവനത്തിൽ,
മരതക കാന്തികൾ മലരാട തുന്നും,
മനതാരിൽ മണിവീണ മൂളുന്നു മൗനം
സുരഭില വാസന്ത സ്വപ്നങ്ങൾ തോറും.
ഗോമേദകം മാറിൽ ഗോരോചനം ചാർത്തും,
ഗോപാംഗലാവണ്യ ലാസ്യലയങ്ങൾ;
ഉലയുന്നോരുടയാടകളുതിരുന്ന സ്വരമഴതൻ,
സ്വർഗ്ഗീയ കേളിയിൽ നടനാരവിന്ദം !

തുടർച്ച

# തവാങ്ങ്-ഹിമാലയത്തിലെ രഹസ്യ സ്വർഗ്ഗം

**എം.ആർ. ഹരിരാജ് (ഫോൺ: 9447072461)**

*(കേരളത്തിൽ നിന്ന് അരുണാചൽ പ്രദേശിലെ തവാങ്ങിലേക്ക് നടത്തിയ യാത്രയുടെ വിവരണം കഴിഞ്ഞ ലക്കങ്ങളിൽ കാസിരംഗ, തെസ്പൂർ, എന്നിവിടങ്ങളിൽ കടന്ന് അരുണാചലിന്റെ അതിർത്തിയായ ബാലുക്ക് പോങ്ങ് എത്തിയതു വരെ വിവരിച്ചിരുന്നു. തുടർന്നുള്ള യാത്ര ഈ ലക്കത്തിൽ)*

അഡ്വക്കേറ്റ് അനീഷ്, അദ്ദേഹത്തിന്റെ പൂർവാശ്രമത്തിൽ ഒരു പട്ടാള ഉദ്യോഗസ്ഥനായിരുന്നു. ആസ്സാം റെജിമെന്റിൽ മേജറായാണ് അദ്ദേഹം സൈന്യത്തിൽ നിന്ന് വിരമിച്ചത്. ആസ്സാം റെജിമെന്റിന്റെ പതിനേഴാം യൂണിറ്റിന് ടേങ്കക്കടുത്ത് രൂപ എന്ന സുന്ദരമായ താഴ്‌വരയിൽ ക്യാമ്പുണ്ട്.

യൂണിറ്റിന്റെ കീഴിലുള്ള ഗസ്റ്റ് മുറികളിൽ ഞങ്ങൾക്ക് താമസമൊരുക്കിയിരുന്നു. 17-ാം ബെറ്റാലിയന്റെ രണ്ടാം കമാണ്ടറായ ദേവിപ്രസാദ് ആചാര്യയുടെ സ്നേഹപൂർണ്ണമായ ആതിഥേയത്വത്തിൽ ഞങ്ങളുടെ യാത്രയുടെ രണ്ടാം രാത്രി ആർഭാടപൂർണമായി.

വെളുപ്പാൻ കാലത്ത് തണുപ്പിൽ നിന്ന് രക്ഷനേടാൻ പല അടുക്ക് വസ്ത്രങ്ങളും ധരിച്ച് നടക്കാനിറങ്ങി. അപ്പോൾ പട്ടാളക്കാർ അവരുടെ പരിശീലനത്തിൽ ഏർപ്പെടുകയാണ്. സാധാരണക്കാരനസാധ്യമായി തോന്നുന്ന വിവിധ വ്യായാമങ്ങൾ. പുറത്ത് കാര്യമായ ഭാരവും, കയ്യിൽ ആയുധവുമായുള്ള ഓട്ടം, അങ്ങിനെ അങ്ങിനെ. സമാധാനത്തിന്റെ ദിനങ്ങളിലും കടുത്ത പരിശീലനം വഴി അവർ വരരുതെന്നാഗ്രഹിക്കുന്ന ഒരു യുദ്ധത്തിന് സജ്ജരായിക്കൊണ്ടിരിക്കുന്നു. രാവും പകലും, വേനലും ശൈത്യവും വിസ്മരിച്ചുള്ള അവരുടെ ജാഗ്രതയുടെ തണലിൽ നമ്മൾ സ്വപ്നങ്ങൾ കണ്ടുറങ്ങുന്നു.

ആസ്സാം റെജിമെന്റിന്റെ ചിഹ്നമായ കാണ്ടാമൃഗത്തിന്റെ ചിത്രങ്ങളാണ് എല്ലായിടത്തും. കടന്ന് പോകുന്ന പട്ടാളക്കാർ പരസ്പരം 'തഗ്രാ രഹോ (ശക്തനായിരിക്കൂ)' എന്നാശംസിക്കും. ഈ റെജിമെന്റിന് മാത്രമുള്ള ആശംസാ രീതിയാണത്രെ. 'തഗ്രാ രഹോ' എന്ന ആശംസയും ചിന്തോദ്ദീപകമായ പല വാക്യങ്ങളും യൂണിറ്റിൽ പലയിടത്തും എഴുതി വച്ചിട്ടുണ്ട്. അതൊക്കെ കണ്ടും വായിച്ചും ഒരു സൈനികന്റെ ജീവിതത്തിന്റെ ഒരു പങ്ക് കണ്ടുമുള്ള യാത്ര പല പുതിയ അറിവുകളിലേക്കുമുള്ള പ്രേരണയായി.

ഒരു രാത്രി അവിടെ ചെലവിട്ട് ഞങ്ങൾ വീണ്ടും തവാങ് ലക്ഷ്യമാക്കി യാത്ര തുടർന്നു. വഴിവായനക്ക് ഇക്കുറി അനീഷിന്റെ സൈനികാനുഭവങ്ങൾ കൂടി ഞങ്ങൾ കടമെടുത്തു. ആ കഥകൾ മറ്റൊരു പുസ്തകത്തിനുണ്ടെന്നാണന്റെ പക്ഷം. അതിന് അനീഷിനെ ഞങ്ങൾ പ്രേരിപ്പിക്കുന്നുണ്ട്.

## ന്യൂക്മാദുങ്ങ് ഒരു ചതിയുടെ ഓർമപ്പെടുത്തൽ

ബോംഡിലയിൽ നിന്നും സേലയിലേക്കുള്ള വഴിയിലാണ് ന്യൂക്മാദുങ്ങ്. ഇവിടെ ഒരു ബൗദ്ധവിഹാരത്തിന്റെ മാതൃകയിൽ സുന്ദരമായ ഒരു സ്മാരകമുണ്ട്. ന്യൂക്മാദുങ്ങ് യുദ്ധസ്മാരകം.

ഇന്തോ ചീന യുദ്ധത്തിലെ ഏറ്റവും രക്തരൂഷിതമായ ഒരദ്ധ്യായമാണ് ന്യൂക്മാദുങ്ങ്. 1962 നവംബർ 18. ഒക്ടോബറിൽ ആരംഭിച്ച യുദ്ധത്തിൽ നമ്മുടെ സൈന്യം എണ്ണത്തിലും ആയുധബലത്തിലും ചൈനയേക്കാൾ ഏറെ പിന്നിലായിരുന്നു. എന്നിട്ടും ധീരോദാത്തമായ ചെറുത്തു നിൽപ്പാണ് നമ്മുടെ സൈനികർ കാഴ്ചവച്ചത്. സേലാ എന്ന ചുരം കാത്ത് നിന്ന 62 ആം ഇൻഫന്ററി ബെറ്റാലിയനോട് അവിടെ നിന്നും പിൻമാറി ദിരാങ്ങിലെ സൈന്യത്തെ ബലപ്പെടുത്താൻ കല്പന നൽകി. എന്നാൽ സേലക്ക് തെക്ക് ന്യൂക്മാദുങ്ങിനു ചുറ്റു

മുള്ള മലകൾ ഈ നിർദേശത്തിനു മുൻപ് തന്നെ ചൈനീസ് പട്ടാളത്തിന്റെ പിടിയിലമർന്നിരുന്നു. ഇതറിയാതെ സേലയിൽ നിന്നും ദിരാങ്ങിലേക്ക് പുറപ്പെട്ട 62ആം ബെറ്റാലിയൻ ന്യൂക്മാദങ്ങിൽ ചൈനീസ് കെണിയിലേക്ക് നടന്ന് കയറി. ബ്രിഗേഡിയർ ഹോഷ്യാർ സിംഗിന്റെ നേതൃത്വത്തിലുള്ള സൈന്യം ന്യൂക്മാദുങ്ങിൽ വച്ച് പതിയിരുന്ന ചൈനീസ് പട്ടാളത്തോട് ഏറ്റുമുട്ടി. ഭീതിദമായ ആ യുദ്ധത്തിൽ രണ്ടായിരത്തിനുമേൽ ഇന്ത്യൻ സൈനികർ വീരസ്വർഗ്ഗം പൂകി. ദിരാങ്ങ് നദിചുവന്നൊഴുകിയ ആ രാത്രിയുടെ നിത്യസ്മാരകമായി, ഇതിലെ കടന്ന് പോകുന്ന ഓരോ യാത്രികനും വേദനയുടെ ഓർമപ്പെടുത്തലായി , ന്യൂക്മാദുങ്ങ് യുദ്ധസ്മാരകം വഴിയരികിൽ തലയുയർത്തി നിൽക്കുന്നു.

വഴിയരികിലെ സുന്ദരമായ ഒരു കമാനമാണ് നമ്മൾ ആദ്യം ശ്രദ്ധിക്കുക. ഈ പ്രദേശത്തുള്ള പട്ടണങ്ങൾക്കും ബൗദ്ധവിഹാരങ്ങൾക്കും വളരെ വർണാഭമായ ഇത്തരം കമാനങ്ങൾ വച്ച് കാണുന്നു. കമാനം കടന്നാൽ കുറേ പടികൾ കയറി മുകളിൽ ചെല്ലാം. അവിടെ 18.11.1962 ലെ ആ യുദ്ധത്തിന്റെ കഥ കല്ലിൽ കൊത്തി വച്ചിട്ടുണ്ട്. ഇതിന് രണ്ട് വശത്തുമായി ഇവിടെ രക്തസാക്ഷിത്വം വരിച്ച ഹോഷ്യാർസിംഗ് അടക്കമുള്ള സമരധീരരുടെ പേരുകളുമുണ്ട്.

രണ്ട് വശത്തും ഹരിതാഭയണിഞ്ഞ് നിൽക്കുന്ന ഈ വഴി എത്ര സുന്ദരമായ കാഴ്ചയാണ്. നവംബറിൽ തണുപ്പും മഞ്ഞുമുള്ളപ്പോൾ ഇവിടെ പ്രകൃതി ഇതിലുമെത്രയോ സുന്ദരമായിരിക്കും. ഇവിടെ നിൽക്കുമ്പോൾ, ഈ സുന്ദരമായ ദൃശ്യത്തിന്റെ ഭാഗമാകുമ്പോൾ ലോകത്തിലുള്ള എല്ലാത്തിനെയും സ്നേഹിക്കാൻ മാത്രമേ തോന്നുകയുള്ളു. എന്നാൽ അഞ്ചരപതിറ്റാണ്ട് മുൻപ് ഇവിടെ നിന്ന് പരസ്പരം വെടിവെച്ച് മരിക്കാൻ മനുഷ്യൻ തയ്യാറായി എന്നതിൽ എനിക്ക് അത്ഭുതമാണ്. ഇന്ത്യൻ ഭടൻമാർ മാത്രമല്ല, സ്മാരകങ്ങളില്ലാതെ ഇവിടെ ചൈനീസ് ഭടൻമാരും മരിച്ച് വീണിരിക്കും. അവരുടെ വീരസ്മാരകങ്ങൾ മറ്റൊരിടത്തായിരിക്കും. തോക്കേന്തി അടരാടാൻ മനുഷ്യനെ നിർബന്ധിക്കുന്ന സാഹചര്യം ഇല്ലാതാകുന്ന ദിനത്തിലായിരിക്കും പ്രകൃതിയെക്കാൾ മനുഷ്യത്വത്തിന് സൗന്ദര്യമുണ്ടാവുക.

ന്യൂക്മാദുങ്ങ് സ്മാരകത്തിനടുത്ത് സൈന്യം നടത്തുന്ന ഒരു ചെറു കാന്റീനിൽ നിന്ന് ഒരു ചായ കുടിച്ച് ഞങ്ങൾ യാത്ര തുടർന്നു. ഇനി സേലായിലേക്ക് യാത്ര.

## തവാങ്ങിന്റെ കവാടം സേ ലാ

ലാ എന്നാൽ ചുരം എന്നാണർത്ഥം. സേ എന്ന പേരിലുള്ള ചുരമാണ് തവാങ്ങിനെ ഭാരതവുമായി ബന്ധിപ്പിക്കുന്ന കവാടം. 4170 മീറ്റർ ഉയരത്തിലുള്ള സേ ലാ ഞങ്ങളുടെ യാത്രയിലെ ഏറ്റവും ഉയരത്തിലുള്ള ഒരിടമാണ്. ഇവിടെയാണ് തവാങ്ങിലേക്ക് സ്വാഗതമോതുന്ന വർണാഭമായ കമാനം. കടുത്ത വേനലിൽ ഉച്ച സമയത്ത് രണ്ട് ഡിഗ്രി വരെയൊക്കെ 'ചൂട്' വരുമത്രേ. രാത്രി കാലങ്ങളിൽ 2, 6 എന്നിങ്ങനെ തണുത്ത് വിറങ്ങലിക്കുന്ന ഈ പർവതപാതയുടെ ഓരങ്ങളിൽ മഞ്ഞുറഞ്ഞ് കിടക്കുന്നുണ്ട്. ഉയരവും തണുപ്പും അറിയാൻ ഇവിടെ ഇറങ്ങി നടക്കാം.

കവാടത്തിന് തൊട്ട് മുൻപ് വണ്ടി നിർത്തിയിറങ്ങി. സേ ലായിലെ തണുപ്പിനെ കുറിച്ച് വായിച്ചറിഞ്ഞിരുന്നതിനാൽ പലയടുക്ക് വേഷവും, മുകളിൽ ജാക്കറ്റും കൈയ്യുറയും കമ്പിളിതൊപ്പിയുമൊക്കെ വച്ച് ആകെ പൊതിഞ്ഞാണ് പുറത്തിറങ്ങിയത്. എന്നിട്ടും ശരീരത്തെ കുത്തി വേദനിപ്പിക്കും പോലെയുള്ള തണുപ്പ്. ഒന്ന് കിടുകിടുക്കാതെ ആരുമില്ല. പതുക്കെ കവാടം കടന്ന് നടന്നു. അങ്ങനെ തവാങ്ങിലേക്ക് നടന്ന് കയറി. കവാടം കഴിഞ്ഞാൽ വഴിയരികിൽ ഒരു ചെറു തടാകമുണ്ട്. പാരഡൈസ് ലേക്ക് എന്നാണത്രേ ഇതിനു പേര്. മഞ്ഞ് കാലത്ത് ഈ തടാകമാകെ തണുത്തുറഞ്ഞ് ഐസാകുമത്രേ. ഇപ്പോൾ വെള്ളമായി കിടക്കുകയാണ്. വെള്ളത്തിനു മുകളിൽ മൂടൽ മഞ്ഞ് ഒഴുകി നടക്കുന്നുണ്ട്.

വഴിയരികിലും തടാകത്തിന്റെ വശങ്ങളിലും മഞ്ഞ് വീണ് കിടപ്പുണ്ട്. ആദ്യമായി മഞ്ഞ് കാണുന്നതിന്റെയും തൊടുന്നതിന്റെയും ആവേശത്തിൽ അല്പ നേരം തണുപ്പൊക്കെ മറന്ന് ഞാൻ ആഹ്ലാദിച്ചു. മഞ്ഞ് കൈയ്യിലെടുത്തു അല്പം പശപ്പുള്ള ചെളിമണ്ണ് പോലെയുണ്ട്. എന്നാൽ തുടർന്നുള്ള യാത്രയിൽ മഞ്ഞ് കൂടുതൽ അടുത്തറിയാനുള്ള അവസരങ്ങൾ ഉണ്ടായി.

സേ ലായിലെ പർവത പാത ഇടക്കൊക്കെ മണ്ണിടിച്ചിലിൽ താറുമാറാകുമത്രേ. അപ്പോൾ ഈ വഴി അടയ്ക്കും. തവാങ്ങ് യാത്ര അസാധ്യമാകും. ബോർഡർ റോഡ് ഓർഗനൈസേഷൻ ആണ് ഈ വഴികളുടെ മരാമത്ത്.

ഇത്ര ഉയരത്തിൽ പ്രാണവായുവിന്റെ അളവ് വളരെ കുറവായിരിക്കും. ഇവിടെ എത്തിയാൽ വളരെ പതുക്കെ മാത്രം നടക്കുകയും നീങ്ങുകയും വേണം. ഇല്ലെങ്കിൽ വളരെ ക്ഷീണിക്കാനും ഒരു

വേള ബോധം നഷ്ടപ്പെട്ടുപോകാനുമൊക്കെ സാധ്യത ഉണ്ടത്രേ. ആൾട്ടിറ്റ്യൂട് സിക്നസ് എന്ന പേരിൽ അറിയപ്പെടുന്ന അസ്വാസ്ഥ്യം ഞങ്ങളിലേവർക്കും അല്പസ്വല്പം തോന്നി തുടങ്ങിയിരുന്നു. ഇതു വളരെ ചെറിയ ശാരീരിക ശ്രമങ്ങൾ തന്നെ നമ്മെ തളർത്തി കളയുന്ന അവസ്ഥയുണ്ടാക്കും. അല്പം വേഗം ഏതാനും മീറ്റർ നടക്കുന്നതുപോലും നമ്മെ തളർത്തി കളയും. തലവേദനയും ശബ്ദം വെളിച്ചം ഇവയോടുള്ള അസഹിഷ്ണുതയും ഒക്കെയുണ്ടാകും. കൊച്ചിയിൽ നിന്നു വണ്ടിയിൽ കയറിയപ്പോൾ ആരംഭിച്ച സംസാരവും പൊട്ടിച്ചിരിയും സേ ലാ എത്തുന്നതിന് അല്പം മുമ്പ് നിലച്ചപ്പോൾ ഞങ്ങൾ കാത്തിരുന്ന , ഭയന്ന, ആൾട്ടിറ്റ്യൂട് സിക്നസ് പതുക്കെ ഞങ്ങൾക്കിടയിൽ വരികയാണെന്ന് ഞങ്ങൾ തിരിച്ചറിഞ്ഞു.

സേ ലാ യിൽ തണുപ്പിനൊപ്പം ശക്തമായ കാറ്റുമുണ്ട്. രണ്ടും കൂടിയാകുമ്പോൾ വളരെ പെട്ടെന്ന് നമുക്ക് അസ്വാസ്ഥ്യങ്ങൾ വർദ്ധിക്കും. എന്നാൽ അതൊക്കെ തൃണവത്ഗണിച്ച് ചില സഹയാത്രികർ വഴിയരികിലിരുപ്പായി. ഞങ്ങൾ ചിലർ പരാജയം സമ്മതിച്ച് കവാടത്തിനരികിലെ കഫറ്റേറിയയിൽ അഭയം പ്രാപിച്ചപ്പോഴും അവർ കാറ്റിനോടും മഞ്ഞിനോടും സല്ലപിച്ച് വഴിയരികിലിരുന്നു. ഏതായാലും ഭയന്ന പോലെ ഒരു പ്രശ്നവും ഉണ്ടായില്ല. സേ ലായിൽ നിന്ന് തവാങ്ങിലേക്കിറക്കമാണ്. വഴിയുടെ ഉയരം കുറഞ്ഞപ്പോൾ പതുക്കെ പതുക്കെ എല്ലാവരും പഴയ മട്ടായി.

ചൂടുകാപ്പി, സൂപ്പുപോലെ തോന്നിക്കുന്ന ചൂടുന്യൂഡിൽസ്, ഇതിനൊക്കെ ഇത്ര രുചിയാവാം എന്നറിയുന്നത് സേ ലായുടെ ഉയരങ്ങളിൽ , തണുപ്പിൽ , സുന്ദരമായ ആ കഫറ്റേറിയയിലിരുന്ന് കഴിക്കുമ്പോഴാണ്. കണ്ണും മനസ്സും വയറും നിറച്ച് ഞങ്ങൾ സേ ലായിൽ നിന്നും തവാങ്ങിലേക്കുള്ള യാത്ര തുടർന്നു. ഇവിടെയാണ് ഈ യാത്രയിലെ ഏറ്റവും വലിയ നഷ്ടം ഞങ്ങൾക്കുണ്ടായത്. സേലായിൽ ഒരുപാടു സമയം പുറത്തു ചിലവാക്കിയതിനാലും കൂടിയാവാം, ഞങ്ങളെല്ലാവരും തന്നെ ക്ഷീണിച്ചു പോയിരുന്നു. സേലായിൽ നിന്നുള്ള പാത അടുത്തിടക്ക് മലയിടിച്ചിലിൽ തകർന്ന് പോയിരുന്നതിനാൽ വഴിയും കർക്കശമായിരുന്നു. ഇതിനടുത്ത് ജസ്വന്ത്ഗർ എന്നൊരിടമുണ്ട്. നിശ്ചയമായും സന്ദർശിക്കണമെന്നു കരുതിയിരുന്ന ആ സ്ഥലത്ത് കയറാൻ ഞങ്ങൾ വിട്ടുപോയി. ഇവിടവും ഇന്തോ ചൈന യുദ്ധത്തിന്റെ ഏറ്റവും ധീരമായ കഥകളുടെ രംഗമാണ്. ഇവിടെ യശ്വന്ത് സിംഗ് എന്ന പട്ടാളക്കാരൻ ഒറ്റയ്ക്ക് ഒരു രാത്രിയും പകലും ചൈനീസ് പട്ടാളത്തെ ചെറുത്തു നിന്നത്രേ. പലയിടങ്ങളിൽ തോക്കുകൾ വെച്ച് യശ്വന്ത്സിംഗ് ആക്രമിച്ചു വന്ന ചൈനീസ് പട്ടാളത്തെ ഒറ്റയ്ക്ക് നേരിട്ടു പോലും. രണ്ടു പെൺകുട്ടികളായിരുന്നു അദ്ദേഹത്തെ സഹായിച്ചിരുന്നത്. ഈ ധീരന്റെ ചെറുത്തു നില്പ് അവിടെയൊരു വലിയ പടതന്നെയുണ്ടായിരുന്നു എന്ന് ചൈനീസ് പട്ടാളത്തെ തെറ്റിദ്ധരിപ്പിച്ചുപോലും. എന്നാൽ ഒരാൾ മാത്രമേയുള്ളുവെന്ന് പിന്നീടു തിരിച്ചറിഞ്ഞ അവർ അദ്ദേഹത്തെ വീരസ്വർഗ്ഗത്തിലേക്ക് അയച്ചു. ഇപ്പോഴും അദ്ദേഹത്തിന്റെ ആത്മാവ് ഇവിടെയുണ്ടെന്നും ഈ പ്രദേശത്തെ സംരക്ഷിക്കുന്നുണ്ടെന്നും വിശ്വസിക്കപ്പെടുന്നു. മരണശേഷവും അദ്ദേഹത്തിനെ സേവിക്കാൻ കുറച്ചു പട്ടാളക്കാരെ അദ്ദേഹത്തിന്റെ സ്മാരകത്തിൽ പോസ്റ്റു ചെയ്തിട്ടുണ്ടത്രേ. ജസ്വന്ത്ഗർ യുദ്ധസ്മാരകം കയറിക്കാണാൻ ഞങ്ങൾക്കായില്ല. ഒരു പക്ഷേ വീണ്ടും ഈ വഴി വരാൻ മനസ്സിന് ഒരു പ്രേരണ ബാക്കി നില്ക്കട്ടെ എന്നു കരുതിയ നിയതിയുടെ ഒരു കളിയുമാവാം●

## നായർ സ്ത്രീ സമാജത്തിലെ 2017 ആഗസ്റ്റ് മാസത്തിലെ പരിപാടികൾ

| തീയ്യതി | പരിപാടി | സമയം |
|---|---|---|
| 21. 8.17 | പൂക്കളമത്സരം<br>പാചകമത്സരം | 10.00 am to 11.00 am<br>11.30 am |
| 23.8.17 | ഓണപ്പാട്ട് മത്സരം | 11.00 am |
| 24.8.17 | കായികമത്സരങ്ങൾ | 10.00 am |
| 29.8.17 | ഓണാഘോഷം | 10.00 am |

# മലയാളകവിതയുടെ പരിസ്ഥിതി പർവ്വം

റ്റി.എൻ.റ്റി.നായർ

മനുഷ്യൻ ഭൂമിയുടെ ഏകാധിപതിയോ യജമാനനോ അല്ലെന്നും, ഈ ചരാചര ലോകത്തിലെ വിസ്തൃതവും , ഗഹനവും, അതിലോലവും പരസ്പരാശ്രിതവുമായ ജൈവ വലയത്തിന്റെ ഭാഗം മാത്രമാണെന്നും ജെറാൾഡ് ഡറൽ (Gerald Durrell) എന്ന വിഖ്യാതനായ പ്രകൃതി നിരീക്ഷകൻ ഓർമ്മിപ്പിക്കുന്നു. എല്ലാ ജീവ സസ്യ വർഗ്ഗങ്ങൾക്കും പ്രകൃതി നിർണ്ണയിച്ചിട്ടുള്ള വിഭവാനുഭവ സ്വാതന്ത്ര്യത്തിലും ആവാസാവകാശത്തിലും വിശേഷ ബുദ്ധിയുള്ള മനുഷ്യന്റെ കടന്നു കയറ്റം 20-ാം നൂറ്റാണ്ടോടെ അപരിഹാര്യമായ ഭൗമക്ഷയത്തിനു കാരണമായിരിക്കുന്നു. വർത്തമാന സുഖഭോഗങ്ങൾക്കുവേണ്ടി കൈക്കൊണ്ട വികസനപ്രവർത്തനങ്ങളും വിഭവചൂഷണങ്ങളും, അധിനിവേശങ്ങളും, അധീശത്വങ്ങളും, ഈ അവസ്ഥയുടെ പരിണാമവേഗം കൂട്ടി മനുഷ്യകേന്ദ്രീകൃതമായ ലോകവീക്ഷണമാണ് മനുഷ്യനെ ഇത്രയും സ്വാർത്ഥനാക്കിയത്. ഭാവിതലമുറക്ക് അവശ്യം വേണ്ട 'കരുതൽ' പോലും തിന്നു മുടിച്ചിരിക്കുന്നു, ധൂർത്തനായ മനുഷ്യൻ. ഇനിയൊരു തിരിച്ചുപോക്ക് ദുസ്സാദ്ധ്യമാണെന്നു തോന്നത്തക്ക വിധം ഭയാനകമായ ഭൗമാപചയം സംഭവിച്ചിരിക്കുന്നു.

സാക്ഷര കേരളത്തിലെ ശാസ്ത്രചിന്തകരും എഴുത്തുകാരും എന്നും പ്രകൃതി സംരക്ഷണത്തിന്റെ പ്രണേതാക്കൾ ആയിരുന്നു. പക്ഷെ, ഭരണകർത്താക്കൾക്ക് വികസന പ്രവർത്തനങ്ങളിലായിരുന്നു ശ്രദ്ധ. പരിസ്ഥിതിയും ആവാസ വ്യവസ്ഥയുടെ സംരക്ഷണവും വികസനവ്യഗ്രർ വേണ്ടത്ര ഗൗനച്ചില്ല, അവഗണിച്ചുവെന്നു തന്നെ പറയാം. ഇതു ലോകമെമ്പാടും സംഭവിച്ച ദുരന്തമായിരുന്നു. വീണ്ടും ജെറാൾഡ് ഡറൽ പറയുന്നതു കേൾക്കാം. "Erosion,desertification and pollution have become our lot; It is weird form of suicide,for we are bleeding our planet to death" (മണ്ണൊലിപ്പ്, മരുഭൂവ്യാപനം, മലിനീകരണം , ഇവ നമ്മുടെ ദുർവിധിയായിരിക്കുന്നു. വിചിത്രമായ ഒരു ആത്മഹത്യാരീതിയാണിത്. ഭൂമിയെ ചോരയൂറ്റിക്കൊല്ലുകയാണ് നാം.)ഇതേ വസ്തുത നമ്മുടെ ശാസ്ത്രസാഹിത്യകാരൻമാരും ഗവേഷകരും നമ്മേ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. നമ്മുടെ പല മലയാള കവികൾക്കും ഈ ബോധം തീഷ്ണമായ അളവിൽ ഉണ്ടായിരുന്നുവെന്ന് അവരുടെ കൃതികൾ വായിച്ചാൽ മനസ്സിലാക്കാം. എന്നാൽ പരിസ്ഥിതി വ്യാകുലതകളെ സൗന്ദര്യാത്മക സമീപനത്തിനുപരി അതിജീവനത്തിന്റെ പ്രശ്നമായി പൊതുജനങ്ങൾക്കിടയിൽ ശാസ്ത്ര സമ്മതമായ കാവ്യഭാവുകത്വമായി അവതരിപ്പിച്ചത്, 1970 കളുടെ അവസാനം കേരളത്തിൽ കോളിളക്കം സൃഷ്ടിച്ച സൈലന്റ് വാലി പദ്ധതിയെച്ചൊല്ലിയുള്ള വിവാദങ്ങൾക്ക് ഊർജ്ജം പകർന്ന ഒരു പിടി കവികളാണ്. അതിനുമുൻപും മനുഷ്യനും പ്രകൃതിയുമായുള്ള പൊക്കിൾക്കൊടി ബന്ധത്തെക്കുറിച്ചുള്ള ദീപ്തമായ ചിന്തകൾ എണ്ണപ്പെട്ട പല കവികളുടേയും രചനകളിൽ നിറഞ്ഞു കാണാം. സഞ്ജയനും, എൻ.വി.കൃഷ്ണവാര്യരും, പി.കുഞ്ഞുരാമൻ നായരും, ഇടശ്ശേരിയും വൈലോപ്പള്ളിയുമൊക്കെ അവരിൽ ചിലർ മാത്രം.

'ചങ്ങലം പരണ്ട' എന്ന സാങ്കല്പിക സ്ഥലിയെ കേന്ദ്രീകരിച്ചുള്ള ഹാസ്യ കവിതകളിലും, ലേഖനങ്ങളിലും, സഞ്ജയന്റെ സജീവമായ പരിസ്ഥിതി ബോധം നിറഞ്ഞ ചിരിയിലെ ഒളിഞ്ഞ വ്യഥയായി നമുക്ക് അനുഭവവേദ്യമാവുന്നു. ഓസോൺ പാളികളുടെ തകർച്ച, ഹരിത വാതകങ്ങളുടെ ക്രമാതീതമായ വ്യാപനം, കാലാവസ്ഥ വ്യതിയാനത്തിന്റെ ആഗോളാഘാതം, ഇവയൊക്കെ പ്രകൃതി സ്നേഹത്തിന്റെ കവിതകളോടൊപ്പം എൻ.വി.കൃഷ്ണവാര്യർ എന്ന സർഗ്ഗധനന്റെ കൃതികളിൽ ഉപന്യസിക്കപ്പെട്ടിരിക്കുന്നു.

പി.കുഞ്ഞുരാമൻ നായരുടെ ഗാഢമായ പരിസ്ഥിതി വ്യഥകളും അനന്യമായ ജൈവ നീതി ബോധവും, കാടുകയറുന്ന പ്രകൃതിവർണ്ണനകൾക്കൊപ്പം തുള്ളിയോടുന്നു. തേൻമാവും വരിക്കയും മുതൽ കാടുകെട്ടിയ വഴിയോരത്തു നിന്നാരെയോ കാത്തുനിൽക്കുമീക്കാശിത്തുമ്പകൾ, മുക്കുറ്റികൾ

വരെ 'തനിക്കു മരിച്ചാൽ പുലയുള്ള' കുടുംബാംഗങ്ങളത്രെ.

മർത്യനും മൃഗവുമീ വൃക്ഷവും നക്ഷത്രവും
പട്ടുനൂലൊന്നിൽകോർക്കപ്പെട്ടുള്ളമണികളാം
ക്ഷിപ്രമിച്ചരാചരമൊന്നായിത്തളർന്നുപോ
മിപ്രപഞ്ചത്തിൻ ചോരഞരമ്പൊന്നറുക്കുകിൽ
കാറ്റും വെളിച്ചവും പോലാണു ഭൂമിയും
നേട്ടത്തിനേവരുംതുല്യവകാശികൾ

പി യുടെ മേൽചൊന്ന ഈരടികൾ 'വസുദൈവകടുംബകം' എന്ന ഭാരതീയ ദർശനത്തിൽ അധിഷ്ഠിതമാണ്. ആവാസവ്യവസ്ഥയെ ജെറാൾഡ് ഡറൽ ഒരു ചിലന്തിവലയോട് ഉപമിക്കുന്നതിന്റെ പ്രസക്തിയും സാരള്യവും ഇവിടെ സ്പഷ്ടമാകുന്നു.

ശക്തിയുടെ കവിയായ ഇടശ്ശേരി നൽകുന്ന നിളാതീരദൃശ്യം പ്രപഞ്ചത്തിന്റെ സൂക്ഷ്മചിത്രം തന്നെയാണ്.

'പിറവിതൊട്ടെൻ കൂട്ടുകാരിയാമ
മ്മധുരിമ തൂകിടും ഗ്രാമലക്ഷ്മി
അകലേ,ക്കകലേ,ക്കകലുകയാം
അവസാനയാത്ര പറയുകയാം'

എന്നു നിളാതട ഗ്രാമങ്ങളിൽ നിന്നു തിരോധാനം ചെയ്യുന്ന ഐശ്വര്യ സമർദ്ധിയെക്കുറിച്ച് കവി പരിതപിക്കുന്നു. അദ്ദേഹത്തിന്റെ വിതുമ്പലിൽ വിശുദ്ധയായ പ്രകൃതിയുടെ ദൈന്യം തുടിക്കുന്നു.

വിചാരപരമായ പരിസ്ഥിതി ദർശനവും പ്രകൃതി സ്നേഹവും പല വൈലോപ്പള്ളി കവിതകളേയും സമ്പന്നമാക്കുന്നു. പ്രയോജന വാദികളായ പുത്തൻ കൂട്ടുകാരോട് കവിക്ക് അടുപ്പമില്ല. ഈടുവയ്പുകളൊക്കെ പൊയ്പോകുന്ന മട്ടാണ്. പുതിയൊരു യന്ത്രസംസ്കാരത്തിന്റെ സംഘഗാനം മുഴങ്ങന്ന യുഗസന്ധ്യയിൽ, അതിൽ ചേർന്നു പാടാൻ തന്റെ കവിതയും ഒരുങ്ങിയേ മതിയാകൂ എന്നു കവി തിരിച്ചറിയുന്നു. എങ്കിലും 'മനസ്സിൽ ഉണ്ടാവട്ടെ ഗ്രാമത്തിൻ വിശുദ്ധിയും മണവും, മമതയും ഇത്തിരിക്കൊന്നപ്പൂവും' എന്നു വരും തലമുറയോട് ആഹ്വാനം ചെയ്യുന്നു. സദ്ഗുണ മഹിമ ചവുട്ടിയരച്ചു വസുന്ധരയാകെയസുന്ദരമാക്കുന്ന, ഇത്തിരി വട്ടം മാത്രം കാണുന്ന, ഇത്തിരി വട്ടം മാത്രം ചിന്തിക്കുന്ന അധീശത്വ ചൂഷക വൃന്ദത്തെ കവി തള്ളി പറയുന്നു. നിസ്സാര ശലഭത്തിൻ ചെറുകുഞ്ഞായ എണ്ണപ്പുഴുവിനെപ്പോലും, സ്വന്തം ജീവിതത്തിന്റെ വഴിപാടും പേറി തീർത്ഥയാത്ര ചെയ്യുന്ന, വിശാല വിശ്വത്തിലെ, വിലപ്പെട്ട ഒരു ജൈവ ഘടകമായി വൈലോപ്പിള്ളി കരുതുന്നു. കവികളുടെ കൊടിയടയാളം സഫലതയുടെ വാഗ്ദാനമായ പുഷ്പം ആയിരിക്കണമെന്ന് അദ്ദേഹം നിർദ്ദേശിക്കുന്നു.

ഒളപ്പമണ്ണ വിനാശോൻമുഖമായ വിഭൂതികളുടെ അഴുക്കുചാലായി മാറിയ കുന്തിപ്പുഴ കണ്ട് തന്റേയും തന്റെ നാടിന്റേയും നഷ്ടസംസ്കാരത്തെക്കുറിച്ചോർത്തു കണ്ണീർ വാർക്കുന്നു.

മുൻപു സൂചിപ്പിച്ചതുപോലെ, സൈലന്റ്വാലി പദ്ധതിക്കെതിരെ അലയടിച്ച പ്രതിഷേധത്തിലാണ് പ്രഗൽഭരായ മലയാള കവികളുടെ ശബ്ദം പുതിയൊരു സംഘഗാനമായി മുഴങ്ങിയത്. അവരുടെ കവിതകൾ വാസ്തവത്തിൽ, ശുദ്ധ ശാസ്ത്ര വിചിന്തനവുമായുള്ള ആശയപരമായ ദൂരം കുറച്ചുകൊണ്ട്, മലയാളി മനസ്സിനെ സൗന്ദര്യ ബോധത്തോടും സമഷ്ടിദർശനത്തോടും കൂടുതൽ അടുപ്പിച്ചുവെന്നു പറയാം. വിഷ്ണു നാരായണൻ നമ്പൂതിരി താനുൾപ്പെട്ട ആ കവി സംഘത്തെ 'വചോമാത്ര വിഭവർ' എന്നു വിശേഷിപ്പിച്ചു. വാക്കാണല്ലോ കവിയുടെ ധനവും ആയുധവും. വികസനവാദികൾ പക്ഷെ, അവരെ 'മരക്കവികൾ' എന്നു വിളിച്ചു പരിഹസിച്ചു. അവരുടെ ചിന്തകളും വാക്കുകളും നിശബ്ദവനങ്ങളുടെ മാത്രമല്ല, കേരളത്തിന്റെ പ്രകൃതിയെ പ്രതീക്ഷയുടെ തളിരും പൂവുമണിയിക്കുന്ന കവിതകളായി പെയ്തിറങ്ങി. പരിസ്ഥിതി സ്നേഹികളിൽ പുതിയ അവബോധത്തിന്റെ മിന്നൽ പിണരുകൾ ഉണർന്നു.

എൻ.വി, സുഗതകുമാരി, കടമ്മനിട്ട, അയ്യപ്പപ്പണിക്കർ, ഒ.എൻ.വി, വിഷ്ണുനാരായണൻ, സച്ചിദാനന്ദൻ എന്നിവരോടൊപ്പം അന്നത്തെ പല യുവ കവികളും പരിസ്ഥിതി സംരക്ഷണ പ്രസ്ഥാനത്തെ നെഞ്ചേറ്റിയവരാണ്. അവരെഴുതിയ മുപ്പതിൽപരം കവിതകൾ 'വനപർവ്വം' എന്ന പേരിൽ 1983ൽ പ്രസിദ്ധീകരിയ്ക്കപ്പെട്ടു. ഇവയിൽ ഏതാനും കവിതകൾ ലഘുവായൊന്നു പരാമർശിച്ചു പോകാനേ തരമുള്ളൂ.

അന്നം മുട്ടിക്കുന്ന, വെള്ളം മുട്ടിക്കുന്ന, വികസനം വേണ്ട എന്ന അർത്ഥപൂർണ്ണമായ മുദ്രാവാക്യമാണ് സുഗതകുമാരി അന്നും ഇന്നും വിളിച്ചോതുന്നത്. അവർ വൃക്ഷത്തെ കാണുന്നത് 'നീലകണ്ഠ സ്വാമിയെപ്പോൽ വിഷം താനേ ഭുജിച്ചിട്ടു പ്രാണവായു' തരുന്ന രക്ഷകനായിട്ടാണ്.

വെട്ടി വെട്ടി വിറ്റൊടുക്കി കറുത്ത മഞ്ഞലോഹത്തിൻ തുട്ടുകളാക്കിലും കൃപാധാര ചൊരിയുന്ന ദേവതയായി അവർ വൃക്ഷത്തെ പൂജിക്കുന്നു.

'ഒരു തൈ നടാം നമുക്കമ്മയ്ക്കുവേണ്ടി
ഒരുതൈ നടാം കൊച്ചു മക്കൾക്കുവേണ്ടി
ഒരു തൈ നടാം നൂറു കിളികൾക്കുവേണ്ടി
ഒരു തൈ നടാം നല്ല നാളേയ്ക്കുവേണ്ടി.'

ജീവരാശിക്കു പ്രാണവായുവും മഴയും തണലും പഴവും തരുന്ന തൈ നടുക മുലപ്പാൽ ഊട്ടിയ അമ്മയോടുള്ള നന്ദിയുടെ അടയാളമായി ഒരുതൈ നടാൻ കവി ആഹ്വാനം നൽകുന്നു. 'ഒരു തൈ നടാം' എന്ന കവിത സംഗീതാത്മകതയും വൈകാരികപാരവശ്യവും സ്പന്ദിക്കുന്ന കവിതയാണ്.

മൂന്നാർ മലകളെ 12 കൊല്ലത്തിലൊരിക്കൽ നീലക്കടലാക്കി, കണ്ണന്റെ നീല നിറം വാരിയണിയുന്ന കുറിഞ്ഞിപ്പൂവനത്തെ കാണാൻ ഇനി കഴിയുമോ എന്ന ആശങ്ക 'കുറിഞ്ഞിപ്പൂക്കൾ' എന്ന കവിതയെ വിഷാദമയമാക്കുന്നു. കവിയുടെ മനസ്സ് നീലക്കുറിഞ്ഞികൾ പൂത്ത മലനിരകളിലേയ്ക്ക് ഓടിക്കയറുന്നു.

ഒ.എൻ.വി യുടെ ഒരു തൈ നടുമ്പോൾ എന്ന കവിതയിലും മരവും പരിസ്ഥിതിയും തന്നെയാണ് പ്രമേയം ശക്തമായ സാമൂഹ്യവിമർശനം കവിതയെ ശ്രദ്ധേയമാക്കുന്നു.

'ഒരു തൈ നടുമ്പോൾ
ഒരു തണൽ നടുന്നു
നടുനിവർക്കാനൊരു
കുളിർ നിഴൽ നടുന്നു'

ഒരു വസന്തത്തിന്റെ വളർപ്പന്തൽ താങ്ങാനുള്ള കാൽ, കട്ടുമതിയാകാത്ത കാട്ടിലെ കള്ളനും നാട്ടിലെ കള്ളനുമെതിരെ 'വാനോളമുയരത്തിൽ വാവൽക്കരിങ്കൊടികൾ' കാട്ടാനുള്ള കൈകൾ വൃക്ഷങ്ങളെ കവി അങ്ങനെയാണുത്പ്രേക്ഷിക്കുന്നത്. കാമിനി കാമുകൻമാർക്കു സല്ലപിക്കാനൊരുക്കുന്ന ഒതുക്കുകളാണ് വൃക്ഷങ്ങൾ.

'കാണക്കാണെ വയസ്സാവുന്നു, മക്കൾക്കെല്ലാമെന്നാലമ്മെ,

വീണക്കമ്പികൾ മീട്ടുകയല്ലീ നവതാരുണ്യം നിൻ തിരുവുടലിൽ'

എന്നു ഭൂമിയെ ഒരിക്കൽ അത്ഭുതാദരങ്ങളോടെ വാഴ്ത്തിയ കവി, ഇക്കാലമത്രയും മനുഷ്യൻ നടത്തിയ സർവ്വാധിപത്യത്തിന്റെ ചൂഷണം കൊണ്ട് ഭൂമിയും ഒപ്പം മനുഷ്യ വംശവും മരണോൻമുഖമായിരിക്കുന്ന സന്ദിഗ്ധാവസ്ഥ കണ്ട് എഴുതിയ കവിതയാണ് 'ഭൂമിയ്ക്കൊരു ചരമഗീതം' പ്രസാദാത്മകതയിൽ നിന്നു തീവ്രസന്ത്രാസത്തിലേക്കു കൂപ്പുകുത്തുന്ന കവിയുടെ മനസ്സു കാണുക.

'ഇനിയും മരിയ്ക്കാത്ത ഭൂമി, നിന്നാസന്നമൃതിയിൽ നിനക്കാത്മ ശാന്തി,

ഇതു നിന്റെ (എന്റെ) യും ചരമ ശുശ്രൂഷക്കു
ഹൃദയത്തിലിന്നേ കുറിച്ച ഗാനം'.

മനുഷ്യന്റെ ആത്മഹത്യാപരമായ സ്വാർത്ഥതയ്ക്കും, സുഖലിപ്സക്കും ക്രൂരതക്കുമെതിരെ ക്രാന്തദർശിയായ കവിക്ക് ഇതിലുമേറെ ശക്തമായി എങ്ങനെ പ്രതികരിക്കാനാവും!

കാടെവിടെ മക്കളേ, നാടെവിടെ മക്കളേ
കാട്ടുപുൽത്തകിടിയുടെ വീടെവിടെ മക്കളേ?

ദേശാടനം കഴിഞ്ഞെത്തുന്ന ഒരു നാട്ടുകാരണവരുടെയോ, ഭിക്ഷാംദേഹിയായ ഒരമ്മയുടേയോ ശബ്ദം ഈ ഈരടിയിൽ നാം കേൾക്കുന്നു. 'കാടെവിടെ മക്കളേ' എന്ന് ഈ കവിതയിൽ അയ്യപ്പപ്പണിക്കർ മരവും മനുഷ്യനും കിളിയും മൃഗങ്ങളും ചെടിയും ചെടിക്കാത്ത നാടിന്റെ തിരോധാനത്തിൽ ദുഃഖിക്കുന്നു. വിഷവാതമൂതാത്ത, വിഷവാണികേൾക്കാത്ത, വിഷവെള്ളമില്ലാത്ത, കള്ളവാക്കില്ലാത്ത, കള്ളനാക്കില്ലാത്ത ,കള്ളപ്പറയില്ലാത്ത നാടെവിടെ മറഞ്ഞുവെന്നു പരിഭ്രമിക്കുന്ന കവി, പാലിലും, പഴത്തിലും, മരുന്നിലും, എന്നല്ല, മായയിലും ബ്രഹ്മത്തിലും വരെ മായം കലർത്തി, സ്വയം നശിക്കുന്ന നരവംശത്തെ കണ്ടു തേങ്ങുന്നു 'സ്തന്യം പോരാഞ്ഞു സ്തനം തന്നെ തിന്നുന്ന കുഞ്ഞു വേതാളങ്ങൾ' 'ഉദയാസ്തമനം' എന്ന കവിതയിൽ ഈ ഭീകരബിംബത്തിലൂടെ, മനുഷ്യൻ വിശ്വപ്രകൃതിയെ നശിപ്പിക്കുന്ന ചിത്രം കവി വരച്ചുകാട്ടുന്നു.

'ചക്രവാളത്തിന്റെ നേർത്ത വരകളിൽ
ഞെട്ടിപ്പിടഞ്ഞു നിലവിളിച്ചോടുന്ന
പൊട്ടിലശുവായലയുമോ നമ്മുടെ
പൃഥ്വിയൊരിക്കൽ?' ...... എന്നു കവി ആശങ്കയോടെ ചോദിക്കുന്നു.

കടമ്മനിട്ടയുടെ നിരവധി കവിതകളിൽ പ്രകൃതിധ്വംസനത്തിന്റെ വിപത്കരമായ ഫലശ്രുതി കേൾക്കാം. 'കുഞ്ഞേ, മുലപ്പാൽ കുടിക്കരുത്' 'കിരാതവൃത്തം' മുതലായ കവിതകളിൽ സർവ്വനാശകാരിയായ പ്രകൃതിചൂഷണത്തിന്റെ ദുരന്ത വൃത്തം അനാവരണം ചെയ്യുന്നതോടൊപ്പം, ഒരു യുഗപ്പിറവിയുടെ സൂര്യോദയം സ്വപ്നം കാണാനും കവി മറക്കുന്നില്ല. അമ്മയുടെ മുലപ്പാൽ മുതൽ പൂവിന്റെ കണ്ണിൽ പോലും 'പൂതനാമന്ത്രം പുരണ്ടതാണെങ്ങും' മനുഷ്യനു പ്രകൃതിയുടെ മാതൃവാത്സല്യം,

സൗന്ദര്യ ബോധം മാനവികതയുടെ നൈർമല്യം 'എല്ലാം നഷ്ടപ്പെട്ടിരിക്കുന്നു. നീലക്കടമ്പിന്റെ മുരടിൽ പോലും മഴുവിന്റെ മുരൾച്ച കേൾക്കാം' ഇതിലെ ധ്വനിവിശേഷം ശ്രദ്ധേയമാണ്. വികസനത്തിന്റെ പേർ പറഞ്ഞ് ഭൂമിയെ അവശയാക്കി 'അറിവിന്റെ അണുബോംബ് പൊട്ടിച്ചു നമ്മുടെ കുലമാകമാന മുലച്ചോർ' ജീവരാശിയെ കുരുതികൊടുക്കുന്നു. ഭൂമി ക്ഷമയാണ് പക്ഷെ, 'അതിരുണ്ടവൾ തൻ ക്ഷമയ്ക്കും' കർക്കശമായ ഒരു മുന്നറിയിപ്പാണിത്. 'അവളെഞ്ഞെരിക്കും ബലിഷ്ഠമാം കൈകൾ, അരിയുകയാണിന്നു ധർമ്മം' എന്നു കവി ഉദ്ബോധിപ്പിക്കുന്നു.

'പൈതലേ ഭൂമിയുടെ ഗർഭാശയത്തിൽ നീ
പുതിയ പുംബീജമായ് വീഴൂ;
അടിമണ്ണിലൂടെ, നീരുറവയിലൂടെ, നീ
മരമായ്, മനുഷ്യനായ്, പൊഴിയുന്ന മഴയായി
അഴകായി, സൂര്യകിരണമായ് നൻമതൻ
സ്ഫുരണമായ് പൂർണ്ണത നേടൂ'

എന്നു ജീവവർഗ്ഗത്തിനു പുനർജ്ജനി ആശംസിക്കാൻ മറക്കാതെ കവി വിരമിക്കുന്നു. കിരാതവൃത്തത്തിലുമുണ്ട്, ഈ വിധത്തിലുള്ള ഗ്രഹണവും മുക്തിയും. പ്രകൃതിയുടെ സർവ്വനാശത്തിനൊടുവിൽ അതിന്റെ ആത്മാവായ കിരാതന്റെ പ്രതികാരാഗ്നി ആളിപ്പടർന്ന് , പ്രളയ മഴ പെയ്ത്, അതിന്റെ അറുതിയിൽ പുനഃ സൃഷ്ടിയുടെ പുതുമുളകൾ നീട്ടി, സർഗ്ഗ പ്രഭാതം ഉണരുന്നു; പുതിയ സൂര്യോദയത്തിൽ വനമോടികൾ തെളിയുന്നു. ശാപവചസ്സുകളെ ആശിസ്സുകളാക്കിത്തീർക്കുന്നതാണ് കവിതയുടെ ശമനതാളം.

എൻ.എൻ. കക്കാടിന്റെ 'സൂര്യഗായത്രി' വിളിച്ചാലും വിളിച്ചാലും ഉണരാതെ കിടക്കുന്ന ഹരിതാത്മികയാമിളയെയും എം.എൻ. പാലൂരിന്റെ 'അനാവൃഷ്ടി' മരുഭൂമിയായിത്തീർന്ന ഗ്രാമഭൂമിയിലെ വേഴാമ്പലായി നീർത്തുള്ളിക്കു കേഴുന്ന ജൈവ ലോകത്തെയും കാണിച്ചു തരുന്നു. വിഷ്ണുനാരായണന്റെ കാടിന്റെ വിളിയിൽ നാടുനാടായിരിക്കാനും, നാടു കാടായി നശിക്കാതിരിക്കുനും കാടു വളർത്തുവിൻ നാട്ടാരേ എന്ന അതിജീവനമന്ത്രമാണു മുഴങ്ങുന്നത്. സച്ചിദാനന്ദന്റെ അവസാനത്തെ നദിയിൽ വെള്ളമില്ലായിരുന്നു, രക്തമായിരുന്നു. അവസാനത്തെ ആട്ടിൻ കുട്ടികൾ ഒന്നു നിലവിളിക്കാനാകാതെ മൂർഛിച്ചു വീണു. അവസാനത്തെ നദിയിൽ ഒരമ്മയുടെ അസ്ഥികൂടം പൊങ്ങിക്കിടന്നു. കുപ്പിച്ചില്ലുകൾ പോലെയുള്ള വാക്കുകൾ! എങ്കിലും ഭൂമി നൽകിയ പുനരാവിഷ്ക്കാരത്തിന്റെ മാന്ത്രിക മണിയുടെ ഒച്ച ഒരു പുതുയുഗത്തിന്റെ വരവേൽപ്പാകുന്നത്, അമൃത വർഷമാകുന്നത് ശാസ്ത്രത്തിനപ്പുറം കാണുന്ന കവിയുടെ ഭാവുകത്വം മാത്രമാണ്.

ഇങ്ങനെ, കെട്ടുപോകുന്ന പ്രപഞ്ച സൂര്യന്റെ കരിക്കട്ടയൂതിപ്പിടിപ്പിച്ചു മറ്റൊരു തീക്കട്ടയുണ്ടാക്കുന്ന സർഗ്ഗശക്തിയുടെ ചൈതന്യം വിതറുന്ന ഒട്ടേറെ പരിസ്ഥിതി കവികളും അവരുടെ കവിതകളും ബാക്കി നിർത്തി, ഈ കുറിപ്പ് അവസാനിപ്പിക്കട്ടെ. അതിനു മുൻപ് അഥർവ്വവേദ (ഭൂമിസൂക്ത)ത്തിലെ ഒരു സൂക്തം കൂടി ഓർക്കാം.

'യത്തേ ഭൂമേ വിഖനാമി,
ക്ഷിപ്രം തദപി രോഹതു,
മാ തേ മർമ്മ വിമൃഗ്വതി,
മാ തേ ഹൃദയമർപ്പിപം'

(അല്ലയോ ഭൂമി, ഞാൻ നിന്നിൽ നിന്നു കുഴിച്ചെടുക്കുന്നതെല്ലാം വീണ്ടും നിന്നിൽ പെട്ടെന്നു കുമിഞ്ഞുയരട്ടെ. ഞാൻ ഒരിക്കലും നിന്റെ മർമ്മങ്ങളെ പിളർക്കാതിരിക്കട്ടെ. നിന്റെ ഹൃദയത്തെ ഭേദിക്കാതിരിക്കട്ടെ.)

ഇതൊരു പ്രാർത്ഥനയും പ്രതിജ്ഞയുമാണ്●

## 25-ാം ചരമവാർഷികം

**07. 08 .2017**



**പി. അച്യുതമേനോൻ**
**ശ്രീ നിലയം**
**രവിപുരം, കൊച്ചി 682016**

"ഉദാരചരിതാനാം തു വസുധൈവ കുടുംബകം"

# ഓഗസ്റ്റ് 7- ശ്രാവണപൗർണ്ണമി ഇന്ന് സംസ്കൃതഭാഷാദിനം

**പി.കെ. ശങ്കരനാരായണൻ**

മാതൃഭാഷയായ മലയാളം നമ്മുടെ പെറ്റമ്മയാണ്. മറ്റുള്ള പ്രാദേശികഭാഷകൾ പോറ്റമ്മമാരുമാണ്. പോറ്റമ്മമാരേയും പെറ്റമ്മയേയും ലാളിച്ച് ഓമനിച്ച് പരിരക്ഷിക്കുന്ന മുത്തശ്ശിയമ്മയാണ് സംസ്കൃത ഭാഷ. എല്ലാത്തരം സാംസ്കാരികാഭിവൃദ്ധിയുടേയും അടിത്തറയ്ക്ക് മുത്തശ്ശിയമ്മയുടെ അറിവും ഉപദേശവും, ശാസനയും കൂടാതെ വയ്യ. ഈ ഒരു ഭാഷാമുത്തശ്ശി നിർവ്വഹിക്കുന്ന പങ്കിനെ പരശോധിക്കേണ്ട, തിരിച്ചറിയേണ്ട ദിവസമായി വേണം സംസ്കൃതഭാഷാദിനത്തെ ഭാരതീയർ നോക്കിക്കാണാൻ.

1969 മുതലാണ് ഭാരതീയർ സംസ്കൃതദിനം ആചരിച്ചു വരുന്നത്. അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധി ശ്രാവണമാസത്തിലെ പൗർണ്ണമി സംസ്കൃത ദിനമായി അംഗീകരിച്ച് ആഘോഷങ്ങൾക്ക് തുടക്കമിടുകയാണുണ്ടായത്. 2002 ൽ വാജ്പേയ് സർക്കാർ സംസ്കൃതവാരമായി ആഘോഷിക്കുവാൻ നിശ്ചയിച്ചു. ശ്രാവണപൗർണ്ണമിക്ക് മുമ്പും പിമ്പുമുള്ള മുമ്മൂന്നു ദിവസങ്ങൾ ചേർത്ത് സംസ്കൃതവാരം ആഘോഷിച്ചു വരുന്നു. ഈ വർഷത്തെ സംസ്കൃത വാരം ഓഗസ്റ്റ് 4 മുതൽ 10 വരെയാണ്.

ഭാരതത്തിന്റെ രണ്ട് പ്രതിഷ്ഠകളിൽ ഒന്ന് സംസ്കൃതവും മറ്റൊന്ന് സംസ്കാരവുമാണ്. ഭാരതത്തിന്റെ വിജ്ഞാനസമ്പത്ത് അധികവും രൂപപ്പെട്ടത് ഈ ഭാഷയിലൂടെയാണ്. രണ്ട് ഇതിഹാസങ്ങളുടെ ഭാഷ, പുരാണങ്ങൾ, ഉപനിഷത്തുകൾ, തത്ത്വശാസ്ത്രം, സ്മൃതിഗ്രന്ഥങ്ങൾ, ഗണിതം, ആയുർവ്വേദം, യോഗ, വാസ്തുശാസ്ത്രം ഇങ്ങനെ മാനവജീവിതത്തിന്റെ സർവ്വസ്പർശിയായ ഭാഷയാണ്. സംസ്കൃതം. ഭാഷയുടെ പ്രാചീനതയെ ഉൾക്കൊണ്ട് ആധുനിക യുഗത്തിൽ നിലനില്ക്കുന്ന സാധ്യതകൾ പ്രകാശപ്പെടുത്തുകയും ഉപയോഗപ്പെടുത്തുകയുമാണ് സംസ്കൃതപണ്ഡിതരും പ്രേമികളും ചെയ്യേണ്ടത്.

സഹസ്രാബ്ദങ്ങളായി സംസ്കൃതം ഭാരതത്തിന്റെ പാഠ്യപദ്ധതിയുടെ ഭാഗമാണ്. പ്രാചീനകാലം മുതൽ ആധുനികകാലം വരെ അതിന് ഏറ്റക്കുറച്ചിലുകളും ആക്ഷേപങ്ങളും അധിക്ഷേപങ്ങളും ഈ ഭാഷയും അനുഭവിച്ചിട്ടുണ്ട്. അപ്പോഴൊക്കെ മറ്റൊട്ടേറെ പ്രാദേശികഭാഷകളെ പരിപോഷിപ്പിച്ച് സ്വയം വളർന്ന് തലയുയർത്തി നിലനിന്നു. ഈ അമരവാണി മറ്റു പല ഭാഷകളുടെ ചരിത്രമതല്ലേ. സർവ്വകലാശാല എന്ന സങ്കല്പം പോലും ലോകത്ത് മറ്റൊരിടത്തും ഇല്ലാതിരുന്ന കാലത്ത് ഭാരതത്തിൽ തക്ഷശില, വിക്രമശില, നളന്ദ, കാശി, കാഞ്ചി തുടങ്ങിയ ഒട്ടേറെ വിശ്വവിദ്യാലയങ്ങൾ ഉണ്ടായിരുന്നു. അറബികളും യവനരും ലത്തീൻകാരും ഇവിടങ്ങളിൽ വന്നു പഠിക്കുകയും ശാസ്ത്രതത്ത്വങ്ങൾ വിദേശികളിൽ പ്രചരിപ്പിക്കുകയും ചെയ്തിരുന്നു.

പൗരബോധമുള്ള ഉത്തരവാദപ്പെട്ട ഇംഗ്ലീഷ് ഭരണാധികാരികൾ ഈ പ്രാധാന്യം ഊന്നിപ്പറഞ്ഞിരുന്നു. 1825 ൽ എ. ഫ്രേസർ എഴുതി. പ്രാചീനകൃതികൾ വായിപ്പാൻ മാത്രമല്ലേ സംസ്കൃതജ്ഞാനം ആവശ്യമുള്ളു. ഇന്ത്യയുടെ പല ഭാഷകളുടേയും മാതാവ് എന്ന നിലയിൽ ആ ഭാഷയ്ക്ക് പ്രാധാന്യം ഉണ്ട്. ജ്ഞാനം, ധർമ്മബോധം എന്നിവയിൽ യാഥാർത്ഥ്യവും സമൂലവുമായ മാറ്റം വരുത്തണമെങ്കിൽ നാട്ടുകാരുടെ സ്വന്തം ഭാഷയെ ആശ്രയിക്കണം. ഈ വിഷയത്തിൽ സംസ്കൃതത്തെ എത്ര പ്രോത്സാഹിപ്പിച്ചാലും മതിയാവില്ല. ക്യാപ്റ്റൻ കാണ്ടി 1940 ൽ എഴുതി. പ്രാദേശികഭാഷകൾക്ക് ശക്തിയും ഭംഗിയും സമ്പാദിച്ചു കൊടുക്കുന്ന ഒരു മഹത്തായ സാംസ്കാരശേഖരമാണ് സംസ്കൃതം എന്നു ഞാൻ കരുതുന്നു. മാതൃഭാഷയ്ക്കു പുറമെ സംസ്കൃതവും ഇംഗ്ലീഷും അറിയുന്ന ഒരു ഇന്ത്യാക്കാരന് വളരെയധികം ദേശസേവനം നടത്താൻ കഴിയുമെന്നാണ് എന്റെ പക്ഷം. മെക്കാളയുടെ സുപ്രസിദ്ധമോ, കുപ്രസിദ്ധമോ ആയ കുറിപ്പ് പാശ്ചാത്യപദ്ധതികളിലേക്കു തന്നെ ഗവർമെന്റിന്റെ ശ്രദ്ധ തിരിച്ചു. സംസ്കൃത സ്ഥാപനങ്ങളും അറബി പേർഷ്യൻ സ്ഥാപനങ്ങളും ഉടനടി പൂട്ടണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. വില്യം ബെൻന്റിക് ഇതിനെ പിന്തുണച്ചു. മെക്കാളെയുടെ ഈ നടപടികളെ ദേശാഭിമാനികൾ എതിർത്തു. 1944 ൽ ബ്രിട്ടീഷ് ഗവൺമെന്റ് നിയമിച്ച സ്റ്റാർബ

റോ കമ്മീഷൻ തന്നെ മെക്കാളേയുടെ നടപടികൾ സ്വീകാര്യമല്ലാത്ത, സംസ്കാരത്തെയെല്ലാം നിന്ദാ പൂർവ്വം വീക്ഷിച്ചിരുന്ന തെറ്റായ പദ്ധതിയെ അവ ലംബിച്ചതാണെന്ന് തുറന്നു പറഞ്ഞിട്ടുണ്ട്. 1854 ൽ അന്നത്തെ ബ്രിട്ടീഷ് സ്റ്റേറ്റ്സെക്രട്ടറിയായ ചാറൽസ്വുഡ് എഴുതി സംസ്കൃതവും അറബി യും ക്രമത്തിൽ ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടേ യും നിയമസംഹിതകൾ മനസ്സിലാക്കാൻ മാത്രമല്ല ഉപകരിക്കുക, ഇന്ത്യയിലെ പ്രാദേശികഭാഷകൾ പ ഠിക്കാനും അവയ്ക്ക് വികാസം ലഭിക്കാനും കൂടി ഇത് ഇടവരുത്തും എന്ന്. ഇതൊക്കെ ചൂണ്ടിക്കാ ട്ടുന്നത് കാലാകാലങ്ങളിൽ സംസ്കൃതഭാഷയുടെ വികാസ പരിണാമങ്ങളുടെ സൂചനകളാണ്.

ഇന്ത്യയുടെ സ്വാതന്ത്രസമരകാലത്ത് സ്വാത ന്ത്ര്യപോരാളികൾക്ക് പ്രേരണാസ്രോതസ്സായി വർ ത്തിച്ചത് ഭഗവത്ഗീതയായിരുന്നു. ശാസ്ത്രീയമായ കണ്ടുപിടുത്തങ്ങൾക്ക് അടിത്തറയായിരുന്നത് ഭാര തീയ ധർമ്മഗ്രന്ഥങ്ങളായിരുന്നു എന്ന് എണ്ണമറ്റ ദേ ശവിദേശങ്ങളിലെ ശാസ്ത്രജ്ഞർ അഭിപ്രായപ്പെ ട്ടിട്ടുണ്ട്. സ്വാതന്ത്ര്യത്തിനുശേഷവും സംസ്കൃതം പാഠ്യപദ്ധതിയുടെ ഭാഗമായിരുന്നു. ഇതിനൊക്കെ കാരണം ഈ ഭാഷയ്ക്ക് രക്ഷയും ശക്തിയും നല് കിയ നാട്ടുരാജാക്കൻമാരുടേയും രാജകുടുംബങ്ങ ളുടേയും ഉദാരമനസ്കതയയായിരുന്നു. കാശ്മീർ മുതൽ കന്യാകുമാരി വരെയുള്ള നാട്ടുരാക്കൻമാരും പ്രഭുക്കൻമാരും പരസ്പരം മത്സരിച്ച് സംസ്കൃത വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിച്ചു പോന്നിട്ടുണ്ട്. അതുകൊണ്ടു തന്നെ വിദ്യാഭ്യാസവ്യവസ്ഥയിൽ നിന്ന് ഈ ഭാഷയെ തുടച്ചു മാറ്റാൻ തിർത്തും ഇല്ലാതാക്കാൻ സ്വാതന്ത്ര്യത്തിനു മുമ്പും പിമ്പും ഭരണകൂടത്തിനു കഴിഞ്ഞിട്ടില്ല. പക്ഷേ ആത്മാർ ത്ഥമായ പരിശ്രമം ചെയ്തിട്ടുണ്ടോ എന്ന സംസ് കൃതപ്രേമികളുടെ ആശങ്ക അസ്ഥാനത്തുമല്ല. 1957 ൽ ഇന്ത്യാഗവൺമെന്റ് നിയോഗിച്ച ഡോ. സുനിൽ കുമാർ ചാറ്റർജി സംസ്കൃതകമ്മീഷൻ റിപ്പോർട്ട് നിരദ്ദേശങ്ങൾ വേണ്ട രീതിയിൽ പരിഗണിക്കപ്പെ ട്ടില്ല. 2014 ൽ മൻമോഹൻഗവൺമെന്റ് ഡോ. സത്യ വ്രത ശാസ്ത്രി അദ്ധ്യക്ഷനായി നിയോഗിച്ച രണ്ടാം സംസ്കൃതകമ്മീഷൻ റിപ്പോർട്ടും തുടർന്നു നടന്ന പദ്ധതികളും പ്രായോഗിക തലത്തിലെത്തിയിട്ടില്ല.

ചുരുക്കത്തിൽ വിദ്യാഭ്യാസരംഗത്ത് ഏതൊ ക്കെ ആധുനിക മാർഗ്ഗങ്ങൾ സ്വീകരിച്ചാലും വ്യ ക്തിയുടെയും സമുദായത്തിന്റെയും സാംസ്കാര ജീവിതത്തിനാവശ്യമായ വിഷയങ്ങൾ സ്വായത്ത മാക്കുന്നത് പാരമ്പര്യത്തിൽ നിന്നു തന്നെയാണ്. നമ്മുടെ ഭാഷാസാഹിത്യം ധർമ്മബോധം എല്ലാം പാരമ്പര്യമായി അഭേദ്യമായി കെട്ടുപിണഞ്ഞിരി ക്കുന്നു. ഇവിടെയൊക്കെ അടിസ്ഥാനസത്തയായ സംസ്കൃത ഭാഷയെ നിലനിർത്തിയേ പറ്റൂ. ചൈ നയിലെ ബാംങ്കോക്കിൽ നടന്ന 16 ാം അന്താരാഷ്ട്ര സംസ്കൃത സമ്മേളനത്തിൽ ഇന്ത്യയുടെ വിദേശകാ ര്യ മന്ത്രി സുഷമാസ്വാരാജ് നടത്തിയ ഉദ്ഘാടനപ്ര സംഗത്തിൽ പറഞ്ഞ പഞ്ചതന്ത്രസുഭാഷിതത്തിന്റെ ആശയം പറഞ്ഞ് ഈ കുറിപ്പ് ഉപസംഹരിക്കുന്നു.

അയം നിജ ഃ പരോവേദി
ഗണനാ ലഘുചേതസാം
ഉദാരചരിതാനാം തൂ
വസുദൈവകുടുംബകം.

ഇയാൾ എനിക്ക് വേണ്ടപ്പെട്ടവനാണ്. മറ്റേയാൾ വേണ്ടപ്പെട്ടവനല്ല എന്നുള്ള ചിന്ത സങ്കുചിത മനസ്സു ള്ളവരുടേതാണ്. വിശാലബുദ്ധിയുള്ളവർ ലോകം മുഴുവനും തന്റെ കുടുംബമായി കാണുന്നു. ഇവിടെ കൂടിയിരിക്കുന്നവരെല്ലാം ഈ ലക്ഷ്യവാചകത്തിന്റെ അർത്ഥം ഉൾക്കൊണ്ട് പ്രവർത്തിക്കുമെന്ന് വിശ്വസി ക്കുന്നു. എന്നും സുഷമാസ്വരാജ് കൂട്ടിചേർത്തു. സംസ്കൃതാഭിമാനികൾക്ക് ഏറെ പ്രിയപ്പെട്ട ഈ സുദിനത്തിൽ ലോകത്തിനു മുഴുവൻ കൊടുക്കാൻ കഴിയുന്ന സന്ദേശവും ഇതു തന്നെ●

**എറണാകുളം കരയോഗത്തിലെ നവരാത്രി മഹോത്സവത്തോടനുബന്ധിച്ച് നടത്തുന്ന വിവിധ കലാമത്സരങ്ങളിൽ വിജയികളാകുന്നവർക്ക് സമ്മാനങ്ങൾ സ്പോൺസർ ചെയ്യുവാൻ താല്പര്യ മുള്ളവർ ജനറൽ സെക്രട്ടറിയുമായി ബന്ധപ്പെടുക.**

## വിമൻസ് ഫോറം 2017 ആഗസ്റ്റ് മാസത്തെ പരിപാടി

| തീയ്യതി | പരിപാടി | സമയം |
|---|---|---|
| 23.8.17 | ശാരദാമഠം സന്ദർശനം | 4.00 pm |
| (താല്പര്യമുള്ളവർ 3.45 pm ടി.ഡി.എം ഹാളിൽ എത്തിച്ചേരേണ്ടതാണ്.) | | |

# സുഭാഷിതം 2-1
## 2. ഗുരു

പ്രൊഫ : പി. അംബുജാക്ഷി

ഗുരുവഃ സുലഭാ ലോകേ
ശിഷ്യവിത്താപഹാരകഃ
ഗുരവേ ദുർലഭാ ലോകേ
ശിഷ്യഹൃത്താപഹാരകാഃ

ആർഷ സംസ്കാരം ഗുരുവിനെ ബ്രഹ്മാവും വിഷ്ണുവും മഹേശ്വരനുമായി കാണുന്നു .മാതാവും,പിതാവും,ഗുരുവും ദൈവം തന്നെയാണ്. എന്നാൽ മാതാപിതാക്കൾ ജൻമദാതാക്കൾ മാത്രം. തക്കസമയത്ത് അറിവിന്റെ അഞ്ജനശലാകയുമായി വന്ന് നമ്മുടെ കൺതുറപ്പിച്ച് ലോകജീവിതം പരിചയപ്പെടുത്തുന്നത് ഗുരുവാണ്. ലൗകിക ജീവിതത്തിലും ആധ്യാത്മിക ജീവിതത്തിലും നമ്മെ നയിക്കുന്ന ശക്തിയാണ് ഗുരു.

ന ചോരഹാര്യാ നച ഭ്രാതൃഭാജ്യം
ന ഭാരകാരി നച രാജ്യഹാര്യം
വ്യയേ കൃതേ വർധത ഏവം നിത്യം
വിദ്യാധനം സർവ്വ ധനാത് പ്രധാനം.

കള്ളനോ സഹോദരങ്ങളോ രാജാവോ പിടിച്ചെടുക്കാത്തതും, ചിലവാക്കും തോറും വർദ്ധിക്കുന്നതുമായ ഒരു അപൂർവ്വ ധനമാണ് വിദ്യ. ഈ ധനം ലൗകികവും, ശാസ്ത്രീയവും ആത്മീയവുമായ രീതിയിൽ ലോക ജനതയ്ക്ക് ഏറെ പ്രയോജനം ചെയ്യുന്നു. സർവ്വോപകാരകമായ അറിവ് പ്രദാനം ചെയ്യുന്ന ഗുരുനാഥൻ സർവ്വഥാ പൂജനീയനാണ്. ഗുരു ശബ്ദത്തിന് അന്ധകാരം നിരോധിക്കുന്നവൻ എന്നാണർത്ഥം.

ഗുശബ്ദമന്ധകാരം താൻ
രുശബ്ദം തന്നിരോധകം.

ഇരുട്ടിലാണ്ടു കിടക്കുന്ന ലോകത്തിന് സൂര്യോദയം പോലെ അഭികാമ്യമാണ് ഒരു ശിഷ്യന് ഗുരുവിന്റെ സാമീപ്യം.

## സുഭാഷിതം 2-2

എന്നാൽ എല്ലാ ഗുരുനാഥൻമാരും ശിഷ്യരുടെയും തദ്വാര സമൂഹത്തിന്റെയും പ്രീത്യാദരങ്ങൾ നേടുന്നുണ്ടോ? ഇല്ലെങ്കിൽ ഇതിനു കാരണം പലതാണ്. പഠനോപകാരികളായ മാധ്യമങ്ങളുടെ സ്വാധീനം ഗുരുമുഖത്തു നിന്നുമുള്ള വിദ്യാഭ്യാസത്തിന്റെ പ്രാധാന്യവും പ്രസക്തിയും കുറച്ചിട്ടുണ്ട്. മാത്രമല്ല അദ്ധ്യാപനം ഒരു തൊഴിലും അധ്യാപകൻ ഒരു തൊഴിലാളിയുമായി മാറിയിരിക്കുന്നു. ശിഷ്യരെ പേടിപ്പിച്ചും, പ്രേരിപ്പിച്ചും പ്രലോഭിപ്പിച്ചും സ്വകാര്യ ട്യൂഷനും ഗൈഡുകളും വഴി ശിഷ്യവിത്തം അപഹരിച്ചു കൊണ്ട് സ്വന്തം കീശവീർപ്പിക്കുന്ന ഗുരുനാഥൻമാരെ ഇന്നത്തെ സമൂഹത്തിൽ സുലഭമായി കാണുന്നു. താൻ പഠിച്ചതും പഠിപ്പിക്കുന്നതും സ്വന്തം ജീവിതത്തിൽ പകർത്താൻ അവർ തയ്യാറല്ല. ഗുരു ആചാര്യൻ കൂടിയാണ്.

ആചിനോതി ഹി ശാസ്ത്രാണി ആചാരെ സ്ഥാപയതാല്പര്യം

സ്വയമാചാര്യതെ ചാര്യ തസ്മാദാചാര്യ ഉച്ചതെ

എന്നു വായുപുരാണം ആചാര്യപദത്തെ നിർവചിക്കുന്നു. സ്വഭാവഗുണവും മാതൃകാപരമായ പ്രവൃത്തിയുമാണ് ആചാര്യ പദത്തെ അന്വർഥമാക്കുന്നത്. മനസ്സും വാക്കും പ്രവൃത്തിയും ഒന്നാക്കി മാറ്റുന്ന ഗുരുവിനെയാണ് ശിഷ്യൻമാർ പൂജിക്കുന്നത്. വിദ്യാദാനമാണ് തന്റെ കടമ എന്നു വിശ്വസിക്കുന്ന ഒരു ഗുരു പരമ്പരയാണ് ഭാരതത്തിന് ഉണ്ടായിരുന്നത്. ശത്രുവിന്റെ മകനായ കചനെ വിദ്യ അഭ്യസിപ്പിക്കുമ്പോൾ ശുക്രാചാര്യർക്കു തന്റെ അന്തകനായി പിറന്ന ധൃഷ്ടദ്യുമ്നനെ ആയോധനവിദ്യ പഠിപ്പിക്കുമ്പോൾ ദ്രോണാചാര്യർക്കും സ്വാർത്ഥ ചിന്തകളൊന്നും ഉണ്ടായിരുന്നില്ല.

## സുഭാഷിതം 2-3

ജ്ഞാനികളായ ആചാര്യൻമാരുടെ ഹൃദയം പാവങ്ങൾക്കുവേണ്ടി തുടിച്ചിരുന്ന കഥ നമ്മുടെ ഉപനിഷത്തുകളിൽ കാണാം. വിദ്യാഭ്യാസം ഒരു തൊഴിലാക്കി ശിഷ്യന്റെ വിത്തം അപഹരിക്കുന്ന ശിഷ്യവിത്താപഹാരകൻമാർ ഈ ലോകത്തു സുലഭമാണെന്നാണ് ഈ വരികളുടെ പൂർവാർദ്ധം

**(ശേഷം 41-ാം പേജിൽ)**

# ഹരിസുധാലഹരി

നന്ദകുമാർ മേനോൻ (ഫോൺ: 98959 81809)

## ശ്ലോകം 9

ഹേ രാധേശ ഭവൽ കൃപാവിഷയമായ്ത്തീർന്നോൻ പരം കുൽസിതാ

കാരൻ വൃദ്ധനനക്ഷരൻ കൂവസനൻ നിസ്വാഗ്ര്യ നെന്നാകിലും

മാരാർത്ത്യാവസാനം കഴിഞ്ഞ ദിവിഷൽപ്പെൺമൗ ലിമാരാശുതൻ

ചാരത്തെത്തുമതെത്രതുച്ഛമവനിത്രൈലോക്യവും വശ്യമാം

**പദാർത്ഥം**

ഭവൽ = അവിടുത്തെ

കൃപാ = കാരുണ്യം

വിഷയം = ലക്ഷ്യം

പരം = ഏറ്റവും

കുൽസിതാകാരൻ = ഏറ്റവും അറപ്പുളപ്പാക്കുന്ന ആകാരമുള്ളവൻ

അനക്ഷരൻ = അക്ഷരാഭ്യാസമില്ലാത്തവൻ

കൂവസനൻ = മോശമായ വസ്ത്രം ധരിച്ചവൻ

നിസ്വാഗ്ര്യൻ = ദരിദ്രരിൽ അഗ്രഗണ്യൻ

മാരാർത്തി = കാമാവേശം

ആവസനം = നിറഞ്ഞു താമസിക്കുന്ന അവസ്ഥ

ദിവഷൽ = ദിവ്യ (സ്വർഗ്ഗീയ)

പെൺമൗലി = സ്ത്രീവർഗ്ഗത്തിന്റെ ശിരസ്സ് കിരീടം

ആശു = പെട്ടെന്ന്

ചാരത്ത് = അടുത്ത്

തുച്ഛം = നിസ്സാരം

ത്രൈലോക്യം = ഭൂലോകം , ഭുവർലോകം, സുവർ ലോകം, ഇവ മൂന്നും

വശ്യം = ആജ്ഞക്കധീനം

## ശ്ലോകാർത്ഥം

അല്ലയോ രാധയുടെ ഈശ്വരാ അവിടുത്തെ കാരുണ്യം ആരിൽ ചേരുന്നുവോ അവൻ ഏറ്റവും അറപ്പുളവാക്കുന്ന ആകാരമുള്ളവനായാലും, അങ്ങേയറ്റം വൃദ്ധനായാലും അല്പം പോലും അക്ഷരാഭ്യാസമില്ലാത്തവനായാലും ഏറ്റവും മോശമായ വസ്ത്രം ധരിച്ചവനായാലും, ദരിദ്രരിൽ ഏറ്റവും ദരിദ്രനായാലും കാമാവേശം നിറയുന്ന അവസ്ഥയിലെത്തിയ സ്വർഗ്ഗീയ സുന്ദരിമാരുടെ കൂട്ടത്തിന് കിരീടമായവർപോലും പെട്ടെന്ന് അവന്റെ അടുത്തെത്തും. അത് എത്രയോ നിസ്സാരം. ഭൂലോകം, ഭുവർലോകം, സ്വർലോകം, അതിലെല്ലാമടങ്ങിയ സകലതും അവന്റെ ആജ്ഞാനുവർത്തികളാവും.

## വ്യാഖ്യാ ഃ

അല്ലയോ രാധാകാന്താ, രാധയുടെ ഈശ്വരാ, രാധയുടെ അധികാരി, ആ വിളി നോക്കൂ. പ്രധാനികളായി സത്യഭാമയും രുഗ്മിണിയും ഉള്ള കൃഷ്ണനെ അവരുടെ ഭർത്താവെന്ന നിലയ്ക്ക് വിളിച്ചില്ലെങ്കിലും വേണ്ട, കൃഷ്ണാ എന്നെങ്കിലും വിളിക്കാമായിരുന്നില്ലേ. എന്തിനു രഹസ്യ (പരസ്യ) കാമുകിയുടെ ഈശനായി വിളിച്ചു ? കവികൾക്ക് വൃത്തനിബദ്ധതയിൽ ഉറച്ചാലും വേണ്ട വാക്കുകളേ നാവിൽ വരൂ. തുടർന്ന് പറയാൻ പോകുന്ന കാര്യങ്ങൾക്ക് 'രാധാകൃഷ്ണബന്ധം' തന്നെ വേണം! അവിടുത്തെ കൃപാ വിഷയം ആകുക വിഷയിക്ക് പ്രവർത്തിക്കാനുള്ള മണ്ഡലമാണ് വിഷയം. ചിത്രം വിഷയമാണെങ്കിൽ ചിത്രകാരൻ വിഷയി. ചിത്രകാരന്റെ ശ്രദ്ധ മുഴുവൻ ചിത്രത്തിലാണ്. സംഗീതം വിഷയം ആണെങ്കിൽ ഗായകൻ വിഷയി. ഗായകന്റെ ശ്രദ്ധ മുഴുവൻ ഗീതത്തിലാണ്. അവൻ വിഷയമാകുകയും 'ഭവൽകൃപ 'വിഷയി ആകുകയും ചെയ്യുന്നു. ഭവൽകൃപയുടെ ശ്രദ്ധ മുഴുവൻ അവനിൽ ആണ് അതാണ് ഭവൽകൃപാവിഷയമാകുന്ന അവസ്ഥ. അങ്ങനെയുള്ളവൻ ആരായാലെന്ത്! 'അനന്നാകിലും' എന്നതിലെ 'അൻ' അവനാണ്. ആരോ ഒരുവൻ. എങ്ങനെയുള്ളവനാണ് അവൻ? അവനുള്ള വിശേഷണങ്ങളാണ് ഇനി പറയുന്നത്. എന്നാൽ 'പരം' ഏറ്റവും എന്ന വിശേഷണം ഇവിടെ തുടർന്നു വരുന്ന മറ്റു വിശേഷണങ്ങൾക്കെല്ലാം വിശേഷണമാണ്. 'വിശേഷണ വിശേഷം വിശേഷണ വിശേഷണം' ഇനി പറയുന്ന വിശേഷണങ്ങളെല്ലാം അതിന്റെ പരമകാഷ്ഠയിലുള്ള അവസ്ഥയിലാണെന്നാണിവിടെ ഈ

പരം കൊണ്ട് ഗുരു ദ്യോതിപ്പിക്കുന്നത് എങ്ങനെയെല്ലാമുള്ളവൻ? കുത്സിതാകാരൻ നികൃഷ്ടപ്രതികൃഷ്ടാ അർവ്വോ രേഫ യാപ്യ അവമ അധമ കുപൂയ കുൽസിത അവദ്യ ഖേട ഗരഹ്യ അണക (അമരം 3:54) എല്ലാം അധമാതിനികൃഷ്ടാവസ്ഥയെ വിശേഷിപ്പിക്കുന്നു. ആകാരം രൂപം ഒറ്റനോക്കു കണ്ടാൽ ത്സടിതി മുഖം തിരിക്കുന്നത്ര നികൃഷ്ടമായ രൂപം എങ്ങനെയുള്ള കുൽസിതത്വം? പരം കുൽസിത 'അങ്ങേയറ്റം കുൽസിതൻ' വൃദ്ധൻ വാർദ്ധക്യം വ്യക്തം. പല്ലുകൊഴിഞ്ഞ് തൊലി ചുളിഞ്ഞ് കാഴ്ചയും കേൾവിയും കുറഞ്ഞ് നടക്കാൻ വടിയുടെ സഹായം വേണ്ടുന്നവൻ. എങ്ങനെയുള്ള വൃദ്ധൻ? 'പരം വൃദ്ധ' അങ്ങേയറ്റം വൃദ്ധൻ അനക്ഷരൻ അക്ഷരാഭ്യ സമില്ലാത്തവൻ. വിദ്യയുടെ ആദ്യപടിയാണ് അക്ഷരം. പിന്നെ വാക്, പിന്നെ വാക്യം, പിന്നെ ശാസ്ത്രാദി. ഇതിൽ അടിസ്ഥാനപരമായ അക്ഷരംപോലും അഭ്യസിക്കാത്തവൻ, അറിയാത്തവൻ. എങ്ങനെയുള്ള അനക്ഷരൻ? 'പരം അനക്ഷരൻ' അങ്ങേയറ്റം അനക്ഷരൻ, യാതൊന്നും അറിയാത്തവൻ. കുവസനൻ വൃത്തികെട്ട വസ്ത്രം ധരിച്ചവൻ നാറ്റമുള്ള , കീറിയ, നാണം മറയ്ക്കാനുതകാത്ത അറപ്പുളവാക്കുന്ന വസ്ത്രം. എങ്ങനെയുള്ള കുവസനൻ? 'പരം കുവസന' അങ്ങേയറ്റം വൃത്തികെട്ട വസ്ത്രം ധരിച്ചവൻ നിസ്വാഗ്ര്യൻ നിസ്വൻ ദരിദ്രൻ ദരിദ്രരിൽ അഗ്രൻ ഏറ്റവും ദരിദ്രൻ എങ്ങനെയുള്ള ദരിദ്രൻ ? 'പരം നിസ്വാഗ്ര്യൻ' അങ്ങേയറ്റം ദരിദ്രരരെക്കാളും ദരിദ്രൻ ഇങ്ങനെയെല്ലാമാണെങ്കിലും അവന്റെ സമീപത്തെത്തും! ആര് ? 'മൗലിമാർ' കിരീടങ്ങൾ തലകൾ. കിരീടം തലയെ വിശേഷാൽ അലങ്കരിക്കുന്നതാണ്. തലയോ, ശരീരത്തിലെ ഏറ്റവും പ്രധാന അവയവം. അവിടെയാണ് ഹർഷാത്മകമായ ആജ്ഞാചക്രവും, ദ്വാദശാരവം, സഹസ്രാരവും, ബ്രഹ്മരന്ധ്രവും എല്ലാമെല്ലാം. എന്തിന്റെ കിരീടം അല്ലെങ്കിൽ ആരുടെ ശിരസ്സ്? 'പെൺമൗലിമാർ'സ്ത്രീകളുടെ ശിരസ്സ്. ശരീരത്തിൽ ഏറ്റവും പ്രധാനമായ, ഏറ്റവും നിർണ്ണായകമായ തലപോലെ . സ്ത്രീവർഗ്ഗത്തിൽ തന്നെ ഏറ്റവും പ്രധാനികൾ. ഏറ്റവും നിർണ്ണായകരായ സ്ത്രീകൾ. സ്ത്രീവർഗ്ഗത്തിനു തന്നെ കിരീടമായിരിക്കുന്ന സ്ത്രീകൾ സൗന്ദര്യം, ലാസ്യം, മൃദുലത, കടക്കണ്ണേറ്, മൃഗരാജകടി, ഗജരാജവിരാജിതമന്ദഗതി സ്തനഭാരദളന്മദ്ധ്യ, സൗഭാഗ്യമാർദ്ദവോരുദ്വയ, മരാളി മന്ദഗമന മുതലായ അനേകം സ്ത്രീസഹജ സൗന്ദര്യ ഗുണനിറകാരണങ്ങൾ സമ്മേളിച്ചവർ എങ്ങിനെയുള്ള പെൺമൗലിമാർ? ഭൂമിയിലേയോ? 'ദിവിഷൽ സ്വർല്ലോക പെൺമൗലിമാർ' എന്താണ് അവരുടെ അവസ്ഥ? കാമാസക്തി ,രതിയോടുള്ള ആർത്തി ആകെ നിറഞ്ഞു നില്ക്കുന്ന അവസ്ഥ. 'കഴിഞ്ഞവർ' ഇവിടെ കഴിഞ്ഞവർ എന്ന വാക്കിന് ബാലാവസ്ഥ കടന്ന് തരുണി അവസ്ഥ എത്തിക്കഴിഞ്ഞവർ എന്നാണ് ഗുരു ഉദ്ദേശിച്ചിരിക്കുന്നത്. ഇത്രയും വിരൂപനും വൃത്തികെട്ടവനും ദരിദ്രനും വിഡ്ഢിയുമായവൻ അവിടുത്തെ കരുണയ്ക്ക് വിഷയമായാൽ മാരാർത്തി വന്നു കഴിഞ്ഞ സ്വർഗ്ഗീയ സുന്ദരിമാർക്ക് കിരീടമായവർ ഇടിമിന്നലിന്റെ വേഗത്തിൽ അവന്റെ അടുത്തു വന്നുചേരും !!! ഏകദേശം അത്രയൊക്കെ ആദി ശങ്കരനും സൗന്ദര്യലഹരിയിൽ പറഞ്ഞു വച്ചിട്ടുണ്ട്. 'വിഗളിതദുകൂലായുവതയ' എന്നവസാനിക്കുന്ന ശ്ലോകം നോക്കുക. പക്ഷേ ശങ്കരൻ ഇത്ര കൊട്ടിഘോഷിച്ച വിഷയം ഗുരുനാഥന് 'അതെത്ര തുച്ഛം' കാരണം 'അവനിത്രൈലോക്യവും വശ്യമാം'. ത്രൈലോക്യത്തിൽ മൂന്നു ലോകവും അതിലധിവസിക്കുന്ന സകല ചരാചരങ്ങളും ഒതുങ്ങി. പിന്നെന്തീ തുച്ഛമായ 'ദിവിഷൽപ്പെൺമൗലി'.

**ശ്ലോകം 10**

ക്ഷീരാബ്ധൗ സിതസൈകതേ മണിഗൃഹേ ഭോഗിന്ദ്രശയ്യാ തലേ

സ്മേരാസ്യാ രമനൽകിടും മധുരമാം ശൃംഗാരസംഭാവനം

സ്ഫാര പ്രേമമൊടാസ്വദിച്ചു മരുവും ത്വദ്രൂപമെന്നും സ്മരി

പ്പോരാം ധന്യരെ രാജ്യലക്ഷ്മിയനിശം ചെയ്യുന്നു നീരാജനം

പദാർത്ഥം

ക്ഷീരാബ്ധൗ = പാൽക്കടലിൽ

സിതസൈകതേ = വെളുത്ത മണൽതിട്ടയിൽ

മണിഗൃഹേ = മണിമണ്ഡപത്തിൽ

ഭോഗീന്ദ്ര = അനന്തൻ

ശയ്യാ = മെത്ത

തലേ = മുകളിൽ

സ്മേരാസ്യാ = ചിരിക്കുന്ന മുഖത്തോടു കൂടി

രമനൽകിടും = സുഖിപ്പിക്കുന്നവൾ നൽകുന്ന

മധുരമാം = മധുരമുള്ള

ശൃംഗാര = സ്ത്രീപുരുഷ സംയോഗരസം

സംഭാവനം = പൂർണ്ണമായുള്ള ഭാവന

സ്ഫാര = സമൃദ്ധ

പ്രേമ = സ്ത്രീപുരുഷ ആകർഷണം

ത്വദ്രൂപം = അവിടുത്തെ രൂപം

ധന്യരെ = സദ്ഭാഗ്യസമ്പന്നരെ

രാജ്യലക്ഷ്മി = രാജ്യം നൽകുന്ന ലക്ഷ്മി

അനിശം = രാപകൽ

നീരാജനം = ശുദ്ധിയാക്കൽ

## ശ്ലോകാർത്ഥം

പാൽക്കടലിൽ വെളുത്ത മണൽത്തിട്ടയിലുള്ള മണിമണ്ഡപത്തിൽ അനന്തനാകുന്ന കിടക്കയിൽ, ചിരിച്ച മുഖത്തോടുകൂടിയ രമ ഒന്നും ബാക്കിവക്കാതെ കൊടുക്കുന്ന ശൃംഗാരം സമൃദ്ധമായ പ്രേമത്തോടു കൂടി ആസ്വദിച്ചിരിക്കുന്ന അവിടുത്തെ രൂപം എന്നും സ്മരിക്കുന്നവരെ, രാജ്യലക്ഷ്മി ശുദ്ധിയാക്കുന്നു.

## വ്യാഖ്യാ ഃ

പാൽക്കടൽ പാൽ, ജനിച്ചുവീണ പുതുജീവന്റെ ആദ്യഭോജനം ആണല്ലോ. അതുകൊണ്ട് ജീവസൃഷ്ടിക്കുതകുന്ന അമൃതു തന്നെ ക്ഷീരം, പാൽ ആ പാൽക്കടലിലെ മണൽത്തട്ടിൽ ദ്വീപിൽ (പാൽക്കടലായതുകൊണ്ട്, ശാകദീപം) മണിമണ്ഡപത്തിൽ ഭോഗീന്ദ്രൻ ഭോഗികളുടെ രാജാവ്. ഭോഗി സർപ്പം രാജാവ് അനന്തൻ അനന്തനാകുന്ന കിടക്കയിൽ ചിരിക്കുന്ന മുഖത്തോടകൂടിയ രമ. രമിപ്പിക്കുന്നവൾ 'രമ' ശൃംഗാരസംഭാവനം ശൃംഗാരം രതിസംബന്ധം, രതിയുടെ ആദ്യാവസാനം സംബന്ധിക്കുന്ന തത്രെ ശൃംഗാരം.സംഭാവനം മനസ്സ് പൂർണ്ണമായി അർപ്പിക്കുന്ന, ഉൾക്കൊള്ളിക്കുന്ന അവസ്ഥ '(ശൃംഗാര സംഭാവനം)' മനസ്സും ശരീരവും പൂർണ്ണമായും രതിയിൽ ഉൾക്കൊള്ളുന്ന അവസ്ഥ അതു നലകുന്നവൾ 'രമ' സ്ഫാര സമൃദ്ധമായി എല്ലാവിധത്തിലും നിറഞ്ഞു കവിയുന്ന വീണ്ടും വീണ്ടും ആവർത്തിക്കുന്ന തുടർച്ചയായി നിലനിൽക്കുന്ന പ്രേമം രതിസംബന്ധമായ പ്രണയം പ്രണയിനിയോടു തോന്നുന്ന വികാരം നിറഞ്ഞു കവിയുന്ന പ്രേമത്തോടെ ആസ്വദിച്ചു മരുവുന്ന ഇവിടെ രതി കൊടുക്കുന്നവൾ രമയും ആസ്വദിക്കുന്നവൻ ഹരിയും ഉപരിസുരതം മുതലായ സ്ത്രീപ്രാധാന്യ രതിവിശേഷങ്ങൾ വ്യംഗ്യം മരുവും സ്ഥിതി ചെയ്യും. അങ്ങനെയുള്ള അവിടുത്തെ രൂപം നിത്യവും സ്മരിക്കുന്ന ധന്യരെ ധന്യൻ സുകൃതി പുണ്യവാൻ, ഭാഗ്യവാൻ അവരെ രാജ്യലക്ഷ്മി (ലസ 689) രാജ്യാഭിമാനിനീ ലക്ഷ്മീ തന്ത്രരാജതന്ത്രത്തിലെ ഒരു മന്ത്രം (സഹസ്രനാമം ഭാസുരാനന്ദവ്യാഖ്യാ) രാജ്യത്തിൽ അഭിമാനിക്കുന്ന ലക്ഷ്മി ഭക്തനു രാജ്യം പ്രദാനം ചെയ്യാൻ സമർത്ഥ, രാജ്യത്തിന്റെ ലക്ഷ്മി അനിശം നിരന്തരം ഇടതടവില്ലാതെ, രാപകലില്ലാതെ, നിർത്താതെ. നീരാജനം ദീപം ഉഴിയൽ, കർപൂരം ഉഴിയൽ, വിശേഷാൽ കർപ്പൂരം ഉഴിയൽ. അങ്ങനെയുള്ള ഭാഗ്യവാനെ രാജ്യം പ്രദാനം ചെയ്യാൻ സമർത്ഥയായി ലക്ഷ്മി കർപൂരം ഉഴിയുന്നു. ഹരിയും രമയും ചേർന്നുള്ള രതി ബ്രഹ്മാനന്ദമാണ്. അതിനു ഭോഗീന്ദ്രൻ ഭോഗികളുടെ ആനന്ദത്തിന്റെ രാജാവ് തന്നെ ശയ്യയാവണം. സർപ്പം കാമാവേശത്തിന്റെ പ്രതിനിധിയും കൂടിയാണ്. സോമോവാ ഏതസ്യ രാജ്യമാധത്തെ..... തസ്യ ഭാസാ സർവ്വമിദം വിഭാതി എന്ന കർപ്പൂരനീരാജനത്തിനുപയോഗിക്കുന്ന ഋക് ആരാരോടു പറയുന്നു എന്ന സന്ദിഗ്ധാവസ്ഥ ഗുരു ഇവിടെ തീർത്തു. സോമൻ ഈ രാജ്യം ഇവനു കൊടുക്കുന്ന (അശ്വമേധം തീർത്തവന്) രാജാവായവൻ സോമം കൊണ്ട് യജ്ഞം ചെയ്യുന്നു. ദേവസുക്കൾക്ക് (അഗ്നി, സോമ, സവിതൃ, ബൃഹസ്പതി, ഇന്ദ്ര, മിത്ര, വരുണ, രുദ്ര) ഇവ എട്ടു ധാന്യപ്പൊടികളാൽ നിർമ്മിക്കപ്പെടുന്ന പുരോദസ്) ഹവിസ്സായി തീരട്ടെ. ദേവകളുടെ പ്രേരണാശക്തി ഇവനിൽ ഇതു വർഷിക്കുന്നു. ഇവൻ വീണ്ടും രാജ്യത്തിനുവേണ്ടി ഹവിസ്സർപ്പിക്കുന്നു. സാമ്രാജ്യം ഭോജ്യം സ്വരാജ്യം വൈരാജ്യം പാരമേഷ്ഠ്യഗ്ം രാജ്യം മഹാരാജ്യമാധിപത്യം (ഇവയെല്ലാം ഇവനിൽ പതിക്കട്ടെ) ആര് തീർച്ചയായും ബ്രഹ്മത്തിന്റെ അമൃത് ചുറ്റുന്ന പുരിയെ അറിയുന്നോ, അവന് ബ്രഹ്മം ആയുസ്സും, കീർത്തിയും, പ്രജകളെയും നൽകുന്നു. അവിടെ സൂര്യൻ പ്രകാശിക്കുന്നില്ല. ചന്ദ്രതാരകങ്ങളും ഇടിമിന്നലും പ്രകാശിക്കുന്നില്ല. പിന്നെ എന്തഗ്നി! ആ പ്രകാശത്തിനെത്തന്നെ എല്ലാം അനുഗമിക്കുന്നു. അതിന്റെ പ്രകാശം കൊണ്ടിവയെല്ലാം പ്രകാശിക്കുന്നു. ഇത് ദേവത സാധകന് കൊടുക്കേണ്ട അനുഗ്രഹമാണ്. സാധകൻ ദേവതക്കല്ല, കൊടുക്കുന്നതോ, സാമ്രാജ്യം, ഭോജ്യം, പാരമേഷ്ഠ്യഗം രാജ്യം. ഇവ കൊടുക്കാൻ കഴിവുള്ളത് രാജ്യലക്ഷ്മിക്കു തന്നെ. അവൾ അത് കൊടുക്കുന്നതോ ധന്യരെ നിരാജനം ചെയ്തുകൊണ്ട്!!. ''സഹസ്രാരാംബുജാരൂഢാ സുധാസാരാഭിവർഷിണി'' എന്ന നാമങ്ങൾകൊണ്ടും സഹസ്രാരം ക്ഷീര സഞ്ചയമാണ്. അവിടെയാണ് ''വാമേന രക്തോല്പലം ബിഭ്രത്യാ പ്രിയയേതരേണാശ്ലിഷ്ടം പ്രസന്നാനനം ശിരസ്ഥ ഗുരുവും'' സ്ഥിതി ചെയ്യുന്നത്●

# പാതഞ്ജലയോഗദർശനം

**കൈതപ്രം വാസുദേവൻ നമ്പൂതിരി**

ചിത്തവൃത്തികൾ അഞ്ചുതരം എന്നു പറഞ്ഞു. അവയിൽ ആദ്യത്തേത് പ്രമാണം. അതിന്റെ കാര്യങ്ങൾ കഴിഞ്ഞ ലക്കത്തിൽ പറഞ്ഞു. രണ്ടാമത്തെ തരം വൃത്തിയാണ് വിപര്യ വൃത്തി. 'വിപര്യയോ വിദ്യാജ്ഞാനം അതദ്രൂപ പ്രതിഷ്ഠം.'

പ. യോ സൂത്രം 1 8

വിപര്യമെന്നാൽ വിപരീതം അഥവാ മാറിയത് എന്നർത്ഥം. അത് മിഥ്യാജ്ഞാനമാണ്. യഥാർത്ഥമല്ലാത്തതാണ്, പ്രമാണത്തിന് വിരുദ്ധമാണ്.

വളരെ പ്രസിദ്ധമായ ഒരുദാഹരണമുണ്ട്. മങ്ങിയ പ്രകാശത്തിൽ നിലത്തു വളഞ്ഞു കിടക്കുന്ന കയറിനെ പാമ്പായി തോന്നുക. കാണുന്ന രൂപത്തിന് അറിയാതെ മറ്റൊന്നായി അറിയുന്നതാണ് ഇതിന്റെ സ്വാഭാവം. തത് (ആ) രൂപം എന്നതാണ് തദ്രൂപമായത് . രൂപത്തിൽ അധിഷ്ഠിതമായ ജ്ഞാനമാണ് തദ്രൂപപ്രതിഷ്ഠമായ ജ്ഞാനം. മറിച്ചായാൽ വിപര്യം. അഥവാ മിഥ്യാജ്ഞാനം. അതിനെ അവിദ്യ എന്നും പറയും. ക്ലേശങ്ങളുടെ കൂട്ടത്തിലാണ് അവിദ്യയെ പെടുത്തിയിരിക്കുന്നത്. പലതരം നരകങ്ങളായി വിവരിക്കപ്പെടുന്നതും ഇവ തന്നെ. അവിദ്യാ (വിപര്യയ ജ്ഞാനം) അസ്മിത (അഹങ്കാരം) രാഗം (ഇഷ്ടം) ദ്വോഷം , അഭിനിവേശം (മരണഭയം) ഇവയാണ് ക്ലേശങ്ങൾ അഥവാ ദുഃഖങ്ങൾ. ഇവ തന്നെ യഥാക്രമം തമസ്സ്, മോഹം, മഹാമോഹം, താമിസ്രം, അന്ധതാമിസ്രം എന്നിങ്ങനെയുള്ള പേരിലും അറിയപ്പെടുന്നതെന്ന് വ്യാസഭാഷ്യത്തിൽ പറയുന്നു.

അന്യഥാഖ്യാതി എന്നൊരു പദപ്രയോഗവും പതഞ്ജലി പിന്നീട് പ്രയോഗിക്കുന്നുണ്ട്. യഥാർത്ഥത്തിലുള്ളതിൽ നിന്നും വ്യത്യസ്തമായി കാണുന്ന അവസ്ഥ. വാസ്തവത്തിൽ ഇതു പ്രമാണവുമയി ബന്ധപ്പെട്ടതാണ്.

മനസ്സിലാണല്ലോ വൃത്തികൾ. മനസ്സിന് അറിവു കിട്ടുന്നത് ഇന്ദ്രിയങ്ങളിലൂടെയാണുതാനും. ഇന്ദ്രിയങ്ങൾക്ക് തകരാറുണ്ടങ്കിലോ ? മഞ്ഞപിത്തം ബാധിച്ചവന് വസ്തുക്കൾ മഞ്ഞയായി തോന്നും. ഇത് വിപര്യയജ്ഞാനമാണ്. അതദ്രൂപമാണ്. തദ്രൂപമല്ല, യഥാർത്ഥരൂപമല്ല. ചെവിക്കു തകരാറുള്ളവന് വലിയ ഇടിവെട്ടുപോലും ചെറിയ ശബ്ദമായി തോന്നാം. പനി ബാധിച്ചവന് രുചിയറിയാൻ കഴിയില്ല. അറിയുന്ന വസ്തുവിലുള്ള കുഴപ്പവും ജ്ഞാനത്തെ, വൃത്തിയെ ബാധിക്കാം. നല്ല വെളിച്ചമില്ലെങ്കിൽ മരക്കുറ്റി മനുഷ്യനായി തോന്നും. ചുവപ്പു നിറമുള്ള വെളിച്ചത്തിൽ വെച്ച വസ്തുവിന്റെ യഥാർത്ഥ നിറം നമുക്കറിയാൻ കഴിയില്ല. വ്യക്തിയുടെ ഉള്ളിലുള്ള സംസ്കാരവും ധാരണകളും ജ്ഞാനത്തെ ബാധിക്കും.

'ഒരുത്തനെത്തന്നെ നിനച്ചിരുന്നാൽ
വരുന്നതെല്ലാം അവനെന്നു തോന്നും.'

സ്മൃതിയിൽ പറയുന്നതു ശ്രദ്ധിക്കുക.

വിപ്രേ,ഹൃഥ്യാദി ചിത്തസ്ഥം
വഹിഷ്ഠാ കദാചന
സ്വപ്ന ഭ്രമ മദാദ്യേവ്
സർവൈരേവാനുഭൂയതേ.

ഭൂമി മുതലവയ സർവതും ഉള്ളത് പുറത്തല്ല, അകത്താണ്. സ്വപ്നമായും ഭ്രമമായുന്മദമായും ഒക്കെ ഇതിനെയാണ് എല്ലാവരും അനുഭവിക്കുന്നത്.

ചിലപ്പോൾ പ്രത്യക്ഷാദി പ്രമാണങ്ങൾ പോലും നമ്മെ ചതിക്കും. തെറ്റായ ജ്ഞാനം തരും. ഭൂമി പരന്നതാണെന്നായിരുന്നു ഒരു കാലത്തെ ജ്ഞാനം. അന്ന് പ്രത്യക്ഷവും അനുമാനവും ആഗമവുമായ പ്രമാണങ്ങൾ ചതിച്ചിട്ടുണ്ട്.

ഈ വിപര്യയ ജ്ഞാനം നമ്മുടെ നിത്യജീവിതത്തെ വളരെയധികം സ്വാധീനിക്കുന്നുണ്ട്. നാം കാണുന്ന നാനാ വസ്തുക്കൾ എന്നെന്നും നിലനില്ക്കുന്നതല്ല. വീട് അത് നശിക്കും. കാർ അതും നശിക്കും. എന്തിനേറെ ഇവയെല്ലാം ആർക്കു വേണ്ടിയാണോ ആ ആൾ ശാശ്വതമാണോ ? അതായത് അതിന്റെ ഉടമസ്ഥനായ നമ്മൾ സ്വയം ശാശ്വതമാണോ ? നാമും മരിക്കും, നശിക്കും. ഇതൊക്കെ അറിഞ്ഞിട്ടും മറിച്ച് ധരിക്കുന്നത് വിപര്യയമാണ്.

സൗന്ദര്യത്തിനെപ്പറ്റിയും ശുചിത്വത്തെപ്പറ്റിയും ഇതു തന്നെയാണവസ്ഥ. നമുക്കിഷ്ടപ്പെട്ട നമ്മുടെ ശരീരത്തെയും നമുക്കിഷ്ടപ്പെട്ട വ്യക്തിയു

ടെ ശരീരത്തെയും നാം സുന്ദരമായി കാണുന്നു. ഇതു യഥാർത്ഥ ജ്ഞാനമാണോ? അതോ മനസ്സി ന്റെ ഭ്രമമോ?

'നാരീസ്തനഭര നാഭീ ദേശം

ദൃഷ്ട്വാ മാ ഗാ മോഹാവേശം'

സ്ത്രീകളുടെ ശരീരം കണ്ട് മോഹിക്കരുത് എന്ന് ഭജഗോവിന്ദത്തിൽ ശങ്കരാചാര്യർ പറയുന്നു. അത് വിപര്യയമാണെന്നും.

'ഏതത് മാംസവസാദിവികാരം' വെറും മാംസ വും കൊഴുപ്പുമാണ് അത്. ശുചിയായതോ സുന്ദ രമോ അല്ല, നമ്മുടെ ശരീരവും ഈ പുറം തൊലി പൊളിച്ചു കളഞ്ഞാൽ വൃത്തികെട്ട സാധനങ്ങളല്ലേ ?

മറ്റൊരു വിപര്യയമാണ് സുഖമെന്നത്.


'അർത്ഥാനാ ആർജനേ ദുഃഖം' ധനം സമ്പാ ദിക്കുന്നത് ദുഃഖകരമാണ്. 'ആർജിതാനാം തു രക്ഷ ണേ' സമ്പാദിച്ചാൽ അതു സൂക്ഷിച്ചുവെക്കലും ദുഃഖം തന്നെ. അതിനെ തട്ടിപ്പറിക്കാൻ എത്ര പേരാ ണ്? ഇനി ചെലവാക്കിയാലോ , തീർന്നു പോയല്ലോ എന്ന ദുഃഖം. ഒരു തരത്തിൽ പറഞ്ഞാൽ നാളെ വരുമെന്നു പ്രതീക്ഷിക്കുന്ന സുഖത്തെ തേടിയുള്ള അലച്ചിലാണ് ജീവിതം. ദുഃഖദായക വസ്തുക്കളിൽ സുഖത്തെ കാണുന്നത് വിപര്യയം തന്നെയാണ്.

ശരീരം എന്റേതാണോ? അതോ ഞാൻ തന്നെ യോ? വളരെ പഴക്കമുള്ള ചോദ്യമാണിത്. എന്റെ കൈയ്, എന്റെ കണ്ണ് എന്നിങ്ങനെ ആത്മാവിന്റെ ഉപകരണങ്ങളാണ് അവയവങ്ങളും ഇന്ദ്രിയങ്ങളും മനസ്സും എല്ലാം. എന്നാൽ വ്യവഹാരത്തിൽ അതെ ല്ലാം ആത്മാവായാണ് നാം കാണുന്നത്. അന്നജവ സ്തുക്കളിൽ ആത്മാവിനെ കാണുന്നത് വിപര്യയം തന്നെ.യഥാർത്ഥമല്ല. യഥാർത്ഥമായ ജ്ഞാനം മാ ത്രമേ സത്യം തരൂ. സുഖം തരൂ, വിപരീത ജ്ഞാ നം ദോഷകരം തന്നെ. പക്ഷെ ഇങ്ങനെ വിപരീത ജ്ഞാനത്തിൽ മുഴുകി യാഥാർത്ഥ്യമറിയാതെ ജീ വിക്കുമ്പോൾ നാം ഒരു മൂഢസുഖം തീർച്ചയായും അനുഭവിക്കുന്നുണ്ട്. പക്ഷെ അത് അപകടകരമാണ്. പിന്നീട് വിഷമങ്ങൾ വിളിച്ചു വരുത്തുമെന്ന് തിരി ച്ചറിഞ്ഞ് ജീവിക്കുന്നതാണ് യോഗിയുടെ പാത●

# 2017 ജൂലൈ മാസത്തിൽ അന്തരിച്ച കരയോഗാംഗങ്ങൾ



**ജെ.എസ്. ഉണ്ണിത്താൻ**
L/3333, ശ്രീജിത്ത് 28/2464
പൊന്നേത്ത് ടെമ്പിൾ റോഡ്
കടവന്ത്ര, കൊച്ചി 682020



**രാഘവൻ. സി.പി**
L/3214, പാട്ടുപുരയ്ക്കൽ
വിഷ്ണുകൃപ, അശോകറോഡ്
കലൂർ 682017



**ശ്യാമള ഉണ്ണികൃഷ്ണൻ**
L/1405, കാർത്തിക
ജിംനേഷ്യം ലെയ്ൻ
പോണോത്ത് റോഡ്, കലൂർ- 682 017

**ഭസിതഭുജഗഭൂഷം ഭക്തദത്താഭിലാഷം**
**ശമിതസകലദോഷം ശാന്തമിഷ്ടപ്രദോഷം**
**ഹൃദയതിമിരമോഷം ഹൃദ്യവാമാങ്കയോഷം**
**നടനകലിതഘോഷം നൗമി തേജോവിശേഷം.**

***-കടത്തനാട്ടു വാസുനമ്പി***

# വിഷാദ രോഗത്തെ നേരിടുമ്പോൾ

ബഷീർ – ചൈത്രം

എന്താണു വിഷാദരോഗത്തിന്റെ ലക്ഷണമെന്നു ഒരുദാഹരണത്തിലൂടെ വ്യക്തമാക്കട്ടെ ആദ്യം.

ലേഖകന്റെ പരിചയത്തിലുള്ള ഒരു സ്ത്രീക്ക് ഈ വിഷമം ആരംഭിച്ചതോടെ അവർ കൂടുതൽ നേരം കിടക്കയെ ആശ്രയിക്കാൻ തുടങ്ങി. യഥാർത്ഥത്തിൽ അവർ അങ്ങിനെ അല്ലായിരുന്നു. വളരെ ചുറുചുറുക്കുള്ള ഒരാളായിരുന്നു. ദിവസത്തിൽ പറ്റുമെങ്കിൽ രണ്ട് നേരം കുളിക്കുകയും വീട്ടിലുപയോഗിക്കുന്ന വസ്ത്രം അന്നന്നു കഴുകിയിടുകയും വീടും പരിസരവും സദാ വൃത്തിയാക്കുകയും ചെയ്തിരുന്നു അവർ. അയൽവാസികളുമായി നിരന്തരം സമ്പർക്കം പുലർത്തുകയും പറ്റുന്ന രിതിയിലൊക്കെ അവരെ സഹായിക്കുകയും ചെയ്തിരുന്നു. പക്ഷെ ഇത്തരം ദൈനംദിന കാര്യങ്ങളെല്ലാം മുടക്കുന്ന ഒരു ജീവിത രിതിയിലേക്കാണു വിഷാദം അവരെക്കൊണ്ടെത്തിച്ചത്.

സദാ മ്ലാനവതിയായി ദൂരേയ്ക്ക് നോക്കിയിരിക്കുക., ഭക്ഷണം സമയത്തിനു കഴിക്കാതിരിക്കുക, വസ്ത്രം മാറ്റുന്നതിലും എന്തിന് കുളിക്കുന്നതിൽ പോലും അലംഭാവം കാണിക്കുക, ആരോടും വർത്തമാനം പറയാതെ പരമാവധി ഒറ്റയ്ക്കിരിക്കുക തുടങ്ങിയവയൊക്കെ പുതിയ ജീവിതരീതിയായി. ഒറ്റയ്ക്കിരിപ്പ് പിന്നെ കിടപ്പായി. മിക്കവാറും സമയങ്ങളിൽ കിടന്നു സമയം പോക്കാൻ തുടങ്ങി അവർ. ഇങ്ങനെയൊരു മാറ്റം അവരുടെ ജീവിതത്തിലുണ്ടാകുവാനുള്ള ഒരു കാരണം അവരുടെ ഭർത്താവിന്റെ അകാലമരണമായിരുന്നു. അതോടു കൂടി അവർക്ക് ജീവിക്കുവാനുള്ള ആശ വറ്റിപ്പോയി.

ഇവിടെ വിശദീകരിച്ചതാണ് വിഷാദരോഗത്തിന്റെ ലക്ഷണങ്ങൾ.ചിലപ്പോൾ ഈ വിഷമതകൾ തന്നെ ആത്മഹത്യാചിന്ത പിറക്കുവാൻ കാരണമായേക്കാം.

എന്നാൽ ആധുനിക ജീവിതത്തിന്റെ സങ്കീർണ്ണതകളാൽ ഈ രോഗത്തിന് മറ്റ് അനുബന്ധ വിഷമതകൾ വികസിച്ച് വരുന്നുണ്ടത്രേ! സ്പെയിനിലെ ക്ലിനിക്കൽ ഹോസ്പിറ്റൽ ഓഫ് ബാർസലോണയിലെ സൈക്ക്യാട്രിസ്റ്റായ ഡോ. ഡീന പോപോവിച്ചാണു തന്റെ ഗവേഷണത്തിലൂടെ ഇക്കാര്യം വെളിപ്പെടുത്തിയിരിക്കുന്നത്.

വിഷാദത്തിന്റെ നിഷ്ക്രിയവും അലസവുമായ പെരുമാറ്റങ്ങളിൽ നിന്നു അപകടകരമായ പ്രവൃത്തികളിലേക്ക് രോഗി മാറുന്നു എന്നുള്ളതാണ് ശ്രദ്ധയിൽ വന്നിട്ടുള്ള ഒരു പുതിയ കാര്യം. നിരുന്മേഷ, ആലസ്യരീതിയിൽ നിന്നു ആവേശവർദ്ധനവും (Impulsive Enhancement) ആവേശവും ആയി പിന്നീട് ഇത് മാനിയയിലേക്ക് ഗതി മാറുന്നു.

ഡോ. ഡീന മൊത്തം 2811 വിഷാദരോഗികളെയാണു പഠനവിധേയമാക്കിയത്. അതിൽ നിന്നും വിഷാദം മൂലം ആത്മഹത്യാശ്രമങ്ങൾ നടത്തിയ 40% രോഗികൾക്കും മിശ്രവിഷാദരോഗം എന്ന ഈ അക്രമകരമായ പെരുമാറ്റം കണ്ടെത്തി.

മനോരോഗവിദഗ്ദ്ധർക്ക് ഈ രോഗത്തെ സംബന്ധിച്ച് ഒരു പുതിയ വിവരമാണ് അവരുടെ ഗവേഷണം പ്രദാനം ചെയ്യുന്നത്.

ഡോ. ഡീനയുടെ പഠനറിപ്പോർട്ട് ആംസ്റ്റർഡാമിൽ നടന്ന യൂറോപ്യൻ കോളേജ് ഓഫ് ന്യൂറോ സൈക്കോ ഫാർമക്കോളജി സമ്മേളനത്തിലാണ് അവതരിപ്പിക്കപ്പെട്ടത്.

ഒരു പക്ഷേ പരാജയങ്ങളുണ്ടാകുമ്പോൾ, ദൗർഭാഗ്യങ്ങൾ വന്നു പെടുമ്പോൾ അത് സഹിക്കാൻ പറ്റാതെ വരികയും അതോടു കൂടി ജീവിതം തകർന്നു, ഇനി എനിക്ക് ജീവിക്കാൻ പറ്റില്ല എന്ന വിശ്വാസം അങ്കുരിക്കുക സ്വാഭാവികമാണ്.

എന്നാൽ ജീവിതത്തിന്റെ ഇത്തരം തകർച്ചയിൽ നിന്നവരെ മാറ്റിയെടുക്കാൻ സാധിക്കും. സാമൂഹ്യ സംഘടനകളും, മറ്റ് കൗൺസലിങ്ങ് കേന്ദ്രങ്ങളും മനോ: രോഗാശുപത്രികളും അതാണിന്ന് നിർവ്വഹിച്ചു കൊണ്ടിരിക്കുന്നത്.

പലപ്പോഴും വീട്ടിലുള്ള മുതിർന്ന പക്വമതികൾക്കു തന്നെ വിഷാദം ഉള്ളവരെ സഹായിക്കാനും മാറ്റി എടുക്കുവാനും കഴിയുന്ന എത്രയോ നല്ല ഉദാഹരണങ്ങൾ നമുക്ക് മുമ്പിലുണ്ട്. അതിനു വേണ്ടത് കുടുംബാംഗങ്ങൾ തമ്മിലുള്ള നല്ല സമ്പർക്കവും ആശയവിനിമയവുമാണ്●

# എസ്.കെ.പൊറ്റക്കാടിന്റെ കഥാലോകം

**ഡോ. നളിനി സതീഷ്**

ലോകസഞ്ചാരിയായ പൊറ്റക്കാട്, അദ്ദേഹത്തിന്റെ സഞ്ചാരവിവരണങ്ങളിലൂടെയാണ് മലയാളി ആദ്യമായി ലോകരാജ്യങ്ങൾ കണ്ടത്. പാതിരാ സൂര്യന്റെ നാട്ടിലും,കാപ്പിരികളുടെ നാട്ടിലും, ബാലിദ്വീപിലും, സിംഹഭൂമിയിലും നാം അദ്ദേഹത്തോടൊപ്പം സഞ്ചരിച്ചിട്ടുണ്ട്. കഥാകാരനെന്ന നിലയ്ക്ക് നാം അദ്ദേഹത്തെ വേണ്ടത്ര ശ്രദ്ധിച്ചിട്ടുണ്ടോ ? 1928 ൽ അദ്ദേഹം എഴുതിയ രാജനീതി എന്ന കഥ മുതൽ അരനൂറ്റാണ്ടിലധികം കാലം അദ്ദേഹം രചിച്ച കഥകളിലൂടെ കടന്നു പോകുന്നത് രസകരമായ ഒരനുഭവമാണ്.

1930 കളിലെ പൊതു രാഷ്ട്രീയ സാമൂഹ്യ നിലപാടുകളിൽ നിന്ന് വ്യത്യസ്തമാണ് പൊറ്റക്കാടിന്റെ നിലപാട്. പുരോഗമനസാഹിത്യത്തിന്റെ സ്വാധീനത്തിൽ നിന്ന് അദ്ദേഹം വിട്ടു നിന്നു. ഒരു പ്രത്യയശാസ്ത്രത്തിനും കഥ എന്ന മാധ്യമത്തെ ഉപയോഗപ്പെടുത്തരുത് എന്നദ്ദേഹം നിഷ്കർഷിച്ചു. മുതലാളിമാരിലും, തൊഴിലാളികളിലും ഒരുപോലെ മാനവികതയുടെ നന്മ കണ്ടെത്തി.

എങ്കിലും തന്റെ ചുറ്റിലുമുള്ള ദൈന്യത്തിന്റെ കഥകൾ അദ്ദേഹം പറയാതിരുന്നില്ല. കാവൽ കിടക്കുന്നിടത്ത് ഉറങ്ങി പോയതിന് ജന്മിയുടെ തല്ലേറ്റ് അവശനായ ചെറുമന്റെ കഥയാണ് 'വിപ്ലവബീജം.' ജന്മി തീയിട്ട ചാളയിൽ നിന്ന് ഇറങ്ങി ഓടുന്ന ചെറുമി കേഴുന്നു. 'അയ്യോ ബ്‌രാനേ എറുമൻ ന്നലെ അന്ന്ട്ട്ല്ല' പെരച്ചന്റെ കുട്ടിക്ക് ഒരു മോഹം. നല്ലൊരു പച്ചപ്പട്ടു കുപ്പായം വേണം ! ജന്മിയുടെ അടുക്കളയിൽ കയറി കട്ടു തിന്ന കുട്ടിയെ ഏതോ ജന്തു എന്നു വിചാരിച്ച് വീട്ടുകാരൻ വെടിവെച്ചു കൊന്നു. കുറ്റം മറയ്ക്കാൻ ജന്മി കൊടുത്ത പണം കൊണ്ട് കുട്ടിയുടെ ശവത്തിൽ പട്ടുകുപ്പായം അണിയിച്ച് ഭംഗിനോക്കി ചെറുമൻ കരഞ്ഞുപോയി. ഭ്രാന്തൻ നായ കടിച്ചാൽ വില്ലേജ് ഓഫീസിൽ നിന്ന് ആറണ കിട്ടുമെന്ന് കേട്ട് സ്വന്തം കുട്ടിയെ കടിച്ച് പരുക്കേല്പ്പിക്കുകയാണ് കീരൻ. വീട്ടിലെ പട്ടിണിക്ക് തെല്ലു പരിഹാരം. പക്ഷേ വയിറ്റിൽ ഇഞ്ചക്ഷൻ വച്ചതു താങ്ങാനാകാതെ കുട്ടി മരിച്ചുപോയി. കീരൻ അതോടെ ഭ്രാന്തനായി. ദാരിദ്ര്യം കൊണ്ട് വേശ്യാവൃത്തിക്കൊരുങ്ങിയ സ്ത്രീകളും , കള്ളൻമാരും, കൊലപാതകികളും കഥകളിൽ കടന്നു വരുന്നു. ഉച്ചപട്ടിണിക്കാരായ സ്കൂൾ കുട്ടികളിൽ നിന്നും വ്യത്യസ്തരല്ല അല്പശമ്പളക്കാരായ സ്കൂൾ മാസ്റ്റർമാർ. നഗരങ്ങളിൽ തൊഴിൽ അന്വേഷകർ പച്ചവെള്ളം കുടിച്ചും മുണ്ടു മുറുക്കിയുടുത്തും കഴിഞ്ഞിരുന്നു. രാഷ്ട്രീയ സാമൂഹിക വ്യവസ്ഥിതിയുടെ അനീതികളെക്കുറിച്ചു തന്നെയാണ് പൊറ്റക്കാടിനു പറയാനുള്ളത്. ആർദ്രമായ മാനവീകതയിലും കണ്ണീരിലും കുതിർത്തേ അദ്ദേഹം കഥ പറയൂ. അതാണ് ഈ കഥകളുടെ പ്രത്യേകത.

തനിക്കു പരിചിതമായ ലോകത്തിന്റെ കഥകൾ പറയുമ്പോൾ അദ്ദേഹത്തിന് ഉത്സാഹം കൂടും. ബാല്യത്തിന്റെ ഏടുകൾ മറിക്കുമ്പോൾ വിദ്യാർത്ഥി ജീവിതത്തിലെ രസകരമായ ഓർമ്മകൾ പങ്കു വെയ്ക്കുമ്പോൾ, യൗവ്വനത്തിലെ നുറുങ്ങു പ്രേമങ്ങളും വിഡ്ഢിത്തങ്ങളും സ്മരിക്കുമ്പോൾ ഒക്കെ കഥാകാരനും വായനക്കാരനും ഒരുപോലെ രസിക്കുന്നു. സഞ്ചാരി എന്ന നിലക്ക് പരിചയപ്പെട്ട വിചിത്ര മനുഷ്യരെ അദ്ദേഹം നമുക്കു കാണിച്ചു തരുന്നു. 'അവിവാഹിതരുടെ മട'യിലെ രസമൊന്നു വേറെതന്നെ. 'തീവണ്ടിയിൽ' എന്ന കഥയിൽ ഒരു കമ്പാർട്ടുമെന്റിൽ കയറിയ എല്ലാവരുടേയും സൂക്ഷ്മ ചിത്രങ്ങളുണ്ട്. 'ഭൂതലിംഗസ്വാമി'യെ പരിചയപ്പെടുത്തുന്നത്, ഇങ്ങനെയാണ് ആദ്യമായി സ്വാമിയുടെ മുഖത്തു നോക്കിയാൽ നമ്മുടെ കണ്ണുകളെ എതിരേല്ക്കുന്നത് തീരെ അനുസരണയില്ലാത്ത കുറേ പല്ലുകളാണ്. മട പോലത്തെ വായിൽ മുള്ളൻ പന്നി കടന്ന് ഒളിച്ചിരിക്കുന്നുണ്ടോ എന്നു തോന്നും. നടുവേ കീറിയ പാവയ്ക്കാ പോലത്തെ മൂക്കും. വേനൽക്കാലത്തെ വറ്റിയ കുണ്ടുകുളം പോലുള്ള കണ്ണുകളും, അവയിൽ തുള്ളിക്കളിക്കുന്ന തവളക്കുഞ്ഞുങ്ങളെപ്പോലെ രണ്ടു കൺമണികളും കൊരങ്ങിച്ച കാതും, ചപ്രത്തലയും. ഒരു ചൂരൽ വടിയും

വീശി കാഴ്ചബംഗ്ലാവിലെ ധ്രുവക്കരടിയെപ്പോല ഭൂതലിംഗസ്വാമിയുടെ വരവ് നിങ്ങളും കണ്ടല്ലോ ?

കഥാപാത്രങ്ങളുടെ സൂക്ഷ്മവിവരണം മാത്രമല്ല, വൈവിധ്യവും നമ്മെ അത്ഭുതപ്പെടുത്തും. നീലഗിരി കുന്നുകളിലെ തോടവർഗ്ഗക്കാരിയാണ് സിൻസിൽ. നാസിക്കിലെ മുന്തിരിപ്പഴവില്പനക്കാരിയാണ് കുസുമം. മിസ്റ്റിക് ചിത്രങ്ങൾ വരയ്ക്കുന്ന ബോംബെക്കാരനാണ് കുമാർ. മുഗൽരാജവംശത്തിന്റെ പ്രതിനിധിയായി സ്വയം സങ്കല്പിക്കുന്ന ബുദ്ദുപാദുഷക്കും കഥയുണ്ട്. നൂർജഹാന്റെ ചിത്രം വരയ്ക്കുന്ന ബംഗാളിയായ അമൃതകിരൺറായിക്കും ഒരു കഥ പറയാനുണ്ട്. ബനാറസിലെ ധർമ്മശാലയിൽ പരിചയപ്പെട്ട ഒരു വൃദ്ധനെക്കുറിച്ചും പൊറ്റക്കാടിന് പറയാനുണ്ട്. സ്ഥലകാലവൈവിധ്യം മാത്രമല്ല വ്യക്തിത്വത്തിന്റെ വൈവിധ്യത്തിലും പൊറ്റക്കാടിന്റെ കഥാപാത്രങ്ങൾ ആരെയും കവച്ചു വെയ്ക്കും. 'അന്തകന്റെ തോട്ടി'യിലെ ഉക്കുണ്ണി നായർ കരിനാക്കിന്റെ പേരിൽ കുപ്രസിദ്ധി നേടിയവനാണ്. നാസ്തികനായി അറിയപ്പെട്ട ബാലചന്ദ്രൻ ജീവനോട് ശവപ്പെട്ടിയിൽ കിടക്കേണ്ടി വന്നപ്പോൾ ഈശ്വരനെ വിളിച്ചു പോകുന്നു. ഒരു കല്യാണം ഒത്തുവന്നപ്പോൾ ഒട്ടകമെന്ന വിളിപ്പേരിൽ അറിയപ്പെട്ടിരുന്ന വികൃതരൂപി ആകെ മാറിപ്പോയത് കണ്ടില്ലേ ? ഭർത്താവിനെ വഞ്ചിക്കുന്ന സ്ത്രികളും പാതിവ്യത്യം കൊണ്ട് ശീലാവതിയെ അതിശയിപ്പിക്കുന്നവരും ഇവിടെയുണ്ട്. ഭാര്യയെ അടിച്ചൊതുക്കുന്നതിൽ വൈദഗ്ദ്ധ്യം നേടിയ ഭർത്താക്കൻമാരും പൂവിട്ട് ആരാധിക്കുന്ന ഭർത്താക്കൻമാരും ഒരുപോലെ കടന്നു വരുന്നു. മനുഷ്യസ്വഭാവത്തിന്റെ വൈവിധ്യം ഇതുപോലെ സൂക്ഷ്മദർശനത്തിന് വിധേയരാക്കിയ കഥാകാരൻമാർ ഏറെയില്ല.

പൊറ്റക്കാടിന്റെ ഉള്ളിന്റെ ഉള്ളിൽ ഒരു കവിയുണ്ട്. കാല്പനികതയുടെ മായികച്ഛായ കലരുമ്പോൾ കഥകളുടെ വിഷയവും, ഭാഷയും ഒരുപോലെ കാവ്യാത്മകമാകുന്നു. കഥാസമാഹാരങ്ങളുടെ പേരുകൾ നോക്കൂ. ചന്ദ്രകാന്തം, രാജമല്ലി, പുള്ളിമാൻ, നിശാഗന്ധി പത്മരാഗം, ജലതരംഗം, പൗർണ്ണമി, വൈജയന്തി, മണിമാളിക, ഇന്ദ്രനീലം, രാഗമണ്ഡപം, ഹിമവാഹിനി, കള്ളിപ്പൂക്കൾ, വനകൗമുദി, കനകാംബരം, ഏഴിലംപാല, കാട്ടുചമ്പകം, ജീവിതം തന്നെ ഒരു റൊമാൻസാണ് എന്ന് അദ്ദേഹത്തിന്റെ കഥാപാത്രമായ നിക്കർ അഭിപ്രായപ്പെടുന്നു. കടവുതോണിയിലെ മമ്മു അനിർവ്വചനീയമായ ഒരു വികാരത്തിനടിമപ്പെട്ട് ആമിനയെ തേടി നഗരവീഥികളിൽ അലയുന്നു. ഉലകിലേക്ക് വഴുതിവീണ ഹൂറിയാണ് അവൾ എന്നു സങ്കല്പിക്കുന്നു. സന്ദർശനം എന്ന കഥയിലെ കൃഷ്ണനുണ്ണി വിരുന്നു ചെന്ന വീട്ടിലെ ദാസിയെപ്പോലെ കഴിയുന്ന കാർത്യായനിയിൽ പ്രണയപരവശനാകുന്നു. കഥയുടെ പശ്ചാത്തലത്തിൽ നിറഞ്ഞു നിൽക്കുന്നത് പ്രണയപ്രതീകമായ താജ്മഹാളാണ്. കുടകിന്റെ പശ്ചാത്തലത്തിൽ വിരിഞ്ഞ പ്രണയത്തിന്റെയും ത്യാഗത്തിന്റെയും കഥയാണ് പുള്ളിമാൻ. പ്രേമസർവ്വസ്വമായ മാലതിയെ കാണാൻ നിശാഗന്ധിപ്പടർപ്പിൽ നിത്യവും ഒളിച്ചിരുന്ന പതിനേഴുകാരനും പ്രണയത്തിന്റെ കഥയാണ് പറയാനുള്ളത്. രാജശേഖരന്റെ പ്രണയപരീക്ഷണത്തിന്റെ പരാജയകഥയാണ് സ്ത്രീ. നിലാവും, നദീതീരവും, വനപ്രകൃതിയും, മലനിരകളും ആ കഥകൾക്ക് മായികമായ പശ്ചാത്തലമൊരുക്കുന്നു.

പൊറ്റക്കാടിന്റെ കഥകൾക്കിടക്ക് ഒരു മിന്നൽ പോലെ ഫലിതം കടന്നു വരും. പട്ടിണി കിടന്നു പല്ലിളിച്ച അപ്പുണ്ണി മാസ്റ്റർക്ക് ഗ്രാന്റു കിട്ടുന്നതിനെക്കുറിച്ചേ ചിന്തിക്കാനാകുന്നുള്ളു. കാണ്ടാമൃഗത്തെക്കുറിച്ചു പഠിപ്പിക്കെ അദ്ദേഹം അറിയാതെ കുട്ടിയോട് ചോദിച്ചു പോകുന്നു. കാണ്ടാമൃഗത്തിന് എത്ര ഗ്രാന്റ് കിട്ടും ? മകൾക്ക് അപ്രതീക്ഷിതമായി ഒരു കല്യാണാലോചന ഒത്തു വന്നപ്പോൾ വക്കീൽ അച്യുതമേനോന് സഹിക്കാനായില്ല. 'ദേവീ എനിക്ക് മനസ്സിന് ഒരു സുഖവുമില്ല. വേഗം കുറെ പാൽപായസം ഉണ്ടാക്കി കൊണ്ടു വരൂ' എന്നായി വക്കീൽ ! തെരുവുകച്ചവടക്കാരൻ ഹിങ് ലാ ഹാ സ്യംഗാ എന്ന സകലരോഗസംഹാരിയെക്കുറിച്ച് വാചാലനായപ്പോൾ നാലണ കൊടുത്ത് വാങ്ങിയ നമ്പീശൻ അത്ഭുതം കൂറി. 'എന്തൊക്കെ ദിവ്യ ഔഷധങ്ങളുണ്ട് മാഷേ നമ്മുടെ നാട്ടിൽ !മൃതസഞ്ജീവനി മറ്റും വളരുന്ന പുണ്യസ്ഥലമല്ലേ'. പെണ്ണുങ്ങൾ ഷൂസിട്ട് ചാടിച്ചാടി നടക്കുന്നത് കാണുന്നവർക്ക് പാവകളി കാണേണ്ട ആവശ്യമില്ല എന്നൊരു കമന്റുണ്ട്. അതോടൊപ്പം 'ഭാര്യ സുഖകരമായ ഒരു ഭാരമാണ് , ചെരിപ്പു പോലെ'. എന്ന പ്രസ്താവവുമുണ്ട്. അമേരിക്കർ കോൾഡ് എന്നു കേട്ട് പരിഭ്രമിക്കണ്ട. വേലുനായർ വിറ്റു നടക്കുന്ന പണ്ടങ്ങളാണ് തനി അമേരിക്കൻ കോൾഡ്. കോഴിക്കോട് /തലശ്ശേരി ഭാഗങ്ങളിലെ സംഭാഷണഭാഷയും ഫലിത തനിമയോടെ കഥകളിൽ കടന്നു വരുന്നുണ്ട്.

സ്ത്രീ പുരുഷബന്ധങ്ങളിലെ വൈചിത്രങ്ങൾ പൊറ്റക്കാടിനെ എക്കാലത്തും വിസ്മയിപ്പിച്ചിട്ടുണ്ട്. 'സ്ത്രീ' എന്ന കഥയിലെ രാജശേഖരൻ

സുനന്ദയേയും ഭാർഗവിയേയും പരീക്ഷണ നിരീക്ഷണങ്ങൾക്ക് വിധേയരാക്കുന്നു. അവസാനം പരാജയപ്പെട്ട് സ്ത്രീ ഹൃദയം നിർണ്ണയിക്കാനാവാത്ത പ്രതിഭാസമാണെന്ന നിഗമനത്തിലെത്തുന്നു. പ്രതികാരത്തിന്റെ പരിണാമം എന്ന കഥയിലെ രമ കൂട്ടുകാരിയായ ഉമയെ സ്നേഹിക്കാതെ അവളുടെ മരണത്തിനിടയാക്കിയ ഭർത്താവിനെ പ്രണയം നടിച്ച് വശത്താക്കുന്നു. കൂട്ടുകാരിക്കു വേണ്ടി പ്രതികാരം ചെയ്യലാണ് അവളുടെ ഉദ്ദേശം. പക്ഷേ തന്റെ സ്നേഹത്തിനുവേണ്ടി കൊതിക്കുന്ന ഭർത്താവിനെ അവൾ അറിയാതെ മതിമറന്ന് സ്നേഹിച്ചു പോകുന്നു. പുള്ളി മാനിലെ പാർവ്വതി ദേവയ്യനെ സ്നേഹിച്ചു. അയാളുടെ സ്നേഹം സ്വന്തം അനുജത്തിയുടെ നേർക്കാണെന്നു കണ്ടപ്പോൾ അവരെ ജീവിക്കാൻ അനുവദിച്ച് സ്വയം മരണം ഏറ്റു വാങ്ങി. സന്യാസിനിയുടെ കഥ മരണത്തെ അതിജീവിച്ച ഒരു പ്രണയകഥയാണ്. സ്ത്രീഹൃദയത്തിന്റെ ത്യാഗസന്നദ്ധതയോടൊപ്പം അസൂയ, കുനുഷ്ട്, കുസൃതി, അപവാദപ്രചരണപ്രവണത എല്ലാം കഥകൾക്ക് വിഷയമാകുന്നുണ്ട്. സ്ത്രീഹൃദയം എന്ന പ്രഹേളിക കഥാകാരനെ സദാ അത്ഭുതപ്പെടുത്തുന്നതായി കാണാം.

ജീവിതത്തിന്റെ വൈവിധ്യങ്ങളെക്കുറിച്ച് ഇത്രയേറെ ചിന്തിച്ച ഈ കഥാകാരന്റെ മുന്നിൽ മരണം ആകസ്മികമായ സാന്നിദ്ധ്യമല്ല. റഷിയയുടെ പ്രണയകഥ അവസാനിക്കുന്നത് മരണത്തിലാണ്. സഖി എന്ന കഥയിലെ പ്രഭ കൂട്ടുകാരിയായ കാളിക്ക് പണ്ടങ്ങളെല്ലാം അഴിച്ചു കൊടുത്ത് മരണം വരിക്കുന്നു. രഘുനാഥൻ എന്ന ആട്ടിടയനെ തേടി വന്ന കുസുമ രാത്രിയുടെ അരണ്ട വെളിച്ചത്തിൽ കാണുന്നത് കാമുകന്റെ ശവമാണ്. 'പ്രതികാരത്തിന്റെ പരിണാമ'ത്തിലെ ഉമ ഭർത്താവിന്റെ സ്നേഹം ലഭിക്കാതെ രോഗിണിയായി മരണത്തിൽ അലിഞ്ഞു ചേരുന്നു. കൂട്ടുകാരനായിരുന്ന കുഞ്ഞലവിയുടെ മരണത്തിന്റെ കഥയാണ് 'ഒഴിഞ്ഞകട്ടിൽ'. മരണത്തിന്റെ മറകൾക്കപ്പുറം സ്നേഹം തേടി വന്ന പ്രേതങ്ങളുടെ കഥകളുമുണ്ട്. കാരണം പറയാതെ കടന്നു വരുന്ന മരണം പല കഥകൾക്കും അവസാനം കുറിക്കുന്നു.

ചെറുകഥയുടെ അളവുകോൽ വെച്ച് അളന്നാൽ പൊറ്റക്കാടിന്റെ കഥകൾക്ക് പല കുറ്റവും പറയാനുണ്ടാവും. ഭാവത്തിന് ഏകാഗ്രതയില്ല, അനാവശ്യമായ പ്രകൃതി വർണ്ണനകളും വിശദാംശങ്ങളും കഥകളുടെ പിരിമുറുക്കം കുറയ്ക്കുന്നു, കാര്യകാരണ ബന്ധത്തോടെ സംഭവങ്ങളെ ബന്ധിപ്പിക്കുന്നില്ല , എന്നത്യാദി പല ദോഷങ്ങളും പൊറ്റക്കാടിന്റെ കഥാപഠനങ്ങളിൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. 'നദീതീരത്തിൽ' എന്ന ഒരൊറ്റ കഥക്കു മാത്രമേ പഠിതാവായ കെ.എസ്. രവികുമാർ മുഴുവൻ മാർക്കും നല്കുന്നുള്ളു. വിമർശകന്റെ അളവുകോലുകൾ ആസ്വാദകരായ നമുക്കെന്തിന് ? കോലൊക്കെ വലിച്ചെറിഞ്ഞ് ചാരുകസേരയിൽ ചാരി കിടക്കുക. പൊറ്റക്കാടിന്റെ കഥകളുടെ സമ്പൂർണ്ണ സമാഹാരം എടുത്ത് സാവകാശം വായിക്കുക. ആസ്വാദനത്തിന്റെ അപൂർവ്വ വിതാനങ്ങളിലേക്ക് അവ നമ്മെ സൗഹൃദയരെ എടുത്തുയർത്തും. തീർച്ച ! ●

## സുഭാഷിതം

**(32-ാം പേജിൽ നിന്ന് തുടർച്ച)**

പറയുന്നത്. ക്ഷമയോടെ ശിഷ്യന്റെ കഴിവുകൾ പരിപോഷിപ്പിക്കുവാനുള്ള കരുണാഭരിതമായ മനസ്സുള്ള ശിഷ്യഹൃത്താപഹാരകൻമാർ ശിഷ്യന്റെ ഹൃദയത്തെ അപഹരിക്കുന്ന ഗുരുക്കൻമാർ ദുർല്ലഭവും എന്നു ഇതിന്റെ ഉത്തരാർദ്ധം പറയുന്നു.

സമദൃഷ്ടി, ശാന്തഗംഭീരൻ, വിജിതേന്ദ്രിയൻ, പരോപകാരി, ദീനദയാലു, പടു, സദാചാരരതൻ എന്നൊക്കെയാണ് ശ്രീ നാരായണഗുരു ''ഗുരു'' ശബ്ദത്തിനു നൽകിയിട്ടുള്ള വിശേഷണങ്ങൾ. ഇത്തരം ഗുരുക്കൻമാരുടെ ശിഷ്യൻമാർ തിരിയിൽ നിന്നും കൊളുത്തിയ പന്തം പോലെ ലോകമെമ്പാടും സമാധാനത്തിന്റെ വെളിച്ചം വിതറും ●

ചൈത്രം

**• മാനസിക സംഘർഷമനുഭവിക്കുന്നവർ**
**• ഏകാന്തതയനുഭവിക്കുന്നവർ**
**• ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ**
**• നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ നേരിട്ടും ഫോണിലും ബന്ധപ്പെടാം;**
**0484 2361161**
**ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്**

**ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ**

# സദ്യയിലെ ആരോഗ്യം

സദ്യയിലെ വിഭവങ്ങൾ രുചിയും ഏമ്പക്കവുമല്ലാതെ ശരിരത്തിനു മറ്റു പലതും തരുന്നുണ്ട്. ഇലയിൽ വിളമ്പുന്ന ഓരോ കൂട്ടവും എന്തു തരുന്നു ? സദ്യ കഴിക്കുന്നതിനു മുൻപ് വായിക്കാം. അ മുതൽ ദ വരെയുള്ള വൈറ്റമിനുകളും ധാതുക്കളും തുടങ്ങി ശരീരത്തിനു വേണ്ടതെല്ലാം ഒരിലയിൽ നിന്നു കിട്ടും അതാണ് സദ്യ – പൂർണ്ണാർത്ഥത്തിൽ സമീകൃതാഹാരം.

## ഇല

വാഴയിലയിലേക്കു ചൂടുചോറു വിളമ്പുമ്പോൾ ത്തന്നെ ഒരു മണം വരും. വാഴയില വാടുന്ന മണവും വെന്ത തുമ്പപ്പൂച്ചോറിന്റെ മണവും ചേർന്ന് ചൂടുചോറു വീണു വാഴയില ചൂടാകുമ്പോൾ, മനുഷ്യശരീരത്തിനു ഹീമോഗ്ലോബിൻപോലെ സസ്യങ്ങൾക്കു പ്രധാനമായ ക്ലോറോഫിൽ നമുക്കും കിട്ടുന്നു.

## ഇഞ്ചിക്കറി

ഇഞ്ചിക്കറി 100 കറിക്കു തുല്യമെന്നു പറഞ്ഞതെത്ര ശരിയാണ് ! നിറയെ നാരുകൾ ദഹനത്തെ സഹായിക്കാനേറ്റവും ഉത്തമം. ഗ്യാസിനു മറുമരുന്ന്. കൂടാതെ വൈറ്റമിൻ സിയും ആന്റി ഓക്സിഡന്റുകളും പരിപ്പും കൂട്ടുകറിയുമൊക്കെയുള്ള സദ്യയിൽ ഇഞ്ചിക്കറിയാണു സന്തുലിതാവസ്ഥ നിലനിറുത്തുന്നത്.

## അച്ചാർ

നാരങ്ങയാണെങ്കിലും മാങ്ങയാണെങ്കിലും വൈറ്റമിൻ സി യുടെ ചെറിയൊരംശം ഉണ്ടാകും. കടുകിന്റെയും വെളുത്തുള്ളിയുടെയും ഇഞ്ചിയുടെയും ഗുണങ്ങളുമുണ്ട്. പ്രിസർവേറ്റീവുകൾ ചേർക്കാത്ത, എണ്ണ അധികം ഉപേയോഗിക്കാത്ത അച്ചാറുകളാണ് ഉത്തമം.

## കിച്ചടി

90 ശതമാനവും വെള്ളമായ വെള്ളരിക്ക കിച്ചടി ആഹാരപ്രിയരെ നന്നായി സഹായിക്കുന്നുണ്ട്. ഒരു ദാഹശമനിയുടെ റോൾകൂടിയുണ്ട് കിച്ചടിക്ക്. ചെറിയ അളവിൽ വൈറ്റമിൻ എ യും സിയും വെള്ളരിക്കയിലുമുണ്ട്.

## കൂട്ടുകറി

സസ്യഭുക്കുകളുടെ മാംസാഹാരം എന്നു വിളിക്കാവുന്ന ഉരുളക്കിഴങ്ങാണു കൂട്ടുകറിയിലെ പ്രധാനി. അതുകൊണ്ടു തന്നെ കലോറിയും പ്രോട്ടീനും കൂട്ടുകറിയിൽ കൂടുതലായിരിക്കും. 100 ഗ്രാമിൽ 90 ഗ്രാം കാലറി. പ്രമേഹരോഗികൾ കൂട്ടുകറി അധികം കഴിക്കരുത്. പെരുംജീരകപ്പൊടിയാണു കൂട്ടുകറിയിലെ കൂട്ടുകാരൻ.

## പച്ചടി

പൈനാപ്പിൾ പച്ചടിയാണെങ്കിൽ വൈറ്റമിൻ സിയും ബിയും ബീറ്റ്റൂട്ട് ആണെങ്കിൽ നൈട്രേറ്റിന്റെ കലവറ. ഒരോ രക്തക്കുഴലിനെയും വികസിപ്പിക്കുന്ന, സ്ട്രോക്കിനെ തടയുന്ന, രക്തയോട്ടം കൂട്ടുന്ന നൈട്രേറ്റ് അടങ്ങിയ പച്ചടിയാണ് സദ്യയിൽ ബിപിയുടെ കാര്യം കൈകാര്യം ചെയ്യുന്നത്. രക്തസമ്മർദ്ദം കുറയ്ക്കാൻ സഹായിക്കുന്ന ഘടകങ്ങൾ ഏറെയുണ്ട് പച്ചടിയിൽ. ഒമേഗ ത്രീ ഫാറ്റി ആസിഡ് അടങ്ങിയ കടുകാണ് മറ്റൊരു വീരൻ. കടുക് അരച്ചു ചേർക്കുന്ന പച്ചടിയിൽ നിന്നു ഗുണങ്ങൾ ഒന്നും ചോർന്നു പോവില്ല.

## തോരൻ

കാബേജ്, ഇല, പയർ എന്നിങ്ങനെ തോരനിലെ കൂട്ട് എന്തായാലും ആന്റി ഓക്സൈഡുകളും വൈറ്റമിനുകളും ഉറപ്പ്.

## അവിയൽ

പടവലം, ചേന, കാരറ്റ്, നേന്ത്രക്കായ, മുരിങ്ങക്ക.. വൈറ്റമിനുകളുടെ ഒരു ഹൈപ്പർ മാർക്കറ്റാണ് അവിയൽ. മൂക്കുമുട്ടെ സദ്യ കഴിച്ചാലും വയർ കേടാക്കാതെ നോക്കുന്നതിൽ വലിയ പങ്ക് അവിയലിനുമുണ്ട്. വയർ വൃത്തിയാക്കുന്ന ചൂലെന്നു വിളിക്കാവുന്ന ഫൈബറുകൾ ഏറ്റവും കൂടുതലും അവിയലിൽ തന്നെ. നല്ല ഫാറ്റി ആസിഡ് അടങ്ങിയ തേങ്ങയും അവിയലിൽ ചേർക്കുന്നുണ്ട്.

## പഴം

അമ്ലഗുണമുള്ള ഭക്ഷണങ്ങൾ സദ്യയിലേറെയുണ്ട്. ക്ഷാരഗുണമുള്ള പഴം കഴിച്ചാൽ ഇതു സന്തുലിതമാകും. പ്രോട്ടീൻ വളരെ കുറവ്.

## ഉപ്പേരി

എല്ലാ വൈറ്റമിനുകളും ധാതുക്കളുമുള്ള സമീകൃതാഹാരം എന്നു പറയാവുന്ന നേന്ത്രക്കായ, പക്ഷേ എണ്ണയിൽ വറുക്കുമ്പോൾ ഗുണങ്ങളില്ലെന്നാകും.

എങ്കിലും നേന്ത്രക്കായിലെ പ്രോട്ടീൻ ഉപ്പേരിയിലും ഉണ്ടാകും. സദ്യയിലെ കൊഴുപ്പിന്റെ അളവു കൂടാതെ സന്തുലിതമാക്കുന്നതിനാണു വളരെക്കുറച്ചു മാത്രം ഉപ്പേരി വിളമ്പുന്നത്.

## ശർക്കരവരട്ടി

നേന്ത്രക്കായയ്ക്കൊപ്പം ശർക്കരയുടെ അമ്ല ഗുണവും കൂടി ചേർന്നതാണ് ശർക്കരവരട്ടി. ശർക്കരയിലെ നാരുകൾ ദഹനത്തിനു സഹായിക്കും. ജീരകപ്പൊടിയും ചുക്കുപൊടിയും ശരീരത്തിനാവശ്യമുള്ള ഔഷധങ്ങൾകൂടിയാണ്.

## പപ്പടം

രണ്ടു മിനിറ്റിൽ കൂടുതൽ എണ്ണയിൽ വറുത്താൽ തന്നെ എന്തിന്റെയും ഗുണങ്ങൾ നഷ്ടപ്പെടുമെന്നു മാത്രമല്ല, ദോഷങ്ങൾ കൂടുകയും ചെയ്യും. ഉഴുന്നിന്റെ ചെറിയൊരംശം കിട്ടുന്നു എന്നതു മാത്രമാണു പപ്പടത്തിലെ നേട്ടം.

## ചോറ്

വളരാൻ സഹായിക്കുന്ന ഊർജ്ജം നല്കുന്ന കാലറി തരുന്നതാണു ചോറ്. അന്നജം തരുന്ന അന്നം. ചുവന്ന അരിയുടെ ചോറാണെങ്കിൽ ദഹനത്തിനു സഹായിക്കുന്ന തവിടും നാരുകളും ഏറെ കിട്ടും. ബി കോംപ്ലക്സ് കൂടിയുണ്ട് ചുവന്ന അരിയിൽ.

## പരിപ്പും നെയ്യും

പരിപ്പും നെയ്യും കൂട്ടിയാണ് സദ്യ തുടങ്ങുന്നത്. പ്രോട്ടീൻ കലവറയാണ് പരിപ്പ്. മഞ്ഞൾ ചേർക്കുമ്പോൾ കുർകുമിനും ശരീരത്തിലെത്തും. ശരീരത്തിലെ വിവിധ രാസപ്രവർത്തനങ്ങളുടെ ഭാഗമായുണ്ടാകുന്ന ഫ്രീ റാഡിക്കൽസ് എന്നു വിളിക്കുന്ന വിഷവസ്തുക്കളെ ഇല്ലാതാക്കുന്ന ആന്റി ഓക്സിഡന്റുകളാണ് കുർകുമിനിലുള്ളത്. സദ്യയിലൂടെ നല്ല അളവ് ആന്റി ഓക്സിഡന്റ് ശരീരത്തിലെത്തും. നൂറു ഗ്രാം ഭക്ഷണം കഴിച്ചാൽ അതിൽ ഏഴു ഗ്രാം കൊഴുപ്പ് ഉണ്ടായിരിക്കണം. ഭക്ഷണത്തിലൂടെ എത്രയധികം ആന്റി ഓക്സിഡന്റുകളും വൈറ്റമിനുകളും അകത്തെത്തിയാലും അവയെ ആഗിരണം ചെയ്യണമെങ്കിൽ കൊഴുപ്പു കൂടിയേ തീരൂ. അങ്ങനെ, കഴിക്കുന്ന ഭക്ഷണത്തിലെ നല്ലതിനെയെല്ലാം ആഗിരണം ചെയ്യാനായി ആദ്യം നടത്തുന്ന ഇൻവെസ്റ്റ്മെന്റാണ് നെയ്യ് കൂട്ടിയുള്ള ഊണ്. പായസത്തിൽക്കൂടി നെയ്യ് എത്തുമ്പോൾ കഴിച്ചതൊന്നും വേസ്റ്റാവില്ലെന്ന ഉറപ്പും കിട്ടും.

## സാമ്പാർ

മറ്റൊരു ഫൈബർ കലവറയാണ് സാമ്പാർ. വൈറ്റമിനുകളുടെ കൂടാരം. അമരപ്പയറിട്ട സാമ്പാർ പ്രമേഹരോഗികൾക്ക് ഉത്തമം. കൊഴുപ്പ് അലിയിച്ചു കളയുന്ന ലൈകോപീൻ അടങ്ങിയ തക്കാളിയുടെ ഗുണങ്ങളും. പരിപ്പിലെ ഗ്യാസിനെ അവിടെ വച്ചു തന്നെ പ്രതിരോധിക്കാൻ കായവും.

## പുളിശേരി

മത്തങ്ങ പുളിശ്ശേരിയാണെങ്കിലും കായയാണെങ്കിലും മാമ്പഴമാണെങ്കിലും സമൃദ്ധം, സമീകൃതം. പ്രമേഹത്തെയും കൊളസ്ട്രോളിനെയും അമിതവണ്ണത്തെയും പ്രതിരോധിക്കും. മത്തങ്ങ കാലറിയും വളരെ കുറവ്.

## മോര്

മധുരമുള്ള പായസവും പുളിയുള്ള തൈരും. ക്ഷാരഗുണങ്ങളും അമ്ലഗുണങ്ങളും സംയോജിച്ചു ശരീരത്തിന്റെ സന്തുലിതാവസ്ഥ നിലനിർത്തുന്നു. കൂടാതെ ദഹനപ്രക്രിയയെയും മോര് സഹായിക്കും.

## രസം

ചെറിയൊരു ഔഷധ കട  അതാണ് രസം. ഗ്യാസ്ട്രബിൾ , ദഹനക്കുറവ് തുടങ്ങി ജലദോഷത്തിനു വരെ  ഇവിടെ മരുന്നുണ്ട്.

## പായസം

പ്രോട്ടീൻ സമൃദ്ധമാണ് പരിപ്പു പായസം. നാരുകളുമുണ്ട് ആവശ്യത്തിന്. ചീത്തകൊളസ്ട്രോൾ ഒട്ടുമില്ല. ശർക്കരയും ഇരുമ്പും ധാരാളമുണ്ട്. സിങ്ക്, ഫോസ്ഫറസ്, പൊട്ടാസ്യം തുടങ്ങിയ മൂലകങ്ങളും വേണ്ടുവോളം. തേങ്ങപ്പാലിൽ നെയ്യും, അണ്ടിപ്പരിപ്പും, ഉണക്കമുന്തിരിയും കൂടിച്ചേരുമ്പോൾ എല്ലാമായി.

## പാലട

സമീകൃതാഹാരമായ പാൽ, പാലടയിലൂടെ കിട്ടുന്നു. ആവശ്യമായ അമിനോ ആസിഡുകൾ ഇതിലൂടെ ലഭിക്കും. പഞ്ചസാരയും അടയും കാലറിയല്ലാതെ ഒന്നും തരുന്നില്ല.

## വെള്ളം

സദ്യയ്ക്കിടെ വെള്ളം കുടിക്കരുത്. സദ്യയ്ക്കുശേഷം ഒരു ഗ്ലാസുവെള്ളവും മുമ്പ് അരഗ്ലാസ്സു വെള്ളവും തന്തുലിതാവസ്ഥ നിലനിർത്തുവാനും കൃത്യമായി ദഹനപ്രക്രിയ നടക്കാനുമാണിത്.

***വിവരങ്ങൾക്ക് കടപ്പാട്***
*ഡോ. ബി ഇക്ബാൽ*
*ഡോ. ലളിത അപ്പുക്കുട്ടൻ*
*മിംസ് ഹോസ്പിറ്റൽ നെയ്യാറ്റിൻകര* ●

# ചങ്ങമ്പുഴ കവിതയിലെ വൈവിധ്യവും ഏകാഗ്രഹതയും - മനസ്വിനി

ഡോ. ശാന്തകുമാരി

മലയാളകവിതയിൽ ആത്മനിഷ്ഠം ഭാവത്തിന്റെ ആധിപത്യം ഉണ്ടാകുന്നത് കവിത്രയത്തിന്റെ കാലഘട്ടത്തിലാണ്. അതിനാൽ ഇവർ കാല്പനിക പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാക്കളായി. എന്നാൽ ശുദ്ധമായ കാല്പനിക ഭാവത്തിന്റെ തീക്ഷ്ണവും അരാജകപ്രൗഢവുമായ വാസനാവിശേഷങ്ങൾ ഇവരുടെ കൃതികളിൽ സ്വച്ഛന്ദം പ്രവൃത്തിക്കുന്നില്ല. ഇവർ ക്ലാസ്സിക് നേടിയതുകൊണ്ട് ക്ലാസിസത്തിന്റേതായ നിയന്ത്രണവും അച്ചടക്കവും ഇവരുടെ കവന വ്യക്തിത്വത്തിലെ അംശമായി. ഉള്ളൂരും വള്ളത്തോളും പഴയ രീതിയിലുള്ള കവിതകളുമായാണെത്തിയത്. ആശാനും അണിയറയിൽ പരിശീലനം നേടുമ്പോൾ പഴയ രീതിയിലുള്ള കവിതകളെഴുതിയിരുന്നു. അതുകൊണ്ടെന്തു സംഭവിച്ചു? തികച്ചും കാല്പനികമെന്നു പറയാവുന്ന കാവ്യങ്ങളിൽപ്പോലും കാല്പനികഭാവത്തിന്റെ അനിയന്ത്രിതവും സമ്പൂർണ്ണവുമായ വർണ്ണഭേദങ്ങൾ കലർന്നു കാണാനില്ല. എന്നാൽ ചങ്ങമ്പുഴയിലെത്തുമ്പോൾ നിയന്ത്രണത്തിന്റേതായ ചരടുകൾ പൊട്ടിപ്പോകുന്നത് നാം കാണുന്നു. 1935 ൽ ബാഷ്പാഞ്ജലിയുമായി രംഗത്തു വരുന്നത് വിഭിന്നമായ സ്വരവിശേഷം കാവ്യാത്മാന്തരീക്ഷത്തിൽ ഉയർത്തി കൊണ്ടാണ്. ഒരു ജനതയ്ക്കോ കാലഘട്ടത്തിനോ സംഘത്തിനോ വേണ്ടിയല്ല അദ്ദേഹം പാടിയത് തനിക്കു വേണ്ടിയായിരുന്നു. അദ്ദേഹം ഒരു തത്വശാസ്ത്രത്തിന്റേയും പ്രതിനിധിയായിരുന്നില്ല. ഈ പ്രത്യേകത കൊണ്ടാണ് ചങ്ങമ്പുഴ കവിതകൾ അത്രമാത്രം വൈവിധ്യങ്ങളുടെ കേളീരംഗമായി മാറിയത്. ഓരോ ഘട്ടങ്ങളിലും തന്റെ ഹൃദയത്തിൽ ആധിപത്യം ചെലുത്തുന്ന മനോഭാവങ്ങളും വികാരങ്ങളും അതുപോലെ പ്രദർശിപ്പിക്കാനായിരുന്നു അദ്ദേഹം ശ്രമിച്ചത്. ഹൃദ്ഭാവങ്ങളുടെ കവി (Poet of Moods) എന്നദ്ദേഹത്തെ വിളിച്ചാൽ തെറ്റില്ല. ദേവൻ, മനുഷ്യൻ , പിശാച് എന്നിങ്ങനെ അദ്ദേഹം മാറി മാറി പ്രത്യക്ഷപ്പെടുന്നത് ബാഷ്പാഞ്ജലി മുതൽ സ്വരരാഗസുധ വരെയുള്ള കാവ്യലോകത്തിലെ രസകരമായ കാഴ്ചയാണ്.

'വെള്ളി നക്ഷത്രമേ നിന്നെ നോക്കി
തുള്ളി തുളുമ്പുകയെന്യെ
മാമകചിത്തത്തിലന്നുമില്ല
മാദകവ്യാമോഹമൊന്നും' എന്ന രിതിക്ക് ആർദ്രവും മൃദുലവും ആരാധനാപരവുമായ അനുരാഗ വിശേഷത്തെ വാഴ്ത്തിയ കവി

'നിന്നെപ്പിടപ്പിച്ചു രക്തം പൊടിപ്പിച്ച്
മത്തടിച്ചാർത്തുരസിച്ചീടട്ടൊന്നു ഞാൻ'

എന്ന മട്ടിൽ ക്രൂരവും വികൃതവുമായ അനുരാഗഭാവത്തിനും ആവിഷ്കാരം നല്കുന്നു.

'അരികിൽ വരികയെ ഹൃദ്യമേ മദ്യമേ നീ ' എന്നു ക്ഷണിക്കുന്ന കവി ഏഴാം സ്വർഗ്ഗത്തിലേക്കുള്ള കവാടം തുറന്നു കൊടുക്കുന്ന മാസ്മര ശക്തിയിലുള്ള താക്കോലെന്ന നിലയ്ക്ക് മദ്യത്തെയും മാദകാനന്ദത്തെയും വാഴ്ത്തുകയും ചെയ്യുന്നു.

'അങ്ങനൊരറ്റടിമുന്നോട്ടു വെയ്ക്കണ്ട അവിടെ നില്ക നീ മാദകാനന്ദമേ' എന്നിങ്ങനെ കർക്കശ ഭാവത്തിൽ ആനന്ദത്തിന് വിലക്കു കല്പിക്കുന്നതും കവി തന്നെ. ഇവിടെ ജീവിതത്തിന്റെ പ്രാതികൂല്യങ്ങളെ കവി സ്വാഗതം ചെയ്യുന്നു.

'ഇരുളിനിയും പരക്കട്ടെ മേൽക്കുമേൽ
കരിമുകിൽ മാല മൂടട്ടെ വാനിടം
ഇടി മുഴങ്ങട്ടെ മിന്നട്ടെ കൊള്ളിയാൻ
ഇടവിടാതടിക്കട്ടെ ചണ്ഡാനിലൻ' എന്നിങ്ങനെ

ഏതു സന്ദർഭത്തിലും ഹൃദയിത്തിലാധിപത്യം ചെലുത്തുന്ന സ്തോഭങ്ങൾക്ക് സർവ്വതന്ത്ര സ്വതന്ത്രമായ ബഹിർഗ്ഗമനം നല്കി കവിതകൾ രചിച്ച കാരണം കലർപ്പില്ലാത്ത കാല്പനിക ഭാവത്തിന്റെ സ്വരഭേദങ്ങൾ നാം കേൾക്കുന്നു. ഇക്കാരണത്താൽ തന്നെ മലയാളത്തിലെ ഏറ്റവും ഹൃദ്യമായ Miracle Poetry (ഭാവതാരള്യം) അദ്ദേഹത്തിന്റെ കൃതികളിൽ കണ്ടുമുട്ടുന്നു. ആത്മാർത്ഥതയുടെ ഊഷ്മാവ് ചങ്ങമ്പുഴ കവിതകളിൽ തങ്ങി നില്ക്കുന്നു. എന്നാൽ ഇവയിലെല്ലാം ഒരു ബലഹീനത കലർന്നിരിക്കുന്നതും നമുക്കു കാണാനാകും. ഇതു വാചാലത കൊണ്ടു

വന്നു ചേർന്നിട്ടുള്ളതാണ്. വാക്കുകൾ സൂക്ഷിച്ചും മിതമായും പ്രയോഗിക്കുന്ന ശീലം ചങ്ങമ്പുഴക്കില്ല. അദ്ദേഹം ഇക്കാര്യത്തിൽ ധൂർത്ത പുത്രനാണ്. വാക്കുകളും ശൈലികളും ആകർഷകമായി ആവർത്തിക്കുന്നത് ബാഹ്യകർണ്ണങ്ങൾക്ക് ഇമ്പം നല്കുമെങ്കിലും കവിതയിലെ സുന്ദരസംഗീതത്തിന്റെ ഗൗരവം അതു കുറയ്ക്കും.

''ആരു വാങ്ങുമിന്നാരുവാങ്ങുമി
ആരാമത്തിന്റെ രോമാഞ്ചം എന്നും
പോകയാണവൾ പോകയാണവൾ
രാഗലോലയായേകയായ് എന്നും
നിന്നെ ഒരിക്കൽ ഞാൻ കൊണ്ടു പോകാം
ഇന്നുവേണ്ടിന്നുവേണ്ടോമലാളേ'' എന്നും മറ്റുമുള്ള ഭാഗങ്ങളിൽ ബാഹ്യമായ നാദഭംഗി മാത്രം. കാല്പനീക കവിതക്കു വേണ്ട ഭാവതീക്ഷ്ണത ഇത്തരം വാചാലതയിൽ കുരുങ്ങി ബലഹീനമാകുന്നു. ഈ ബലഹീനതയിൽ നിന്നു മാറാനും ചങ്ങമ്പുഴ കാവ്യജീവിതത്തിൽ ശ്രമിച്ചിട്ടുണ്ട്. സ്പന്ദിക്കുന്ന അസ്ഥിമാടം , നീറുന്ന തീചൂള, ഒറ്റശ്ലോകങ്ങൾ ഇവയിൽ സംഗ്രഹണപാടവം കാണുന്നു. കലാപരമായ ഈ ഏകാഗ്രതയിലേക്ക് വേണ്ടിയുള്ള പരിശ്രമത്തിന്റെ മികച്ച സന്തതികളിലൊന്നാണ് മനസ്വിനി.

മനസ്വിത എന്ന ആർദ്രമായ ഗുണവിശേഷമാണ് ഈ കവിതയിലെ പ്രമേയം. ഈ ഗുണത്തെ അലൗകീകം എന്നു കൂടി വിളിക്കാം. ഇതാവിഷ്കരിക്കാനുള്ള ആലംബന വിഭാവങ്ങളാണ് കവിതയിലെ നായികാ നായകൻമാർ. തലക്കെട്ട് സൂചിപ്പിപ്പിക്കുന്നതനുസരിച്ച് നായികക്കാണ് മുഖ്യസ്ഥാനം കിട്ടേണ്ടത്. പക്ഷേ കവിതയിൽ നായകനാണ് മുഖ്യസ്ഥാനം. മനസ്വിനി എന്ന നായികയുടെ ഹൃദയത്തിലുളവാകുന്ന സങ്കീർണ ഭാവങ്ങൾക്കാണ് സ്ഥാനം. ഈ ഭാവം ജനിപ്പിക്കാനുള്ള ഉപാധി മാത്രമാണ് നായികാചിത്രീകരണം.

മനസ്വിനിയുടെ അന്തരീക്ഷം സൃഷ്ടിക്കുന്നത് കവിതയിൽ ആദ്യഭാഗത്ത് വാഗ്മയചിത്രങ്ങളാണ്. ഒരു പുലർകാലത്തിലാണ് വെളിപാടെന്നപോലെ ലളിതാംഗിയായ നായിക കവിയുടെ ജീവിതത്തിൽ പ്രത്യക്ഷപ്പെടുന്നത്. മഞ്ഞനിറമുള്ള തെച്ചിപ്പൂങ്കുല പോലെ...... ആ പുലർകാലം ഗ്രാമീണ ജീവിതത്തിന്റെ ലാളിത്യത്തിന്റെയും വിശുദ്ധിയുടെയും സൗന്ദര്യത്തിന്റെയും പ്രതീകം. ഒപ്പം കവിയുടെ ജീവിതത്തിലെ മോഹനവിശുദ്ധിയാർന്ന ഒരു സന്ദർഭത്തേയും വെളിപ്പെടുത്തുന്നു. അത്തരം സന്ദർഭങ്ങളിൽ മാത്രമേ അലൗകീകമായ വികാര വിക്ഷോഭങ്ങൾ മനുഷ്യരിൽ ഉണരാറുള്ളു. അപ്പോൾ മാത്രമേ അലൗകികത്വം അവർക്കു വെളിപ്പെടാറുള്ളു. വിശുദ്ധിയുള്ളവനേ വിശുദ്ധി ദർശിക്കാനും കഴിയൂ. തെച്ചിപ്പൂങ്കുല കവിയുടെ ഹൃദയത്തിൽ വിരിഞ്ഞ പുലരി തന്നെയല്ലേ. ഈ വെളിച്ചത്തിലാണ് നായികാ ദർശനം. പശ്ചാത്തല ഭംഗിക്കു വേണ്ടിയോയെന്നു തോന്നുമാറ് ഈ സന്ദർഭത്തിൽ ഒന്നു രണ്ടു രേഖാചിത്രങ്ങൾ കവി അവതരിപ്പിക്കുന്നു. ദേവ നികേത ഹിരൻമയമകുടവും, പൊന്നിൻ കൊടിമരത്തിൽ പാറികളിക്കുന്ന ശബള കാന്തിയാർന്ന പതാകയും ഈ ചിത്രങ്ങൾ വായനക്കാരനെ ദിവ്യമായ മേഖലയിലേക്കുയർത്തുന്നു. ഇവിടെ നായികാദർശനം കവി വർണ്ണിക്കുന്നത് അർത്ഥഗർഭമായ ഒരുപമയിലൂടെയാണ്.

''ഈറൻ തൂകിലിൽ മറഞ്ഞൊരു പൊന്നല
പാറിമിനുങ്ങിയ തവഗാത്രം
മിഥ്യാവലയിത സത്യോപമരുചി
തത്തിലസിച്ചുമമ മുന്നിൽ''

ഈ സത്യം പരമാനന്ദചൈതന്യമല്ലാതെ മറ്റൊന്നും അല്ല. ഈ ചൈതന്യദർശനത്തോടാണ് കവി നായിക പ്രത്യക്ഷപ്പെട്ടതിനെ ഉപമിച്ചിരിക്കുന്നത്.

ഈ ഭാഗത്ത് ഒരു കാര്യം ശ്രദ്ധിക്കണം. ഇവിടെ ബാഹ്യാകാരവർണ്ണനയില്ല തമോനിബിഡമായ ജീവിതത്തിൽ അപൂർവ്വമായി മാത്രം സംഭവിക്കുന്ന ദിവ്യഭാവങ്ങളുടെ ഉജ്ജ്വലമായ മിന്നലാട്ടം വ്യഞ്ജിപ്പിക്കാനാണ് കവി ശ്രമിച്ചിട്ടുള്ളത്. ഈ ദിവ്യഭാവം കവി ഹൃദയത്തിലുണ്ട്.

''ഗാനംപോൽ ഗുണകാവ്യംപോൽ
മമ മാനസമോർത്തു സഖി നിന്നെ
തുടുതുടയൊരു കവിത വിടർന്നു
തുഷ്ടി തുടിക്കും മമ ഹൃത്തിൽ''

ആ ദിവ്യഭാവത്തിന്റെ സൃഷ്ട്യുന്മുഖമായ സ്വാധീനശക്തി ഈ വരികളിൽ തെളിയുന്നു. ഈ സ്വാധീനശക്തി അദ്വൈതവും അമലവുമായ ഭാവം തുടിച്ചു നില്ക്കുന്ന വിദ്യുത്മേഖല വരെ ഉയർത്തുന്നു.


ജീവിതത്തിൽ ഏതിനും ഒരു മറുപുറം ഉണ്ടല്ലോ അതാണ് മനസ്വിനിയുടെ രണ്ടാംഭാഗം. ഈ അവസ്ഥയിൽ നായിക വിധിയുടെ കരാളമായ ആക്രമണത്തിൽ പെട്ട് വസൂരിക്കടിമയായി ദയനീയയായി തീർന്നിരിക്കുന്നു.

'പൊന്നൊളിപോയി കാളിമയായി

നിന്നുടൽ വെറുമൊരു ചണ്ടായി' ജീവിതത്തിന്റെ ഈ ഇരുണ്ട ഘട്ടത്തിലാണ് നായികാനായകൻമാരുടെ അന്തരംഗങ്ങളിലെ ദിവ്യഭാവങ്ങൾ ശോഭായമാനമാകുന്നത്. മറിച്ചു പറഞ്ഞാൽ ആ ദിവ്യഭാവത്തിന്റെ ശോഭാപൂരം കൂടുതൽ ഉജ്ജ്വലമായി തീർക്കുന്നതിനു വേണ്ടിയാണ് ഇരുട്ടും ക്രൂരതയും ചിത്രീകരിച്ചിരിക്കുന്നത്. പരഭാഗശോഭയരുളുന്നതിനു വേണ്ടി വൈരൂപ്യത്തിലും ദൈന്യതയിലും അന്ധതയിലും ആണ്ടു പോയ ആ ഭീകരമായ നിമിഷത്തിൽ മറ്റൊരു ലോകത്തിന്റേതായ ഏതോ ചൈതന്യം നായികയിൽ സ്ഫുരിക്കുന്നതായി വായനക്കാരൻ കാണുന്നു. നായകൻ അനുഭവിക്കുന്ന വേദന ഓരോ വരിയിലും തുളുമ്പി നില്ക്കുന്നു. എങ്കിലും അത് ധന്യമായ വേദനയാണ്, ദിവ്യമായ വേദനയുമാണ്. കാരണം അതിന്റെ ഉറവിടം സ്വാർത്ഥതയിലല്ല, കേവലം ഭൗതികത്വവുമല്ല. മനുഷ്യാവസ്ഥക്ക് പ്രതിഫലമായി നാം കൊടുക്കേണ്ട വിലയാണീ വേദന. മനുഷ്യാവസ്ഥയിൽ നിന്ന് ദൈവീകാവസ്ഥയിലേക്ക് ഉയരുമ്പോഴാകട്ടെ ഈ വേദനയുടെ അളവും ഏറി നില്ക്കും. Nobler you are , the greater will be your share of grief (വിവേകാനന്ദ) എന്ന വാക്കുകൾ ഇവിടെ ഓർത്തു പോകുന്നു. ഇമ്മാതിരി ദിവ്യമായ വേദനയിൽ നിന്നാണ് മാനവചരിത്രത്തിന്റെ സുരഭില കുസുമങ്ങളായ എല്ലാ അനശ്വര സൃഷ്ടികളും രൂപം പൂണ്ടിട്ടുള്ളത്. ഈ ആശയം തീവ്രമായി സ്പന്ദിക്കുന്ന വരികളോടു കൂടിയാണ് മനസ്വിനി എന്ന കവിത അവസാനിക്കുന്നത് എന്ന കാര്യം പ്രത്യേകം ശ്രദ്ധാർഹമാണ്.

''വേദന വേദന ലഹരിപിടിക്കും
വേദന ഞാനതിൽ മുഴുകട്ടെ
മുഴുകട്ടെ മമ ജീവനിൽ നിന്നൊരു
മുരളീമൃദുരവം ഒഴുകട്ടെ'' പണ്ട് ചരിത്രത്തിന്റെ പുലരിയിൽ വൃന്ദാവനത്തിലെ ചരാചരങ്ങളെ എല്ലാം രോമാഞ്ചമണിയിച്ചു കൊണ്ട് പരന്നൊഴുകിയതും മനുഷ്യന്റെ എല്ലാ ക്ലേശങ്ങളെയും ദുഷ്ടതകളെയും പരാജയങ്ങളെയും അതിജീവിച്ചു കൊണ്ട് ഇന്നും ഉയർന്നു പൊങ്ങുന്നതുമായ ആ മുരളീഗാനത്തെക്കുറിച്ച് ഇവിടെ നാം ഓർത്തു പോകുന്നു. മനുഷ്യനിലെ ആത്മീയഭാവം അതിന്റെ ഏറ്റവും അത്യുത്കൃഷ്ടമായ അവസ്ഥയിൽ ഈ മധുര സംഗീതത്തിലെ വന്നു നില്ക്കൂ●

കവിത



# ഓണസ്മൃതി

**നന്ദിനി മനോഹരൻ**

ഉമ്മറക്കോലായിൽ ഒറ്റക്കിരുന്നു ഞാൻ
ഓർക്കുന്നു പണ്ടത്തെ ഓണക്കാലം
പൂവട്ടിയുമായി പാടത്തും തൊടിയിലും
പൂക്കൾ പറിച്ചു നടന്നകാലം
മുക്കുറ്റി,തുമ്പയും, കാക്കപ്പൂ, ചെത്തിപ്പൂ
മുറ്റത്തു പൂക്കളം തീർത്തകാലം
ഊഞ്ഞാലിലാടിയും കൈകൊട്ടിപ്പാടിയും
ഓണക്കളികൾ കളിച്ച നാൾകൾ
കായവറുക്കുവാൻ, കറികൾക്കരിയുവാൻ
അമ്മയോടൊപ്പം നടന്നകാലം
പൂവിളിയോടെ മാതേവരെ
പൂവട വെച്ചങ്ങെതിരേറ്റക്കാലം
എങ്ങു പോയെങ്ങുപോയാ നല്ല നാളുകൾ
ഇങ്ങിനി വരില്ലേ ആ ഓണക്കാലം
പൂക്കളമില്ല പൂവിളിയില്ല
പൂവട ആർക്കുമേ വേണ്ടാതായി
ഉപ്പേരി വറുക്കേണ്ട, സദ്യയൊരുക്കേണ്ട
ഒരു ചെറുഫോൺ വിളി മാത്രം മതി
മേളകൾ, മേളകൾ മാത്രമായി
മാവേലി നാട്ടിലെ ഓണക്കാലം
ജീവിത മാത്സര്യ വേഗതക്കുള്ളിൽ
ജീവന്റെ സൗന്ദര്യം മാഞ്ഞുപോയോ ?

# ഇടയ്ക്ക് ഇറങ്ങിപ്പോയ ഇളമുറ

**ജി. മാധവൻ നായർ**

മുഖ്യപാതയിലൂടെ തിങ്ങി നിറഞ്ഞു പോകുന്ന വാഹനങ്ങളെ ശ്രദ്ധിച്ചു കൊണ്ട് നില്ക്കുകയായിരുന്നു അയാൾ.. തനിക്കു പോകേണ്ടുന്ന ദിക്കിലേക്കുള്ള ശകടം എത്താറാകുന്നതേയുള്ളു. കായികപ്രയോജനപ്രദമെന്നു പറയുന്ന ശരംപോലെ പാഞ്ഞു വന്ന ഒരു വലിയ വാഹനം തൊട്ടടുത്ത് വന്ന് ശീൽക്കാരത്തോടെ നിന്നു.

'എന്താ, ഇവിടെ നില്ക്കുന്നത്? എവിടേയ്ക്കാണ്'? ചോദിച്ച ആളെ മനസ്സിലാക്കുവാൻ അല്പം സമയമെടുത്തു. പണ്ട് കലാലയത്തിൽ ഒന്നിച്ചു പഠിച്ചിരുന്ന വേണുവാണ്. അവനെ കണ്ടിട്ടു കാലങ്ങളായി.

'ഞാൻ ഒരാളെ കാത്തു നില്ക്കുകയാണ്. ഞങ്ങളൊരുമിച്ച്, സുഖമില്ലാതിരിക്കുന്ന ഒരു സുഹൃത്തിന്റെ വീട്ടിൽ പോകാനിരിക്കുകയാണ്. അയാളിപ്പോൾ വരും. വേണു എങ്ങോട്ടാണ് യാത്ര?'

ഇതിനകം വണ്ടി ഓടിച്ചു വന്നയാൾ വാതിൽ തുറന്ന് പുറത്തിറങ്ങി. അയാളുടെ അരികത്തെത്തി, ഗാഢമായി തന്നെ ആശ്ലേഷിച്ചു. ഇതു കണ്ടു കൊണ്ട് വാഹനത്തിനുള്ളിൽ അവന്റെ ഭാര്യയായിരിക്കണം, ഇരിപ്പുണ്ടായിരുന്നു. 'എടാ എത്ര കാലമായി നമ്മൾ കണ്ടിട്ട്. നിന്റെ വിവരങ്ങളൊന്നും ഞാനറിയാറില്ല.' 'ശരി പക്ഷേ നിന്റെ വിവരങ്ങളെല്ലാം മധു പറഞ്ഞ് ഞാൻ അറിയാറുണ്ട്. അവനിവിടെ അടുത്തു തന്നെ ഒരു സ്കൂൾ മാഷാണ്.' നീ ഇപ്പോഴും സർക്കാർ ജോലിയിൽ തന്നെയല്ലേ.? ഞാനിവിടെ ഒരു ജോലി കിട്ടാൻ ബുദ്ധമുട്ടുണ്ടായിരുന്ന കാലത്ത് എന്റെയൊരളിയൻ വടക്കേ ഇന്ത്യയിലേക്ക് എന്നെ കൊണ്ടുപോയി. അത്ര മെച്ചപ്പെട്ട ജോലിയൊന്നുമായിരുന്നില്ല. എങ്കിലും കുറച്ചു കാലം അവിടെനിന്നു. പിന്നീട് മികച്ച ചില ലാവണങ്ങളിൽ ഏർപ്പെട്ടു. കുറച്ചു കാലം ഗൾഫിലും പോയി. ഇപ്പോൾ തിരിച്ചു വന്നു.

സുഹൃത്ത് കാര്യങ്ങൾ പറഞ്ഞവസാനിപ്പിച്ചപ്പോൾ അയാൾ മന്ദഹാസത്തോടെ പ്രതിവചിച്ചു.

'ഞാനിപ്പോഴും പഴയ പണിയിൽ തന്നെ. താനിപ്പോൾ വിശ്രമത്തിലാണോ'?

ഏയ് ഒരിക്കലുമല്ല, ഇപ്പോൾ ഇവിടെ ഒരു ജോലിയുണ്ട്. ഞങ്ങളൊരു വിവാഹത്തിൽ പങ്കെടുക്കുവാൻ പോകുകയാണ്. അതുകൊണ്ടല്പം തിരക്കുണ്ട്. നിന്റെ ഫോൺ നമ്പർ തരൂ. ഇതെന്റെ കാർഡാണ്. നമുക്ക് ആഘോഷമായിട്ട് അടുത്തു തന്നെ കാണാം.

അയാൾ പറഞ്ഞു കൊടുത്ത നമ്പർ സ്വന്തം ഫോണിലേക്ക് അടക്കം ചെയ്തു. ഒന്നുകൂടി തോളത്ത് ചേർത്ത് പിടിച്ചുകൊണ്ട്, അവൻ വന്ന വാഹനത്തിലേക്ക് ഓടിക്കയറി. അവിടെ ഉണ്ടായിരുന്ന സ്ത്രീയെ ഭാര്യയാണെന്ന് പറഞ്ഞ് പരിചയപ്പെടുത്തി.

മധ്യവയസ്കയായ ആ സുന്ദരി പുഞ്ചിരിച്ചു കൊണ്ട് കൈകൂപ്പി. അവനും കൈവീശി. തുടർന്നു നല്ല വേഗതയിൽ തന്നെ കാറോടിച്ചു പോയി.

അല്പം സമയം കഴിഞ്ഞപ്പോൾ അയാൾ പ്രതീക്ഷിച്ചിരുന്ന സ്നേഹിതൻ വന്നെത്തി. വന്നപാടേ അല്പം വൈകിപോയതിനു ക്ഷമ ചോദിച്ചു. അതിനു മറുപടിയായി, തന്റെ ഒരു പൂർവ്വകാല ചങ്ങാതി ഇതുവഴി വന്നുവെന്നും, അവനോടു സംസാരിച്ച് നിന്നതിനാൽ സമയം പോയതറിഞ്ഞില്ലെന്നും മൊഴിഞ്ഞു. വാഹനത്തിനുള്ളിൽ പ്രവേശിച്ച പാടേ അവിടെ നിന്നും ഉടൻ തന്നെ യാത്രയായി.

'ആരായിരുന്നു ആ അജാതശത്രു'

വാഹനം നിയന്ത്രിക്കുന്നതിനിടയിൽ സുഹൃത്ത് ആളറിയാതെ തന്നെ വിശേഷണം നൽകികൊണ്ട് ചോദ്യചിഹ്നമിട്ടു.

'നിനക്കറിയാതിരിക്കില്ല, കോളേജിൽ പഠിക്കുമ്പോൾ ഗ്രാമത്തിൽ നിന്ന് വന്നു പോയിരുന്ന വേണുവിനെ, നല്ല സുന്ദരനായ ഒരു പയ്യൻ, അവൻ അന്ന് ക്രിക്കറ്റ് കളിക്കുമായിരുന്നു'.

അയാളതു പറയുമ്പോൾ മറ്റേ ആൾ പഴയ കാലങ്ങളിലേക്ക് ഒന്ന് ഊളിയിട്ടു. എന്നിട്ട് ഒരു സംശയം പ്രകടിപ്പിച്ചു.

'ധാരാളം അംഗസംഖ്യയുള്ള ആ പുരാതന തറവാട്ടിലെ ജഡ്ജി അദ്ദേഹത്തിന്റെ മകനാണോ'?

'അതു തന്നെ, അപ്പോൾ നിനക്കോർമ്മയുണ്ട്.' അയാൾ കൂട്ടുകാരനെ അഭിനന്ദിച്ചു.

എൻജിനിയറിംഗ് ബിരുദം നേടിക്കഴിഞ്ഞ് വടക്കേ ഇൻഡ്യയിലെവിടെയോ ആയിരുന്നു ജോലി. പിന്നെ കുറെ കാലം ഗൾഫിൽ പോയി തിരിച്ചു വന്നു. എപ്പോഴും ഇവിടെ എവിടെയോ പണിയെടുക്കുന്നുണ്ട്. വളരെ വർക്കഹോളിക്ക് ആണ്. ഒരു സമയവും വെറുതെയിരിക്കില്ല. ചെകുത്താൻ ഉറങ്ങാറില്ല എന്നല്ലെ പ്രമാണം ?

ഒരു ചെറുപുഞ്ചിരിയോടെ അത് പറഞ്ഞ് നിർത്തുമ്പോൾ, വാഹന സാരഥിയിൽ നിന്നും പെട്ടെന്ന് മറുപടി വന്നു.

'ശരിയാണ് , ഇപ്പോൾ ഞാനെല്ലാം ഓർക്കുന്നു. ഇവിടുത്തെ പ്രശത്ത വളനിർമ്മാണ ശാലയിൽ ഒരിക്കൽ ഞാനൊരു കൂടിക്കാഴ്ചയ്ക്ക് പോയിരുന്നു. തീരെ പ്രതീക്ഷിക്കാതെ അവിടെ അവനെ കണ്ടു. അതേ സ്ഥലത്തുള്ള ഒരു പ്രോജക്റ്റിൽ നല്ലൊരു തസ്തികയിലാണ് ജോലി എന്നു പറഞ്ഞിരുന്നു. എനിക്കു വേണ്ടി ശുപാർശ ചെയ്യാമെന്നുകൂടി ഭംഗിവാക്കു പറഞ്ഞു. പക്ഷേ, എന്തുകൊണ്ടോ ആ പണി എനിക്ക് തരമായില്ല. പക്ഷെ അവന്റെ ശ്രമക്കുറവുണ്ടായിരിക്കില്ല. അധികാരികൾ ജോലിക്ക് വേണ്ട ആളെ നേരത്തെ തന്നെ നിശ്ചയിച്ചിരിക്കാം. ആൾ നേരവാ, നേരേ പോ, എന്ന മട്ടുകാരനാണ്. ജാഡ അധികം കാട്ടാത്ത പ്രകൃതവുമാണ്.'

വാഹനമോടിക്കുന്ന ആൾ, തന്റെ പഴയ സ്നേഹിതനെ ഓർത്തുകൊണ്ട് വാചാലനനായി.

ആ സംസാരം നീണ്ടുപോകാനായില്ല. അപ്പോഴേയ്ക്കും അവർ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേർന്നിരുന്നു. വാഹനം നിരത്തിന്റെ ഓരത്ത് ചേർത്ത് നിർത്തിയിട്ട്, അതിൽ നിന്നു സാരഥിയോടൊപ്പം , അയാളുമിറങ്ങി.

സ്നേഹിതന്റെ വീട്ടിലേക്കുള്ള വഴി വളരെ ഇടുങ്ങിയതാണ്. അതിലെ വാഹനങ്ങൾ പോകില്ല. കുറച്ചു ദൂരം നടക്കാതെ നിവർത്തിയില്ല. രണ്ടുപേരും ഓരോന്നു പറഞ്ഞുകൊണ്ട്, മെല്ലെ ആ ഗൃഹത്തിലേക്ക് നടന്നു നീങ്ങി. അവിടെയെത്തുമ്പോൾ സുഹൃത്ത് പൂമുഖത്തു തന്നെയുണ്ട്. ആഹ്ലാദത്തോടെ കസേരയിൽ നിന്നും സാവാധാനം എഴുന്നേറ്റ് രണ്ടുപേരേയും ആശ്ലേഷിച്ചു. വാക്കുകൾ പുറത്തു വരാത്തതിനാൽ ഗദ്ഗദത്തോടെയാണ് സ്വീകരിച്ചത്.

കുറച്ചു നേരത്തേയ്ക്ക് ആർക്കും ഒന്നും മിണ്ടാൻ കഴിഞ്ഞില്ല. എങ്ങനെയാണ് ഒന്ന് തുടങ്ങുക! അയാൾ വരുന്ന വഴിക്ക് വേണുവിനെ കണ്ട കാര്യം എടുത്തിട്ടു. ഈ ചങ്ങാതിക്കും അവനെ നന്നായിട്ടറിയാം. ഏതാണ്ട് സമവയസ്കരായതിനാൽ പഠിച്ചിരുന്ന കാലത്തും, അതുപോലെ തന്നെ ഉദ്യോഗം കിട്ടിയിരുന്ന സമയത്തും എല്ലാം അവർ പലപ്പോഴും പല സ്ഥലത്തു വെച്ചു കണ്ടു മുട്ടിയിരുന്നു. 'എന്താ അവൻ ഇപ്പോൾ ഇവിടെയുണ്ടോ?' എന്നുള്ള ആതിഥേയന്റെ ചോദ്യത്തിന് അയാളാണ് മറുപടി പറഞ്ഞത്.

''കുറച്ചു മുമ്പ് ഞങ്ങൾ അവനെ കണ്ടതേയുള്ളു. എവിടേയും ഉറച്ചു നില്ക്കുന്ന സ്വഭാവം ഇല്ലല്ലോ, ഇപ്പോൾ ഇവിടെ ഏതോ ഒരു വലിയ കമ്പിനിയുടെ പ്രോജക്റ്റിൽ ജോലിചെയ്യുന്നു എന്നാണ് പറഞ്ഞത്.''

'ഒരു വല്ലാത്ത മനുഷ്യൻ തന്നെ. എന്റെ അറിവിൽ ഒരു പതിനഞ്ചു സ്ഥലത്തെങ്കിലും പണിയെടുത്തു കാണും. സ്ഥായിയായി ഉറച്ചു നില്ക്കുന്ന ഒരു പ്രകൃതമല്ല. ജോലി നീണ്ടു പോയാൽ അസ്വസ്ഥനായി അവിടെ നിന്ന് ഒരു കാരണം കണ്ടു പിടിച്ചു പോരും. അവന്റെ ഭാര്യയും കുട്ടികളും ഓരോന്നിടത്തു നിന്നും വിട്ടു പോരുന്നത് പറയെടുത്തു പോരുന്നതുപോകുന്നതുപോലെയുള്ള ഒരു യാത്രയായിരുന്നു. അതൊരു കാലം അല്ലേ ?' ഇതു മുഴുവൻ പറഞ്ഞത് അയാളെ വാഹനത്തിൽ കൊണ്ടു വന്ന സുഹൃത്താണ്. അതിനിടെ അവിടുത്തെ കുടുംബിനി ചായയുമായെത്തി. എല്ലാവരേയും നോക്കി പുഞ്ചിരിച്ചിട്ട് അത്രയ്ക്ക് സന്തോഷം പ്രകടിപ്പിക്കാതെ, ഒന്നുമുരിയാടാതെ, അവരകത്തേക്കു പോയി. അതെന്തുകൊണ്ടാണെന്ന് സുഹൃത്തുക്കൾക്ക് പെട്ടെന്നു തന്നെ മനസ്സിലായി, ഗുരുതരമായ അസുഖം ബാധിച്ച് , സാന്ത്വനചികിത്സയിലിരിക്കുന്ന ഭർത്താവിന്റെ ആരോഗ്യസ്ഥിതി നന്നായി അറിയാമെന്നതുകൊണ്ടായിരിക്കാം അവർ സംഭാഷണത്തിന് വിമുഖത കാട്ടിയത്. പണ്ടൊക്കെ അവിടെ കുറച്ചു ദൂരം നിന്നിട്ട് എന്തെങ്കിലും പറയാതെ പോകാറില്ല. ഉള്ളിലുറഞ്ഞു കൂടിയ നൊമ്പരത്തിന്റെ ആഘാതത്തിൽ വാക്കുകൾ എങ്ങനെയാണ് പുറത്തു വരിക.

കുറച്ചു സമയം കൂടി അവിടെ കഴിച്ചു കൂട്ടിയ ശേഷം അടുത്തു തന്നെ വിണ്ടും കാണാമെന്ന് പരസ്പരം പറഞ്ഞ് വന്നവർ യാത്രയായി. വെളിയിലേക്കിറങ്ങി വന്ന ഗൃഹനായകനോട് തങ്ങൾ പൊയ്ക്കോളാമെന്നു പറഞ്ഞിട്ട് സ്നേഹിതർ ഇടവഴിയിലൂടെ നിശബ്ദരായി നടന്ന് വാഹനത്തിൽ കയറി. വാഹനമുടമ അതു പ്രവർത്തിപ്പിച്ച് പാതയിലേക്കിറങ്ങിയപ്പോൾ അരികത്തിരുന്ന അയാളുടെ കണ്ണുകളിൽ ജലകണങ്ങൾ പൊടിഞ്ഞു. അതു കാണാനിടയായ ചങ്ങാതി പൊന്തി വന്ന വിങ്ങൽ അടക്കികൊണ്ട് വാക്കുകൾ കിട്ടാതെ തിരക്കില്ലാത്ത വഴിയിലൂടെ

വണ്ടി ഓടിച്ചു പോയി.

കുറച്ചു ദിവസങ്ങൾ കഴിഞ്ഞ് ഒരു മദ്ധ്യാഹ്നത്തിൽ അയാളും ഭാര്യയും കൂടി നഗരത്തിലെ ഏറ്റവും വലിയ വ്യാപാര ശൃഖംല സമുച്ചയത്തിന്റെ ഉൾവഴിയിലൂടെ അങ്ങനെ നടന്നു പോകുകയായിരുന്നു. അപ്പോൾ ആക്സമികമായി വേണുവിനെയും അവന്റെ ധർമ്മദാരത്തേയും കണ്ടു മുട്ടി. ആൾത്തിരക്കുണ്ടായിട്ടും ഒരൊഴിഞ്ഞസ്ഥലം കണ്ടു പിടിച്ച് അവർ കുശലം പറഞ്ഞു. 'ഇന്നു ഭക്ഷണം ഇവിടുന്നാകാം. ആഹാരശാലയിൽ ചെന്ന് നമുക്കെന്തെങ്കിലും കഴിക്കാം. മറുത്തൊന്നും പറയണ്ട. എനിക്കു നല്ല വിശപ്പുണ്ട്'. ഇതു പറഞ്ഞിട്ട് വേണു ആത്മാർത്ഥമായി അയാളെയും ഭാര്യയേയും ക്ഷണിച്ചു. പോരാത്തതിന് അവന്റെ വാമഭാഗവും ഹാർദ്ദമായ ക്ഷണം വച്ചു നീട്ടി. ആ സ്നേഹപ്രകടനത്തിനു മുമ്പിൽ മറ്റൊന്നും പറയാനാകാതെ വഴങ്ങേണ്ടി വന്നു. അവിടെ പോയതിന്റെ ഉദ്ദേശ്യം തന്നെ അവിടെ നിന്നും അത്താഴമായി എന്തെങ്കിലും കഴിക്കാമെന്ന പച്ചപരമാർത്ഥം അയാൾക്ക് തുറന്നു പറയുവാൻ കഴിഞ്ഞില്ല. നല്ല ഉത്സാഹത്തോടെ നാൽവർസംഘം ഏറ്റവും മുകളിലത്തെ നിലയിലുള്ള വിശാലമായ ഭക്ഷണാങ്കണത്തേക്ക് ചലിക്കുന്ന സഞ്ചാരയന്ത്രത്തിലൂടെ എത്തിചേർന്നു. വിവിധ ഭോജ്യങ്ങൾ വില്ക്കുന്ന കമ്പോള കടകളുടെ മുമ്പിലൂടെ ഓരോന്നും പരിശോധിച്ചിട്ട് ഒത്തു ചേർന്ന് ആഹാരസാധനങ്ങൾ തിരഞ്ഞെടുത്തു.

അയാൾ പേഴ്സിൽ നിന്ന് പൈസയെടുക്കുന്നതിനു മുമ്പു തന്നെ നന്ദിപൂർവ്വം നിരസിച്ചു കൊണ്ട് എല്ലാറ്റിനും വേണു തന്നെ കാശുകൊടുത്ത് ചീട്ടു വാങ്ങി. പണ്ടും ഇതേ മനഃസ്ഥിതി പുലർത്തിയിരുന്ന അവന്റെ നല്ല മനസ്സിന്റെ മുമ്പിൽ സ്നേഹവായ് പോടെ അയാൾ കീഴടങ്ങി.

മിക്കവാറും തീൻമേശകളിലെല്ലാം നിറച്ച പ്ലയ്റ്റുകളുമായി ആൾക്കാർ ഇരുന്നിരുന്നു. അതുകൊണ്ട് കുറച്ചകലെയുള്ള ഒരു സ്ഥലത്താണ് അവർക്ക് ഇടം ലഭിച്ചത്. അവിടെ മേശക്കു ചുറ്റുമുള്ള കസേര വലിച്ചിട്ട് എല്ലാവരും ഉപവിഷ്ടരായി. നാട്ടുവിശേഷങ്ങൾ സംസാരിക്കുന്നതിനിടയിൽ വാക്കു കൊടുത്ത സാധനങ്ങൾ തയ്യാറായി വരുന്നതിന് കുറച്ചു സമയം കാത്തിരിക്കേണ്ടി വന്നു. തുടർന്ന് വേണുവും അയാളും കൂടി കടകളിലേക്ക് ചെന്ന് തളികകളിൽ ഭോജ്യവസ്തുക്കളും കുടിക്കാനുള്ള പാനീയവുമായി തിരിച്ചെത്തി. ഓരോരുത്തർക്കുമായി കൊണ്ടു വന്ന താലങ്ങളിൽ ഓരോന്നും പങ്കുവെച്ചിട്ട് അത് പ്ലേറ്റുകളിൽ പകർന്ന് ആഹരിക്കുവാൻ തുടങ്ങി.

ബന്ധുമിത്രാദികളുടെ കാര്യങ്ങളൊക്കെ വിഷയമാക്കിക്കൊണ്ടുള്ള ചർച്ചയും കൂട്ടത്തിലുണ്ടായി. കുശുമ്പും കുന്നായ്മയും കൈമുതലായിട്ടുള്ളവർ ഉൾപ്പടെ, വിവിധ വിഷയങ്ങൾ പൊന്തി വന്നു. ഏതാണ്ട് മുക്കാൽ മണിക്കൂർ കഴിഞ്ഞതോടെ ഭക്ഷണം മുഴുവൻ തീർന്നു. എങ്കിലും അല്പം കൂടി അവിടെയിരുന്ന് സംഭാഷണം തുടർന്നു. പ്ലേറ്റുകളും ഒഴിഞ്ഞ പാത്രങ്ങളുമെല്ലാം എടുക്കുവാൻ വന്ന പെൺകുട്ടിക്ക് ഒരു പാരിതോഷികം വേണുവിന്റെ ഭാര്യ നല്കി. അതോടെ കസേരകളിൽ നിന്നെഴുന്നേറ്റ് കൈ കഴുകുന്നിടത്തു പോയി വൃത്തിയാക്കിയശേഷം എല്ലാവരുമൊരുമിച്ച് താഴത്തെ നിലയിലേക്കു വന്നു. രണ്ടു കൂട്ടർക്കും രണ്ടു വഴിയായതിനാൽ അവിടെ വച്ച് ഊഷ്മളമായ വാക്കുകൾ ഉതിർത്ത് യാത്ര പറഞ്ഞു പിരിഞ്ഞു.

കുറച്ചു ദിവസങ്ങൾ കൊഴിഞ്ഞു പോയി. അങ്ങനെ ഒരുനാൾ പുലർച്ചയ്ക്കാണ് സ്നേഹിതന്റെ ആ ഫോൺവിളി വന്നത്. 'ഇന്നു രാവിലെ നമ്മുടെ വേണു നമ്മളെയെല്ലാം വിട്ടു പോയടാ'. വാക്കുകൾക്ക് ഇടർച്ചയുണ്ടായിരുന്നു. വാർത്ത കേട്ട് സ്തബ്ധനായ അയാൾ വിതുമ്പലോട് ചോദിച്ചു. എന്താ സംഭവിച്ചത്, 'അവനെ ഹൃദയാഘാതം ആയിരുന്നത്രേ. ഞാനതിലെ വരാം. നമുക്കൊന്നിച്ചു പോകാം'.

ഒട്ടും താമസിയാതെ തന്നെ സുഹൃത്ത് എത്തിച്ചേർന്നു. വേണുവിന്റെ വീട്ടിലെത്തുമ്പോഴേയ്ക്കും അവിടം ജനനിബിഡമായിരുന്നു.

ഒരു ചെറുപുഞ്ചിരിയോടെ ഫ്രീസറിനുള്ളിൽ ഉറങ്ങി കിടക്കുന്ന മട്ടിൽ തങ്ങളുടെ പ്രിയചങ്ങാതിയുടെ ചലനമറ്റ ശരീരം ദർശിച്ച് രണ്ടു പേരും നിരുദ്ധകണ്ഠരായി കുറച്ചു നേരം ശിരസ്സു കുനിച്ച് അങ്ങനെ നിന്നു. ദേഹം വെടിഞ്ഞ്, ദേഹിയായി മാറിയ ആ ഭൗതിക ശരീരത്തിലേക്ക് നോക്കി തൊഴുതു വണങ്ങി അവർ പുറത്തേയ്ക്ക് കടന്നു. അവിടെ നിന്നിരുന്ന ബന്ധുവും മതസംഘടനാ ഭാരവാഹിയുമായ ഒരാളോട് സംസ്കാരകർമ്മങ്ങളെപ്പറ്റി തിരക്കി. ഇളയ മകനും ഒരു സഹോദരിയും അകലെനിന്നു വരുന്നതു കൊണ്ട് ചടങ്ങുകൾ പിറ്റേന്നേ നടക്കുകയുള്ളു എന്ന് മനസ്സിലാക്കി.

ആ ബ്രഹദ് കുടുംബത്തിലെ മിക്ക അംഗങ്ങളും എത്തിക്കഴിഞ്ഞിട്ടുണ്ട്. അവരിൽ പലരും വിങ്ങിപ്പൊട്ടി വിതുമ്പലോട് ഓരോ സ്ഥലത്തിരിക്കുകയാണ്. 90 വയസ്സിനോടടുത്ത മൂത്തജ്യേഷ്ഠൻ മ്ലാനവദനനായി ഒരു കോണിലിരുന്ന് കണ്ണീർ വാർക്കുന്നുണ്ട്. മക്കളിൽ ഏറ്റവും ഇളയവനെ ആണ് മരണം ഇപ്പോൾ

ഒരു കോമാളിയെപ്പോലെ വന്നു കൊണ്ടുപോയിരിക്കുന്നത് എന്ന് അദ്ദേഹം സമപ്രായക്കാരനായ മറ്റൊരു ബന്ധുവിനോടു പറയുന്നുണ്ടായിരുന്നു. മറ്റുള്ള എല്ലാ സഹോദരി സഹോദരൻമാരും ജീവിച്ചിരിപ്പുണ്ട് എന്നയാൾക്കറിയാം. പരിചിതനും തത്ത്വചിന്തകനുമായ മറ്റൊരു മൂത്തസഹോദരൻ അവരുടെ അടുത്തു വന്ന് സംസാരിച്ചു. രാവിലെ ജോലിക്കു പോകുവാനായി വെളുപ്പിനെ തന്നെ ഉണർന്ന് ശൗചാദികർമ്മങ്ങളെല്ലാം നിർവ്വഹിച്ച് പടി തുറന്ന്, പതിവു നടത്തത്തിന് പോകുമ്പോഴായിരുന്നു പൊടുന്നനെ കുഴഞ്ഞു വീണത്. അതിലെ നടന്നു വന്നിരുന്ന അയൽക്കാരിയായ പാൽക്കാരി മുസ്ലിം സ്ത്രീ ഒരാൾ വീണു കിടക്കുന്നതു കണ്ട് അലറി വിളിച്ചു. അടുത്ത വീട്ടിലെ അനിയത്തിയും, അനന്തിരവനും, അയൽക്കാരുമൊക്കെ ഓടി വന്ന് നോക്കിയപ്പോഴാണ് ആളെ തിരിച്ചറിഞ്ഞത്. അവരിൽ കുറച്ചു പേർ ചേർന്ന് അപ്പോൾ തന്നെ ആശുപത്രിയിൽ കൊണ്ടു പോയി. പക്ഷേ വാറണ്ടു ശിപായിയെപ്പോലെ കടന്നു വന്ന മരണം നിമിഷങ്ങൾക്കുമുമ്പ് അവന്റെ ജീവൻ കവർന്നെടുത്തിരുന്നു.

ഇനി കൂടുതൽ സമയം ഇവിടെ നില്ക്കുന്നതിൽ അർത്ഥമില്ല എന്നു ബോധ്യമായ അയാളും സ്നേഹിതനും പിറ്റേന്നുള്ള സംസ്കാര പരിപാടിയിൽ സംബന്ധിക്കാമെന്നു വച്ച് അവിടെ നിന്ന് മെല്ലെ ഇറങ്ങി. നാട്ടുകാരും പൗരപ്രമാണിമാരും ജോലി സ്ഥലത്തെ സഹപ്രവർത്തകരും, തൊഴിലിടത്തെ പണിക്കാരുമെല്ലാം ആ സന്തപ്ത കുടുംബത്തിലേക്ക് പ്രവഹിച്ചു കൊണ്ടിരുന്നു. ഇത്ര പെട്ടെന്ന് , തങ്ങളെ വിട്ടു പോയ സ്നേഹത്തിന്റെ നിറകുടമായ ആ സുഹൃത്തിന്റെ സ്മരണകളുടെ മുന്നിൽ ബാഷ്ജാഞ്ജലികൾ അർപ്പിച്ചു കൊണ്ട്, നിശബ്ദരായി അവർ വാഹനത്തിലേക്കു കയറി •

കവിത

# അർത്ഥനാ

**എ.ബി.സി. കൈമൾ**

സക്തിവീതമായ് വിരക്തിയുക്തനായി മാനസം
ഭക്തിശുദ്ധമാക്കി മുക്തിസിദ്ധിമാത്രം ലക്ഷ്യമായ്,
തിക്തജീവിതാമയങ്ങളൊക്കെയും മറന്നുവ-
ന്നെത്തിനിന്നിടുന്നു നിന്റെ മന്ദിരനടയിൽ ഞാൻ.

എത്രവാസരങ്ങളെത്ര ചിത്രരമ്യവേളകൾ
എത്രയെത്ര രാത്രികളെൻ രഥ്യയിൽ പിന്നിട്ടു ഞാൻ
വിശ്രമമെഴാതെ നിന്റെ നാമമന്ത്രവും ജപി-
ച്ചിത്ര നാൾ തുടർന്നു ഞാനെൻ ജീവിതം രമാപതേ !

വ്യക്തിവൈഭവങ്ങളില്ലെനിയ്ക്കഹങ്കരിക്കുവാൻ
വൃദ്ധിയാർന്നതില്ല ഞാനെൻ കർമ്മമണ്ഡലങ്ങളിൽ
ശുദ്ധചിത്തമൊന്നുമാത്രമുണ്ടതിൽ നിറഞ്ഞു നിൻ
മുഗ്ധരൂപമുണ്ടെനിക്കു നിത്യപൂജ ചെയ്യുവാൻ.

ഭക്തമാനസങ്ങളിൽ നീ നൃത്തമാടീടുന്നവൻ
മുക്തി തേടിടുന്നവർക്കു നിത്യശാന്തിയേകുവോൻ
മർത്ത്യധന്യജീവിതത്തിനുത്തമോപദേശനം
വിസ്തരിച്ചിടുന്നു നീ നിൻ യോഗസാരഗീതയിൽ.

ദുഃഖഭാരമൊക്കെയും നിൻകാൽക്കൽവെച്ചുദാത്തമാം
ഭക്തിനിർവൃതിയിൽ ബാഹ്യവിസ്മൃതിയിൽ നിൽപ്പൂ ഞാൻ
അത്യുദാരമായ നിന്റെ തൃക്കരമുയർത്തിയെൻ
നിത്യമംഗളത്തിനായനുഗ്രഹിക്കണേ വിഭോ !!!

# ശനിയെ ഒട്ടും പേടിക്കാനില്ല അതു വളരെ ദൂരെയാണ്

**സി. രാമചന്ദ്രൻ**

സൗരയൂഥത്തിലെ നഗ്നനേത്രങ്ങൾകൊണ്ട് കാണാവുന്ന അവസാനത്തെ ഗ്രഹമാണ് ശനി. ശനിക്കപ്പുറം ഗ്രഹങ്ങളുണ്ടെന്ന് പൂർവ്വികർക്ക് അറിയാതിരുന്നതുകൊണ്ടാണിത്. യുറാനസ്സും, നെപ്ട്യൂണും കണ്ടെത്തിയത് ടെലസ്കോപ്പുകളുടെ കണ്ടുപിടുത്തത്തിനു ശേഷമാണ്. അത് 18-ാം നൂറ്റാണ്ടിലും അതിനുശേഷവുമാണ്. മഹാപാപിയും ക്രൂരനുമായിട്ടാണ് ജ്യോതിഷികൾ ശനിയെ കണക്കാക്കിയിട്ടുള്ളത്. മന്ദൻ എന്നാണ് അവരതിനെ വിളിക്കുന്നത്. ഏറ്റവും അകലെയുള്ള ഗ്രഹമാകയാൽ അത് സൂര്യനെ ചുറ്റി വരുവാൻ ഏതാണ്ട് 30 വർഷമെടുക്കും (29.46 വർഷം). ഒരു രാശി കടക്കുവാൻ 21/2 വർഷം. ശനി കയറിയാൽ ഇറങ്ങുവാൻ വിഷമമാണെന്നു പറയുവാനും മന്ദനെന്നു പറയുവാനും ഇതാണ് കാരണം. ശനി, സൂര്യനിൽനിന്ന് 143 കോടി കിലോമീറ്റർ അകലെയാണ്. വ്യാഴം കഴിഞ്ഞാൽ സൗരയൂഥത്തിലെ ഏറ്റവും വലിയ ഗ്രഹവും ശനിയാണ്. റോമൻ പുരാണങ്ങളിലെ ദേവനായ സാറ്റേർനസ്സിൽ നിന്നാണ് ഇംഗ്ലീഷ് പേരായ സാറ്റേൺ നിഷ്പന്നമായിട്ടുള്ളത്. 1.2 പക്ഷം കി. മീറ്റർ വ്യാസമുള്ള ശനിയുടെ ഒരു ദിവസത്തിന് 11 മണിക്കൂർ മാത്രമേ ദൈർഘ്യമുള്ളു. അതിവേഗത്തിൽ ചുറ്റുന്നതുമൂലം നടുഭാഗം തള്ളി ഒരു അമങ്ങിയ ഗോളം പോലെയാണ് ഇതിന്റെ രൂപം.

ശനിയുടെ അന്തരീക്ഷത്തിൽ ശക്തമായ കാറ്റു വീശുന്നുണ്ട്. ഇതിന്റെ വേഗത മണിക്കൂറിൽ 3000 കി. മീറ്റർ വരെയാണ്. വ്യാഴത്തിലുള്ളതുപോലുള്ള വൻ ചുഴികളും ഇതിലുണ്ട്. അന്തരീക്ഷത്തിലുള്ള മേഘങ്ങൾ അമോണിയയുടെ ക്രിസ്റ്റൽ തരികളാണ്. അമോണിയ, മീഥേൻ, ജലം എന്നിവയുൾപ്പെട്ട ഒരു ഇരുമ്പുകാമ്പും, അതിനുമീതെ 21000 കി. മീറ്റർ ഖനത്തിൽ ലോഹഹൈഡ്രജൻ പാളിയും, അതിനുമീതേ ദ്രവഹൈഡ്രജൻ സമുദ്രവും ഏറ്റവും പുറമേ മേഘപൂരിതമായ ഒരന്തരീക്ഷവുമാണ് ശനിക്കുള്ളത്. അതിവേഗമുള്ള ഭ്രമണം മൂലം ശക്തമായ ഒരു കാന്തികമണ്ഡലവും ഇതിനുണ്ട്. ശനിയുടെ ഏറ്റവും വലിയ ഉപഗ്രഹമായ ടൈറ്റൻ ഈ കാന്തികമണ്ഡലത്തെ ഇടക്കിടെ മുറിച്ചു കടന്നുപോകും.

ശനിക്കു ചുറ്റുമുള്ള വലയത്തെ (ങ്ങളെ) ആദ്യമായി നിരീക്ഷിച്ചത് ഗലീലിയോ ആണ്. അത് വലയമാണെന്നു തിരിച്ചറിയുവാൻ വേണ്ടുമുള്ള ശക്തി അദ്ദേഹത്തിന്റെ ടെലസ്കോപ്പിനില്ലായിരുന്നു. അതുകൊണ്ട് ശനിക്ക് ഇരുവശവും ചെവിപോലെ എന്തോ ഒന്നുണ്ടെന്നാണദ്ദേഹം കരുതിയത്. ക്രിസ്ത്യൻ ഹൈജൻസ് എന്ന ഡാനിഷ് ശാസ്ത്രജ്ഞനാണ് ശനിയുടെ വലയങ്ങൾ വ്യക്തമായി കണ്ടത്. നേർത്തതും പരന്നതുമായ ഒരു വലയമായിട്ടാണ് അദ്ദേഹമതു കണ്ടത്. പിന്നീട് ഇറ്റാലിയൻ ശാസ്ത്രജ്ഞനായ ജിയോവാനികസീനിയാണ് വലയത്തിനിടയിൽ വിടവുണ്ടെന്ന് കണ്ടത്. യഥാർത്ഥത്തിൽ ഏഴു പ്രധാന വലയങ്ങളും എഴുപതു ചെറുവലയങ്ങളും ചേർന്ന ഒരു വലയവ്യൂഹമാണിത്.

ചെറുതും വലുതുമായ 31 ഉപഗ്രഹങ്ങൾ ശനിയെ പ്രദക്ഷിണം ചെയ്യുന്നുണ്ട്. ഇവയിൽ ടൈറ്റൻ, റിയ അയാപെറ്റസ്, ഡയോണി, ടെഥിസ് എന്നിവയാണ് വലുപ്പമേറിയവ. ഉപഗ്രഹങ്ങളെല്ലാം തണുത്തുറഞ്ഞവയാണ്. എൻസിലാഡസ് എന്ന ഉപഗ്രഹമാണ് ഏറ്റവും പ്രതിഫലനശേഷിയുള്ളത്. ഉറഞ്ഞ ഹിമത്തിന്റെ ആവരണമാണ് ഈ പ്രത്യേകതയ്ക്കു കാരണം.

ശനിയുടെ വലയങ്ങളെ തരം തിരിച്ചത് ജിയോവാനികസ്സീനിയാണ്. വയജർ, പയനീർ എന്നീ ബഹിരാകാശ നൗകകൾ അയച്ച ചിത്രങ്ങളിൽ നിന്നാണ് ശനിയുടെ ഓരോ വലയവും അനേകം വളയങ്ങളുടെ സമുച്ചയമാണെന്നു തിരിച്ചറിഞ്ഞത്. ശനിയേയും ശനിയുടെ ഉപഗ്രഹങ്ങളേയും കുറിച്ചു പഠിക്കുവാൻ കസ്സീനി എന്ന ഒരു ബഹിരാകാശപേടകം നാസ വിക്ഷേപിച്ചിട്ടുണ്ട്. ശനിയെക്കുറിച്ചു പഠിച്ച കസ്സീനി എന്ന ശാസ്ത്രജ്ഞന്റെ സ്മരണാർത്ഥമാണീ പേരു നൽകിയത്.

ഇറ്റാലിയൻ ശാസ്ത്രജ്ഞനായ കസ്സീനി ശനിയെക്കുറിച്ചു മാത്രമല്ല സൂര്യനെയും ശുക്രനേയും

**(ശേഷം 55-ാം പേജിൽ)**

# പാർക്കിൻസൺസ് ചികിത്സ

എറണാകുളം കരയോഗം പോളിക്ലിനിക്കിൽ എല്ലാമാസവും രണ്ടാം ഞായറാഴ്ച പാർക്കിൻസൺസ് രോഗത്തിന് വിദഗ്ദ്ധഡോക്ടർമാർ രോഗികളെ പരിശോധിച്ച് വേണ്ട ചികിത്സകൾ നല്കി വരുന്നു. ഈ ചികിത്സാപദ്ധതിയുടെ ഉദ്ഘാടനം ബഹു ഃ എറണാകുളം കരയോഗം ജനഃ സെക്രട്ടറി ശ്രീ പി. രാമചന്ദ്രൻ (വേണു) ആണ് നിർവ്വഹിച്ചത്.

## പാർക്കിൻസോണിസം എന്നാൽ എന്ത് ?

പാർക്കിൻ സോണിസം എന്നത് താഴെ പറയുന്ന രോഗലക്ഷണങ്ങൾ ഒത്തുചേരുമ്പോൾ ഉണ്ടാകുന്ന രോഗാവസ്ഥയാണ്. ഒരു വ്യക്തിക്ക് പ്രവർത്തികൾ ചെയ്യാനുള്ള കാലതാമസവും അതോടൊപ്പം വിറയൽ, പേശികളുടെ മുറുക്കം, നടക്കുമ്പോൾ ഉണ്ടാകുന്ന ബാലൻസില്ലായ്മ എന്നീ മൂന്ന് രോഗലക്ഷണങ്ങളിൽ ഏതെങ്കിലും ഒന്നെങ്കിലും ഉണ്ടെങ്കിൽ അയാൾക്ക് പാർക്കിൻ സോണിസം എന്ന രോഗാവസ്ഥ ഉണ്ടെന്നു പറയാം.

പാർക്കിൻ സോണിസം എന്ന രോഗാവസ്ഥ അനേകം രോഗങ്ങൾകൊണ്ട് ഉണ്ടാകാവുന്നതാണ്. അവയെ പാർക്കിൻസൺസ് രോഗം , എറ്റിപിക്കൽ പാർക്കിൻസോണിസം ( Atypical Parkinsonism) സെക്കന്ററി പാർക്കിൻസോണിസം (Secondary Parkinsonism) എന്നിങ്ങനെ മൂന്നായി തരം തിരിക്കാം. ഇതിലേറ്റവും സാധാരണയായി കണ്ടുവരുന്നതും അതുകൊണ്ടു തന്നെ. ഏറ്റവും പ്രധാനപ്പെട്ടതുമായ രോഗം പാർക്കിൻസൺസ് രോഗമാണ്. ഇത് തലച്ചോറിനെ ബാധിക്കുന്ന ഒരു തേയ്മാന രോഗമാണ്. പാർക്കിൻസൺസ് രോഗത്തിന്റെ അത്ര സാധാരണയായി കാണാത്ത ചില മസ്തിഷ്കതേയ്മാന രോഗങ്ങളാണ് എറ്റിപിക്കൽ പാർക്കിൻസോണിസം എന്ന വിഭാഗത്തിൽ പെടുന്നത്. മസ്തിഷ്ക തേയ്മാനത്തിനു പിറമേ തലച്ചോറിന്റെ മറ്റു രോഗങ്ങൾ മൂലം പാർക്കിൻസോണിസം ഉണ്ടാകുമ്പോഴാണ് സെക്കന്ററി പാർക്കിൻ സോണിസം എന്നു വിളിക്കുന്നത്. സ്ട്രോക്കു മൂലം ഉണ്ടാകുന്ന പാർക്കിൻസോണിസം (Vascular Parkinsonism) ചില മരുന്നുകൾ മൂലം ഉണ്ടാകുന്ന പാർക്കിൻസോണിസം (Drug Induced Parkinsonism) എന്നിവ ഇതിനുദാഹരണങ്ങളാണ്.

ഈ ലേഖനത്തിലെ ഇനിയുള്ള വിവരണങ്ങൾ പാർക്കിൻസൺസ് രോഗങ്ങളെക്കുറിച്ചു മാത്രമുള്ളതായിരിക്കും.

## പാർക്കിൻസൺസ് രോഗം എന്നാൽ എന്ത് ?

പാർക്കിൻസൺസ് രോഗം തലച്ചോറിനെ ബാധിക്കുന്ന ഒരു തേയ്മാന രോഗമാണ്. തേയ്മാനരോഗമായതുകൊണ്ടു തന്നെ ഇതു രോഗിയുടെ ശിഷ്ടജീവിതകാലം മുഴുവൻ നിലനിൽക്കുന്നതും സമയം ചെല്ലുന്തോറും രോഗലക്ഷണങ്ങൾ മൂർച്ഛിക്കുന്നതുമായ രോഗമാണ്. തലച്ചോറിലെ സബ്സ്റ്റേൻഷ്യ നൈഗ്ര (substantia Nigra) എന്ന ഭാഗത്ത് നാഡീകോശങ്ങൾ തേയ്മാനം മൂലം നശിക്കുമ്പോഴാണ് പാർക്കിൻസൺസ് രോഗം ഉണ്ടാകുന്നത്. ഈ നാഡീകോശങ്ങൾ നശിക്കുമ്പോൾ അവ ഉല്പാദിപ്പിക്കുന്ന ഡോപ്പമിൻ (Dopamine) എന്ന രാസവസ്തു തലച്ചോറിൽ കുറയുന്നു. പാർക്കിൻസൺസ് രോഗിയിൽ രോഗലക്ഷണങ്ങൾ കണ്ടു തുടങ്ങുമ്പോൾ തന്നെ ഈ നാഡീകോശങ്ങളിൽ 70–80 % നശിച്ചിട്ടുണ്ടാകും. 'ഡോപ്പമിൻ' എന്ന രാസവസ്തുവിന്റെ കുറവ് ഏറ്റവും കൂടുതൽ ബാധിക്കുന്നത് ശരീരത്തിന്റെ ചലനങ്ങൾ നിയന്ത്രിക്കുന്ന തലച്ചോറിലെ ബേസൽ ഗാംഗ്ലിയ (Basalganglia) എന്ന ഭാഗത്തേയാണ്. ഇതുമൂലം പാർക്കിൻസോണിസം എന്ന രോഗാവസ്ഥയുണ്ടാകുന്നു.

## രോഗത്തിന്റെ ആദ്യവിവരണം

പ്രശസ്ത ഇംഗ്ലീഷ് ഭിഷഗ്വരനായ ജെയിംസ് പാർക്കിൻസൺ ആണ് ഈ രോഗത്തെക്കുറിച്ച് ആദ്യമായി രേഖപ്പെടുത്തിയത്. അദ്ദേഹം ഈ രോഗത്തെ ഷേക്കിംഗ് പാൾസി എന്നാണ് വിളിച്ചത്.

## രോഗത്തിന്റെ നാമകരണം

പ്രശസ്ത ഫ്രെഞ്ച് ന്യൂറോളജിസ്റ്റായ ഷാർക്കോട്ട് (Charcot) ആണ് ഈ രോഗത്തിന് ജയിംസ് പാർക്കിൻസൺ എന്ന ഭിഷഗരന്റെ ബഹുമാനാർത്ഥം പാർക്കിൻസൺസ് രോഗം എന്ന് നാമധേയം ചെയ്യണമെന്ന് നിർദ്ദേശിച്ചത്. ആ നിർദ്ദേശം ആധുനിക വൈദ്യശാസ്ത്രം അംഗീകരിക്കുകയായിരുന്നു.

## പാർക്കിൻസൺസ് രോഗം എന്തുകൊണ്ടാ

## ണ് ഉണ്ടാകുന്നത് ?

പാർക്കിൻസൺസ് രോഗത്തിന്റെ നാഡീകോശങ്ങളുടെ തേയ്മാനത്തിന്റെ യഥാർത്ഥ കാരണങ്ങൾ കണ്ടു പിടിക്കപ്പെട്ടിട്ടില്ല. പാരിസ്ഥിതിക ഘടകങ്ങളായ മലിനീകരണം, രാസവസ്തുക്കൾ, കീടനാശിനികൾ എന്നിവയുടെ അമിതമായ ഉപയോഗവും ജനിതക ഘടകങ്ങളും കാരണങ്ങളായി സംശയിക്കപ്പെടുന്നു.

## ആരിലാണ് പാർക്കിൻസൺസ് രോഗം കാണുന്നത് ?

സാധാരണയായി 50 വയസ്സിനു മുകളിൽ പ്രായമുള്ളവരിലാണ് ഈ രോഗം കണ്ടു വരുന്നത്. 50 വയസ്സിനു മേലെ പ്രായം ഉള്ളവരിൽ 1% ആളുകളിലും 65 വയസ്സിനുമേലെ പ്രായം ഉള്ളവരിൽ 1.8% വ്യക്തികളിലും 85 വയസ്സിനു മേലെ പ്രായം ഉള്ളവരിൽ 2.6% പേരിലും ഈ രോഗം കണ്ടു വരുന്നു. നമ്മുടെ രാജ്യത്തെ ജനങ്ങളുടെ ആയുർദൈർഘ്യം കൂടി വരികയാണല്ലോ. അതിനാൽ കൂടുതൽ മുതിർന്ന പൗരൻമാരും വൃദ്ധജനങ്ങളും ഉണ്ടാകുന്നതിനനുസരിച്ച് കൂടുതൽ പാർക്കിൻസണസ് രോഗികൾ ഉണ്ടാകാനുള്ള സാധ്യതയുണ്ട് എന്നർത്ഥം. ഇതു പൊതുവെ ഒരു വാർദ്ധക്യകാലരോഗമാണെങ്കിലും ഏകദേശം 10% രോഗികളിൽ 40 വയസ്സിന് മുമ്പ് തന്നെ ഈ രോഗം ഉണ്ടാകാവുന്നതാണ്. ചെറുപ്പക്കാരിൽ ഉണ്ടാകുന്ന പാർക്കിൻസൺസ് രോഗത്തിന്റെ കാരണം ജനിതകഘടകങ്ങൾ ആകാനുള്ള സാധ്യത കൂടുതലാണ്.

## രോഗലക്ഷ്ണങ്ങൾ

രോഗലക്ഷണങ്ങളെ ചലനപ്രശ്നങ്ങൾ, ചലനസംബന്ധമല്ലാത്ത പ്രശ്നങ്ങൾ എന്നിങ്ങനെ രണ്ടായി തരം തിരിക്കാം.

ചലനപ്രശ്നങ്ങളെ വീണ്ടും കാതലായ ചലന പ്രശ്നങ്ങൾ, മറ്റു ചലനപ്രശ്നങ്ങൾ എന്നിങ്ങനെ രണ്ടായി തരം തിരിച്ചിട്ടുണ്ട്. കാതലായ ചലനപ്രശ്നങ്ങൾ തഴെ പറയുന്നവയാണ്.

**1. വിറയൽ**

ഭൂരിഭാഗം രോഗികളിലും വിറയൽ ആണ് ആദ്യം ശ്രദ്ധയിൽപ്പെടുന്ന ലക്ഷണം. പാർക്കിൻസൺസ് രോഗികളിൽ വിശ്രമ അവസ്ഥയിലാണ് വിറയൽ കൂടുതലായി കാണുന്നത്. പ്രവൃത്തികൾ ചെയ്യുമ്പോൾ വിറയൽ മിക്കവാറും അപ്രത്യക്ഷമാകും. അതുകൊണ്ടു തന്നെ ഇതിനെ വിശ്രമാവസ്ഥയിലുള്ള വിറയൽ എന്നാണ് വിളിക്കുന്നത്. മാനസിക സംഘർഷമുള്ള അവസരങ്ങളിൽ ഈ വിറയൽ കൂടാറുണ്ട്.

**2. പേശികളുടെ മുറുക്കം**

മാംസ പേശികളുടെ മുറുക്കം മൂലം ചലനം പ്രയാസമായി തീരുന്നു.

**3. പ്രവൃത്തികൾ ചെയ്യുന്നതിനുള്ള കാലതാമസം**

ഇതുമൂലം ദൈനംദിന പ്രവൃത്തികളായ ഭക്ഷണം കഴിക്കൽ, വസ്ത്രധാരണം, നടപ്പ് തുടങ്ങിയവ ചെയ്യുവാനുള്ള സമയം ക്രമാതീതമായി വർദ്ധിക്കുന്നു.

**4. നടക്കുമ്പോൾ ബാലൻസില്ലായ്മ**

ഇതുമൂലം രോഗിക്ക് നടക്കുമ്പോൾ വീഴുമോ എന്ന ഭയം ഉണ്ടാകുന്നു. പാർക്കിൻസൺസ് രോഗികളിൽ താഴെപ്പറയുന്ന മറ്റു ചലനപ്രശ്നങ്ങളും ഉണ്ടാകാവുന്നതാണ്. മാംസപേശികളുടെ സാധാരണയുള്ള ചലനം കുറയുന്നതു കാരണം രോഗിയുടെ മുഖത്തെ ഭാവഭേദങ്ങൾ കുറയുകയും ദീർഘനേരം ഇമവെട്ടാതെ ഇരിക്കുകയും ചെയ്യുന്നു. ഇതു കൂടാതെ സംസാരിക്കുമ്പോൾ ശബ്ദം കുറയുകയും കൈയ്യക്ഷരം ചെറുതാകുകയും ചെയ്യുന്നു. രോഗി കൂനി നിൽക്കുകയും നടക്കുമ്പോൾ കൈവീശാതിരിക്കുകയും ചെയ്യും. രോഗി കൊച്ചു കുട്ടികൾ പിച്ച വെച്ചു നടക്കുന്നതുപോലെ നടക്കുന്നു. നടക്കുമ്പോൾ നിയന്ത്രണമില്ലാതെ വേഗത കൂടി മുന്നോട്ട് ഓടിയതുപോലെ ആയിപ്പോകാം. നടക്കുമ്പോൾ പ്രത്യേകിച്ച് ഒരു കാരണവും കൂടാതെ പെട്ടെന്ന് നിന്നുപോകാം. രോഗം മൂർച്ഛിക്കുമ്പോൾ വീഴ്ചകളും ഉണ്ടാകാവുന്നതാണ്.

പാർക്കിൻസൺസ് രോഗികൾക്ക് ചലനസംബന്ധമല്ലാത്ത പല പ്രശ്നങ്ങളും കാണാവുന്നതാണ്. തലച്ചോറിലെ ''സബ്സാൻഷ്യ നൈഗ്ര'' എന്ന ഭാഗത്തിനു പുറത്തുള്ള നാഡീകോശങ്ങൾ നശിക്കുന്നതുകൊണ്ടാണ് ചലനസംബന്ധമല്ലാത്ത പ്രശ്നങ്ങൾ ഉണ്ടാകുന്നത്. മാനസിക പ്രശ്നങ്ങളായ വിഷാദം, അമിതമായ പേടി, അകാരണമായ സംശയങ്ങൾ എന്നിവ ഉണ്ടാകാം. ഓർമ്മക്കുറവും മറ്റു ബുദ്ധിപരമായ പ്രവർത്തനങ്ങളിലെ ശേഷിക്കുറവും ഉണ്ടാകാവുന്നതാണ്. ഉറക്കപ്രശ്നങ്ങളായ ഉറക്കമില്ലായ്മ, അമിതമായിട്ടുള്ള പകലുറക്കം എന്നിവ ഉണ്ടാകാം. ഉറക്കത്തിൽ സ്വപ്നം കണ്ട് അതിനോട് ശാരീരികമായ പ്രതികരിക്കുക സാധാരണയാണ്. മൂത്രസംബന്ധമായി കൂടുതൽ പ്രാവശ്യം മൂത്രം ഒഴിക്കാൻ തോന്നുക. മൂത്രം ഒഴിക്കാൻ തോന്നിയാൽ പിടിച്ചു

നിർത്തുവാനുള്ള ബുദ്ധിമുട്ട് എന്നിവ ഉണ്ടാകാം. മലബന്ധം സാധാരണയാണ്. അമിതമായി വിയർക്കുക, എഴുന്നേൽക്കുമ്പോൾ തലകറങ്ങുക എന്നീ പ്രശ്നങ്ങൾ കാണാറുണ്ട്. പാർക്കിൻസൺസ് രോഗികൾക്ക് ഉമിനീർ ഇറക്കാൻ പ്രയാസം വരുന്നതുമൂലം വായിൽ നിന്ന് ഉമിനീർ ഊർന്ന് താഴേക്ക് വീഴുന്നു. മേൽപ്പറഞ്ഞ ലക്ഷണങ്ങൾക്കു പുറമെ ഈ രോഗികളിൽ അമിതമായ ക്ഷീണം ശരീര വേദന മരവിപ്പ് മുതലായ പ്രശ്നങ്ങൾ ഉണ്ടാകാം. പാർക്കിൻസൺസ് രോഗികൾക്ക് മണം അറിയാനുള്ള കഴിവ് നഷ്ടപ്പെടാനും സാധ്യതയുണ്ട്.

## രോഗം നിർണ്ണയിക്കുന്നതെങ്ങനെ ?

രോഗനിർണ്ണയത്തിന് ഒരു ന്യൂറോളജസ്റ്റിന്റെ വിശദമായ പരിശോധന ആവശ്യമാണ്. എന്നാൽ ചില പ്രത്യേക അവസരങ്ങളിൽ പാർക്കിൻസൺസ് രോഗവുമായി സാമ്യമുള്ള മറ്റു രോഗങ്ങളിൽ നിന്ന് വേർതിരിച്ചറിയാൻ പാർക്കിൻസൺസ് രോഗവിദഗ്ദ്ധനായ ന്യൂറോളജസ്റ്റിന്റെ പരിശോധന ആവശ്യമായി വരും. ചിലപ്പോൾ തലച്ചോറിന്റെ സ്കാൻ എടുക്കേണ്ടി വന്നേക്കാം. ചെറുപ്പക്കാരിൽ സ്കാനിനു പുറമേ മറ്റു ചില പരിശോധകളും വേണ്ടി വന്നേക്കാം.

## ചികിത്സ വേണ്ടതെപ്പോൾ?

രോഗലക്ഷ്ണങ്ങൾ രോഗിയുടെ നിത്യജീവിതത്തിലെ പ്രവർത്തനങ്ങളെ ബാധിക്കുമ്പോഴാണ് ചികിത്സ വേണ്ടി വരുന്നത്.

രോഗത്തിന്റെ തുടക്കത്തിൽ ഡോപ്പമിൻ ആഗണിസ്റ്റുകൾ (പ്രാമിപെക്സോൾ, റോപ്പിനിറോൾ) റസാജിലിൻ തുടങ്ങിയ ശക്തികുറഞ്ഞ മരുന്നുകൾ മതിയാകും.

എന്നാൽ രോഗം മൂർച്ഛിക്കുമ്പോൾ മിക്കവാറും എല്ലാ രോഗികൾക്കും 'ലിവോഡോപ്പ്' മരുന്നു ചികത്സ വേണ്ടി വരും. 'ലിവോഡോപ്പ്' തലച്ചോറിനുള്ളിൽ പ്രവേശിച്ച് ഡോപ്പമിൻ എന്ന രാസവസ്തുവായി മാറുന്നു. അങ്ങനെ തലച്ചോറിലെ ഡോപ്പമിൻ എന്ന രാസവസ്തുവിന്റെ കുറവ് പരിഹരിക്കപ്പെടുന്നു.

## ലിവോഡോപ്പ ചികിത്സയുടെ ഘട്ടങ്ങൾ

സാധാരണയായി ലിവോഡോപ്പ ഉപയോഗിച്ച് ചികിത്സിക്കുമ്പോൾ, പാർക്കിൻസൺസ് രോഗികൾക്ക് രോഗം പുരോഗമിക്കുന്നതനുസരിച്ച് മൂന്നു ചികിത്സാഘട്ടങ്ങൾ തരണം ചെയ്യേണ്ടി വരും.

ആദ്യഘട്ടത്തെ ചികിത്സയുടെ മധുവിധുകാലം എന്നു പറയുന്നു. ഈ ഘട്ടത്തിൽ രോഗലക്ഷണങ്ങൾ വളരെ മിതവും ലിവോഡോപ്പയോടുള്ള പ്രതികരണം വളരെ നല്ലതുമായിരിക്കും. മൂന്നു ഡോസ് മരുന്നുകൊണ്ട് രോഗിക്ക് ഒരു ദിവസം മുഴുവൻ ഗുണം ലഭിക്കും.

ലിവോഡോപ്പയുടെ രക്തത്തിലെ അളവ് കുറച്ച് മണിക്കൂറുകൾക്കുള്ളിൽ കുറയുമെങ്കിലും തലച്ചോറിലെ കോശങ്ങൾക്ക് ഡോപ്പമിൻ എന്ന രാസവസ്തുവിനെ സംഭരിച്ചു വയ്ക്കുവാനും അതിനെ തലച്ചോറിലെ ആവശ്യങ്ങൾക്കായി തുടർച്ചയായി നൽകാനും സാധിക്കും.

രണ്ടാമത്തെ ഘട്ടത്തിൽ ഒരു ഡോസ് ലിവോഡോപ്പയുടെ ഗുണം നാലു മണിക്കുറിനുള്ളിൽ നഷ്ടപ്പെടുന്നു. രോഗം മൂർച്ഛിക്കുന്നതനുസരിച്ച് ഈ സമയം ഒന്നോ ഒന്നരയോ മണിക്കൂർ വരെയായി കുറഞ്ഞു എന്നു വരാം. രോഗം പുരോഗമിക്കുമ്പോൾ ഡോപ്പമിൻ എന്ന രാസവസ്തുവിനെ സംഭരിച്ച് വെച്ച് ഉപയോഗിക്കുന്നതിനുള്ള നാഡീകോശങ്ങളുടെ കഴിവ് നഷ്ടമാകുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ഈ ഘട്ടം മുതൽ മരുന്നിന്റെ ഗുണം ഉള്ള സമയത്തെ 'ഓൺ സമയം' (On Time) എന്നും ഗുണം ഇല്ലാത്ത സമയത്തെ 'ഓഫ് സമയം' (Off Time) എന്നും പറയുന്നു. ഈ ഘട്ടത്തിൽ ലിവോഡോപ്പ കൂടുതൽ പ്രാവശ്യം കഴിക്കേണ്ടി വരികയോ മറ്റു മരുന്നുകൾ ചേർക്കേണ്ടി വരികയോ ചെയ്യും.

മൂന്നാമത്തെ ഘട്ടത്തിൽ മരുന്നിന്റെ ഗുണം അനുഭവിക്കുന്ന സമയത്ത് (On Time) രോഗികളിൽ പുളച്ചിൽ എന്നു പറയുന്ന അനയിന്ത്രിതമായ ചലനങ്ങൾ പ്രത്യക്ഷപ്പെടുന്നു. അത് രോഗിയുടെ പ്രവർത്തികൾ ചെയ്യാനുള്ള കഴിവിനെ ബാധിച്ചേക്കാം.

## ലിവോഡോപ്പ ചികിത്സയുടെ പരിമിതികൾ

ലിവോഡോപ്പ ഉപയോഗിച്ചുള്ള ദീർഘകാല ചികിത്സക്ക് ചില പരിമിതികളുണ്ട്. രോഗം പുരോഗമിക്കുമ്പോൾ ലിവോഡോപ്പയുടെ ഗുണഫലം ഒന്നു മുതൽ ഒന്നരമണിക്കൂർ വരെയായി ചുരുങ്ങുന്നു. ചിലപ്പോൾ ചില ഡോസുകളിൽ നിന്ന് ഒരു ഗുണവും കിട്ടിയില്ലെന്നും വരാം. ഈ അവസരങ്ങളിൽ ഓഫ് സമയം വർദ്ധിക്കുകയും രോഗലക്ഷണങ്ങൾ മൂർച്ഛിക്കുകയും ചെയ്യുന്നു.

ലിവോഡോപ്പയുടെ ഗുണമുള്ള സമയത്ത് പുളച്ചിൽ ഉണ്ടെങ്കിൽ ഡോസ് വർദ്ധിപ്പിക്കാൻ സാധിക്കുകയില്ല. തലച്ചോറിലെ ഡോപ്പമിനിന്റെ അളവിൽ ക്രമാതീതമായ വ്യതിയാനം വരുമ്പോഴാണ് പുളച്ചിലുണ്ടാകുന്നത്. പുളച്ചിൽ നിയന്ത്രിക്കാനായി

ലിവോഡോപ്പയുടെ അളവു കുറയ്ക്കുകയോ അമാന്റ ഡീൻ പോലുള്ള മറ്റു മരുന്നുകൾ ഉപയോഗിക്കുക യോ ചെയ്യേണ്ടി വന്നേക്കാം.

## ശസ്ത്രക്രിയാചികിത്സ

പാർക്കിൻസൺസ് രോഗം മൂർച്ഛിക്കുമ്പോൾ ലി വോഡോപ്പയുടെ മേൽപ്പറഞ്ഞ പരിമിതികൾ ഉണ്ടാ കുന്ന രോഗിയിലാണ് ശസ്ത്രക്രിയാചികിത്സ ഉപ യോഗിക്കുന്നത്. ഡീപ്പ് ബ്രയിൻ സ്റ്റിമുലേഷൻ (Deep Brain Stimulation) എന്ന ആധുനികമായ ശസ്ത്രക്രി യയാണ് ഇപ്പോൾ ഇതിനായി ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത്.

തലയോട്ടിയിൽ ഉണ്ടാക്കുന്ന രണ്ട് ചെറിയ സു ഷിരങ്ങളിലൂടെ രണ്ട് ഇലക്ട്രോടുകൾ തലച്ചോറിന്റെ സബ് തലാമിക് ന്യൂക്ലിയസ് (Sub thalamic Nucleus) എന്ന ഭാഗത്ത് ഘടിപ്പിക്കുന്നു. രോഗിയുടെ തല ച്ചോറിന്റെ MRI സ്കാൻ ചെയ്തതിനുശേഷം ഒരു കമ്പ്യൂട്ടർ സോഫ്റ്റ് വെയർ പ്രോഗ്രാമിന്റെ സഹായ ത്തോടെ കിട്ടുന്ന മാർഗ്ഗത്തിലൂടെ Stereotatic Surgery എന്ന അത്യാധുനിക ശസ്ത്രക്രിയാ രിതി ഉപയോഗി ച്ചാണ് ഇത് ചെയ്യുന്നത്. അതിനുശേഷം ഇലക്ട്രോ ടുകളെ വൈദ്യുത തരംഗങ്ങളിലൂടെ ഉത്തേജിപ്പിക്കു ന്നു. ഇതുമൂലം രോഗിയുടെ രോഗലക്ഷ്ണങ്ങളിൽ 50%ത്തിലേറെ കുറവു വരുന്നു. അപ്പോൾ രോഗിക്ക് ലിവോഡോപ്പയുടെ ആവശ്യകത വളരെയധികം കുറയുന്നു. ലിവോഡോപ്പയുടെ ഡോസ് കുറക്കു മ്പോൾ പുളച്ചിൽ കുറയുന്നു. മാത്രമല്ല വൈദ്യുത തരംഗം ഉപയോഗിച്ചുള്ള ഉത്തേജനം 24 മണിക്കൂറും പ്രവർത്തിക്കുന്നതിനാൽ ഓഫ് എന്ന പ്രതിഭാസം ഉണ്ടാകുന്നില്ല. ഇങ്ങനെ രോഗിയുടെ ജീവിത ഗുണ നിലവാരം വളരെയധികം വർദ്ധിക്കുന്നു.

എന്നാൽ ശസ്ത്രക്രിയയ്ക്കും ചില പരിമി തികൾ ഉണ്ട്. ഒന്നാമതായി ഇത് വളരെ ചിലവു കൂ ടിയ ശസ്ത്രക്രിയയാണ് ഇത്. രോഗം പൂർണ്ണമായി മാറ്റുന്നതിനുള്ള ചികിത്സയല്ല. രോഗലക്ഷണങ്ങൾ നിയന്ത്രിക്കാൻ മാത്രമേ ഇതുകൊണ്ട് സാധിക്കു കയുള്ളു. എല്ലാ രോഗികളിലും ഈ ശസ്ത്രക്രിയ ഗുണം ചെയ്യുകയില്ല. ഏതെല്ലാം രോഗികൾക്കാണ് ശസ്ത്രക്രിയ ഗുണം ചെയ്യുക എന്നു കണ്ടു പിടി ക്കാൻ ഒരു പാർക്കിൻസൺസ് രോഗവിദഗ്ദ്ധനായ ന്യൂറോളജിസ്റ്റിനേ കഴിയൂ.

## ഭക്ഷണവും വ്യായാമവും

പാർക്കിൻസൺസ് രോഗികൾക്ക് ഭക്ഷണത്തിൽ യാതൊരു പഥ്യവും ആവശ്യമില്ല. സാധാരണ കഴി ക്കുന്ന എല്ലാ ഭക്ഷണവും കഴിക്കാവുന്നതാണ്. എന്നാൽ ഈ രോഗികളിൽ മലബന്ധം സർവ്വസാധാ രണയായി കണ്ടു വരുന്നതിനാൽ നാരുകൾ അടങ്ങിയ ഭക്ഷണവും പഴങ്ങളും പച്ചക്കറികളും കഴിക്കുന്നത് നല്ലതാണ്. ധാരാളം വെള്ളം കുടിക്കുകയും വേണം. ഈ രോഗികളിൽ മാംസപേശികളിൽ മുറുക്കം അനു ഭവപ്പെടുന്നതു കുറയ്ക്കാൻ വ്യായാമം ചെയ്യുന്നത് നല്ലതാണ്. രോഗികളുടെ നടക്കാനുള്ള ബുദ്ധിമുട്ടുക ളും ബാലൻസില്ലായ്മയും വ്യായാമത്തിലൂടെ ഭാഗീ കമായി നിയന്ത്രിക്കാവുന്നതാണ്. ഇതിനായി ഒരു ഫിസിയോതെറാപ്പിസ്റ്റിന്റെ ഉപദേശം തേടണം.

## ഉപസംഹാരം

പാർക്കിൻസൺസ് രോഗി ആദ്യം ചെയ്യേണ്ട ത് രോഗത്തെയും അതിന്റെ ചികിത്സയെയും കുറിച്ച് ഡോക്ടറോട് വിശദമായി ചോദിച്ചു മനസ്സിലാക്കുക യാണ്. ഇത് രോഗിയെ യാഥാർത്ഥ്യത്തോട് പൊരു ത്തപ്പെടാനും ചികിത്സയിൽ വിശ്വാസം വളർത്താ നും സഹായിക്കുന്നു. ഡോക്ടറുടെ നിർദ്ദേശങ്ങൾ അതേപടി അനുസരിക്കുകയാണെങ്കിൽ പാർക്കിൻ സൺസ് രോഗികൾക്ക് ആന്ദകരമായ ഒരു ജീവിതം നയിക്കാവുന്നതാണ് ●

## ശനിയെ ഒട്ടും....

(51-ാം പേജിൽ)

ചൊവ്വയേയും കുറിച്ചു നടത്തിയ പഠനങ്ങൾ അദ്ദേ ഹത്തെ പ്രശസ്തനാക്കി. ശനിയുടെ വലയവിഭ ജനത്തിന് കസ്സീനി വലയവിഭജനമെന്നാണ് പേ ര്. പിന്നീട് ഫ്രഞ്ചുരാജാവ് ലൂയി പതിനാലാമൻ പുതിയൊരു വാനനിരീക്ഷണാലയമുണ്ടാക്കുവാൻ അദ്ദേഹത്തെ ചുമതലപ്പെടുത്തി. അദ്ദേഹം അതിന്റെ ആദ്യഡയറക്ടറുമായി. അദ്ദേഹം അവിടെ ആധു നികമായ ഒരു ടെലസ്കോപ്പും സ്ഥാപിച്ചു.

### ശനിയുടെ അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സൂര്യനിൽ നിന്നുള്ള അടിസ്ഥാന ദൂരം | : 143 കോടി കി.മീറ്റർ |
| പരിക്രമണ കാലം | : 29.5 വർഷം |
| ഭ്രമണകാലം | : 10.4 മണിക്കൂർ |
| പരിക്രമണവേഗം | : 9.6 കി.മീറ്റർ/സെക്കന്റ് |
| ശരാശരി ഉപരിതലതാപം | : $-180^0$C |
| വ്യാസം | : 120540 കി. മീറ്റർ |
| സാന്ദ്രത | : 0.7 ഗ്രാം/ സി.സി |

# എൻഡോവ്മെന്റ് ദാതാക്കളുടെ ശ്രദ്ധയ്ക്ക്

*എറണാകുളം കരയോഗത്തിന്റെ ജീവകാരുണ്യപ്രവർത്തനത്തിന്റെ ഭാഗമായി വിവിധ സ്കോളർഷിപ്പ്, പെൻഷനുകൾ മറ്റു സാമൂഹ്യ പ്രവർത്തന ങ്ങൾക്കുവേണ്ടി കരയോഗാംഗങ്ങൾ അവരുടെ കുടുംബാംഗങ്ങളും കരയോഗത്തിൽ ഏല്പിച്ചിട്ടുള്ള തുകകൾ ബാങ്കുകളിൽ സ്ഥിരനിക്ഷേപമായി ഇടുകയും അതിൽ നിന്നു ലഭിക്കുന്ന പലിശയുമാണ് മേൽപ്പറഞ്ഞ സാമൂഹിക പ്രവർത്തന ങ്ങൾക്ക് ഉപയോഗിച്ചു പോരുന്നത്. ഇന്നത്തെ നിലയ്ക്ക് എൻഡോവ്മെന്റ് തുകകളും അതിൽ നിന്നുള്ള പലിശയും കുറവായതുകൊണ്ട് എൻഡോവ്മെന്റ് ദാതാക്കളുടെ ലക്ഷ്യത്തിനും ആഗ്രഹത്തിനുമൊത്ത് നിർധനരായവരെ സഹായിക്കാൻ കഴിയുന്നില്ല. ആയതുകൊണ്ട് കരയോഗത്തിൽ എൻഡോവ്മെന്റ് നല്കിയിട്ടുള്ള മാന്യസുഹൃത്തുക്കൾ എൻഡോവ്മെന്റ് തുകകൾ വർദ്ധിപ്പിച്ചു നല്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.*

*ജനറൽ സെക്രട്ടറി*

## എറണാകുളം കരയോഗം
# എൽഡർ സിറ്റിസൺസ് ഫോറം
## 2017 ആഗസ്റ്റ്-സെപ്റ്റംബർ മാസത്തെ പരിപാടികൾ

| തീയതി | മനോരഞ്ജിനി അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 17.8.17 | എസ്. പി. പിള്ള | പി. ജയരാമൻ | യാത്രാവിവരണം | 931 |
| 24. 8. 17 | എൽഡർ സിറ്റിസൺ ഫോറത്തിന്റെ 2017 ലെ ഓണാഘോഷത്തോടനുബന്ധിച്ചുള്ള വിവിധ പരിപാടികൾ | | | 932 |
| 31.8.2017 | ഓണമാകയാൽ യോഗം ഉണ്ടായിരിക്കുന്നതല്ല. | | | |
| 7.9.17 | കല്പകവല്ലിയമ്മ | സി. രാമചന്ദ്രൻ | ജ്യോതിശാസ്ത്രത്തിലെ ഭാരതീയ പൈതൃകം | 933 |

## എറണാകുളം കരയോഗം
## ചാരിറ്റി പ്രവർത്തനങ്ങൾക്ക്
## 2017 ജൂലൈ മാസത്തിൽ സംഭാവന നൽകിയവർ

| | |
|---|---|
| 1. ശ്രീമതി. മൃദുല ഹരിദാസ്, അശ്വിനി, കടവന്ത്ര ക്രോസ് റോഡ്, കൊച്ചി 682020 | 21,746/- |
| 2. ശ്രീ. രാജാറാം, കല്യാൺ, ആർ. എച്ച്. നായർ റോഡ്, എറണാകുളം | 12,304/- |
| 3. ശ്രീ. ശശീന്ദ്രൻ കെ, കൃഷ്ണകൃപ, കോർട്ട് അവന്യൂ, അയിനി റോഡ് മരട്, എറണാകുളം | 10,000/- |
| 4. ശ്രീമതി. സതീദേവി സി , ശിവം, സി.എസ്. മേനോൻ കോളനി, കളത്തിൽപറമ്പ് റോഡ്, കൊച്ചി 682016 | 5,000/- |
| 5. ശ്രീ. ജിനൻ കെ. ആർ. കോച്ചേരി, ഓച്ചൻതുരുത്ത്, എറണാകുളം കൊച്ചി 682508 | 5,000/- |
| 6. ശ്രീ. മധുമോഹൻ, കൃഷ്ണാഞ്ജലി, എം. റ്റി. ലിങ്ക് റോഡ്, തിരുവാലൂർ, ആലുവ | 5,000/- |

ചിങ്ങം

ഓം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Tel : TDM -2361160,
Mob : 9447696190, 9447354306

# മാസഫലം

**2017 ഓഗസ്റ്റ് 17 മുതൽ സെപ്റ്റംബർ16 വരെ**

**ജ്യോതിഷാചാര്യ വിജയ മേനോൻ**




**മേടകൂറ് (അശ്വതി , ഭരണി, കാർത്തിക 1/4)** ഃ ഭാഗ്യാധീനക്കുറവും സർപ്പദോഷവും മനസ്വസ്ഥതക്കുറവും കാണുന്നു. പിടിവാശി കാരണം കലഹത്തിന് വഴിയുണ്ട്. ഉന്നതവിദ്യ ആഗ്രഹിക്കുന്ന വർക്ക് കാര്യസാദ്ധ്യമുണ്ടാകും. സ്ഥാനചലനമുണ്ടാകുകയും അതിനാൽ തന്നെ നാടു വിട്ടു താമസിക്കേണ്ടി വരുകയും ചെയ്യാം. വിദേശയാത്ര തരപ്പെടും. ദോഷങ്ങൾ കുറയ്ക്കുവാനായി വിഷ്ണുവിനെ ഭജിക്കുക. പുരുഷസൂക്തമന്ത്രജപം ഗുണകരമാണ്.



**ഇടവക്കൂറ് (കാർത്തിക 3/4 രോഹിണി, മകയിരം 1/2 )** വ്യാപാരവർദ്ധനയും വ്യവഹാരജയവും ഉണ്ടാകും. കടങ്ങൾ വീട്ടുവാനുള്ള വഴിയൊരുങ്ങും. സഹോദരങ്ങളുമായി നല്ല ബന്ധം സ്ഥാപിക്കും. ഉന്നതവിദ്യക്ക് അനുകൂല സമയമാണ്. കുടുംബവഴക്കിനു സാദ്ധ്യതയും കുടുംബത്തിൽ സന്തോഷക്കുറവും നിലനിൽക്കും. വസ്തു  വാഹനം ഇവ വാങ്ങും. ദേവീക്ഷേത്രദർശനം നടത്തുക. ലളിതസഹസ്ര നാമജപവും ശനിയാഴ്ചവ്രതവും ദോഷം കുറയ്ക്കും.



**മിഥുനക്കൂറ് (മകയിരം 1/2, തിരുവാതിര, പുണർതം 3/4)** സ്ഥാനഭ്രംശം, കുടുംബത്തിൽ നിന്നും വിട്ടുനിൽക്കൽ എന്നിവയുണ്ടാകാം. സഹോദരങ്ങൾക്കും സഹായികൾക്കും നല്ല സമയമാണ്. ബന്ധുസംഗമം ഉണ്ടാകുകയും അതു വഴി സന്തോഷകരമായ അനുഭവങ്ങൾ വന്നുചേരുകയും ചെയ്യും. പുതിയ വീടോ വാഹനമോ വാങ്ങുവാനുള്ള യോഗം കാണുന്നു. ഏഴരശനിക്കാലമായതിനാൽ കാര്യതടസ്സങ്ങളും വാതാദികോപവും പ്രതീക്ഷിക്കാം. ശനിവ്രതമെടുക്കുക.



**കർക്കിടകക്കൂറ് (പുണർതം 1/4, പൂയം, ആയില്യം)ഃ** അധികച്ചിലവും കണ്ണിനും പല്ലിനും രോഗവും അതുവഴി മനസ്വസ്ഥതക്കുറവും കാണുന്നു. സംസാരരിതി മോശമാകുന്നതിനാൽ ഉന്നതാധികാരികളിൽ നിന്നും സഹപ്രവർത്തകരിൽ നിന്നും നല്ലതല്ലാത്ത അനുഭവങ്ങൾ ഉണ്ടാകാമെന്നിരിക്കെ, സംസാരത്തിൽ നിയന്ത്രണം പാലിക്കുക. കുടുംബത്തിലോ മറ്റു വേണ്ടപ്പെട്ടവർക്കോ മരണാദിദോഷങ്ങൾക്കു സാദ്ധ്യത കാണുന്നു. ഭാഗ്യസൂക്തം ജപിക്കുക.



**ചിങ്ങക്കൂറ് (മകം, പൂരം, ഉത്രം 1/4)ഃ** കഴുത്തിനു മുകളിലുള്ള ഭാഗങ്ങളിൽ രോഗസാദ്ധ്യത കാണുന്നു. സന്താനസുഖം ലഭിക്കും. ജോലിസംഹന്ധമായി അലച്ചിലും ബുദ്ധിമുട്ടുകളും നേരിടേണ്ടി വരും. ദുർജ്ജനങ്ങളുടെ വാക്കുകളും ശത്രുക്കളിൽ നിന്നുള്ള ദുരിതങ്ങളും നിമിത്തം മനസ്വസ്ഥതക്കുറവും ധനനഷ്ടവും ഉണ്ടാകും. ദുർവ്യാപകം കാരണം സർക്കാരിനെയും ശത്രുക്കളെയും ഭയന്നു ജീവിക്കേണ്ടി വരാം. ദോഷകാഠിന്യം കുറയ്ക്കുവാനായി ശിവ അഷ്ടോത്തരം ജപിക്കുക. മൃത്യുഞ്ജമന്ത്രപുഷ്പാഞ്ജലി നടത്തുക.



**കന്നിക്കൂറ് ( ഉത്രം 3/4 , അത്തം, ചിത്തിര 1/2)** ഃ ബുദ്ധിക്ഷയവും ധനക്ഷയവും സ്ഥാനചലനവും കലഹവും ഫലമാകും. നേത്രരോഗവും ഗർവ്വും സ്ത്രീപീഡയും ഉണ്ടാകാവുന്നതാണ്. ബന്ധുസമാഗമമുണ്ടാകും. പ്രതീക്ഷിക്കാത്ത സമയത്തും ധനം വന്നുചേരാം. ഭോഗസുഖങ്ങൾക്കായി ധനം ചെലവു ചെയ്യും.  കണ്ടകശനിക്കാലമായതിനാൽ മാതാപിതാക്കൾക്ക് കഷ്ടങ്ങളും ദുരിതങ്ങളും ഉണ്ടാകും. ശനീശ്വരവ്രതമെടുക്കുക. വിഷ്ണുസഹസ്രനാമം ജപിക്കുക.



**തുലാക്കൂറ് (ചിത്തിര 1/2 , ചോതി , വിശാഖം 3/4)** ഃധനപരമായി ഈ മാസം നല്ലതായി കാണുന്നു. ഭദഗ്യവർദ്ധനവും കാര്യസാദ്ധ്യവും തൊഴിൽനേട്ടവും ഉണ്ടാകും. മാതാവിനെ വേദനിപ്പിക്കും. ഭൂമിസംബന്ധമായി കേസുവഴക്കുകളോ ഭാഗം വയ്ക്കലോ ഉണ്ടാകും. കുടുംബക്ഷേറതദർശനവും വഴിപാടുകളും കൊണ്ട് ദോഷം കുറയും. വിഷ്ണുസഹസ്രനാമം ജപിക്കുക.




**വൃശ്ചികക്കൂറ് (വിശാഖം 1/4 , അനിഴം, തൃക്കേട്ട)** ഉദ്യോഗസംബന്ധമായും വ്യാപാരവ്യവസായാദികൾ കൊണ്ടും ധനപരമായി നല്ല സമയമാണ്. ശത്രുക്കൾക്ക് നാശം സംഭവിക്കും. ദാമ്പത്യസുഖവും പുത്രസുഖവുമുണ്ടാകും. സഹോദരങ്ങൾ മുഖം തിരിച്ചു നിൽക്കും. ഏഴരശനിക്കാലമായതിനാൽ വാതാദികോപവും കാര്യതടസ്സങ്ങളും ഉണ്ടാകാം. ശനിവ്രതത്താലും ജപത്താലും ദോഷകാഠിന്യം കുറയ്ക്കാവുന്നതാണ്.



**ധനുക്കൂറ് (മൂലം, പുരാടം, ഉത്രാടം 1/4)** ഃ സ്ഥാനചലനം, കഫപ്രധാനമായ രോഗങ്ങൾ ഇഷ്ടജനങ്ങൾക്ക് ദോഷം, ശരീരക്ഷീണം, സന്താനവിരഹം എന്നിവയ്ക്ക് സാദ്ധ്യത കാണുന്നു. പ്രവൃത്തികളിൽ മുടക്കവും അപവാദവും കേളക്കേണ്ടി വരും. ധനപരമായി പ്രയാസം നേരിടും. പനി മുതലായ രോഗങ്ങൾക്കും സാദ്ധ്യത കാണുന്നു. ജന്മശനിക്കാലമായതിനാലും ശനി വക്രഗതിയിൽ ആയതിനാലും ദോഷകാഠിന്യം അധികരിക്കും. ശനീശ്വര മന്ത്രജപവും ശനിവ്രതവും ദോഷം കുറയ്ക്കും.



**മകരക്കൂറ് (ഉത്രാടം 3/4, തിരുവോണം, അവിട്ടം 1/2)** ഃ വിദേശവാസം, കാര്യഹാനി, സ്ഥാനഭ്രംശം എന്നീ ദോഷങ്ങൾ വന്നു ചേരാം. ധനപരമായി നല്ല കാലമാണ്. പിതാവിനും സന്താനങ്ങൾക്കും ഗുണപരമായ കാലമാണ്. സ്ത്രീകൾ നിമിത്തം അപമാനമുണ്ടാകും. സ്വന്തം സത്യസന്ധത വെളിപ്പെടുത്തുന്ന കാര്യം വിഷമകരമാകും. ഏഴരശ്ശനിദോഷമുള്ളതിനാൽ ശനീശ്വര വ്രതം ആചരിക്കുക.



**കുംഭക്കൂറ് (അവിട്ടം 1/2, ചതയം, പുരോരുട്ടാതി 3/4)** ഃ സമയത്ത് ഭക്ഷണം കഴിക്കാൻ പോലും സാധിക്കാത്ത അവസ്ഥ വന്നുപെടാം. ബന്ധുമിത്രാദികളുമായി കലഹിക്കും. ശറതുക്കൾ വർദ്ധിക്കും. സന്താനങ്ങൾ കാരണം മനപ്രയാസത്തിനിടവരും. വിവാഹാലോചനകൾ മാറിപ്പോകാനും സാധ്യത. വിഷ്ണുസഹസ്രനാമം ജപിക്കുക. ഐക്യമത്യസൂക്തം അർച്ചന നടത്തുക.



**മീനക്കൂറ് (പുരോരുട്ടാതി 1/4 , ഉത്രട്ടാതി, രേവതി)** ഃ പുത്രസുഖം ലഭിക്കും.  കുടുംബത്തിൽ സുഖവും സന്തോഷവും നിലനിൽക്കും. വിവാഹാലോചനകൾ തിരുമാനിക്കപ്പെടും. രോഗാദികൾക്ക് ശമനമുണ്ടാകും. ഗ്രന്ഥപാരായണത്താലും ഈശ്വരാധീനത്താലും ഗൃഹത്തിൽ ഐശ്വര്യം കളിയാടും. ശത്രുക്കൾ നിഷ്പ്രഭരാകും. ലളിതാസഹസ്രനാമം ജപിക്കുന്നതും സാധുഭോജനവും കീർത്തി വർദ്ധിപ്പിക്കും.

**ഞായർ, ചൊവ്വ ഒഴികെയുള്ള ദിവസങ്ങളിൽ**
**9 am to 1 pm വരെ ജ്യോതിഷിയുടെ സേവനം ലഭ്യമാണ്**


# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl,31/169cm, Divorce, Pooram Wheatish,MSc(Clinical Nutrition& Diebitics),Dietition at INHS Sanjivani, Kochi(On contract) Pref: Married and legally Divorce,Ph: 9567464454,Mob: 7356030156, Reg.no.20969


Email:mohan378@gmail.com
Date of Birth:11-10-1985 (10.50 AM)
Sishta Dasa:




Contact Address:
MR.MOHANAN NAIR
292F SREEPADAM
NEAR BHAVAN'S VIDYA MANDIR
EROOR(W)
ERNAKULAM-682306

Nair Girl, 32/160, Visakham, Wheatish Brown, PG in Fashion Design, Buyer with product developement team of a Well known company in Dubai, Pref : Professional/PG, Ph: 0484 2333919, Mob: 9895291309, Reg No: 20973


Email:nair_k_s@hotmail.com
Date of Birth:22/11/1984 (7.25 PM)
Sishta Dasa:Guru : 1.11.16




Contact Address:
MR. K.S. NAIR
SABARI, 49/1869 A
CHANDINI LANE
EDAPPALLY RAGHAVAN PILLA ROAD
EDAPPALLY -682024

Nair Girl, 24/5'2", Chithira, Wheatish, Graduate, P.G - FDDI Chennai in Fashion Merchandising, E- Commerce as Fashion Merchandiser at Hyderabad, Pref : Well Educated and Well Placed nair Boy, Ph: 0484 2672847, Mob: 9811018847, Reg No: 20974


Email:venugopalannair89@gmail.com
Date of Birth:04/08/1992 (8.20 AM)
Sishta Dasa: Kuja : 2.9.1.0




Contact Address:
MR. VENUGOPALAN NAIR
FLAT NO: 10-C
MOON WATER
SHWAS HOMES AQUA CITY
KOTTAPURAM
ERNAKULAM-683511

Nair Girl,26/167cm, Uthradam, Fair, M.Sc Psychology, working in a MNC (Pvt), Pref: B.Tech/ MBA/CA, Ph:0484-2555650, Mob: 9539704741, Reg.no.20975


Email:cvgvenugopal@gmail.com
Date of Birth:1-6-1991(4.00pm)
Sishta Dasa:Ravi:5.5.21




Contact Address:
MR.C.VENUGOPAL
69,SANTHI NAGAR
KALAMASSERY
RAJAGIRI POST
ERNAKULAM- 683104

Nair Girl,24/5'3", Punartham, Fair,MBBS ,Doing PG 2nd year,Pref: Doctor, Aristocratic Nair,Ph: 0824-6661334, Mob: 9940446350/ 00966-553964715/ 9444311634, Reg. no.20977


Email:kumarsgt@hotmail.com
Date of Birth:14.11.1992(5.52pm)
Sishta Dasa:Guru:15.11.16




Contact Address:
MR.ASHOK KUMAR P.T
SREE AYAPPA VIHAR
NO.49,ALAGIRI NAGAR EAST
STREET, VADAPALANI
CHENNAI -600 026

Nair Girl,23/5'2",Bharani,White, B.Com, Ph:9847547219, Mob: 9656308193 ,Reg.no.20978

Email:vijayanpmenonisk@gmail.com
Date of Birth:31-10-1993(12.32am)
Sishta Dasa:Sukra:6.1.22




Contact Address:
MR.P.P.VIJAYAN
VARADHANAM(H)
MANGATTU ROAD
MAMAMGALAM
PALARIVATTOM- 682025


# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl,24/160cm, Chathayam, White, B.Tech (Electrical Engineering) Pref:Engineer, Mob:9496318056,/ 9447724586, Reg.no.20979

Email:dhanyavijayan93@gmail.com
Date of Birth:25.01.1993(11.50am)
Sishta Dasa:Rahu:14.10.27





Contact Address:
MR.P.VIJAYA KUMAR
KOCHERIL HOUSE
ERUMELY P.O
KOTTAYAM - 686509

---

Nair Girl, 23/5'4", Uthrattathi, White, Chartered Accountant, Finance Executive, Pref : Professionally Qualified, Ph: 8891387398, Reg No: 20982

Email:haridasnp5@gmail.com
Date of Birth: 02.06.1994
Sishta Dasa:





Contact Address:
MR. HARIDAS. N .P
NEDUMPILLY PUTHENVEEDU
MANJUMMEL.P.O
ERNAKULAM-683501

---

Nair Girl, 25/173, Ayilliam, Fair, B.Tech, Job Triying, Pref : Well Employed, Ph: 0471 2477744, Mob: 9400057744, Reg No: 20983

Email:lathadevi.kc2010@gmail.com
Date of Birth:17.2.1992 (12.35 PM)
Sishta Dasa:Budha : 12.9.27





Contact Address:
MR. SATHEESHKUMAR. K.G
LATHASREE
MUCKULACKAL, SRA 47
MANACAUD. P.O
TRIVANDRUM -695009

---

Nair Girl, 26/162, Pooyam, Fair, M.D Obstetrics & Gynocology, Student, Pref: Doctors with M D, Horoscope matching is must, Ph: 0832 2453434, Mob: 9145325258, 9633641789, Reg No: 20985

Email:vijayakumar.geetha@yahoo.in
Date of Birth:26/11/1991 (4.51 PM)
Sishta Dasa:Sani : 7.4.9





Contact Address:
MR. VIJAYAKUMAR
D. 13 NIO COLONY
1ST FLOOR
DONA PAULA
GOA-403004

---

Nair Girl, 25/168, Anizham, Very Fair, M.Tech, Intern at CDAC Trivandrum, Pref : B.Tech, Govt. or Pvt MNC, Ph: 0471 2331649, Mob: 98471 39211, REg No: 20986

Email: sudeep@cdac.in
Date of Birth: 20/4/1992 (11.37 AM)
Sishta Dasa: Sani : 3.0. 14.24





Contact Address:
MR. R. SUDEEP KUMAR
SUROOP, J-4
TAGORE NAGAR
ALL INDIA RADIO ROAD
VAZHUTHACAUD
TRIVANDRUM-695014

---

Nair Girl, 24/163, Uthrattathy, White, MSc, B Ed (Chemistry ), Teacher - Unaided CBSE School, Pref : Govt. /Scheduled Bank Employee, Ph: 04822 215360, Mob: 9544906937, 9447139072, Reg No: 20987

Email:reshmarameshsree@gmail.com
Date of Birth:10/10/1992 (7.56 AM)
Sishta Dasa: Sani : 17.2.10




Contact Address:
MR. REMESH. K.V
KOZHINJOOR THAZHE
MUTHOLY. P.O
PANTHATHALA
KOTTAYAM-686575

# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl, 25/158, Uthradam, Medium, B E (Civil), Unemployed, Pref : BE/ B.Tech/M.Tech/ Bank Officers, Lectures, Ph: 7025701576, 9496853974, Reg No: 20989


Email:yesvekay@gmail.com
Date of Birth:17/6/1992 (4.27 PM )
Sishta Dasa:Aadithya : 5.3.16




Contact Address:
MR. K.P. NAIR
KRISHNA KRIPA
MARUTHORVATTOM.P.O
CHERTHALA
ALAPPUZHA-688539

Nair Girl, 25/160, Punartham, Fair, Doctor of Pharmacy Research fellow, Pref : Professionaly Qualified, Preferably from Ernakulam dist to Northern Kerala, Ph: 0487 2322281, Mob: 9961966039, Reg No: 20990


Email:kk25882@gmail.com
Date of Birth:08/05/1992 (5.54 AM)
Sishta Dasa:Guru : 1.3.18




Contact Address:
MR. KARUNAKARAN.K.K
AVANTI
ROYAL STREET
ENGG COLLEGE POST
TRICHUR-680009

Nair Girl, 24/155, Karthika, Fair, Pharm -D, Internship, Pref : Engineer or Any Professional, Ph: 9633021491, Reg No: 20992


Email:ajaikumargs@gmail.com
Date of Birth:17/06/1993 (4.34 PM)
Sishta Dasa:Sun : 4.1.9




Contact Address:
MR . G. S. AJIKUMAR
NADHAM
P.R.P. NAGAR, PLAVILA ROAD
PONGUMMOODU, M.C.P.O
TRIVANDRUM-695011

Nair Girl, 23/159, Makam, Wheatish, B.Tech EEEngg., Not Working. Pref : Graduation & Above, Central/ State/ Abroad, Ph: 9495055142, 9497362179, Reg No: 20993


Email:sreelc11@gmail.com
Date of Birth:05/12/1993 (9.37 AM)
Sishta Dasa:Ketu : 6.11.7




Contact Address:
MR. HARIKUMAR. P.N
BHANUMANDIRAM
PUNNAKULAM
K.S. PURAM.P.O
KARUNAGAPPALLY
KOLLAM-690544

Nair Girl, 25/163, Moolam, Very Fair, MSc Agriculture, Pref : MBA, CA, M Sc PhD etc. Govt/ Any Job in Permanent/ Abroad, Knowledge in Music is Prefered, Ph: 04829 257554, Mob: 9496430755, Reg No: 20994


Email:krgdharan@gmail.com
Date of Birth:19/05/1992 (1.24 PM)
Sishta Dasa:Ketu : 3.9.23




Contact Address:
MR. K.R. GANGADHARAN NAIR
GANGOTHRI
MEVELLOOR. P.O
KOTTAYAM- 686609

Nair Girl, 29/157, Uthram (1 1/2 Dosham), White, B.Tech, TCS Infopark, Pref: Professional Degree, Ph: 9249788625, Reg No: 20995

Email:aryanair8819@gmail.com
Date of Birth:22/6/1988 (00.30 AM)
Sishta Dasa:Ravi : 4.9.1.48




Contact Address:
MR. P. CHANDRASEKHARAN NAIR
RETNASREE HOUSE
VAYANASALA ROAD
PERANDOOR
ELAMAKKARA
KOCHI- 682026


# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl , 25/155, Magam, Fair, B.Tech, Civil Engineer, Pref : Professional, Ph : 0478 2823909, Mob: 9446710983, Reg No: 20999


Email:veenapsopanam@gmail.com
Date of Birth:06/06/1992 (5.04 PM)
Sishta Dasa:Kethu : 4.11.6




Contact Address:
MR. SMT. SUSHAMA
SOPANAM
VARANAD. P.O
CHERTHALA
ALAPPUZHA-688539

Nair Girl, 25/152, Atham, Dark, B.Tech, (Civil), M.Tech (Enviormental), Design Engineer at Chennai, Pref : Professional Graduate or PG, Ph: 0485 2870933, Mob: 9446471933, Reg No: 21000


Email:ksvpanicker@gmail.com
Date of Birth:16/4/1992 (11.20 AM)
Sishta Dasa:Chandra : 0.8.2




Contact Address:
MR. K S V PANICKER
SREE SAILOM
OORAMANA
RAMAMANGALAM
ERNAKULAM-686663

Nair Girl, 23/160, Pooradom, (Slight Dhosham,) White, B.Tech, TCS Engineer, Pref : Bank, IT, Gulf, Ph: 0485 2862025, Mob: 9447575604, Reg No: 21001


Email:gopikacn010@gmail.com
Date of Birth:21/10/1993 (10.05 AM)
Sishta Dasa:




Contact Address:
MR. C.S. NARAYANAN NAIR
CHANDRATHIL
KUTHUKUZHY.P.O
KOTHAMANGALAM
ERNAKULAM-686691

Aristocratic Nair Girl, 24/162, Makayiram, Fair, M.Tech(VIT University), CCNA Certification, Pref: Professionally Employed, Good Looking, (Nair, Menon, Kartha, Panicker) Below 30 yrs, Good Family background Ekm, TCR, Ktym, Alleppy Dist. Ph: 9447171621, 821184111 , Reg No: 21002


Email:pushpacm001@gmail.com
Date of Birth:19/06/1993 (6.20 PM)
Sishta Dasa:Chowa : 4.8.1




Contact Address:
MR. MUKUNDAN. P.R
REVATHY HOUSE
PANGARAPILLY. P.O
MULANTHURUTHY
ERNAKULAM-682314

Nair Girl, 23/151, Thiruvonam, Fair, B.Tech, Tata Consultancy Service, Pref: Govt. Employed, Ph: 0484 2806806, Mob : 9847964633, Reg No: 21003.


Email:lathakumari811@gmail.com
Date of Birth:16/12/1993 (8.43 PM)
Sishta Dasa: Chandra : 8.6.25




Contact Address:
MR. A.K. SREEKUMAR
AAROODAM, ARRA-25
ADHAPPILLY ROAD
VENNALA.P.O
KOCHI-682028

Nair Girl, 23/5'2", Vishakam, Fair, MBA-Finance , Awaiting Exam Results Pref : Post Graduate, Ph: 0484-4027688, Mob: 9495676688, Reg No: 21009

Email:indudbi69@gmail.com
Date of Birth:30/3/1994 (4.13 PM)
Sishta Dasa:Guru : 6.9.20




Contact Address:
MR. C.P. RAMESH
8 S, TOWER III
DD PLATINUM PLANET
KATHRIKADAVU
KALOOR-682017


# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl, 23/5'3", Chothi, Fair, BCA Pursuing M.Tech, Study/ Employed in Wipro Bangalore, Pref: Well Educated, Good Looking boy with Good Character and a good Job, Ph: 0484 2421062, Mob: 9447375682, 9847196855, Reg No: 21010


Email:broadcastunique@yahoo.com
Date of Birth:13.8.1994 (2.07 PM)
Sishta Dasa:Rahu : 6.10.28




Contact Address:
MR. RAMACHANDRAN NAIR
KAILAS
MAGANAM. P.O
KOTTAYAM-686018

Nair Girl, 21/167, Magam (Slight Dosham), Fair, B Sc Physics, Pref : Ernakulam, Thrissur Dist.Govt. Job, Bank, IT Professional, Employed, Middle East, Ph: 9744562017, Reg No: 21011


Email:parvathysankar96@gmail.com
Date of Birth:9/1/1996 (9.20 PM)
Sishta Dasa:




Contact Address:
MR. G. JAYASANKAR
KRISHNATHEERTHAM, KRA-3 A
VALANJAMBALAM
EAST KADUNGALLOOR
U C COLLEGE.P.O
ALUVA-683102

Nair Girl, 27/157, Rohini, Fair (Medium), Degree in Journalism & PG Training, Indipendent Online Project, Freelane Journalism, Guest Lecturer (Visiting), Ph: 0484 2538459, Mob: 9447435493, Reg No: 20906


Email:krishnadiwakar@hotmail.com
Date of Birth:27/4/1990 (10.30 AM)
Sishta Dasa: Chandra : 4.4.7




Contact Address:
DR. K. K. DIWAKAR
GOVIND MANDIR
RAVIPURAM ROAD
VALANJAMBALAM
ERNAKULAM- 682016

Nair Girl, 34/5'2", Pooyam, Fair, MCA, IT-MNC Divorced ,Have a daughter of 5 yrs old, Pref :Masters , Ph: 0096566446541, 0096565008491, Reg No: 21013

Email:krishna40@gmail.com
Date of Birth:22/12/1983 (11.20 Am)
Sishta Dasa:Sani : 16.7.11




Contact Address:
MR. GOPAKUMAR
FLAT # 2 E, ASSET LIFESPACE
IRUMPANAM.P.O
ERNAKULAM

# കലാസാംസ്കാരിക ക്ലാസ്സുകൾ

**എറണാകുളം കരയോഗത്തിന്റെ കലാസാംസ്കാരിക വിഭാഗം ഭരതനാട്യം, വയലിൻ, യോഗ, കരാട്ടേ ക്ലാസ്സുകൾ നടത്തി വരുന്നു. താല്പര്യമുള്ളവർ കരയോഗം ഓഫീസുമായി ബന്ധപ്പെടുക.**

**വിളിക്കേണ്ട നമ്പർ: 0484 2361160 (Extn. 35, 38)**

*ജനറൽ സെക്രട്ടറി*
*എറണാകുളം കരയോഗം*


# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair boy, 30/168cm, Pooyam, wheatish,MBA-Finance, B.Tech, Business Manager, TCS, Norway, Ph:9567464454, Mob: 7356030156, Reg.no.20970


Email:mohan378@gmail.com
Date of Birth:8-4-1987(7.32am)
Sishta Dasa:




Contact Address:
MR.MOHANAN NAIR
292 F SREEPADAM
NEAR BHAVAN'S VIDYA MANDIR
EROOR(W)
ERNAKULAM- 682306

Nair boy, 28/151, Aayilyam, Fair, MBBS, MD (Emergency Medicine) FACEE,FICM, Doctor in a reputed medical college Ernakulam, Pref : Doctor/ Dentist, Ph: 9446400081, Reg No: 20971


Email:v.ajith003@gmail.com
Date of Birth:14/4/1989
Sishta Dasa:




Contact Address:
MR. VENUGOPALAN
NEDUMPILLY BUNGLOW
PONEKKARA
AIMS PONEKKARA.P.O
KOCHI-682041

Nair boy, 29/174, Magham, Fair, B.Tech (EC), Senior Software Engineer Infopark Cochin MNC, Pref: Employed B.Tech, M.Tech Engs, MBBS Doctors, Ph: 0484 2539366, Mob: 9388618531, 9747564919, Reg No: 20972


Email:krmayajan1953@gmail.com
Date of Birth:29/03/1988 (1.42 PM)
Sishta Dasa:Ketu : 6.8.0.18




Contact Address:
MR. K.R. MAYAJAN
DAKSHAYANI MANDIRAM
PERANDOOR ROAD (L F C ROAD)
KALOOR. P.O
COCHIN-682017

Nair/boy,28/6'2",Revathy (Sudhajathakam Slight papam), Fair, B.Tech, QA/QC Enginner ,GS+EC, Kuwait, Pref: Fair,well educated Ht-5'6", Ph:0471-2383990, Mob:9447282921, Reg.no.20976

Email:muralee123@gmail.com
Date of Birth:24.10.1988(8.58am)
Sishta Dasa:Budha:9.3.13.3




Contact Address:
MR.MURALEEDHARAN . B
TC 68/498, KARTHIKA
THIRUVALLAM P.O
TRIVANDRUM - 695027

Nair boy, 33/178, Karthika, Medium, BE, MBA, Area Manager TN, VITRA (Leading MNC), Pref : Any Graduatiom, Ph : 044 26421347, Mob: 09940636630, Reg No: 20980


Email:panickermk@hotmail.com
Date of Birth:09/03/01984 (10.45 AM)
Sishta Dasa:




Contact Address:
MR. M.K. PANICKER
GC HIGHLANDS APTS, NO : 1
4TH CROSS STREET
ORMES ROAD
KILPAUK
CHENNAI-600010

Nair boy, 28/6', Chithiraa, White, MBBS, Doing MD (Psych) Ist Year, Doctor, Pref : Doctors, Preferably PG student in Medical , Nil of Ernakulam , Ph: 0484 2607635, Mob: 9895867635, Reg No: 20981

Email:vipinanpk@gmail.com
Date of Birth:17/08/1988 (7.25 PM)
Sishta Dasa:




Contact Address:
MR. P.K. VIPINAN
SRUTHY HOUSE
NARASIMHA NAGAR
EAST KADUNGALLOOR
U C COLLEGE. P.O
ALUVA-683102

# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair boy, 33/170, Uthram, Fair, BCA, Firm Industry as Asst. Director, Pref : Graduation, Ph : 0484 2793341, Mob : 9946112336, Reg No : 20984

Email:aswathyygnair@gmail.com
Date of Birth:17/3/1984 (8.43 PM)
Sishta Dasa: Surya : 1.4.0.36

ച മാ മ സ

| | | | |
|---|---|---|---|
| ര ബു | | സ | |
| ശു | ഗ്രഹനില | & | | 
| | അംശകം | | |
| ഗു | കു ശി മാ | മ ല | ച |

(outside: കു, ശു, ര)

ലശി ബു ഗു

Contact Address:
SMT. KRISHNAKUMARI . D
AMBALAKADU
THEKKEPARAMBIL
POOTHOTTA
ERNAKULAM-682307

Nair boy, 29/5'7", Revathy, Wheatish, B.Tech, MBA, Consultant L&T Info Tech Pune, Pref : B.Tech/MBA, Highly Qualified , Working in IT Field, Transferable job , Working in Pune, Bangalore or Kochi, Trivandrum, Parents settled down in Kerala, Ph: 04822 206564, Mob: 9447362334, Reg No: 20988

Email:gjagajeeve@yahoo.co.in
Date of Birth:13/5/1988 (9.00 PM)
Sishta Dasa:

ച ലസ മ ബു

| | | | |
|---|---|---|---|
| ച | ഗു ര | ബു | ശു |
| കു സ മാ | ഗ്രഹനില | & | |
| | അംശകം | | ശി |
| ല മ | | | |

(outside: മാ)

ര ശിശു ഗുകു

Contact Address:
MR. JAGAJEEVE.G
GOVINDAM
MUTHOLY JN
PULIYANNOOR. P.O
KOTTAYAM-686573

Nair boy, 27/177, Pooruruttathy, Wheatish, B.Tech (EEE), Johnson Controlls Bangalore, (Non IT), Pref : B.Tech, Age of bride should below 25 yrs middle class, Ph: 9995677062, Reg No: 20991

Email:syamkumartvettuvelickal@gmail.com
Date of Birth:13/10/1989 (9.33 AM)
Sishta Dasa:Vyasha : 1.8.25.36

| | | | |
|---|---|---|---|
| ച | | | ഗു |
| | ഗ്രഹനില | & | ശി |
| സ | അംശകം | | |
| മ | ല ശു മാ | | ര കു ബു |

Contact Address:
MR. T. SYAMKUMAR
VETTUVELICKAL HOUSE
C M C-10
CHERTHALA . P.O
ALAPPUZHA-688524

Nair boy, 31/152, Avittam, Fair, MBA/ PGPM, Self, Pref : Well Educated, Cultuered Nair Girl, 5 feet and below, Ernakulam and Trichur Dist Prefered, Ph: 0484 2518328, Mob:8123140978, Reg No: 20996

Email:kbviswamnair@gmail.com
Date of Birth:19/11/1985 (6.42 PM)
Sishta Dasa:Chowa : 0.8.12

ശു ഗു

| | | | |
|---|---|---|---|
| | സ | ല മാ | |
| ച | ഗ്രഹനില | & | |
| ഗു | അംശകം | | |
| | ര മ ബു | ശു ശി | കു |

(outside: ശി, ബു, മാ കു ല, ര സ)

ച

Contact Address:
MR. K.B. VISWANATHAN NAIR
BHASURA
CHENDAMANGALAM. P.O
NORTH PARAVOOR
ERNAKULAM-683512

Nair boy, 26/5'11", Pooram. Fair, B.Tech Computer Science, TCS Kochi, Pref: Employed in Govt/ IT Field from Trissur, Palakkad, Ekm, Ph: 0487 2327102, Mob: 9446359737, Reg No: 20997

Email:sujuaju@gmail.com
Date of Birth:05/01/1991 (3.30 PM)
Sishta Dasa:Sukra : 5.9.20

ലബു

| | | | |
|---|---|---|---|
| | | ല കു | |
| | ഗ്രഹനില | & | ഗു ശി |
| മ മാ ശു സ | അംശകം | | ച |
| ര ബു | | | |

(outside: കു സ ശു, മ മാ, ശി)

ഗു ര ച

Contact Address:
MRS. SHAILAJA. N
C2,NANDANAM APTS
PLAKKAT LANE
A.R. MENON ROAD
THRISSUR-680001

Nair boy, 29/161, Ayilyam, Fair, B.Com, Post Graduate Diploma in Banking, Asst Bank Manager, Pref : Degree, Employed, Ph: 0478 2823909, Mob: 9446710983, Reg No: 20998

Email:veenapsopanam@gmail.com
Date of Birth: 25/4/1988 (7.21 AM)
Sishta Dasa:

കു സ മ

| | | | |
|---|---|---|---|
| | ര ല ഗു ബു | ശു | |
| സ | ഗ്രഹനില | & | ച |
| കു | അംശകം | | ശി മാ |
| മ | | | |

(outside: ച, ര, ബു ശു)

ശി ല ഗു മാ

Contact Address:
SMT. SUSHAMA
SOPANAM
VARANAD. P.O
CHERTHALA
ALAPPUZHA-688539


# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair boy, 26/170, Vishakam, Wheatish, B.Tech, Indian Navy Officer, Pref : Professionally Qualified,Post Graduate, Graduates, Ph: 9495848419, Reg No: 21004


Email:deepchin47@gmail.com
Date of Birth:13/9/1991 (2.48 AM)
Sishta Dasa:Guru : 13.11.22




Contact Address:
CMDE. G. PRAKASH
17, KATARI BAGH
NAVAL BASE
KOCHI - 682004

Nair boy, 29/, 175, Makam, Fair, MDS, Dental Surgeon, Self Practice- Own Clinic, Pref : BDS/MDS, Prefer a fair, homely girl from upper middle class nair family, Ph: 0487 2380414, Mob: 9633331711, 9633241834, Reg No: 21005


Email:kmuralivijaya@gmail.com
Date of Birth:18/10/1987 (10.35 AM)
Sishta Dasa:Ketu : 2.7.19




Contact Address:
DR. MAHASH MENON
MAHASH DENTAL CLINIC
NEAR P&T QUARTERS
TEMPLE ROAD
POOTHOLE
THRISSUR-680004

Nair boy, 29/176, Pooram, Wheatish, B.Tech Engineering, Family Business Pref: Graduate, Ernakulam, Thrissur, Kottayam Dists. Ph: 0484 2357315, Mob: 9446357315, Reg No: 21006


Email:devarajachan@gmail.com
Date of Birth:09/01/1988 (4.52 PM)
Sishta Dasa:Sukra : 4.10.15




Contact Address:
MRS. SUBHA VIJAYAKUMAR
MANI VIHAR
RAVIPURAM ROAD
ERNAKULAM-682016

Nair boy, 29/5'11", Uthradam, Fair, B.Tech, Self owned company, Pref: Graduate, Ph: 0484 2524196, Mob: 9447024196, Reg No: 21007


Email:ashasunil136@hotmail.com
Date of Birth:19/01/1988 (12.50 PM)
Sishta Dasa:Aaditya : 1.10.12




Contact Address:
MR. SUNIL NAIR
ANCHOR POINT
KSRTC ROAD
PERUMBAVOOR.P.O
ERNAKULAM-683542

Nair boy, 29/172, Bharani, Wheatish Brown, B.Tech Computer Science, Business Analyst Hamburg Germany, Pref : Professionally Qualified Girls, Ph: 0484-2707064, Mob: 9446508064, 9446517846, Reg No: 21008


Email:vanajamurali.a@gmail.com
Date of Birth:11/09/1987 (11.56 PM)
Sishta Dasa:Sukra : 14.5.1




Contact Address:
SMT. VANAJA MURALEEDHARAN
PRASADAM, KANNOKADA
GANDHI SQUARE
POONITHURA.P.O
ERNAKULAM-682038

Nair boy, 30/165, Pooram, Fair, Currentl Doing MBA, Associate UAE Exchange Kaloor, Professionally Qualified, Employed, Ph: 9946812006, Reg No: 21012

Email:rajivraj.raj@gmail.com
Date of Birth:11/04/1987 (3.15 PM)
Sishta Dasa: Sukra : 3.6.27




Contact Address:
MR. R. G. RAJAN
MATTATHIL HOUSE
BHATTATHIRIPAD ROAD
KADAVANTHARA P.O
COCHIN - 682020

MANGALYAM MATRIMONIAL

# വധുവിനെ ആവശ്യമുണ്ട്



Nair boy, 30/180, Aayilyam, Wheatish, BA & P G Diploma in Computers, Systems Analyst, Pref : Graduates & Employed Nair Community Girl, Mob: 09594422621, Reg No: 21014

Email:mail2rdn@gmail.com
Date of Birth:30/9/1986 (9.10 AM)
Sishta Dasa:Budha : 2.4.1

| | | | |
|---|---|---|---|
| സ | | | |
| ഗു | ഗ്രഹനില & അംശകം | | ച |
| കു | | | |
| മാ | മ | ലബ്ബ ശു | ര ശി |

Contact Address:
MR. A. VINOD KUMAR
DEPAM
AYYANKALI ROAD
MEKKARA
TRIPUNITHURA
KOCHI -682301

**'അമ്മേ, ഞാൻ മണ്ണുതിന്നീലതു മനസി നിന**
**ക്കില്ല വിശ്വാസമെങ്കിൽ**
**ചെമ്മേ കാണെന്നു മെല്ലെ ച്ചെറിയപവിഴവായ്**
**കാട്ടിയമ്മയെക്കാരുന്നാൾ**
**അന്നേരം വിശ്വമെല്ലാമതിലനവധിക**
**ണ്ടമ്മ മോഹിക്കുമപ്പോ**
**ളമ്മേ അമ്മിഞ്ഞനൽകെന്നൊരു നിപുണത ഞാൻ**
**കണ്ടിതാവു മുകുന്ദാ!**
***-പൂന്താനം. ശ്രീകൃഷ്ണകർണ്ണാമൃതം***

**അർത്ഥമാകിലും ബലാലൈശ്വര്യമെന്നാകിലും**
**വിദ്യയാകിലും തനിക്കേറിയൊന്നുണ്ടായ് വന്നാൽ**
**എത്രയും വിനീതനായസമുന്നദ്ധനായ**
**വിദ്വാനു സമനായിട്ടില്ല വിദ്വാന്മാരാരും**
***-വിദുരവാക്യം***

## മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യുന്നവരുടെ ശ്രദ്ധയ്ക്ക്

## മാംഗല്യം മെമ്പർഷിപ്പ് കാമ്പെയ്ൻ

**എറണാകുളം കരയോഗം മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യുന്നതിന് മെമ്പർഷിപ്പ് കാമ്പെയ്ൻ പീരിയഡിൽ 2000/ രൂപ ഫീസ് നല്കിയാൽ മതിയാവും. 6 മാസക്കാലം വരെ 100 ഡേറ്റ ഓൺ ലൈനിൽ നിന്നും പ്രിന്റെടുക്കുവാനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ കാലാവധി രജിസ്ട്രേഷൻ ചെയ്ത ദിവസം മുതൽ 6 മാസക്കാലമായിരിക്കും. കാലാവധിക്കുശേഷം 1000/ രൂപ അടച്ച് ഒരു പ്രാവശ്യം മാത്രമേ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള സൗകര്യമുണ്ടായിരിക്കുകയുള്ളു. കരയോഗം മാംഗല്യത്തിൽ രജിസ്റ്റർ ചെയ്തവരുടെ പരസ്യം കരയോഗ സൗഹൃദമാഗസിനിൽ രജിസ്ട്രേഷൻ ചെയ്ത തീയതി മുതൽ 60 ദിവസത്തിനുള്ളിൽ ഒരു പ്രാവശ്യം സൗജന്യമായി പ്രസി ദ്ധീകരിക്കുന്നതായരിക്കും. വീണ്ടുംപരസ്യം ചെയ്യുന്നതിന് 750 രൂപ വീതം നല്കേണ്ടതാണ്.**

# എൽഡർ സിറ്റിസൺഫോറം വാർഷികം

**എറണാകുളം കരയോഗം എൽഡർ സിറ്റിസൺഫോറത്തിന്റെ 19-ാം മത് വാർഷികം 30.7.2017 രാവിലെ 10.00 മണിക്ക് കരയോഗം പ്രസിഡന്റ ശ്രീ. കെ.പി. കെ. മേനോൻ ഉദ്ഘാടനം ചെയ്യുകയും ജനറൽ സെക്രട്ടറി ശ്രീ. പി. രാമചന്ദ്രൻ (വേണു) മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. കൺവീനർ എസ്. ശ്രീകുമാർ സ്വാഗതം പറയുകയും ശ്രീ. ശ്രീവല്ലഭൻ നായർ നന്ദി പ്രകാശനവും നടത്തി. തുടർന്ന് അംഗങ്ങളുടെയും അംഗങ്ങളുടെ കുടുംബാംഗങ്ങളുടേയും വിവിധ കലാപരിപാടികളും അരങ്ങേറി. ദേശീയഗാനാലാപനത്തോടെ 4.00 മണിക്ക് വാർഷികം പര്യവസാനിച്ചു.**

# എറണാകുളം കരയോഗം

## ജീവകാരുണ്യ സ്ഥിരം ഫണ്ടിലേക്കുള്ള ധനശേഖരണാർത്ഥം

ആഗസ്റ്റ് 18 മുതൽ സെപ്റ്റംബർ 4 വരെ

# ഓണം ഫെയർ 2017

ഈ വർഷത്തെ ഓണത്തോടനുബന്ധിച്ച് ടി.ഡി.എം. ഹാളിൽ 2017 ആഗസ്റ്റ് 18 മുതൽ സെപ്റ്റംബർ 4 വരെ ഓണം ഫെയർ നടത്തുന്ന താണ്. ഉപ്പേരികൾ, കൊണ്ടാട്ടങ്ങൾ, അച്ചാറു കൾ, പാലട, മറ്റു പ്രഥമനുകൾ എന്നിവ മിത മായ നിരക്കിൽ ഓണം ഫെയർ കൗണ്ടറിൽ നിന്നും രാവിലെ 10.30 മുതൽ വൈകുന്നേരം 7.00 മണിവരെ ലഭിക്കുന്നതാണ്.



ഹൃദയ ശസ്ത്രക്രിയക്കുള്ള സഹായം



വിവിധ പെൻഷൻ പദ്ധതികൾ



ഹോമിയോ അലോപ്പതി ആയുർവേദ ക്ലിനിക്ക്




എറണാകുളം ജനറൽ ഹോസ്പിറ്റലിൽ ക്യാൻസർ, എച്ച്.ഐ.വി. സി.എം.എച്ച്.പി ലെപ്രസി വാർഡിലേക്കുള്ള സൗജന്യ മരുന്ന് വിതരണം ഡയാലിസിസിനുള്ള ധനസഹായം



വിദ്യാഭ്യാസ സഹായം



പെയിൻ & പാലിയേറ്റിവ് കെയർ

ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളിയാവൂ!







ഓണാശംസകൾ



DATE OF PUBLICATION: 10-08-2017

RNI NO. KERMAL/2008/23515

REGISTERED NEWSPAPER

M6-57945/2007

REGISTERED KL/EKM/514/2015-17
LICENSE NO. KL/CR/EKM/WPP-17/2015-17
LICENSED TO POST WITHOUT PREPAYMENT

Volume No. 10 | August 2017 | Issue No. 8


## എറണാകുളം കരയോഗം പ്രതിമാസ പരിപാടിയിൽ എറണാകുളം കഥകളി ക്ലബ്ബിന്റെ കഥകളി ബീമിന്റെ സഹകരണത്തോടെ ആഗസ്റ്റ് 22 ചൊവ്വാഴ്ച ടി ഡി എം ഹാളിൽ

ബീം ആഗസ്റ്റ് മാസ പരിപാടി – പ്രോഗ്രാം 419

# മേജർസെറ്റ് കഥകളി

**കഥ : രാവണോത്ഭവം ഉത്തരഭാഗം**
**ശൂർപ്പണഖാ കല്യാണത്തോടുകൂടി**

അത്യപൂർവ്വമായി അരങ്ങേറുന്ന കഥകളിയാണ്
രാവണന്റെ 'തപസ്സാട്ട'ത്തിന് ശേഷമുള്ള രാവണോത്ഭവം
കഥകളിയിലെ അവസാനഭാഗം
രാവണന്റെ സഹോദരി ശൂർപ്പണഖയും വിദ്യുജ്ജിഹ്വനും തമ്മിലുള്ള
വിവാഹവും അതുമായി ബന്ധപ്പെട്ട അത്യന്തം ഹാസ്യാത്മകമായ
സംഭവ പരമ്പരകളുമാണ് ഇതിലെ ഇതിവൃത്തം.
തികച്ചും ലോകധർമ്മിയായ ഈ അഭിനയ ഭാഗങ്ങൾ ആസ്വാദകർക്ക്
വ്യത്യസ്തവും കൗതുകകരവുമായ അനുഭവമായിരിക്കും.
എറണാകുളം നഗരത്തിൽ ആദ്യമായാണ് ഇങ്ങനെയൊരു സംരംഭം.

പ്രധാനകഥാപാത്രമായ വിദ്യുജ്ജിഹ്വന്റെ
ഭീരു എന്ന വിഭാഗത്തിൽപ്പെടുന്ന
കഥകളിയിലെ അപൂർവ്വവും
ഹാസ്യരസപ്രധാനവുമായ വേഷം
രംഗത്തവതരിപ്പിക്കുന്നത്
വിഖ്യാത കഥകളിനടൻ
**കോട്ടക്കൽ ദേവദാസ്.**


വിദ്യുജ്ജിഹ്വൻ (കോട്ടക്കൽ ദേവദാസ്)  ഫോട്ടോ- സദാശിവൻ നായർ

മറ്റു കലാകാരന്മാർ

| | | |
|---|---|---|
| രാവണൻ | : | കലാനിലയം വിനോദ് |
| മണ്ഡോദരി | : | കലാമണ്ഡലം അരുൺ രമേഷ് |
| മദ്ദളം | : | കലാനിലയം മനോജ് |
| ചുട്ടി | : | സദനം സജി |
| ശൂർപ്പണഖ | : | കലാമണ്ഡലം പ്രമോദ് |
| ദൂതൻ | : | കലാമണ്ഡലം പ്രവീൺ |
| പാട്ട് | : | കലാനിലയം രാജീവൻ<br>കലാമണ്ഡലം രാജേഷ് ബാബു |
| ചെണ്ട | : | ഗോപീകൃഷ്ണൻ തമ്പുരാൻ |
| കഥകളി അണിയറ | : | രാമചന്ദ്രൻ, സുരേന്ദ്രൻ, അരുൺ |

**22.08.2017 ചൊവ്വാഴ്ച 6.15 p.m. ടി.ഡി.എം. ഹാൾ (a/c) എറണാകുളം**








NB : എറണാകുളം കരയോഗം കഥകളി ക്ലബ്ബിൻെറ പ്രതിമാസ കഥകളി സ്പോൺസർ ചെയ്യുവാൻ താല്പര്യമുള്ളവർ കരയോഗം ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 0484 2361160


# EKNM POLY CLINIC

## Ernakulam Karayogam Navathi Memorial Poly Clinic

Door No. 62/725A, Diwans Road, Kochi- 682 016, Ph: 0484 2366160, Fax: 0484 2369589

**Working Hours: 7.00a.m. to 7.00 p.m. | Sunday : 7.00a.m. to 12.00 noon**

### SPECIAL HEALTH CHECK UP PACKAGE FOR YOU & FAMILY

**GENARAL HEALTH CHECK UP Rs. 500**
- CBC (COMPLETE BLOOD COUNT)
- ESR
- FBS
- LIPID PROFILE
- LIVER FUNCTION TEST
- UREA
- CREATININE
- URIC ACID

**DIABETIC PROFILE Rs.400**
- FBS
- HBA1C
- URINE MICROALBUMINURIA

**HEART PROFILE Rs. 350**
- LIPID PROFILE
- SGOT
- LDH

**LIVER FUNCTION TEST Rs.300**
- SGOT
- SGPT
- GGT
- PROTEINS
- ALKALINE PHOSPHATASE

**KIDNEY FUNCTION TEST Rs.300**
- UREA
- CREATNINE
- URIC ACID
- URINE RE

**ACUTE FEVER PANEL Rs. 700**
- LEPTO IGM
- DENGUE Ns1
- MALARIA
- CBC

**VITAMINS**

| | |
|---|---|
| Vitamine D | Rs. 800 |
| Vitamine B12 | Rs. 1200 |

**HORMONE TESTS**


| | |
|---|---|
| TFT (Thyroid Function Test) | Rs. 200 |
| PSA (Prostatic Specific Antigen)<br>For Male only | Rs.250 |
| CA.125 (Ovarian Cancer Marker)<br>For Female only | Rs.500 |
| CA.15-3 (Breast Cancer Marker) | Rs. 800 |




## എറണാകുളം കരയോഗം ഫിലിം ക്ലബ്ബ് പ്രതിമാസ പരിപാടി

ടാഗോറിന്റെ കഥകളെ ആസ്പദമാക്കി സത്യജിത് റേ സൃഷ്ടിച്ച സിനിമകളിൽ ഏറ്റവും മനോഹരമെന്ന് പ്രേക്ഷകർ വിധിയെഴുതുകയും നിരന്തരം ഓർക്കുകയും വീണ്ടും കാണാൻ ആഗ്രഹിക്കുകയും ചെയ്യുന്ന ഭാവഗീതം **'ചാരുലത'**

2017 ഓഗസ്റ്റ് 20-ാം തീയതി, ഞായറാഴ്ച 5.30p.m. ന്, ടിഡിഎം കാവേരി ഹാളിൽ




The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam


Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Niseema Printers & Publishers, Saroj, SRM Road, Kochi-682018, Ph: 2400423, 2400230 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.